കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# തൃശ്ശൂർ ജില്ലാപഞ്ചായത്ത്

**2018-19**

# ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

**e-mail: dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.ഡി.പി.400/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ : dotsr.ksad@kerala.gov.in
തീയതി: 11.06.2020

ജോയിൻ്റ് ഡയറക്ടർ

പ്രസിഡൻ്റ്, (സെക്രട്ടറി മുഖേന)
ജില്ലാ പഞ്ചായത്ത്, തൃശൂർ.

സർ,

വിഷയം : തൃശൂർ ജില്ലാ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃശൂർ ജില്ലാ പഞ്ചായത്തിൻ്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-1, 3-2, 3-3, 3-4, 3-5, 3-6 ഖണ്ഡികകളിലേയ്ക്കു പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ജില്ലാ പഞ്ചായത്തിൻ്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിൻ്റെയും അതിന്മേൽ ജില്ലാ പഞ്ചായത്ത് എടുത്ത തീരുമാനത്തിൻ്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിൻ്റ് ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ.ഡി.പി. 400/2020, തിയ്യതി :11.06.2020

# തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**.)**

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ജില്ലാ പഞ്ചായത്ത് 14-5-19 മുതൽ 11-12-19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 70 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി.രാജഗോപാലൻ, ജോയിന്റ് ഡയറക്ടർ. | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.വി.കെ.റാം മനോഹർ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) | 12.12.2019 -21.12.2019 06.01.2020 -31.1.2020 05.02.2020- |

| | | |
|---|---|---|
| | | 29.2.2020 01.03.2020-23.3.2020 |
| | ശ്രീ.ശിവദാസൻ. അസി. ഓഡിറ്റ് ഓഫീസർ | 06.01.2020 -22.1.2020 18.02.2020-29.2.2020 01.03.2020-23.3.2020 |
| | ശ്രീമതി.ഹണി.കെ.എസ് അസി. ഓഡിറ്റ് ഓഫീസർ | 05.02.2020-29.2.2020 01.03.2020-23.3.2020 |
| | ശ്രീ.പ്രശാന്ത്.ടി.ജി അസി. ഓഡിറ്റ് ഓഫീസർ | 05.02.2020-29.2.2020 01.03.2020-23.3.2020 |
| | ശ്രീമതി.ഷൈനി കൃഷ്ണദാസ് അസി. ഓഡിറ്റ് ഓഫീസർ | 06.01.2020 -18.1.2020 10.02.2020-29.2.2020 01.03.2020-23.3.2020 |
| | ശ്രീ.സിജു.പി.ഡാംസൺ അസി. ഓഡിറ്റ് ഓഫീസർ | 12.12.2019 -23.12.2019 05.02.2020-7.2.2020 |
| | ശ്രീമതി.വിദ്യ വിക്രമൻ അസി.ഓഡിറ്റ് ഓഫീസർ | 12.12.2019 -23.12.2019 05.2.2020 -29.2.2020 01.03.2020 -23.3.2020 |
| | ശ്രീ.സ്റ്റാൻലി.പി.എസ്., അസി. ഓഡിറ്റ് ഓഫീസർ | 06.01.2020 -16.1.2020 |
| | ശ്രീമതി.വിദ്യ.ഒ.കെ സീനിയർ ഗ്രേഡ് ഓഡിറ്റർ | 12.12.2019 -23.12.2019 |
| | ശ്രീമതി.ധന്യ.എ.സുരേന്ദ്രൻ, ഓഡിറ്റർ | 18.01.2020 -31.1.2020 05.02.2020-29.2.2020 01.03.2020-12.3.2020 |
| | ശ്രീമതി.രേഖ.ഇ.സി ഓഡിറ്റർ | 20.01.2020-28.1.2020 |

## (ബി)നിർവ്വഹണാധികാരികൾ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| ശ്രീമതി.മേരി തോമസ് | പ്രസിഡന്റ് | 01-04-2018 മുതൽ 31-03-2019 വരെ |
| ശ്രീ.ടി.എസ്.മജീദ് | സെക്രട്ടറി | 01-04-2018 മുതൽ 31-03-2019 വരെ |

## സി)നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | ശ്രീ.ഡേവിഡ് ജോൺ ഡി. മോറിസ് | 01.04.18 ANമുതൽ 31.03.19 വരെ |
| അസി. എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | ശ്രീ. വിക്രമൻ പിള്ള. എം. | 01.4.2018 മുതൽ 31.03.2019 വരെ |
| പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | ശ്രീ.ബി.ജി.മധുസൂദനൻ | 01.04.2018 മുതൽ 20.04.2018 വരെ |

| | | |
|---|---|---|
| | ശ്രീമതി.മല്ലിക എൻ.ആർ | 20.04.2018 മുതൽ 31.07.2018 വരെ |
| | ഷീല എലിസബത്ത് കെ. വർഗ്ഗീസ് | 31.07.2018 മുതൽ 13.09.2018 വരെ |
| | അരവിന്ദാക്ഷൻ.എ.കെ | 13.09.2018 മുതൽ 31.03.2019വരെ |
| ഡെപ്യൂട്ടി ഡയറക്ടർ (മൃഗസംരക്ഷണം) | ഡോ. എം.കെ. ഗിരിജ | 01.04.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.സിന്ധു പരമേശ് | 01.04.2018 മുതൽ 31.03.2019 വരെ. |
| മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | ശ്രീ.ടി.എസ്.ചന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ. |
| പ്രോജക്ട് ഡയറക്ടർ ദാരിദ്ര്യ ലഘൂകരണ വിഭാഗം | ഉഷ.എം.കെ | 01.04.2018 മുതൽ 06.03.2019 വരെ |
| | ഷിനോ.പി.എസ് | 06.03.2019 മുതൽ 31.03.2019 വരെ |
| ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസർ | ശ്രീമതി. സി.കെ. കുമാരി | 01.04.2018 മുതൽ 31.03.2019 വരെ. |
| ജില്ലാ വനിതാ ക്ഷേമ ഓഫീസർ | ശ്രീമതി.മിനി.എം | 01.04.2018 മുതൽ 31.03.2019 വരെ. |
| പ്രോഗ്രാം ഓഫീസർ, ജില്ലാ ശിശുക്ഷേമം | ശ്രീമതി.ചിത്രലേഖ.കെ.കെ | 01.04.2018 മുതൽ 31.03.2019 വരെ. |
| ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ. | കെ.വി.ജ്യോതിഷ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ. |
| സാമൂഹ്യ നീതി ഓഫീസർ (സാമൂഹ്യക്ഷേമം) | ശ്രീമതി.സുലക്ഷണ | 01.04.2018 മുതൽ 14.01.2019 വരെ |
| | ശ്രീ.വിൻസെന്റ്.കെ | 14.01.2019 മുതൽ 31.03.2019 വരെ |
| ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ | ശ്രീമതി.സിന്ധു.പി.ഡി | 01.04.2018 മുതൽ 31.03.2019 വരെ |
| സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, മണ്ണുത്തി | ശ്രീ.ഷെരീഫ്.കെ.ഐ | 01.04.2018 മുതൽ 25.07.2018 വരെ. |
| | ഷൈനി ജേക്കബ്ബ് | 25.07.2018 മുതൽ 05.09.2018വരെ |
| | നിമ്മി ജോസ് | 05.09.2018 മുതൽ 05.10.2018 വരെ |
| | കെ.മിനി | 05.10.2018 മുതൽ 31.03.2019 വരെ |
| സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, നടവരമ്പ്, ഇരിങ്ങാലക്കുട. | ലഭ്യമാക്കിയിട്ടില്ല | |
| സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, കോടശ്ശേരി | അനിത ജയിംസ് | 01.04.2018 മുതൽ 02.07.2018വരെ. |
| | ലഭ്യമല്ല | 03.07.2018 മുതൽ 16.07.2018 വരെ |
| | സെറിൻ ഫിലിപ്പ് | 17.07.2018 മുതൽ 22.02.2019 വരെ |
| | ലഭ്യമല്ല | 23.02.2019 മുതൽ 10.03.2019 വരെ |
| | ശോഭ പി.പി | 11.03.2019 വരെ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പാണഞ്ചേരി. | ശ്രീമതി. മിനി ജോസ് | 01.04.2018 മുതൽ 3103.2019 വരെ. |
| സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പഴയന്നൂർ | സുനിത ജോസഫ് | 01.04.2018 മുതൽ 20.11.2018 വരെ. |
| | രഘു (അധിക ചുമതല) | 20.11.2018 മുതൽ 27.12.2018 വരെ |
| | അനിത എം.കെ | 27.12.2018 മുതൽ 31.03.2019 വരെ |
| സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, എടത്തിരുത്തി | ലഭ്യമാക്കിയിട്ടില്ല | |
| സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, ചേലക്കര | രഘുകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| സൂപ്രണ്ട്, തെങ്ങിൻ തൈ നഴ്സറി, ഇരിങ്ങാലക്കുട | ലഭ്യമാക്കിയിട്ടില്ല | |
| കൃഷി ഡെപ്യൂട്ടി ഡയറക്ടർ,വാട്ടർ മാനേജ് മെന്റ് | ശ്രീമതി.എ.കല | 01.04.2018 മുതൽ 01.05.2018വരെ |
| | ശ്രീ. ഗോപീദാസ്.എം.പി | 02.05.2018 മുതൽ 31.03.2019 വരെ |
| കൃഷി ഡെപ്യൂട്ടി ഡയറക്ടർ (യൂത്ത് പ്രോഗ്രാം) | ശ്രീമതി. കെ.ഐ. സബിദ. | 01.04.2018 മുതൽ 31.03.2019 വരെ. |
| സീനിയർ വെറ്ററിനറി സർജ്ജൻ, പന്നിവളർത്തൽ യൂണിറ്റ്, കുന്ദംകുളം | ഡോ.അനിൽകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.എം.ജി.ശ്യാമള | 01.04.2018 മുതൽ 28.02.2019 വരെ. |
| | ഡോ.മേരി സെബാസ്റ്റ്യൻ | 01.03.2019 മുതൽ 15.03.2019 വരെ |
| | ഡോ.എം.ജി.ശ്യാമള | 16.03.2019 മുതൽ 31.03.2019 വരെ |
| സൂപ്രണ്ട്/ഡി.എം.ഒ. (ഹോമിയോ) | ഡോ.ലതിക.എ.എം | 01.04.2018 മുതൽ 31.05.2018 വരെ |
| | ഡോ.അബ്രഹാം വൈദ്യൻ | 01.06.2018 മുതൽ 10.07.2018 വരെ |
| | ഡോ.സിബിരാജ് | 11.07.2018 മുതൽ 31.03.2019 വരെ |
| ഡി.എം.ഒ. (അലോപ്പതി) | ഡോ.സുഹിത.കെ. | 01.04.2018 മുതൽ 30.04.2018 വരെ. |
| | ഡോ.ബേബിലക്ഷ്മി.കെ.ആർ (ഇൻ ചാർജ്ജ്) | 01.05.2018 മുതൽ 27.07.2018 വരെ. |
| | ഡോ. മിനി.വി.കെ (ഇൻ ചാർജ്ജ്) | 28.07.2018 മുതൽ 30.07.2018 വരെ |
| | ഡോ.സുഹിത.കെ | 31.07.2018 |
| | ഡോ.ബിന്ദു തോമസ്.കെ | 01.08.2018 മുതൽ 23.09.2018 വരെ |
| | ഡോ.ബേബിലക്ഷ്മി.കെ.ആർ (ഇൻ ചാർജ്ജ്) | 24.09.2018മുതൽ 02.11.2018 വരെ |
| | ഡോ.റീന.കെ.ജെ | 03.11.2018 മുതൽ 16.02.2019 വരെ. |
| | ഡോ.മിനി.വി.കെ | 17.02.2019 മുതൽ |

| | | |
|---|---|---|
| | | 04.03.2019 വരെ |
| | ഡോ.റീന.കെ.ജെ | 05.03.2019മുതൽ 31.03.2019 വരെ |
| അസി.എക്സി.എഞ്ചിനീയർ, കൃഷി | സുമേഷ് കുമാർ ടി | 01.04.2018 മുതൽ 31.03.2019 വരെ |
| ജില്ലാ ആശുപത്രി, വടക്കാഞ്ചേരി | ഡോ.കെ.ടി.പ്രേംകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | സാജു എം എസ് | 01.04.2018 മുതൽ 30.08.2018 വരെ |
| | സുഹൈർ കെ എ | 31.08.2018 മുതൽ 15.02.2019 വരെ |
| | സുഗന്ധകുമാരി കെ വി | 15.02.2019 മുതൽ 31.03.2019 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ , ക്ഷീര വികസന വകുപ്പ് | ശ്രീമതി. മിനി രവീന്ദ്രദാസ് | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | **ഭാഗം-1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 8 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-8 |
| 9 | ചേലക്കര ജില്ലാ കൃഷിത്തോട്ടം-രശീതി വരവ് യഥാസമയം ഒടുക്കിയിട്ടില്ല- ഒടുക്കിയതിൽ കുറവ് | 1-9 |
| 10 | പഴയന്നൂർ സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം-കളക്ഷൻ തുക ബാങ്കിൽ അടവാക്കിയതിൽ കുറവ് | 1-10 |
| 11 | സ്ക്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ലഭ്യമായ മണ്ണ്- തുടർ വിവരം ലഭ്യമാക്കേണ്ടതാണ് | 1-11 |
| 12 | സ്കൂൾ കെട്ടിടങ്ങൾ പൊളിച്ച് മാറ്റി ലേലം നടത്തിയതിലെ അപാകതകൾ | 1-12 |
| 13 | ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിലെ കശുമാവ് വിളവെടുപ്പ്-ക്വട്ടേഷൻ പ്രകാരമുള്ള തുക ഈടാക്കിയില്ല. | 1-13 |
| 14 | കളക്ഷൻ ചാർജ് -ഈടാക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-14 |
| 15 | ആസ്തികളുടെ വാടക പിരിച്ചെടുക്കുന്നതിലെ അപാകതകൾ | 1-15 |
| 16 | കൃഷിത്തോട്ടങ്ങൾ-പൊതു നിരീക്ഷണങ്ങൾ | 1-16 |
| 17 | എടത്തിരുത്തി സീഡ് ഫാം - ഗുരുതരമായ ക്രമക്കേടുകൾ. ജില്ലാ പഞ്ചായത്തിന്റെ | 1-17 |

| | | |
|---|---|---|
| | പ്രത്യേക പരിഗണന ഉണ്ടാകേണ്ടതാണ്. | |
| 18 | പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ പെൻഷൻ അംശദാനം അടവാക്കാത്തതിന് സാധുത നൽകുന്ന നിയമ വ്യവസ്ഥയുടെ അഭാവത്തിൽ ആയത് അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-18 |
| 19 | ROP ഹെഡിൽ തുക അടവാക്കിയതിന്റെ അസ്സൽ രേഖകൾ ഹാജരാക്കിയില്ല. | 1-19 |
| 20 | ജില്ലാ വയോജന വിഭവ കേന്ദ്രം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-20 |
| 21 | കലാ സാംസ്കാരിക സമുച്ചയം -മതിയായ രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു | 1-21 |
| 22 | ഫർണിച്ചർ റിപ്പയർ ഗ്രാന്റ് . ചെലവു രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങൾക്ക് നൽകിയ 60,000 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-22 |
| 23 | സമഗ്ര വിദ്യാഭ്യാസ പദ്ധതി. മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല. | 1-23 |
| 24 | സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ- നിർമ്മിതി കേന്ദ്രത്തിന് തുക കൈമാറി- രേഖകൾ ഹാജരാക്കാത്ത 59,60,000 രൂപയുടെ ചെലവ് നടപടി തടസ്സപ്പെടുത്തുന്നു. | 1-24 |
| 25 | മണലിപുഴ സമഗ്ര നീർത്തട പദ്ധതി- പ്രോജക്റ്റ് പൂർത്തീകരിച്ചിട്ടില്ല | 1-25 |
| 26 | റിസർവ്വോയറിൽ മത്സ്യവിത്ത് നിക്ഷേപം. ചെലവുകളുടെ ഇരട്ടിപ്പ് മൂലം ആകെ നഷ്ടം 13,476 രൂപ. | 1-26 |
| 27 | ഖാദി കമ്മീഷൻ അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്ന് നടത്തുന്ന വാങ്ങലുകൾക്ക് സർക്കാർ അനുമതിയോടെ ക്വട്ടേഷൻ സമ്പ്രദായം സ്വീകരിക്കേണ്ടതാണ് | 1-27 |
| 28 | സ്ത്രീ ശാക്തീകരണം ഖാദി വ്യവസായത്തിലൂന്നി -പട്ടികജാതി വനിതകൾ -പദ്ധതി അപാകതകൾ` | 1-28 |
| 29 | ജില്ല വെറ്ററിനറി കേന്ദ്രത്തിലേക്ക് ജനറേറ്റർ വാങ്ങി സ്ഥാപിക്കൽ -സാങ്കേതികനുമതിയ്ക്കു മുൻപേ ടെണ്ടർ ക്ഷണിച്ചു | 1-29 |
| 30 | പേ വിഷ നിയന്ത്രണ പദ്ധതി- സമഗ്ര പ്രജനന നിയന്ത്രണവും പേ വിഷബാധ പ്രതിരോധ കുത്തിവെയ്പും | 1-30 |
| 31 | അംഗൻവാടി കെട്ടിടനിർമ്മാണം(S673/19) പദ്ധതി --അടിസ്ഥാനവിവരങ്ങൾ ലഭ്യമാക്കാതെ തുക അടവാക്കി. | 1-31 |
| 32 | ഷീ പാഡ് പദ്ധതി --അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാതെയും വേണ്ടത്ര ആസൂത്രണമില്ലാതെയും പദ്ധതി നടപ്പാക്കി | 1-32 |
| 33 | പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതികൾ ആവിഷ്ക്കരിച്ചു. | 1-33 |

| | | |
|---|---|---|
| 34 | ജില്ലാവ്യവസായകേന്ദ്രം മാനേജർ നടപ്പാക്കിയ പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-34 |
| 35 | S682/19—തൃശ്ശൂർ ജില്ലാപഞ്ചായത്ത് 2016-17-കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്ലാസ്റ്റിക് മാലിന്യസംസ്ക്കരണപ്ലാന്റ് ലക്ഷ്യം നേടിയില്ല | 1-35 |
| 36 | മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി-മാർഗ്ഗരേഖയിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത പദ്ധതിയ്ക്കു തുക ചെലവഴിച്ചു | 1-36 |
| 37 | കസ്റ്റം ഹയറിംഗ് സെന്ററിലേക്ക് ആവശ്യമായ മെഷീനറി വാങ്ങൽ പദ്ധതി പൂർണ്ണമായും ഫലപ്രദമായില്ല. | 1-37 |
| 38 | ഹൈടെക്ക് പിഗ്ഗ്ബ്രീഡിങ്ങ് യൂണിറ്റ് നിർമ്മാണം- കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ അധിക തുക നൽകി, നിയമാനുസൃതമുള്ള സപ്ലിമെന്ററി എഗ്രിമെന്റ്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല | 1-38 |
| 39 | ജില്ലാ ഹോമിയോ ആശുപത്രിയ്ക്കു് 5,99,040/-രൂപയുടെ മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 1-39 |
| 40 | ലൈഫ് മിഷൻ ഭവന നിർമ്മാണം -ഒന്നാംഘട്ടം-ജില്ലാ പഞ്ചായത്ത് നേരിട്ട് നടപ്പാക്കിയത് 2017-18 ൽ ആരംഭിച്ച് 2019-20ലും പൂർത്തീകരിക്കാതെ തുടരുന്നു | 1-40 |
| 41 | വിജ്ഞാൻ സാഗർ പദ്ധതി - പ്ലാൻ ഫണ്ട് സർക്കാർ അനുമതിയോടെ വിനിയോഗിക്കേണ്ടതാണ് | 1-41 |
| 42 | പൂർത്തീകരിയ്ക്കാത്ത ഡെപ്പോസിറ്റ് പ്രവൃത്തികൾ-തുടർവിവരം ലഭ്യമാക്കണം. | 1-42 |
| 43 | രസീതി, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ് | 1-43 |
| 44 | വനിതാഘടകപദ്ധതി മാർഗ്ഗരേഖാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടപ്പിലാക്കേണ്ടതാണ് | 1-44 |
| 45 | "ജില്ലാതല ഭിന്നശേഷിവിഭവകേന്ദ്രം (ശുഭാപ്തി)"-പദ്ധതിപ്രവർത്തനത്തിന്റെ നാൾവഴിയിൽ കണ്ടെത്തിയ അപാകതകൾ | 1-45 |
| 46 | മരാമത്ത് പണികൾ--പൊതുഅപാകതകൾ- തുടർ വർഷങ്ങളിൽ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കണം. | 1-46 |
| 47 | ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയത്-ക്രമവിരുദ്ധം. | 1-47 |
| 48 | വട്ടപരുത്തി കോളനി സമഗ്ര വികസനം -വലപ്പാട് ഗ്രാമ പഞ്ചായത്ത് -പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അല്ലാത്ത സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തി -അതിർത്തി | 1-48 |

| | | |
|---|---|---|
| | തർക്കത്തെതുടർന്ന് പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല | |
| 49 | ഭൂമി തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് ഉറപ്പാക്കാതെ പദ്ധതി നിർവ്വഹണം നടത്തി | 1-49 |
| 50 | എക്സ്ട്രാ വർക്കുകൾക്ക് എഗ്രീഡ് ഐറ്റം റേറ്റിലുള്ള അനുപാതിക കുറവ് എസ്റ്റിമേറ്റ് പി.എ.സിയുമായി താരതമ്യപ്പെടുത്തുന്നതിനു പകരം റിവൈസ്ഡ് എസ്റ്റിമേറ്റുമായി ചേർത്ത് കണക്കാക്കുന്നത് കരാർ വിരുദ്ധമായ നടപടി. | 1-50 |
| 51 | വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് - താണിമൂക്ക് താഴപ്ര റോഡ്- കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം- അപാകതകൾ | 1-51 |
| 52 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം വ്യക്തമാക്കേണ്ടതാണ്. | 1-52 |
| 53 | പൊയ്യ ഗ്രാമപഞ്ചായത്തിലെ പൂപ്പത്തി കിഴക്കേ എസ് സി കോളനി റോഡ് പുനരുദ്ധാരണം -- യഥാസമയം പദ്ധതി പൂർത്തിയാക്കുകയോ കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്യുകയോ ചെയ്തിട്ടില്ല. | 1-53 |
| 54 | മരാമത്ത് പ്രവർത്തികളുടെ ഭാഗമായി കുഴിച്ചെടുത്തമണ്ണിന്റെ വിനിയോഗം/ ലേലം നടത്തി തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല | 1-54 |
| 55 | കൊരട്ടി ഗ്രാമപഞ്ചായത്ത് - കൊറ്റംചിറ എസ് സി കോളനി അടിസ്ഥാന സൗകര്യ വികസനം - കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തിട്ടില്ല. | 1-55 |
| 56 | എസ്.പി കോളനി സമഗ്രവികസനം പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്- സൈറ്റിൽ ലഭ്യമായ മണ്ണ് ഫില്ലിംഗിന് പരിഗണിക്കാതെ കരാറുകാരന് സ്വന്തം മണ്ണുപയോഗിച്ചുള്ള പ്രവൃത്തിക്ക് തുക അനുവദിച്ചത് ക്രമത്തിലല്ല- അധികചെലവ് ഈടാക്കണം | 1-56 |
| 57 | സമയ ദീർഘീകരണം. അനധികൃത പ്രവൃത്തികൾ മൂല്യ നിർണയം നടത്തി, പ്രവൃത്തി മൂല്യം അനുവദിച്ചു. | 1-57 |
| 58 | വലപ്പാട് ഗ്രാമപഞ്ചായത്ത് - കഴിമ്പ്രം ബീച്ച് സമഗ്ര വികസനം രണ്ടാം ഘട്ടം- കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ലഭ്യമായിട്ടില്ല. | 1-58 |
| 59 | മന്ദലാംകുന്ന് ബീച്ച് സമഗ്രവികസനം --- പഞ്ചായത്തിന്റെയോ തീരദേശപരിപാലനഅതോറിറ്റിയുടെയോ അനുവാദം ഇല്ലാതെ നിർമ്മാണപ്രവൃത്തി നടത്തി. | 1-59 |
| 60 | കൊടകര ഗ്രാമപഞ്ചായത്ത് - നെടുങ്ങാട്ടുകുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 1-60 |
| 61 | കാറളം ഗ്രാമപഞ്ചായത്ത് - താണിശ്ശേരി | 1-61 |

| | | |
|---|---|---|
| | തടയണ നിർമ്മാണം - തുടർ പ്രവർത്തനം അറിയിക്കേണ്ടതാണ് | |
| 62 | പുത്തൂർ ഗ്രാമ പഞ്ചായത്തിലെ പുത്തൻ കാട് കുടിവെള്ള പദ്ധതി -മോട്ടോർ സ്ഥാപിച്ച് കുടിവെള്ള വിതരണ നടപടികൾ സ്വീകരിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-62 |
| 63 | വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ ചാത്തൻകുടം പുല്ലാണിപ്പാടം റോഡ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-63 |
| 64 | ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തി -- അധികതുക അനുവദിച്ചു | 1-64 |
| 65 | വെർട്ടിക്കൽ ആക്സിയൽ പമ്പ് സെറ്റ്സ്ഥാപിക്കൽ. പാടശേഖര സമിതിയുമായി കരാർ ഒപ്പു വെച്ചിട്ടില്ല. | 1-65 |
| 66 | മരാമത്തു ബില്ലുകളിൽ നിന്ന് ജി.എസ്.ടി ഈടാക്കിയിട്ടില്ല. | 1-66 |
| 67 | ചിറ വരമ്പ് തോട് സൈഡ് പ്രോട്ടക്ഷൻ പ്രവൃത്തി സംബന്ധിച്ച് ഓംബുഡ്സ്മാനിൽ നൽകിയ പരാതിയിൻമേലുള്ള തുടർ വിവരം അറിയിക്കേണ്ടതാണ്. | 1-67 |
| 68 | എഗ്രിമെന്റ് വെക്കാൻ വൈകിയ സംഗതികളിൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല | 1-68 |
| 69 | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് - പുന്നത്തടം കോളനി സമഗ്രവികസനം- അധികം തുക നൽകി | 1-69 |
| 70 | പാലപ്രക്കുന്ന് കോളനി ഇൻ വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്ത്.എഗ്രിമെന്റ് സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വ്യക്തമായ കാരണങ്ങളില്ലാതിരുന്നിട്ടും കരാറുകാരന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടില്ല. | 1-70 |
| 71 | എഗ്രിമെന്റ് വെച്ചിട്ടും സൈറ്റ് ഹാൻഡ് ഓവർ നൽകാത്തത്-ക്രമവിരുദ്ധമായ നടപടി | 1-71 |
| 72 | നിർമ്മിതി കേന്ദ്രത്തിന് നൽകാനുള്ള തുക 2,95,656 രൂപ സ്ഥാപനത്തിന് നൽകാതെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലിട്ടത് ക്രമപ്രകാരമല്ല. തുകയുടെ ചെലവ് നടപടി തടസ്സപ്പെടുത്തുന്നു. | 1-72 |
| 73 | മാർക്കറ്റ് നിരക്കിന് കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതിനാൽ അധികചെലവ്- അംഗീകരിക്കുന്നില്ല | 1-73 |
| | ഭാഗം-2 | |
| 74 | എഗ്രിമെന്റ് വെക്കാൻ വൈകിയ സംഗതികളിൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. | 2-1 |
| | **ഭാഗം-3** | |
| 75 | സ്ഥാപനം സമർപ്പിച്ച ബില്ലിനേക്കാൾ കൂടുതൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. 19,920 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-1 |

| | | |
|---|---|---|
| 76 | റിസർവ്വോയറിൽ മത്സ്യവിത്ത് നിക്ഷേപം. ചെലവുകളുടെ ഇരട്ടിപ്പ് മൂലം ആകെ നഷ്ടം 13,476 രൂപ. | 3-2 |
| 77 | ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തി -- അധികതുക അനുവദിച്ചു | 3-3 |
| 78 | മാർക്കറ്റ് നിരക്കിന് കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതിനാൽ അധികചെലവ്--- അംഗീകരിക്കുന്നില്ല | 3-4 |
| 79 | എസ്.പി കോളനി സമഗ്രവികസനം പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്- സൈറ്റിൽ ലഭ്യമായ മണ്ണ് ഫില്ലിംഗിന് പരിഗണിക്കാതെ കരാറുകാരന് സ്വന്തം മണ്ണുപയോഗിച്ചുള്ള പ്രവൃത്തിക്ക് തുക അനുവദിച്ചത് ക്രമത്തിലല്ല- അധികചെലവ് ഈടാക്കണം | 3-5 |
| 80 | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് - പുന്നത്തടം കോളനി സമഗ്രവികസനം- അധികം തുക നൽകി | 3-6 |
| | **ഭാഗം-4** | |
| 81 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 82 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് : വിനിയോഗം | 4-2 |
| 83 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 84 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 85 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 86 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 87 | ഓഡിറ്റ് റിക്കവറി | 4-7 |
| 88 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 89 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 90 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 91 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 92 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 93 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26/03/18 തീയതിയിലെ 1 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വരവ് 1115316000/ - രൂപയും പ്രതീക്ഷിത ചെലവ് 1213120000/- രൂപയും ആണ്. പുതുക്കിയ (പരിഷ്ക്കരിച്ച) ബജറ്റ് 15/02/19 ലെ 1/19-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2019 | 11-06-2019 |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 20,81,42,536 |
| വരവ് | ₹827433441 |
| ആകെ | ₹1035575977 |
| ചെലവ് | ₹810364345 |
| നീക്കിയിരിപ്പ് | ₹225211632 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് AFS പ്രകാരം | വിനിയോഗിക്കാത്ത തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 530390000 | 530390000 | 396079092 | 134310908 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 226476000 | 226476000 | 115337176 | 111138824 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 6804000 | 6804000 | 5127061 | 1676939 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 156915000 | 156915000 | 155837669 | 1077331 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 91302000 | 91302000 | 55360986 | 35941014 |
| ജോ.വെൻചർ പ്രോജക്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 0 | 0 | 0 | 0 |
| | ഗ്രാമ പഞ്ചായത്ത് | 18609000 | 1092069 | 19701069 | 5558035 | 14143034 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 919 | 1481954022 | 377 | 749828790 | 474 | 68 | 41 |

## 1-6 ആഭ്യന്തര നിയന്ത്രണം

**1)ബജറ്റും ബജറ്റ് നിയന്ത്രണവും (Budget and Budgetory Control)**

ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ.കെ.പി.രാധാകൃഷ്ണൻ അവതരിപ്പിച്ച കരട് ബജറ്റ് പഞ്ചായത്ത് ഭരണസമിതി 26.03.18 ലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചതിനെ തുടർന്ന് 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് പാസ്സായി.1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214(1എ) വകുപ്പ് പ്രകാരം 2018-19 ലെ ജില്ലാപഞ്ചായത്തിന്റെ ബജറ്റ് കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ചു എങ്കിലും തുടർന്ന് ചർച്ചകൾ നടന്നതായി ഭരണസമിതി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും 26.03.18 ൽ ബജറ്റ് അംഗീകരിച്ചതായി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അംഗീകരിച്ച ബജറ്റിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214(7)-ാം വകുപ്പനുസരിച്ചുള്ള വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

ജില്ലാപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനുട്ട്സിൽ) മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.പലപ്പോഴും വാർഷിക പദ്ധതികൾ ഭേദഗതിയ്ക്ക് വിധേയമാകുമ്പോൾ ബജറ്റ് പുതുക്കുന്നില്ല ,ഉദാ: {31.01.19 ലെ ഭരണസമിതി തീരുമാനം(1)}.

മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി 15.02.19 ൽ ചേർന്ന യോഗത്തിലെ തീരുമാനം നംപർ (1) അനുസരിച്ച് 2019-20ലെ കരട് ബജറ്റ് അംഗീകരിക്കുമ്പോൾ 2018-19 ലെ പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്.

**2) അക്കൗണ്ടിംഗ്**

ജില്ലാപഞ്ചായത്ത് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215-ാം വകുപ്പ് , 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവയിൽ അനുശാസിക്കുന്ന പ്രകാരം അതിന്റെ കണക്കുകൾ തയ്യാറാക്കുന്നതിനും, പരിപാലിക്കുന്നതിനും, പ്രസിദ്ധപ്പെടുത്തുന്നതിനും ബാധ്യസ്ഥമാണ്. ഇപ്രകാരമുള്ള നിയമവ്യവസ്ഥകൾ പാലിച്ച് ജില്ലാപഞ്ചായത്ത് എത്രത്തോളം അതിന്റെ അക്കൗണ്ടിംഗ് ബാധ്യതകൾ നിർവ്വഹിച്ചു എന്നത് പ്രത്യേക പരാമർശമായി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**3) ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്**

പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ്, ലക്ഷ്യങ്ങൾ നിർണ്ണയിച്ച്, സാധ്യതകൾ കണ്ടെത്തി, പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് അതിന്റെ അടിസ്ഥാനത്തിൽ കർമ്മ പരിപാടികൾ തയ്യാറാക്കുന്നതിനെയാണ് പൊതുവെ ആസൂത്രണം എന്ന് വിവക്ഷിക്കുന്നത്. ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പറഞ്ഞിട്ടുള്ളതും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 5-ാം പട്ടികയിൽ പറഞ്ഞിട്ടുള്ളതുമായ സംഗതികളെ സംബന്ധിച്ച് സാമ്പത്തിക വികസനത്തിനും, സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമാണ് നിയമപ്രകാരം ജില്ലാപഞ്ചായത്തുകളെ ഭരമേൽപ്പിച്ചിട്ടുള്ളത്.

2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ 29.01.18 തീയതിയിലെ സ.ഉ(കൈ)നം.11/18/തസ്വഭവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് ജില്ലാപഞ്ചായത്തിൽ അതാത് മേഖലകളുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചിരുന്നു.എന്നാൽ ഇപ്രകാരം രൂപീകരിച്ച എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും അതാത് വികസന മേഖലയിൽ തയ്യാറാക്കിയ അവസ്ഥാരേഖ (Status Report) പരിശോധനയ്ക്ക് ലഭിച്ചില്ല.

മേൽ ഉത്തരവിന്റെ ഖണ്ഡിക 9 പ്രകാരം ബഡ്ജറ്റ് അംഗീകരിക്കുന്നതിന് മുൻപായി വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടാനായില്ലെങ്കിൽ അംഗീകാരം ലഭിച്ചാലുടൻ വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി ബഡ്ജറ്റ് പുതുക്കി തയ്യാറാക്കേണ്ടതും പുതുക്കിയ ബഡ്ജറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിക്കേണ്ടതുമാണ്.

അതായത് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പുതിയ നിർദ്ദേശങ്ങൾ/ഭേദഗതി ശുപാർശ ചെയ്യപ്പെട്ടാൽ പ്രസ്തുത നിർദ്ദേശങ്ങൾ/ ഭേദഗതികൾ ഉൾപ്പെടുത്തിയ പുതുക്കിയ ബഡ്ജറ്റ് പാസാക്കാൻ ജില്ലാപഞ്ചായത്തിന് ബാധ്യതയുണ്ട്. എന്നാൽ ജില്ലാപഞ്ചായത്തിൽ ഇപ്രകാരം പുതുക്കിയ ബഡ്ജറ്റ് പാസ്സാക്കിയല്ല പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. [ഉദാ: (i) 15.05.18 ലെ ഭരണസമിതി തീരുമാനം (7) പ്രകാരം 2017-18 ൽ പൂർത്തീകരിക്കാൻ സാധിക്കാത്ത പ്രവൃത്തികൾ സ്പിൽ ഓവറായി 2018-19 ൽ നടപ്പാക്കാൻ വിവിധ സ്ഥിരംസമിതികൾ ശുപാർശ ചെയ്തത് അംഗീകരിച്ച് തീരുമാനിച്ചിരുന്നു. ബഡ്ജറ്റ് പുതുക്കിയില്ല.]

പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും പ്രസ്തുത മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ് എന്നും മേൽ പരാമർശിച്ച 29.01.18 ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 13.1 വ്യക്തമാക്കുന്നു. എന്നാൽ ചില പ്രൊജക്ടുകളൊഴിച്ച് ഇപ്രകാരം എല്ലാ പ്രൊജക്ടുകളിലും മോണിറ്ററിംഗ് പ്രവർത്തനം നടത്തിയതിന് രേഖകൾ സൂക്ഷിക്കുകയോ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

# 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/12/2019 -31/01/2020 | 2018-19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25/02/2020 -20/03/2020 | 2018-19 | ലഭിച്ചിട്ടില്ല |

# 1-8 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ),(ജി)). താഴെ വരുന്ന വരവിനങ്ങളുടെ രജിസ്റ്ററുകൾ 2018-19 ൽ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

i.വാടക ഡിമാന്റ് രജിസ്റ്റർ-

ii. ലേലം(RP-5-Sale and Hire charges എന്ന ശീർഷകത്തിന് താഴെ വരുന്ന വരവിനങ്ങളുടെ രജിസ്റ്ററുകൾ

iii. RP-6-Receipts from transferred institutionsഎന്ന ശീർഷകത്തിന് താഴെ വരുന്ന വരവിനങ്ങളുടെ രജിസ്റ്ററുകൾ

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള

പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

4. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200402-Prior period income-Recovery of unutilised grants | (3721333) |
| 280600401-Prior period expenses-Recovery of unutilised grants to government | 5068101 |

5. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

7. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,70,69,096/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3,86,85,573/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ ഈ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

8. 2018-19 വർഷത്തെ Income and expenditure പത്രിക പ്രകാരം 2,17,89,679/- രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

9. 31/3/2019 ലെ ബാലൻസ്ഷീറ്റ് പ്രകാരം movable assets-plant, machinery, tools എന്ന ആസ്തിക്ക് 79750/- രൂപയും movable assets-office equipments and other equipmentഎന്ന ആസ്തിക്ക് 44,81,243/-, രൂപയും വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2019 ലെ Accumalated Depreciation യഥാക്രമം (83156/-)രൂപയും (9338257/-)രൂപയുമാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2019-20 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

10. വാർഷികകണക്കുകൾ പ്രകാരം ഓക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ വരവ് ചെലവ് 50,000/- രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം വരവ്-ചെലവ് 35,36,000/- രൂപയാണ്.

11. ഫെസ്റ്റിവൽ അഡ്വാൻസ് - വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് നീക്കിയിരിപ്പു കണക്കുകൾ അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

12. പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ ടി.എസ്.സി, എസ്.എസ്.എ, ജോയിന്റ് വെഞ്ചർ പ്രോജക്റ്റ് (വില്ലേജ് പഞ്ചായത്ത്) എന്നിവയുടെയും ഇനം തിരിച്ചുള്ള കണക്കുകൾക്ക് പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. RP-31 പ്രകാരമുള്ള ഗ്രാന്റ് ഇനങ്ങളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

13. താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടിന് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നം | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450610101 | BOI(jalasamrakshna samithi) | 260589 |

14. 31/3/2018 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital contribution" എന്ന ഇനത്തിലെ അതേ തുകയാണ് (₹264280264/-) 31/3/2019ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income and expenditure account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

15. താഴെ പറയുന്ന അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക്, ട്രഷറി സ്റ്റേറ്റ്മെന്റ്/പാസ്സ് ബുക്ക്, റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ബാങ്ക് | കോഡ് നമ്പർ | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | Canara-385-SSA | 450210101 | 13253329 |
| 2 | SBT-33369 | 450210106 | 609783 |
| 3 | ട്രഷറി ടി എസ് ബി ജോയിന്റ് വെഞ്ചർ | 450650109 | 150000 |

15.1 SBT-33029 LITERACY എന്ന അക്കൗണ്ടിന്റെ താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 965396 | 8.8.18 | 404000 |
| 965393 | 30.6.18 | 604650 |
| 965391 | 11.6.18 | 766868 |
| 558220 | 21.5.18 | 50177 |
| 558520 | 21.5.18 | 571150 |

ട്രഷറി സ്പെഷൽ അക്കൗണ്ടിലും ഇപ്രകാരമുള്ള കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. ആയതും ക്രമീകരിക്കേണ്ടതാണ്.

15.2 SBT-33029 LITERACY എന്ന അക്കൗണ്ടിന്റെ 31.3.2019ലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 14995/- രൂപ "Cheques deposited but not credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. Cheque no.17/2.8.2018/തുക14995. ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യിട്ടില്ലാത്തതിനാൽ ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

15.3 ട്രഷറി സ്പെഷൽ അക്കൗണ്ടിന്റെ (-0027)- 31/3/2019 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ താഴെ പറയുന്ന തുകകൾ " Directly debited by bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരുന്നു.

വൗച്ചർ നം,ചെക്ക് നം ഇല്ല. തിയതി-20.3.2018/₹5039/- ,

,, ,, ,, . 31.3.2018-₹5736/-

ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ ജില്ലാ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും, കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2018-19 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

16. 31/3/2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 151164636/- രൂപയാണ്. ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/19 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2019ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിവരം ലഭിച്ചിട്ടില്ലാത്തതിനാൽ ഈ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

17. 31.3.2018 ലെ ബാലൻസ് ഷീറ്റ് ബി-5പ്രകാരം ഹഡ്കോ ലോൺ ഇനത്തിൽ 408410/- രൂപയുണ്ടായിരുന്നു. ആയത് 31.3.2019 ലെ ബാലൻസ് ഷീറ്റിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. 330500202-Secured loans -Loan from HUDCO എന്ന ലെഡ്ജർ പ്രകാരം ഈ തുക 320400199-Grants, funds,& Contribution for Specific purposes-other financial institutions എന്ന ഹെഡ്ഡിലേക്ക് ഡെബിറ്റ് ചെയ്തിരിക്കുന്നു. ആയത് വ്യക്തമാക്കേണ്ടതാണ്

18. വാർഷിക കണക്ക് പ്രകാരം സ്വാഭിമാൻ പദ്ധതിയിൽ 2 അക്കൗണ്ടുകളിലായി 63,04,054 രൂപ, SGSY അക്കൗണ്ടിൽ 5,26,019 രൂപ ജലസംരക്ഷണസമിതി അക്കൗണ്ടിൽ 2,60,589രൂപ എന്നിങ്ങനെ നീക്കിയിരിപ്പുണ്ട്. വർഷങ്ങളായി ഇടപാടുകളില്ലാത്ത ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പു തുക കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ അനുമതി ലഭ്യമാക്കുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. 26.5.2011-ലെ സർക്കുലർ നം. 56725/LSGDപ്രകാരം തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

19.മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഇനത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വരവ് 55360986/-രൂപയും വാർഷിക കണക്കിലെ RP -7 പ്രകാരമുള്ള വരവ് 55327761/- രൂപയുമാണ്.

## 1-9 ചേലക്കര ജില്ലാ കൃഷിത്തോട്ടം-രശീതി വരവ് യഥാസമയം ഒടുക്കിയിട്ടില്ല-ഒടുക്കിയതിൽ കുറവ്

സ്ഥാപനത്തിൽ രസീതി വരവ് സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ കാണിക്കുന്ന കളക്ഷൻ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ഓഡിറ്റിനു വിധേയമാക്കിയ 01.04.18 മുതൽ 31.12.19 വരെയുള്ള രശീതി വരവുകൾ പരിശോധിച്ചതിൽ 01.04.18 മുതൽ 28.03.19 വരെയുള്ള വരവു വിവരങ്ങൾ മാത്രമേ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ആയതുതന്നെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 29.03.19 മുതൽ 31.12.19 വരെയുള്ള രസീതി വരവ് സംബന്ധിച്ച കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ പരിശോധനയ്ക്കു സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

സ്ഥാപനത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ രസീതി വരവ് ബാങ്കിലൊടുക്കിയ വിവരം കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ രസീതി പിരിവ്,കയ്യിരിപ്പ് തുക(ബാങ്കിലൊടുക്കിയ തുക കഴിച്ച് ബാക്കി) കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. കാഷ് ബാലൻസായി കാഷ്ബുക്കിൽ കാണിച്ചിട്ടുള്ളത് കയ്യിരിപ്പ് പണവും 3 ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പും ചേർന്ന തുകയാണ്. കാഷ് ബുക്ക് കൃത്യമായി സൂക്ഷിക്കാത്തതിനാൽ 1.4.18 മുതൽ 31.12.19 വരെയുള്ള രസീതികൾ പരിശോധിച്ചതു പ്രകാരം ഇക്കാലയളവിൽ 623362 രൂപ രസീതി പ്രകാരം പിരിച്ചെടുത്തിട്ടുള്ളതായി കാണുന്നു. ഹാജരാക്കിയ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടായ എസ് ബി ഐ ചേലക്കര ബ്രാഞ്ചിലുള്ള ഫാമിന്റെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 562119 രൂപയാണ് രസീതി കളക്ഷൻ അടവാക്കിയിട്ടുള്ളതായി കാണുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പിരിവ് കാലയളവ് | | രശീതി നമ്പർ | | ആകെ പിരിവ് തുക | ബാങ്കിൽ ഒടുക്കിയ തിയതി | ഒടുക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|---|---|---|
| | മുതൽ | വരെ | മുതൽ | വരെ | | | | |
| 1 | 4.4.18 | 22.5.18 | 1/405 | 49/405 | 26989 | 24.5.18 | 23239 | -3750 |
| 2 | 25.5.18 | 31.7.18 | 50/405 | 94/405 | 25879 | 8.08.18 | 25659 | -220 |
| 3 | 1.08.18 | 7.08.18 | | | കളക്ഷൻ ഇല്ല. | | | |
| 4 | 8.08.18 | 10.10.18 | 95/405 | 100/405 | 36696 | 11.10.18 | 38860 | +2164 |
| | | | 1/415 | 15/415 | | | | |
| 5 | 11.10.18 | 7.12.18 | 16/415 | 81/415 | 35412 | 10.12.18 | 51680 | +16268 |
| 6 | 11.12.18 | 21.01.19 | 82/415 | 100/415 | 113078 | 25.01.19 | 40950 | -72128 |
| | | | 1/442 | 17/442 | | | | |
| 7 | 22.1.19 | 11.2.19 | | | കളക്ഷൻ ഇല്ല. | | | |
| 8 | 12.2.19 | 26.2.19 | 18/442 | 27/442 | 19531 | 2.3.19 | 19531 | ഇല്ല |
| 9 | 27.2.19 | 4.3.19 | | | കളക്ഷൻ ഇല്ല. | | | |
| 10 | 5.3.19 | 12.3.19 | 28/442 | 36/442 | 2878 | 12.3.19 | 2878 | ഇല്ല |
| 11 | 13.3.19 | 17.5.19 | 37/442 | 67/442 | 109045 | 17.5.19 | 105055 | -3990 |
| 12 | 18.5.19 | 20.5.19 | | | കളക്ഷൻ ഇല്ല. | | | |
| 13 | 21.5.19 | 13.6.19 | 68/442 | 98/442 | 26123 | 13.06.19 | 26238 | +115 |
| 14 | 14.6.19 | 30.6.19 | 99/442 | 22/49 | 7509 | 2.07.19 | 3565 | -3944 |
| 15 | 2.7.19 | | 23/49 | 26/49 | 3024 | 5.07.19 | 635 | -2389 |
| 16 | 5.7.19 | 8.7.19 | 27/49 | 32/49 | 2565 | 9.7.19 | 2655 | +90 |
| | | | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 17 | 9.7.19 | 10.7.19 | 33/49 | 38/49 | 2105 | 12.7.19 | 1880 | -225 |
| 18 | 11.7.19 | 14.7.19 | | | കളക്ഷൻ ഇല്ല. | | | |
| 19 | 15.7.19 | 18.7.19 | 39/49 | 49/49 | 2245 | 19.7.19 | 2245 | ഇല്ല |
| | | | | 50/49 | | | | ക്യാൻസൽഡ് |
| 20 | 19.7.19 | 23.7.19 | 51/49 | 58/49 | 4350 | 26.7.19 | 8550 | +4200 |
| 21 | 26.7.19 | 28.7.19 | 59/49 | 62/49 | 5147 | 29.7.19 | 2812 | -2335 |
| 22 | 29.7.19 | 6.8.19 | 63/49 | 87/49 | 17229 | 7.8.19 | 15383 | -1846 |
| 23 | 7.8.19 | | 88/49 | 92/49 | 9498 | 8.8.19 | 10239 | +741 |
| 24 | 8.8.19 | 17.8.19 | 93/49 | 99/49 | 3363 | 20.8.19 | 4883 | +1520 |
| | | | | 100/49 | | | | ക്യാൻസൽഡ് |
| 25 | 20.8.19 | 21.8.19 | 1/61 | 9/61 | 1637 | 22.8.19 | 1637 | ഇല്ല |
| 26 | 22.8.19 | 25.8.19 | | | കളക്ഷൻ ഇല്ല. | | | |
| 27 | 26.8.19 | 30.8.19 | 10/61 | 18/61 | 2239 | 2.9.19 | 2239 | ഇല്ല |
| 28 | 3.9.19 | 7.9.19 | 19/61 | 48/61 | 33208 | 16.9.19 | 3452 | -29756 |
| 29 | 8.9.19 | 15.9.19 | | | കളക്ഷൻ ഇല്ല | | | |
| 30 | 16.9.19 | 17.9.19 | | | കളക്ഷൻ ഇല്ല | 17.9.19 | 6038 | +6038 |
| 31 | 25.9.19 | 30.9.19 | 49/61 | 52/61 | 914 | 1.10.19 | 24121 | +23207 |
| 32 | 3.10.19 | 10.10.19 | 53/61 | 61/61 | 3318 | 11.10.19 | 5248 | +1930 |
| 33 | 11.10.19 | 16.10.19 | 62/61 | 74/61 | 4866 | 17.10.19 | 3446 | -1420 |
| 34 | 17.10.19 | | 75/61 | 76/61 | 970 | 18.10.19 | 970 | ഇല്ല |
| 35 | 23.10.19 | | 77/61 | 80/61 | 1725 | 24.10.19 | 4823 | +3098 |
| 36 | 24.10.19 | 31.10.19 | 81/61 | 100/61 | 8755 | 2.11.19 | 5657 | -3098 |
| 37 | 1.11.19 | 10.11.19 | | | കളക്ഷൻ ഇല്ല | | | |
| 38 | 11.11.19 | | 1/75 | 19/75 | 23880 | 12.11.19 | 23130 | -750 |
| 39 | 13.11.19 | | 20/75 | 22/75 | 23320 | 13.11.19 | 23000 | -320 |
| 40 | 16.11.19 | | 23/75 | 29/75 | 4308 | 16.11.19 | 4628 | +320 |
| 41 | 18.11.19 | | 30/75 | | 31500 | 18.11.19 | 31500 | ഇല്ല |
| 42 | 19.11.19 | 20.11.19 | 31/75 | 42/75 | 3875 | 21.11.19 | 3685 | -190 |
| 43 | 22.11.19 | | 43/75 | 44/75 | 7298 | 26.11.19 | 7490 | +192 |
| 44 | 28.11.19 | | 45/75 | 51/75 | 3471 | 29.11.19 | 6989 | +3518 |
| 45 | 3.12.19 | | 52/75 | 56/75 | 2599 | 4.12.19 | 2599 | ഇല്ല |
| 46 | 6.12.19 | | 57/75 | 60/75 | 3065 | 7.12.19 | 3065 | ഇല്ല |
| 47 | 10.12.19 | 12.12.19 | 61/75 | 68/75 | 2659 | 12.12.19 | 5169 | +2510 |
| 48 | 13.12.19 | 14.12.19 | 69/75 | 71/75 | 1336 | 19.12.19 | 3331 | +1995 |
| 49 | 19.12.19 | 30.12.19 | 72/75 | 83/75 | 5753 | 31.12.19 | 2965 | -2788 |

മേൽ പറഞ്ഞതു പ്രകാരം 61243 രൂപ ബാങ്കിൽ അടവാക്കിയിട്ടില്ലാത്തതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയില്ല(എൻക്വയറി നം.30/16.02.2020). പ്രസ്തുത തുക ബാങ്കിൽ അടവ് വരാത്ത സാഹചര്യത്തിൽ ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിന് ഓഡിറ്റിൽ ശിപാർശ ചെയ്യുന്നു.

## 1-10 പഴയന്നൂർ സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം-കളക്ഷൻ തുക ബാങ്കിൽ അടവാക്കിയതിൽ കുറവ്

1)2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 20(1) (എ) പ്രകാരം പഞ്ചായത്ത് ആവശ്യത്തിനു ലഭിക്കുന്ന ഏതു പണത്തിനും രസീതു നൽകണമെന്നു വ്യവസ്ഥയുണ്ട്. എന്നാൽ സീനിയർ അഗ്രികൾച്ചറൽ ഓഫീസർ, പഴയന്നൂർ സ്റ്റേറ്റ് സീഡ് ഫാമിന്റെ പേരിലുള്ള എസ്ബിഐ പഴയന്നൂർ ശാഖയിലെ അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യപ്പെടുന്ന തുകകൾക്ക് രസീത് നൽകുന്നില്ല.

2)പഴയന്നൂർ സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിൽ രസീത് നൽകി പിരിച്ചെടുക്കുന്ന തുക അക്കൗണ്ട്സ് ചട്ട പ്രകാരം യഥാസമയം ബാങ്കിൽ അടവാക്കുന്നതിൽ ചില അവസരങ്ങളിൽ വ്യത്യാസം ശ്രദ്ധയിൽപ്പെടുകയുണ്ടായി. കളക്ഷൻ തുക പൂർണ്ണമായും അടവാക്കാത്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തിയതി | കളക്ഷൻ തുക | അടവാക്കിയ തുക | കുറവ് |
|---|---|---|---|
| 9.7.19 | 4209 | 4205 | 4 |
| 26.7.19 | 3872 | 3562 | 310 |
| 22.8.19 | 3418 | 3398 | 20 |
| 27.9.19 | 14630 | 14580 | 50 |
| | | ആകെ കുറവ് | 384 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.42/13.03.2020)മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ താഴെ പറയുന്ന ശിപാർശകൾ തുടർ നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

എ)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 20(1) (എ) പ്രകാരം പഞ്ചായത്ത് ആവശ്യത്തിനു ലഭിക്കുന്ന ഏതു പണത്തിനും രസീതു നൽകേണ്ടതാണ് എന്ന നിയമവ്യവസ്ഥ പാലിക്കാൻ പഴയന്നൂർ സ്റ്റേറ്റ് സീഡ്ഫാം സീനിയർ അഗ്രിക്കൾച്ചർ ഓഫീസർക്ക് ഉത്തരവ് നൽകേണ്ടതാണ്.

ബി)കുറവ് വന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 സ്ക്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ലഭ്യമായ മണ്ണ്- തുടർ വിവരം ലഭ്യമാക്കേണ്ടതാണ്

താഴെ പറയുന്ന സ്ക്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ലഭ്യമായ മണ്ണ് വിൽപ്പന നടത്തി ജില്ലാ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ടെങ്കിൽ ലഭ്യമായ തുക രശീതി നംപർ സഹിതം പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 37/10-03-20 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

| ക്രമ നം. | സ്ക്കൂളിന്റെ പേര് | വിശദവിവരം | റിമാർക്സ് |
|---|---|---|---|
| 1 | കടങ്ങോട് GHSS | 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ അറ്റകുറ്റപണികൾ പൂർത്തീകരിച്ചപ്പോൾ 2,06,957രൂപ വില മതിക്കുന്ന 689.855 എം3 മണ്ണ് ഗ്രൗണ്ടിൽ കൂട്ടിയിട്ടിട്ടുണ്ടെന്ന LSGD E.E യുടെ 21.12.2018 ലെ കത്തിനെ തുടർന്ന് തുടർനടപടി സ്വീകരിക്കാൻ ജില്ലാകലക്ടറോട് ആവശ്യപ്പെടാൻ 28.02.2019 ലെ 03-ാം നംപർ തീരുമാന പ്രകാരം ഭരണസമിതി തീരുമാനിച്ചു | തുടർവിവരം ലഭ്യമല്ല. |
| 2 | കടിക്കാട് GHSS | സ്ക്കൂൾ കോംപൗണ്ടിൽ കൂട്ടിയിട്ടിരിക്കുന്ന കളിമണ്ണ് ലേലം ചെയ്യുന്നത് സംബന്ധിച്ച് സ്ക്കൂൾ പ്രധാനധ്യാപികയുടെ കത്ത് പരിഗണിച്ച് ആയതിന്റെ വാല്യുവേഷൻ എടുക്കുന്നതിന് | തുടർവിവരം ലഭ്യമല്ല. |

| | | | |
|---|---|---|---|
| | | 26.03.2019 ലെ 03-ാം നംപർ തീരുമാന പ്രകാരം ഭരണസമിതി LSGD E.E യെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | |

ഭരണസമിതി തീരുമാനം നടപ്പിലാക്കിയോ എന്നതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അവലോകനം നടന്നതായി മിനുട്സ് ബുക്ക് പരിശോധനയിലും കാണാൻ കഴിഞ്ഞില്ല. മേൽ വിവരിച്ച സാഹചര്യത്തിൽ ജില്ലാപഞ്ചായത്ത് തനത്ഫണ്ടിൽ ന്യായമായും വരവ് ലഭിക്കേണ്ട തുക വരവ് ലഭിച്ചതായി കാണുന്നില്ല. ആയതിനാൽ ജില്ലാ പഞ്ചായത്ത് തീരുമാനങ്ങളെ തുടർന്ന് നാളിതുവരെ ഈ വിഷയത്തിൽ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതാണ്.

## 1-12 സ്കൂൾ കെട്ടിടങ്ങൾ പൊളിച്ച് മാറ്റി ലേലം നടത്തിയതിലെ അപാകതകൾ

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ജില്ലയിലെ 18 സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി കിഫ്ബിയിൽ നിന്നുള്ള ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നു. തദ്ദേശ സ്വയംഭരണ(ഡി ബി) വകുപ്പിന്റെ 09.03.2018 ലെ സ.ഉ(കൈ)നം.32/2018/തസ്വഭവ പ്രകാരം എൽഎസ്ജിഡി എക്സി.എഞ്ചിനീയർക്ക് കെട്ടിടങ്ങളുടെ വാല്യുവേഷൻ നിശ്ചയിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇപ്രകാരം വാല്യുവേഷൻ നിശ്ചയിച്ച് 18 സ്കൂൾ കെട്ടിടങ്ങളുടെ ലേലം/ക്വട്ടേഷൻ നടപടികൾ ബന്ധപ്പെട്ട എച്ച്എം/പ്രിൻസിപ്പൽ സ്വീകരിച്ചതിൽ 10 സ്കൂളുകളുടെ ലേലം/ക്വട്ടേഷൻ വാല്യുവേഷനേക്കാൾ കൂടുതലാണ്. ആയതിൽ 6 സ്കൂളുകളുടെ ലേലം/ക്വട്ടേഷൻ 4.07.18ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മിറ്റി തീരുമാനം7 പ്രകാരം അംഗീകരിച്ചിരുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | വാല്യുവേഷൻ തുക | ലേലം ഉറപ്പിച്ച തുക | ജി എസ് ടി തുക |
|---|---|---|---|
| ജിവിഎച്ച്എസ്എസ് നന്തിക്കര | 500668 | 510000 | 91800 |
| ജിഎച്ച്എസ്എസ് കരുപ്പടന്ന | 1165786 | 1275000 | 229500 |
| ജിഎച്ച്എസ്എസ് ചെമ്പുച്ചിറ | 206154 | 212100 | 38178 |
| ജിഎച്ച്എസ്എസ് വരവൂർ | 540389 | 550000 | 99000 |
| ജിഎച്ച്എസ്എസ് എറിയാട് | 1166986 | 1801000 | 324180 |
| ജിഎച്ച്എസ്എസ് എരുമപ്പെട്ടി | 27359 | 27500 | 4950 |

മേൽ കൊടുത്തിരിക്കുന്ന 6 സ്കൂളുകളും മുഴുവൻ തുകയും ജില്ലാപഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.
മറ്റു 4 സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | വാല്യുവേഷൻ തുക | ലേലം ഉറപ്പിച്ച തുക | അടവാക്കിയ തുക | ജി എസ് ടി അടവാക്കിയത് |
|---|---|---|---|---|
| ജിവിഎച്ച്എസ്എസ് ചേർപ്പ് | 63293 | 141200 | 141200 | 25416 |
| ജിഎച്ച്എസ്എസ് ചെറുതുരുത്തി | 249210 | 260000 | 260000 | - |
| ജിഎച്ച്എസ്എസ് പീച്ചി | 23368 | 23500 | 23500 | 4230 |
| ജിഎഫ്എച്ച്എസ്എസ് നാട്ടിക | 307992 | 310000 | 254200 | 55800 |

മേൽ കൊടുത്തിരിക്കുന്ന 4 സ്കൂളുകളുടെ ലേലം/ക്വട്ടേഷൻ ജില്ലാപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായി മിനുട്ട്സിൽ രേഖപ്പെടുത്തലില്ല. ജിഎച്ച്എസ്എസ് ചെറുതുരുത്തി ജിഎസ് ടി ഇനത്തിൽ അടവാക്കാനുള്ള 46800 രൂപയും, ജിഎഫ്എച്ച്എസ്എസ് നാട്ടിക ലേലത്തുകയിൽ ബാക്കി അടവാക്കാനുള്ള 55800 രൂപയും അടവാക്കിയിട്ടില്ലാത്തതാണ്.

വാല്യുവേഷൻ തുകയേക്കാളും കുറഞ്ഞ തുകയ്ക്ക് ലേലം/ക്വട്ടേഷൻ ഉറപ്പിച്ചതായി കാണിച്ച മറ്റു 8 സ്കൂൾ കെട്ടിടങ്ങളുടെ തുക ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | വാല്യുവേഷൻ തുക | ലേലം ഉറപ്പിച്ച തുക | അടവാക്കിയത് | ലേലം/ ക്വട്ടേഷൻ ഉറപ്പിച്ച ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനം | ജി എസ് ടി |
|---|---|---|---|---|---|
| ജിഎച്ച്എസ്എസ് കടവല്ലൂർ | 632367 | 420000 | 420000 | ലഭിച്ചിട്ടില്ല | 64068 |
| ജിഎച്ച്എസ്എസ് കൊച്ചന്നൂർ | 662894 | 380000 | 380000 | 11.09.18 ലെ തീ.7 | 68400 |
| ജിഎച്ച്എസ്എസ് മുല്ലശ്ശേരി | 772820 | 467000 | 467000 | 29.9.18ലെ തീ.3 | 84060 |
| ജിഎംഎച്ച്എസ്എസ് നടവരമ്പ് | 1409739 | 909090 | 909090 | 11.09.18 ലെ തീ.19 | 163636 |
| ജിവിഎച്ച്എസ്എസ് പുത്തൂർ | 209266 | 112000 | 112000 | ലഭ്യമായിട്ടില്ല | 20160 |
| ജിവിഎച്ച്എസ്എസ് പഴഞ്ഞി | 349203 | 205000 | 205000 | ലഭ്യമായിട്ടില്ല | 36900 |
| ജിവിഎച്ച്എസ്എസ് ദേശമംഗലം | 808111 | 218000 | 218000 | ലഭ്യമായിട്ടില്ല | 39240 |
| എസ്എംടിഎച്ച്എസ്എസ് | 1376169 | 911000 | 911000 | 11.09.18 ലെതീ.22 | 163980 |

ഇതിൽ ജിഎച്ച്എസ്എസ് കടവല്ലൂർ, ജിവിഎച്ച്എസ്എസ് പുത്തൂർ, ജിവിഎച്ച്എസ്എസ് പഴഞ്ഞി, ജിവിഎച്ച്എസ്എസ് ദേശമംഗലം എന്നീ സ്കൂളുകളിലെ ലേലം/ക്വട്ടേഷൻ ജില്ലാ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായി രേഖപ്പെടുത്തലില്ല.
അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.27/2.03.2020)മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ താഴെ പറയുന്ന ശിപാർശകൾ തുടർ നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.
1)ജിഎച്ച്എസ്എസ് ചെറുതുരുത്തി, ജിഎഫ്എച്ച്എസ്എസ് നാട്ടിക എന്നീ സ്കൂളുകളിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്ന മുഴുവൻ തുകയും ഈടാക്കി പഞ്ചായത്ത്ഫണ്ടിൽ അടവാക്കേണ്ടതാണ്. ജി.എസ്.ടി തുക സർക്കാരിലേയ്ക്ക് നാളിതുവരെ അടവാക്കിയിട്ടില്ലെങ്കിൽ,ആയത് അടവാക്കേണ്ടതാണ്.
2)ജില്ലാപഞ്ചായത്ത് ഭരണസമിതി അംഗീകരിയ്ക്കാതെ വാലേഷൻ തുകയേക്കാൾ കുറഞ്ഞ തുകയ്ക്കുള്ള ലേലം അംഗീകരിച്ച് ജില്ലാപഞ്ചായത്ത് ഫണ്ടിൽ പണം അടവാക്കാനിടയായ സാഹചര്യം പരിശോധിച്ച് തുടർ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 1-13 ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിലെ കശുമാവ് വിളവെടുപ്പ്- ക്വട്ടേഷൻ പ്രകാരമുള്ള തുക ഈടാക്കിയില്ല.

ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിലെ 1.01.19 മുതൽ 30.06.19 വരെയുള്ള കാലയളവിലെ കശുമാവ് വിളവെടുപ്പിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ശ്രീ.രവീന്ദ്രൻ എന്നയാൾ സമർപ്പിച്ച 41155 രൂപയുടെ ക്വട്ടേഷൻ വികസന സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ 5.01.2019 ലെ 3(4) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ക്വട്ടേഷൻ പ്രകാരമുള്ള തുക അടവാക്കിയതിന്റെ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(എൻക്വയറി നം.29/5.03.2020) നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല. തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 കളക്ഷൻ ചാർജ് -ഈടാക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം(സെൻട്രൽ നിയമം) വകുപ്പുകൾ 3(1),(2) എന്നിവ പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനത്തിൽ കുറയാത്ത

തുക ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. വകുപ്പ് 3(3) അനുസരിച്ച് ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ, (2018-2019)-ൽ, ജില്ലാപഞ്ചായത്തിൽ ഇപ്രകാരം 1% തുക കളക്ഷൻ ചാർജ് ഇനത്തിൽ ഈടാക്കിയിട്ടില്ലാത്തതിനാൽ ആയത് ഈടാക്കാനാവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ആസ്തികളുടെ വാടക പിരിച്ചെടുക്കുന്നതിലെ അപാകതകൾ

ജില്ലാ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയതിൽ നിന്നും 2,62,189 രൂപ വാടക കുടിശ്ശിക പിരിച്ചെടുക്കാനുണ്ട് എന്ന് അക്കൗണ്ട്സ് പ്രകാരം വ്യക്തമാകുന്നു. ഈ വിഷയം ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി മുമ്പാകെ പരിഗണനയ്ക്കായി വന്നതായോ, പിരിച്ചെടുക്കാൻ ആവശ്യമായ തീരുമാനമെടുത്തതായോ, കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.15/13.02.2020) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. കുടിശ്ശിക തുക സംബന്ധിച്ച് വിശദമായ കുറിപ്പ് തയ്യാറാക്കി, ആയത് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് തുടർ നടപടി ഉണ്ടാകേണ്ടതും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 243-ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് കുടിശ്ശിക തുക കാലഹരണപ്പെടാതെ പിരിച്ചെടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതുമാണ്.

നിലവിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ആസ്തികൾ വാടകയ്ക്ക് നൽകുന്നതു സംബന്ധിച്ച ഒരു ബൈലോ സൂക്ഷിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ബൈലോയ്ക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിന്നുള്ള അംഗീകാരം വാങ്ങിയതായി കാണുന്നില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾക്ക് കൃത്യതയില്ല. ആയതിനാൽ ആസ്തികൾ വാടകക്കു നൽകുന്നത് സംബന്ധിച്ച ബൈലോക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാടക പിരിച്ചെടുക്കുന്നതു സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കൃത്യമായി എഴുതുകയോ ആധികാരികമാക്കുകയോ ചെയ്തിട്ടില്ല. ആയത് കൃത്യമായി രേഖപ്പെടുത്തി ആധികാരികമാക്കേണ്ടതാണ്. .

## 1-16 കൃഷിത്തോട്ടങ്ങൾ-പൊതു നിരീക്ഷണങ്ങൾ

തൃശ്ശൂർ ജില്ലാ പഞ്ചായത്തിനു കീഴിലുള്ള ആകെ കൃഷിത്തോട്ടങ്ങളിൽ തെരഞ്ഞെടുത്ത ചേലക്കര, പഴയന്നൂർ, മണ്ണുത്തി, നടവരമ്പ്, എടത്തിരുത്തി എന്നീ വിത്തുല്പാദന കേന്ദ്രങ്ങളുടേയും, ഇരിഞ്ഞാലക്കുട കോക്കനട്ട് നഴ്സറിയുടേയും പ്രവർത്തനങ്ങൾ പ്രത്യേകം പരിശോധിക്കുകയുണ്ടായി. ഈ പരിശോധനയിൽ വ്യക്തമായ പൊതുവായ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു. പ്രത്യേകം പ്രസ്താവിക്കേണ്ട പരാമർശങ്ങൾ പ്രത്യേക ഖണ്ഡികകളായിത്തന്നെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1.ഫാമുകളിൽ ഉപയോഗിക്കുന്ന വിവിധ ഫാം രജിസ്റ്ററുകൾക്ക് ഐകരൂപമില്ല എന്നു കാണുന്നു.ഇതു സംബന്ധിച്ച് ഒരു പൊതുമാനദണ്ഡം നിലവിൽ ഫാമുകളിലില്ലാത്തതാണ്. ഫാമുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിരീക്ഷിക്കുന്നതിനും മികച്ച പ്രവർത്തന ഫലം പ്രതീക്ഷിക്കുന്നതിനും ഉപോദ്ബലകമായ രേഖകൾ ഫാമുകളിൽ സൂക്ഷിക്കേണ്ടതും വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർ സമയാസമയത്ത് പരിശോധിച്ച് കൃത്യത ഉറപ്പു വരുത്തേണ്ടതുമാണ്. എന്നാൽ വിവിധ ഫാമുകളിൽ ഉപയോഗിക്കുന്ന രജിസ്റ്ററുകൾ പൊതുസ്വഭാവത്തോടെ അല്ലാത്തതും പലതും കാലോചിതമായും,സമയബന്ധിതമായും നിയന്ത്രണച്ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പു വരുത്താത്തതുമാണ്.

2.ഫാം ഉത്പന്നങ്ങൾ പ്രധാനമായും വിത്ത് , നടീൽ വസ്തുക്കൾ തുടങ്ങിയവ കൃഷി ഭവൻ മുഖേനയാണ് വിറ്റഴിക്കുന്നത്. കൃഷി ഭവനുകൾ ഉത്പന്നങ്ങളുടെ വില ഫാമുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഇ- ട്രാൻസ്ഫർ ചെയ്യുകയാണ് പതിവ്. ഇത് കാലോചിതമായി പരിശോധിക്കാത്തതിനാൽ ഏത് കൃഷിഭവനാണ് സംഖ്യ ഒടുക്കിയത്, ഏത് സ്ഥാപനമാണ് ഒടുക്കാത്തത് എന്ന കണക്ക് ഫാമുകളിൽ കൃത്യമായില്ല. ഈ അപാകത മൂലം മുഴുവൻ വരുമാനവും കൃത്യമായി ലഭിച്ചു എന്ന് ഉറപ്പാക്കാനാകാത്ത അവസ്ഥയാണ് ഉള്ളത്.

3.ഫാമുകളിൽ നിന്ന് ഇൻവോയ്സ് വഴിയാണ് കൃഷിഭവനുകൾ വിത്ത്, നടീൽ വസ്തുക്കൾ എന്നിവ കൊണ്ടു പോകുന്നത്. ഇത്തരം ഇൻവോയ്സുകൾ ചില ഫാമുകളിൽ അച്ചടിച്ചതും, ചിലയിടത്ത് കംപ്യൂട്ടറിൽ നിന്ന് പ്രിന്റ് എടുക്കുന്നതുമാണ്. ഇക്കാര്യത്തിലും ഫാമുകൾക്ക് ഒരു പൊതു വ്യവസ്ഥ ഇല്ല. അച്ചടിച്ചവയിൽ തുടർച്ചയായ നമ്പറുകൾ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ കംപ്യൂട്ടർ പ്രിന്റിൽ ഓരോ തവണയും എന്റർ ചെയ്യുന്ന നമ്പറാണ് രേഖപ്പെടുത്തുന്നത്. ഇത്, എത്ര വേണമെങ്കിലും ഇൻവോയ്സ് ഒരു നമ്പറിൽത്തന്നെ പ്രിന്റ് ചെയ്യുന്നതിന് സാധ്യമാക്കുന്നതാണ്. ഇക്കാര്യത്തിൽ ഒരു പൊതു മാനദണ്ഡം ഉണ്ടാക്കേണ്ടതും കംപ്യൂട്ടർ പ്രിന്റ് ഉപയോഗിക്കുന്നെങ്കിൽത്തന്നെ അത് ഇതിനു മാത്രം സഹായകമായ ഒരു അംഗീകൃത സോഫ്റ്റ് വെയർ സഹായത്തോടെ ആണ് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

4.ഫാമുകളിൽ വിള ഇൻഷുറൻസ് പദ്ധതി നടപ്പാക്കിയിട്ടില്ല എന്നു കാണുന്നു. വിള നഷ്ടം ഒഴിവാക്കുന്നതിലേക്ക് ഫാമുകളിൽ വിള ഇൻഷുറൻസ് പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5.ഫാമുകളുടെ ദൈനംദിന ആവശ്യങ്ങൾക്കായി ചെലവു വരുന്ന തുക ബന്ധപ്പെട്ട ഫാം നിർവ്വഹണ ഉദ്യോഗസ്ഥർ സ്വന്തമായി കണ്ടെത്തുകയും ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമാകുന്ന മുറക്ക് തിരികെ എടുക്കുകയുമാണ് ചെയ്തു വരുന്നത്. ഇത് ശരിയായ പ്രവണതയല്ല. ഫാമുകൾക്ക് ഇംപ്രസ്റ്റ് ആയോ , റിവോൾവിംഗ് ഫണ്ടിനത്തിലോ ഒരു നിശ്ചിത സംഖ്യ അനുവദിക്കുന്നത് പരിഗണിക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ നിന്നും ചെലവു വരുന്ന സംഖ്യ ഓരോ ബില്ലും പണമാക്കിയ ശേഷം റീകൂപ്പ് ചെയ്യാവുന്നതുമാണ്.

6.സ്റ്റേറ്റ് സീഡ് ഫാം -- പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

മണ്ണുത്തി,പാണഞ്ചേരി സീഡ് ഫാമുകളുടെ പ്രവർത്തനപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

i) ഫാമുകളിൽ നിന്ന് ഇൻവോയ്സ് വഴിയാണ് കൃഷിഭവനുകൾ വിത്ത്, നടീൽ വസ്തുക്കൾ എന്നിവ കൊണ്ടു പോകുന്നത്. എല്ലാ ഇൻവോയ്സുകളുടെയും തുകകൾ സമയബന്ധിതമായി അടവാക്കുന്നില്ല. ഇൻവോയ്സുകളിൽ തുക അടവാക്കുന്നതിനുള്ള സമയപരിധി ചേർക്കുന്നില്ല.

ഓഡിറ്റ് കാലയളവുവരെ തുക അടവാക്കാത്തവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സ്റ്റേറ്റ് സീഡ് ഫാം,മണ്ണുത്തി

| ഇൻവോയ്സ് നം. | ഇനം | തുക | അടവാക്കേണ്ട സ്ഥാപനം |
|---|---|---|---|
| 26/18-19/13/6/18 | 1250കുരുമുളക് തൈ | 10000 | കൃഷിഭവൻ,ചൂണ്ടൽ |
| 50/18-19/5/9/18 | ജ്യോതി നെൽവിത്ത് 9000കിലോ | 360000 | KSSDA തൃശ്ശൂർ |
| 73/18-19/14/3/19 | 88കിലോ മഞ്ഞൾവിത്ത് | 4400 | കൃഷിഭവൻ മറ്റത്തൂർ |
| 74/18-19/14/3/19 | 88കിലോ മഞ്ഞൾവിത്ത് | 4400 | കൃഷിഭവൻ പുതുക്കാട് |
| 74/18-19/14/3/19 | 87കിലോ മഞ്ഞൾവിത്ത് | 4350 | കൃഷിഭവൻ തൃക്കൂർ |
| | ആകെ | 383150 | |

സ്റ്റേറ്റ് സീഡ് ഫാം,പാണഞ്ചേരി

| ഇൻവോയ്സ് നം. | ഇനം | തുക | അടവാക്കേണ്ട സ്ഥാപനം |
|---|---|---|---|
| 235/SSF2018-19/21.2.19 | 75കിലോ മഞ്ഞൾവിത്ത് | 3750 | കൃഷിഭവൻ വരന്തരപ്പിള്ളി |
| 49/SSF/2018-19/12.7.18 | പച്ചക്കറി വിത്ത് | 2550 | കൃഷിഭവൻ അരിമ്പൂർ |
| 20/SSF/2018-19/27.6.18 | പച്ചക്കറി വിത്ത് | 2300 | കൃഷിഭവൻ ചേർപ്പ് |
| | ആകെ | 8600 | |

തുക സമയബന്ധിതമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇൻവോയ്സുകളിലെ തീയതിയും ഇൻവോയ്സ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പ്രകാരം സപ്ലൈ ചെയ്ത തീയതിയും വ്യത്യസ്തമാണ്. സപ്ലൈ ചെയ്ത തീയതിയിൽ തന്നെ ഇൻവോയിസ് , സ്റ്റോക്ക് രജിസ്റ്ററുകളിൽ ചേർക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ii).രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തുന്നില്ല.

സ്റ്റോക്ക് രജിസ്റ്ററുകൾ(നഴ്സറി ഒബ്സർവേഷൻ രജിസ്റ്റർ, ഫാം പ്രൊഡ്യൂസ് രജിസ്റ്റർ, ഇൻവോയ്സ് രജിസ്റ്റർ, മെഷീനുകൾ) ഫാമിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല. വാർഷിക പരിശോധന നടത്തുന്നില്ല.

iii).മെഷീനുകളുടെ ലോഗ്ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല.

iv).സ്റ്റേറ്റ് സീഡ് ഫാം, മണ്ണുത്തിയിലെ തെങ്ങിൻ തൈകളുടെ വിൽപനയിൽ നിന്ന് ലഭിക്കുന്ന തുകകൾ ജില്ലാപഞ്ചായത്തിലും, ട്രഷറിയിലും( കൃഷി വകുപ്പിൽ) അടവാക്കുന്നു.

TR5 രസീതികൾ പ്രകാരം (രസീത് ബുക്ക് നം.02780ൽ 277908 മുതൽ 278000വരെ, 07291 ൽ 729001മുതൽ 729037 വരെ ) 25.10.18 മുതൽ 8.5.19 വരെ 0401-00-104-99 Receipt Farm Product എന്ന ഹെഡിൽ 147140 രൂപ ട്രഷറിയിൽ അടവാക്കിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിൽ വിവിധ ഇൻവോയ്സുകൾ പ്രകാരം 10/18 മുതൽ 12/18 വരെ 72325 രൂപ അടവാക്കിയിട്ടുണ്ട്.

ഇക്കാര്യത്തിൽ ട്രഷറിയിലാണോ ജില്ലാ പഞ്ചായത്തിലാണോ തുക അടവാക്കേണ്ടത് എന്ന് കൃത്യത വരുത്തേണ്ടതാണ്.

v).സ്റ്റേറ്റ് സീഡ് ഫാം, പാണഞ്ചേരിയിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. ഫാം പ്രൊഡ്യൂസ് രജിസ്റ്ററിൽ ഇൻവോയ്സ് നം. ചേർക്കുന്നില്ല.

ഉദാ--

a)ഇൻവോയ്സ് നം.159/SSF/2018-19/(തീയതി ഇല്ല ) പ്രകാരം വെങ്കിടങ്ങ് കൃഷിഭവന് 75000 പച്ചക്കറി വിത്തുകൾ നൽകിയിട്ടുണ്ട് . എന്നാൽ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

| ഇനം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം | ഇൻവോയ്സ് പ്രകാരം |
|---|---|---|
| പടവലം തൈ | 500(പേജ് 188) | 1000 |
| കയ്പ തൈ | 900(പേജ് 189) | 1000 |
| വഴുതന തൈ | 2500(പേജ് 183) | 3000 |
| ചില്ലി തൈ | 3200(പേജ് 181) | 5000 |
| തക്കാളി തൈ | 4500(പേജ് 150) | 5000 |

പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ട എടത്തുരുത്തി സീഡ് ഫാമിന്റേതായ നിരീക്ഷണങ്ങൾ പ്രത്യേകം ഖണ്ഡികയാക്കി ചേർത്തിരിക്കുന്നു.

മേൽ കാണിച്ച നിരീക്ഷണങ്ങൾ ജില്ലാ പഞ്ചായത്ത് പ്രത്യേകം പരിഗണിക്കേണ്ടതും സമയബന്ധിതമായി പരിഹാരം കാണേണ്ടതുമാണ്.

## 1-17 എടത്തിരുത്തി സീഡ് ഫാം - ഗുരുതരമായ ക്രമക്കേടുകൾ. ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക പരിഗണന ഉണ്ടാകേണ്ടതാണ്.

2018-19 വർഷത്തെ തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്റ്റേറ്റ് സീഡ് ഫാമുകളുടെ പ്രവർത്തനം വിലയിരുത്തുകയുണ്ടായി. 2018-19 വർഷത്തെ ചെലവ്, 18-19, 19-20 വർഷത്തെ ഫാം രജിസ്റ്ററുകൾ എന്നിവ പ്രത്യേകം പരിശോധനാ വിധേയമാക്കുകയുണ്ടായി. എടത്തിരുത്തി സ്റ്റേറ്റ് സീഡ് ഫാമിൽ മേൽ പരിശോധനയിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു. പ്രസ്താവ്യ നിരീക്ഷണങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥനുള്ള മറുപടിയോ, രേഖകളുണ്ട് എങ്കിൽ അതോ ഒരാഴ്ചക്കുള്ളിൽ നൽകേണ്ടതാണ് എന്ന് അറിയിച്ചിരുന്നെങ്കിലും നിർവ്വഹണോദ്യോഗസ്ഥന്റേതായി ഒരു പ്രതികരണവും ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഓഡിറ്റിൽ താഴെ ചേർക്കും പ്രകാരം നിരീക്ഷണങ്ങൾ ഉൾപ്പെടുത്തുന്നു.

{ഓഡിറ്റ് എൻക്വയറി നമ്പർ. 41.dt.12/03/20}

1.നഴ്സറി ഒബ്സർവേഷൻ രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ നിരീക്ഷണങ്ങൾ.

06/03/2020 ന് സീഡ് ഫാമിലെ നഴ്സറി ഒബ്സർവ്വേഷൻ രജിസ്റ്റർ പരിശോധിച്ചു. നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നഴ്സറി ഒബ്സർവ്വേഷൻ രജിസ്റ്റർ പേജ് നമ്പർ | ഓഡിറ്റ് നീരിക്ഷണം | റിമാർക്സ് |
|---|---|---|---|
| 1 | 57 | കുരുമുളക് തൈ ഉത്പാദനത്തിനായി 2/2019 മാസത്തിൽ നട്ട 20744 എണ്ണം തണ്ടുകളുടെ കൗണ്ട് എടുക്കുകയോ, ക്വാളിറ്റി സീഡ് ലിംഗ്സ് നാളിതു വരെ എണ്ണമെടുത്ത് സ്റ്റോക്കിൽ ചേർക്കുകയോ ചെയ്തിട്ടില്ല. | കുരുമുളക് തൈകൾ സ്റ്റോക്കിലെടുക്കുന്ന സീഡ് ആന്റ് സീഡ് ലിംഗ്സ് രജിസ്റ്റർ വോള്യം -3, പേജ് 59 പ്രകാരം 09/08/2018 വരെ മാത്രമേ റൂട്ടഡ് പെപ്പർ കട്ടിംഗ് ചേർത്തിട്ടുള്ളൂ. അതായത് 2/2019 ൽ നട്ട തണ്ടുകളിലെ തൈകൾ 12 മാസങ്ങൾക്ക് ശേഷവും സ്റ്റോക്കിലെടുത്തിട്ടില്ല. 9/08/2018 ന് 5230 എണ്ണം ബാലൻസ് സ്റ്റോക്ക് ഉണ്ട്. ശേഷം പുതുതായി സ്റ്റോക്കെടുത്തതായോ, സ്റ്റോക്കിൽ നിന്ന് കുറവു ചെയ്തതായോ രേഖയില്ല. |
| 2 | 58 | വൃക്ഷത്തൈ ഉത്പാദനത്തിനായി 04/2019 ൽ 1488 വൃക്ഷത്തൈ നട്ടതായി രേഖയുണ്ട്. ഫസ്റ്റ് കൗണ്ട്, സെക്കൻഡ് കൗണ്ട് എന്നിവ എടുക്കുകയോ | ഇതുമായി ബന്ധപ്പെട്ട എൻട്രികൾ സീഡ് ലിംഗ്സ് സ്റ്റോക്ക് രജിസ്റ്ററിൽ കണ്ടെത്താനായിട്ടില്ല. |

<table>
<tr><td></td><td></td><td>ക്വാളിറ്റി സീഡ് ലിംഗ്സ് നാളിതു വരെ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല.</td><td></td></tr>
<tr><td>3</td><td>60</td><td>05/2019 ൽ 500 മാങ്ങ വിത്ത് നട്ടിട്ടുണ്ട്. എന്നാൽ കൗണ്ടുകൾ എടുക്കുകയോ, ക്വാളിറ്റി സീഡ് ലിംഗ്സ് സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല.</td><td>സ്റ്റോക്ക് രജിസ്റ്റർ (സീഡ് ആന്റ് സീഡ് ലിംഗ്സ് വാല്യം -3) പ്രകാരമുള്ള രേഖപ്പെടുത്തൽ.</td></tr>
<tr><td>4</td><td>64</td><td>2/2019, 03/2019 മാസങ്ങളിലായി ആകെ 4967 നട്ട്സ് പാകിയിട്ടുണ്ട്. ആദ്യ എണ്ണൽ 13/07/2019 നടത്തിയതായി കാണുന്നു. കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. ശേഷം രേഖപ്പെടുത്തലുകളൊന്നും രജിസ്റ്ററിൽ ഇല്ല.</td><td>സീഡ്സ് ആന്റ് സീഡ് ലിംഗ്സ് രജിസ്റ്റർ പ്രകാരം ഇതിൽ നിന്നുള്ള ഒരു തൈ പോലും സ്റ്റോക്കിലെടുത്തിട്ടില്ല. പ്രസ്തുത രജിസ്റ്റർ പ്രകാരമുള്ള അവസാന സ്റ്റോക്ക് നില താഴെ പട്ടികയാക്കിയിരിക്കുന്നു.<br>
<table>
<tr><td>ക്രമ നമ്പർ</td><td>ഇനം</td><td>അവസാന രേഖപ്പെടുത്തൽ</td><td>ബാലൻസ് സ്റ്റോക്ക്</td></tr>
<tr><td>78</td><td>D*T</td><td>21/02/19</td><td>Nil</td></tr>
<tr><td>78</td><td>ഡ്വാർഫ്</td><td>02/04/19</td><td>Nil</td></tr>
<tr><td>78a</td><td>സെഗ്രിഗന്റ്</td><td>15/05/2019</td><td>595</td></tr>
</table>
02/2019 ന് ശേഷം D*T, 04/19 ന് ശേഷം ഡ്വാർഫ് എന്നിവ സ്റ്റോക്കിൽ എടുത്തിട്ടില്ല. 05/2019 ന് ശേഷം സെഗ്രിഗന്റ് 595 എണ്ണം എന്തു ചെയ്തുഎന്ന് വ്യക്തമല്ല.</td></tr>
</table>

2. 2018-19 സാമ്പത്തിക വർഷത്തിൽ എടത്തിരുത്തി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിലെ നാളികേരം വിളവ് രജിസ്റ്റർ, ക്വട്ടേഷൻ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിളവെടുപ്പ് തിയതി | നാളികേരത്തിന്റെ എണ്ണം/തൂക്കം | ക്വട്ടേഷൻ വിളിച്ച തീയതി | ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനം/ നിരക്ക് | ഈടാക്കിയ തുക |
|---|---|---|---|---|---|
| 1 | 23.04.18 | 812 എണ്ണം/493 kg | 28.04.18 | കൊടുങ്ങല്ലൂർ കോക്കനട്ട് പ്രൊഡ്യൂസിങ്ങ് കമ്പനി ലിമിറ്റഡ്, പെരിഞ്ഞനം<br>38.5/kg | 18980 |
| 2 | 28.07.18 | 497 എണ്ണം | 8.08.18 | കൊടുങ്ങല്ലൂർ കോക്കനട്ട് പ്രൊഡ്യൂസിങ്ങ് കമ്പനി ലിമിറ്റഡ്, പെരിഞ്ഞനം<br>32.5kg | രജിസ്റ്ററിൽ ചേർത്തിട്ടില്ല |
| 3 | 29.09.18 | 441 എണ്ണം | 24.12.18 | കൊടുങ്ങല്ലൂർ കോക്കനട്ട് പ്രൊഡ്യൂസിങ്ങ് കമ്പനി ലിമിറ്റഡ്, പെരിഞ്ഞനം<br>36.5/kg | രജിസ്റ്ററിൽ ചേർത്തിട്ടില്ല |
| 4 | 17.01.19 | 497 | - | - | - |

മേൽ കൊടുത്തിരിക്കുന്ന പട്ടികയിൽ ക്രമ നമ്പർ 2,3,4എന്നിവയിൽ ക്വട്ടേഷൻ പ്രകാരം വിളവെടുത്ത നാളികേരത്തിന്റെ തൂക്കം, ഈടാക്കിയ തുക രജിസ്റ്ററിൽ ചേർത്തിട്ടില്ല. ക്രമ നമ്പർ 4 പ്രകാരം വിളവെടുത്ത നാളികേരത്തിന്റെ ക്വട്ടേഷൻ നടന്നിട്ടുള്ളതായി ക്വട്ടേഷൻ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ കാണുന്നില്ല. 17.01.2019 നു ശേഷം നാളികേരം വിളവെടുത്തതിന്റെ വിവരങ്ങൾ ഹാർവെസ്റ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

3-1.

ഇക്കാലയളവിലെ പ്രധാന സ്റ്റോക്ക് രജിസ്റ്ററായ ഹാർവെസ്റ്റ് സീഡ്, സീഡ് ലിംഗ് വാല്യം-3 രജിസ്റ്ററിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

രജിസ്റ്റർ പരിശോധിച്ചതിൽ രസീത് നമ്പറോ, ഇൻവോയ്സ് നമ്പറോ രേഖപ്പെടുത്താതെ സ്റ്റോക്കിൽ നിന്ന് കുറവു ചെയ്ത ചില ഉത്പന്നങ്ങളുടെ വിവരമാണ് താഴെ ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ | ഇനം/ അളവ് | പേജ് | എങ്ങിനെ | ബാലൻസ് | റിമാർക്ക്സ് |
|---|---|---|---|---|---|

| നമ്പർ | | നമ്പർ | സ്റ്റോക്കിൽ വന്നു എന്ന് | സ്റ്റോക്ക് വിവരം | |
|---|---|---|---|---|---|
| 1 | കാളി ഫ്ളവർ.25.6 kg | 89 | വിളവെടുപ്പ് | 12/03/18 | 12/03/18 ൽ സ്റ്റോക്ക് തീർന്നു |
| 2 | മരച്ചീനി.56kg | 87 | വിളവെടുപ്പ് | 07/06/18 | 07/06/18 ൽ സ്റ്റോക്ക് തീർന്നു |
| 3 | പച്ചമാങ്ങ.38kg | 85 | വിളവെടുപ്പ് | 13/11/18 | 13/11/18 ൽ സ്റ്റോക്ക് തീർന്നു |
| 4 | ചകിരി.140 kg, 1506 nos | 68 | വിളവെടുപ്പ് | 23/03/19 | 23/03/19 ൽ സ്റ്റോക്ക് തീർന്നു |
| 5 | മത്സ്യം.115 kg | 70,74 | വിളവെടുപ്പ് | 01/02/19 | 01/02/19 ൽ സ്റ്റോക്ക് തീർന്നു |

മേൽക്കാണിച്ച ഉത്പന്നങ്ങൾ പല സ്ഥാപനങ്ങൾക്കും വിറ്റതായാണ് പെൻസിൽ കൊണ്ട് സ്റ്റോക്ക് രജിസ്റ്ററിൽ മാർക്ക് ചെയ്തിട്ടുള്ളത്. വിൽപ്പനയുടെ ആധികാരികത ഉറപ്പിക്കുന്ന രസീത് നമ്പറോ, ഇൻവോയ്സ് നമ്പറോ ഇതിൽ ചേർത്തിട്ടില്ല. വിൽപ്പനയുടെ ആധികാരികത ഉറപ്പു വരുത്തുന്ന ഏതെങ്കിലും രേഖകളുണ്ട് എങ്കിൽ രസീത് നമ്പർ, ഇൻവോയ്സ് നമ്പർ എന്നിവ സ്റ്റോക്കിൽ ചേർത്ത് രസീത് ബുക്ക്, ഇൻവോയ്സ് രജിസ്റ്റർ എന്നിവ സഹിതം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3.2.സീഡ് ഫാമിലെ സ്റ്റോക്ക് രജിസ്റ്റർ (ഹാർവെസ്റ്റ്, സീഡ് ആന്റ് സീഡ് ലിംഗ്സ് രജിസ്റ്റർ വോള്യം -3) പരിശോധിച്ചതു പ്രകാരം താഴെ ചേർക്കുന്ന ഇനങ്ങൾ ദീർഘകാലമായി സ്റ്റോക്കിൽ തുടരുന്നുണ്ട്. ഇതിൽ ഉത്പന്നങ്ങളും വിത്തും ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | പേജ് നമ്പർ | അനുബന്ധ വിവരണം | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|
| 1 | അടക്ക വിത്ത് 2000 nos | 79 | അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി മണ്ണുത്തിയിൽ നിന്നും 27/03/2019 ന് പാകുന്നതിന് വാങ്ങിയതായി രജിസ്റ്ററിൽ ചേർത്തിരിക്കുന്നു. | നഴ്സറി ഒബ്സർവേഷൻ രജിസ്റ്ററിൽ പാകിയതായി രേഖയില്ല. തൈകൾ ലഭിച്ചതായി എവിടേയും സ്റ്റോക്കിലെടുത്തിട്ടില്ല. |
| 2 | WCT സീഡ് ലിംഗ്സ് 200 nos | 79 | 27/03/2019 ന് വാങ്ങിയതായാണ് കാണിച്ചിട്ടുള്ളത്.എവിടെ നിന്ന് എന്ന് വ്യക്തമാക്കിയിട്ടില്ല. | സീഡ് ലിംഗ്സ് എന്തിനാണ് വാങ്ങിയത് എന്ന് വ്യക്തമല്ല. വിറ്റതായോ മറ്റെന്തെങ്കിലും കാര്യത്തിന് ഉപയോഗിച്ചതായോ രേഖയില്ല. |
| 3 | റിഡ്ജ് | 50 | 12/12/2018 ന് | **പാകിയതായോ,** |

| | | | | |
|---|---|---|---|---|
| | ഗോർഡ് 50 gm | | വി.എഫ്.പി.സി.കെയിൽ നിന്ന് വാങ്ങിയതായി ചേർത്തിരിക്കുന്നു. | **വിതരണം ചെയ്തതായോ രേഖയില്ല. തൈകൾ സ്റ്റോക്കിലെടുത്തതായും രേഖയില്ല.** |
| 4 | കറിവേപ്പ് | 67 | 14/07/2018 ന് 600 എണ്ണം സ്റ്റോക്കിലുണ്ട്. | **സ്റ്റോക്കിലുള്ളത് എന്തു ചെയ്തു എന്ന് വ്യക്തമല്ല.** |

മേൽക്കാണിച്ച ഇനങ്ങൾ നാളിതു വരെ ഒരു നടപടിയും രേഖപ്പെടുത്താതെ സ്റ്റോക്കിൽ നിലനിർത്തിയത് ഏത് സാഹചര്യത്തിലെന്ന് വ്യക്തമാക്കിയിട്ടില്ല.

4. പാഡി സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലെ നെല്ല് വിളവിറക്കൽ താഴെ ചേർക്കും പ്രകാരമാണ് സ്ഥാപനത്തിൽ നിന്ന് മനസ്സിലാക്കിയത്.

| വർഷം | വിരിപ്പ് | മുണ്ടകൻ |
|---|---|---|
| 2017-18 | ജ്യോതി | മനുരത്ന |
| 2018-19 | ജ്യോതി, വർഷ ബ്രീഡ് | ശ്രേയസ്,വർഷ ബ്രീഡ് |
| 2019-20 | ശ്രേയസ്സ് , ഉമ, മനുരത്ന,ജ്യോതി, ഉമ, ബ്രീഡ് | ശ്രേയസ് , ഉമ |

i). ഓരോ വർഷവും എത്ര ഏരിയ എത്ര കിലോ ഓരോ വിത്തും വിളവിറക്കി എന്നു കാണിക്കുന്ന ഒരു രജിസ്റ്ററോ , രേഖയോ നിലവിൽ സ്ഥാപനത്തിൽ ഇല്ല. ഇതു സംബന്ധിച്ച ഏതെങ്കിലും ആധികാരിക രേഖ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

ii).മേൽക്കാണിച്ച പട്ടികയിൽ നിന്നും 2019-20 വർഷത്തെ മുണ്ടകൻ ശ്രേയസ്സ് , ഉമ എന്നിവയുടെ വിളവൊഴിച്ച് ബാക്കി വിളവെടുപ്പ് കാലാകാലങ്ങളിൽ പൂർത്തിയായതും ഇൻ വോയ്സ് പ്രകാരം പല സ്ഥാപനങ്ങൾക്ക് വിറ്റിട്ടുള്ളതുമാണ്. എന്നാൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ വിശദീകരിക്കേണ്ടതാണ്.

എ. 2017-18 വർഷത്തെ മുണ്ടകൻ വിളവെടുപ്പ് വരെ മാത്രമേ ജ്യോതി സർട്ടിഫൈഡ് സീഡ് സ്റ്റോക്കിലെടുത്തിട്ടുള്ളൂ. സ്റ്റോക്കിൽ നിന്നുള്ള വിതരണത്തിന്റെ അവസാന തീയ്യതി 9/11/2018 വരെയാണ്. ശേഷം 2018-19 വർഷത്തെ വിരിപ്പ് , മുണ്ടകൻ 2019-20 വർഷത്തെ വിരിപ്പ് എന്നിവ സ്റ്റോക്കിലെടുത്തിട്ടില്ല. എന്നാൽ ഇതിനുശേഷവും നെൽവിത്ത് വിറ്റതായി ഇൻവോയ്സിൽ രേഖയുണ്ട്. ഏതു സാഹചര്യത്തിലാണ് കഴിഞ്ഞ മൂന്നു വിളകളിലെ ജ്യോതി സർട്ടിഫൈഡ് സീഡ് സ്റ്റോക്കിലെടുക്കാതിരിക്കുകയും എന്നാൽ വിൽക്കുകയും ചെയ്തത് എന്ന് വിശദീകരിക്കേണ്ടതാണ്.(പേജ്-34)

ബി. മനുരത്ന സർട്ടിഫൈഡ് സീഡ് സ്റ്റോക്ക് രജിസ്റ്റർ പേജ് 40 പ്രകാരം 19/05/2018 വരെയാണ് സ്റ്റോക്കിലെടുത്തിട്ടുള്ളത്. 2019-20 വർഷത്തെ വിരിപ്പ് മനുരത്ന ഏത് സാഹചര്യത്തിലാണ് സ്റ്റോക്കിലെടുക്കാത്തത് എന്ന് വ്യക്തമാക്കേണ്ടതാണ്.

സി. ശ്രേയസ്സ് എഫ്.എസ്. 11സീഡ് സ്റ്റോക്ക് 12/04/2018 വരെയും (പേജ്-42), എഫ്. എസ്. 1 സീഡ് സ്റ്റോക്ക് 07/09/18 വരെയും (പേജ്-44), ശ്രേയസ്സ് ബ്രീഡ് സീഡ് 17/09/18 വരെയും (പേജ്-44) സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2017-18 വർഷത്തെ മുണ്ടകനു ശേഷം വിളവിറക്കിയ ശ്രേയസ്സ് ഒരിനവും സ്റ്റോക്കിലെടുത്തിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ഡി. വർഷ ബ്രീഡ് സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.

മേൽകാണിച്ച സ്റ്റോക്ക് ആയതിന്റെ വിൽപ്പനവിവരങ്ങളോടൊപ്പം ഹാജരാക്കാൻ സ്ഥാപനത്തിന് നിലവിൽ കഴിഞ്ഞിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

5.ഇൻവോയ്സുകൾ പ്രകാരം വിതരണം ചെയ്ത ഇനങ്ങളുടെ സ്റ്റോക്ക് പരിശോധിക്കാനായില്ല.

സീഡ് ഫാമിലെ ഇൻവോയ്സ് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം വിവിധ ഉത്പന്നങ്ങൾ വിവിധ തിയ്യതികളിലായി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന് ആധാരമായ സ്റ്റോക്ക് രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകളുടെ അഭാവത്തിൽ ഇൻവോയ്സുകൾ നൽകിയതിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ഇൻവോയ്സ് നമ്പർ/ തിയ്യതി | അളവ് | തുക | ആർക്ക് നൽകി എന്ന് |
|---|---|---|---|---|---|
| 1 | വെജിറ്റബിൾ | 28/18-19 | 12000 | 26400 | എ.ഒ. കൃഷി ഭവൻ, വലപ്പാട് |

| | | | | | |
|---|---|---|---|---|---|
| | സീഡ് ലിംഗ്സ് | 16/07/2018 | nos | | |
| 2 | വെജിറ്റബിൾ സീഡ് ലിംഗ്സ് | 29/18-19 19/07/2018 | 12000 nos | 26400 | എ.ഒ. കൃഷി ഭവൻ, നാട്ടിക |
| 3 | വെജിറ്റബിൾ സീഡ് ലിംഗ്സ് | 30/18-19 19/07/2018 | 12000 nos | 26400 | എ.ഒ. കൃഷി ഭവൻ, തളിക്കുളം |
| 4 | വെജിറ്റബിൾ സീഡ് ലിംഗ്സ് | 31/18-19 19/07/2018 | 12000 nos | 26400 | എ.ഒ. കൃഷി ഭവൻ, വാടാനപ്പിള്ളി |
| 5 | വെജിറ്റബിൾ സീഡ് ലിംഗ്സ് | 32/18-19 19/07/2018 | 12000 nos | 26400 | എ.ഒ. കൃഷി ഭവൻ, ഏങ്ങണ്ടിയൂർ |
| 6 | സീഡ് സാപ്ളിംഗ്സ് | 33/18-19 19/07/18 | 50 nos | 5000 | എ.ഒ. കൃഷി ഭവൻ, വലപ്പാട് |
| 7 | സീഡ് സാപ്ളിംഗ്സ് | 34/18-19 19/07/18 | 50 nos | 5000 | എ.ഒ. കൃഷി ഭവൻ, നാട്ടിക |
| 8 | സീഡ് സാപ്ളിംഗ്സ് | 35/18-19 19/07/18 | 50 nos | 5000 | എ.ഒ. കൃഷി ഭവൻ, തളിക്കുളം |
| 9 | സീഡ് സാപ്ളിംഗ്സ് | 36/18-19 19/07/18 | 50 nos | 5000 | എ.ഒ. കൃഷി ഭവൻ,വാടാനപ്പിള്ളി |
| 10 | സീഡ് സാപ്ളിംഗ്സ് | 37/18-19 19/07/18 | 50 nos | 5000 | എ.ഒ. കൃഷി ഭവൻ, ഏങ്ങണ്ടിയൂർ |
| 11 | സീഡ് സാപ്ളിംഗ്സ് | 38/18-19 19/07/18 | 50 nos | 5000 | എ.ഒ. കൃഷി ഭവൻ, വെള്ളാങ്കല്ലൂർ |
| 12 | സീഡ് സാപ്ളിംഗ്സ് | 39/18-19 19/07/18 | 50 nos | 5000 | എ.ഒ. കൃഷി ഭവൻ, പടിയൂർ |
| 13 | സീഡ് സാപ്ളിംഗ്സ് | 40/18-19 19/07/18 | 50 nos | 5000 | എ.ഒ. കൃഷി ഭവൻ, പൂമംഗലം |
| 14 | സീഡ് സാപ്ളിംഗ്സ് | 41/18-19 19/07/18 | 50 nos | 5000 | എ.ഒ. കൃഷി ഭവൻ, പുത്തൻചിറ |
| 15 | സീഡ് സാപ്ളിംഗ്സ് | 42/18-19 19/07/18 | 50 nos | 5000 | എ.ഒ. കൃഷി ഭവൻ, വേളൂക്കര |
| 16 | വെജിറ്റബിൾ സീഡ് ലിംഗ്സ് | 49/18-19 19/07/18 | 50 nos | 500 | എ.ഒ. കൃഷി ഭവൻ, വേളൂക്കര |
| 17 | വെജിറ്റബിൾ സീഡ് ലിംഗ്സ് | 50/18-19 19/07/18 | 50 nos | 500 | എ.ഒ. കൃഷി ഭവൻ, പടിയൂർ |
| 18 | വെജിറ്റബിൾ സീഡ് ലിംഗ്സ് | 51/18-19 19/07/18 | 50 nos | 500 | എ.ഒ. കൃഷി ഭവൻ, പൂമംഗലം |
| 19 | വെജിറ്റബിൾ സീഡ് ലിംഗ്സ് | 52/18-19 19/07/18 | 50 nos | 500 | എ.ഒ. കൃഷി ഭവൻ, പുത്തൻചിറ |
| 20 | വെജിറ്റബിൾ സീഡ് ലിംഗ്സ് | 53/18-19 19/07/18 | 50 nos | 500 | എ.ഒ. കൃഷി ഭവൻ, വെള്ളാങ്കല്ലൂർ |
| 21 | വെജിറ്റബിൾ സീഡ് ലിംഗ്സ് | 54/18-19 26/07/18 | 250 nos | 25000 | പാറളം, അവിണിശ്ശേരി, ഒല്ലൂർ, ചേർപ്പ്, കൂർക്കഞ്ചേരി, വല്ലച്ചിറ കൃഷി ഭവനുകൾ |
| 22 | ജ്യോതി നെൽ വിത്ത് | 61/18-19 09/09/18 | 50kg | 2000 | എ.ഒ.കൃഷിഭവൻ, താന്ന്യം |
| 23 | ഫ്രൂട്ട് ,സീഡ് ലിംഗ്സ് | 74/18-19 16.07.2018 | 300nos | 4250 | എ.ഒ.കൃഷി ഭവൻ, വലപ്പാട് |
| 24 | ഫ്രൂട്ട് ,സീഡ് ലിംഗ്സ് | 75/18-19 19.07.2018 | 125 nos | 2325 | എ.ഒ.കൃഷി ഭവൻ, നാട്ടിക |

| | | | | | |
|---|---|---|---|---|---|
| 25 | ഫ്രൂട്ട് ,സീഡ് ലിംഗ്സ് | 76/18-19 20.07.2018 | 150 nos | 2575 | എ.ഒ.കൃഷി ഭവൻ, തളിക്കുളം |
| 26 | ഫ്രൂട്ട് ,സീഡ് ലിംഗ്സ് | 77/18-19 16.07.2018 | 180 n0s | 2750 | എ.ഒ.കൃഷി ഭവൻ, വാടാനപ്പിള്ളി |
| 27 | ഫ്രൂട്ട് ,സീഡ് ലിംഗ്സ് | 78/18-19 01.08.18 | 300 nos | 2750 | എ.ഒ.കൃഷി ഭവൻ, ഏങ്ങണ്ടിയൂർ |
| 28 | വെജിറ്റബിൾ സീഡ് ലിംഗ്സ് | 80/18-19 01.09.18 | 54392 nos | 119658 | എസ്.എ.ഒ.എസ്.എസ്.എഫ്.നടവരമ്പ് |
| 29 | വെജിറ്റബിൾ സീഡ് ലിംഗ്സ് | 80/18-19 01.09.18 | 8500 nos | 18700 | എസ്.എ.ഒ.എസ്.എസ്.എഫ്.നടവരമ്പ് |
| 30 | ശ്രേയസ്സ് fs1 | 87/18-19 9.11.18 | 240kg | 9600 | എ.ഒ.കൃഷി ഭവൻ, ചാഴൂർ |
| 31 | വെജിറ്റബിൾ സീഡ് പാക്കറ്റ് | 90/18-19 22.11.18 | 200 pkt | 4000 | എ.ഒ.കൃഷി ഭവൻ, വിൽവട്ടം |
| 32 | വെജിറ്റബിൾ സീഡ് പാക്കറ്റ് | 91/18-19 22.11.18 | 200 pkt | 4000 | എ.ഒ.കൃഷി ഭവൻ, ഒല്ലൂക്കര |
| 33 | വെജിറ്റബിൾ സീഡ് പാക്കറ്റ് | 92/18-19 22.11.18 | 200 pkt | 4000 | എ.ഒ.കൃഷി ഭവൻ, ഒല്ലൂർ |
| 34 | വെജിറ്റബിൾ സീഡ് പാക്കറ്റ് | 93/18-19 22.11.18 | 200 pkt | 4000 | എ.ഒ.കൃഷി ഭവൻ, തൃശ്ശൂർ |
| 35 | വെജിറ്റബിൾ സീഡ് പാക്കറ്റ് | 94/18-19 22.11.18 | 200 pkt | 4000 | എ.ഒ.കൃഷി ഭവൻ, അയ്യന്തോൾ |
| 36 | വെജിറ്റബിൾ സീഡ് പാക്കറ്റ് | 95/18-19 22.11.18 | 200 pkt | 4000 | എ.ഒ.കൃഷി ഭവൻ, കൂർക്കഞ്ചേരി |
| 37 | വെജിറ്റബിൾ സീഡ് ലിംഗ് | 102/18-19 17.12.18 | 40909 nos | 90000 | എ.ഒ.കൃഷി ഭവൻ, ഏങ്ങണ്ടിയൂർ |
| 38 | ശ്രേയസ്സ് fs11 | 106/18-19 27.12.18 | 320kg | 12800 | എസ്.എ.ഒ, നടവരമ്പ് |
| 39 | കൗപീ സീഡ് | 107/18-19 21.01.19 | 5kg | 5400 | എസ്.എ.ഒ**, നടവരമ്പ്** |
| 40 | മീൻ കുഞ്ഞുങ്ങൾ | 108/18-19 21.01.19 | 834 nos | 5000 | എസ്.എ.ഒ**, നടവരമ്പ്** |
| 40 | വെജിറ്റബിൾ സീഡ് ലിംഗ് | 109/18-19 22.01.19 | 7300 nos | 16060 | എ.ഒ.കൃഷി ഭവൻ., പടിയൂർ |
| 41 | വെജിറ്റബിൾ സീഡ് ലിംഗ് | 110/18-19 22.01.19 | 16712 nos | 36676 | എ.ഒ.കൃഷി ഭവൻ, പടിയൂർ |
| 42 | കോക്കനട്ട് ഡ്വാർഫ് | 112/18-19 29.02.2019 | 400 nos | 32000 | എ.ഒ. കൃഷിഭവൻ, കൈപ്പമംഗലം |
| 43 | D*T സീഡ് ലിംഗ്സ് | 113/18-19 18.03.2019 | 275 nos | 41250 | എ.ഒ.കൃഷിഭവൻ, കുന്നംകുളം |
| 44 | ട്രൈക്കോ ഡെർമ കേക്ക് | 114/18-19 23.02.19 | 350 nos | 3500 | എ.ഒ.കൃഷി ഭവൻ, ഉടുംമ്പഞ്ചോല |
| 45 | ഫിഷ് അമിനോ ആസിഡ് | 115/18-19 05.03.19 | 6 bottle | 480 | എസ്.എ.ഒ, മണ്ണുത്തി |
| 46 | ജ്യോതി പാഡി സീഡ് | 116/18-19 07.03.2019 | 920 kg | 36800 | എ.ഒ.കൃഷി ഭവൻ, ചാഴൂർ |
| 47 | ട്രൈക്കോഡെർമ | 117/18-19 | 500 nos | 5000 | എ.ഒ.കൃഷിഭവൻ, പൊറത്തിശ്ശേരി |

| | | | | | |
|---|---|---|---|---|---|
| | | 12.03.2019 | | | |
| 48 | പഞ്ചഗവ്യം | 117/18-19<br>12.03.2019 | 20 bottle | 2200 | എ.ഒ.കൃഷിഭവൻ, പൊറത്തിശ്ശേരി |
| 49 | ഫിഷ് അമിനോ ആസിഡ് | 117/18-19<br>12.03.2019 | 20 bottle | 1600 | എ.ഒ.കൃഷിഭവൻ, പൊറത്തിശ്ശേരി |
| 50 | ഗ്രോ ബാഗ് തൈ | 119/18-19<br>25/03/19 | 150 nos | 12000 | എ.ഒ.കൃഷി ഭവൻ, കൈപ്പമംഗലം |

6.2018-19 സാമ്പത്തിക വർഷത്തിൽ റികിസിഷൻ നം 101601730318010 പ്രകാരം 27.03.19 തിയതിയിൽ 190014 രൂപ ദൈനംദിന ചെലവുകൾക്കായി ജില്ലാ പഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ നിന്നും ഇൻവോയ്സ് 6791/TVM/TBG/PI/RC/679/17-18 പ്രകാരം ഡെസ്ക്ടോപ്പ് കംപ്യൂട്ടർ(Windos 10 Home), പ്രിന്റർ (monochrome MFP-Entry) എന്നിവ വാങ്ങുന്നതിന് യഥാക്രമം 35559,16665 രൂപ (ആകെ-52224) ചെലവഴിച്ചിട്ടുള്ളതായി വൗച്ചർ സ്റ്റേറ്റ്മെന്റ് ക്രമ നമ്പർ 4,5പരിശോധിച്ചതിൽ കാണുന്നു. എന്നാൽ ബില്ലിനൊപ്പം വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. തുക നൽകിയതിന് കൈപ്പറ്റ് രസീതി, കെൽട്രോണിന്റെ ക്യാഷ് ബിൽ എന്നിവ ഹാജരാക്കിയിട്ടില്ല. കെൽട്രോണിൽ നിന്നും നാളിതു വരെ കംപ്യൂട്ടർ, പ്രിന്റർ എന്നിവ ലഭ്യമായതിന്റേയോ സ്റ്റോക്കിലെടുത്തതിന്റേയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ഇതേ സ്ഥാപനം സൂക്ഷിച്ചു വരുന്നതായ രജിസ്റ്ററുകളുടേയോ, രേഖകളുടേയോ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിന് സാധിക്കാത്ത അവസ്ഥയിലാണ്.പരിശോധിച്ച രേഖകളുടെ അടിസ്ഥാനത്തിൽ ജില്ലാപഞ്ചായത്തിന് വലിയ നഷ്ടം ഉണ്ടായതായാണ് കാണുന്നത്. കൃത്യമായ നഷ്ടം നിർണയിക്കുവാൻ ജില്ലാപഞ്ചായത്ത് തുടരന്വേഷണങ്ങൾക്കായി നടപടി സ്വീകരിക്കുകയും, സംസ്ഥാന കൃഷി വകുപ്പിന്റെ പ്രത്യേക പരിഗണനയിൽ അടിയന്തിര പ്രാധാന്യത്തോടെ വിഷയം കൊണ്ടു വരേണ്ടതുമാണ്.

## 1-18 പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ പെൻഷൻ അംശദാനം അടവാക്കാത്തതിന് സാധുത നൽകുന്ന നിയമ വ്യവസ്ഥയുടെ അഭാവത്തിൽ ആയത് അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 180(1) വകുപ്പനുസരിച്ച് പഞ്ചായത്തിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആണ്. ഈ നിയമത്തിലെ 180(3) വകുപ്പനുസരിച്ച് പ്രസ്തുതജീവനക്കാർക്ക് ശമ്പളവും ബത്തയും പഞ്ചായത്ത് നൽകേണ്ടതും അവരുടെ പെൻഷൻ തുടങ്ങിയ അംശദാനങ്ങൾ അടവാക്കേണ്ടതുമാണ്.

ഇതനുസരിച്ച് പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ പഞ്ചായത്തിൽ ജോലിചെയ്യുമ്പോൾ പ്രസ്തുതജീവനക്കാർക്ക് ശമ്പളവും ബത്തയും പഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും നൽകേണ്ടതും അവരുടെ പെൻഷൻ തുടങ്ങിയ അംശദാനങ്ങൾ അടവാക്കേണ്ടതുമാണ്. എന്നാൽ ജില്ലാപഞ്ചായത്തിൽ ജോലിചെയ്യുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർക്ക് ജില്ലാപഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും ശമ്പളവും ബത്തയും നൽകുന്നുണ്ടെങ്കിലും അവരുടെ പെൻഷൻ അംശദാനം സർക്കാരിലേക്ക് അടവാക്കികാണുന്നില്ല (പഞ്ചായത്ത് വകുപ്പിലെ ജീവനക്കാർ ഗ്രാമപഞ്ചായത്തിൽ ജോലിചെയുമ്പോൾ ഇപ്രകാരം പെൻഷൻ അംശദാനം സർക്കാരിലേക്ക് അടവാക്കുന്നുണ്ട്). ആയതിനാൽ, പെൻഷൻ അംശദാനം അടവാക്കാത്തതിന് സാധുത നൽകുന്ന നിയമ വ്യവസ്ഥ അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറിയിലൂടെ (എൻക്വയറി നംപർ 36/10.03.2020 ) ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല. ആയതിനാൽ നിയമപ്രകാരമുള്ള പെൻഷൻ അംശദാനം സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-19 ROP ഹെഡിൽ തുക അടവാക്കിയതിന്റെ അസ്സൽ രേഖകൾ ഹാജരാക്കിയില്ല.

താഴെ ചേർത്തിരിക്കുന്ന തുകകൾ ROP ഹെഡിലേയ്ക്ക് തിരിച്ചടവാക്കുന്നതിനായി തനതുഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

1)വൗച്ചർ നം./ തിയതി.21800879/31.12.18, ചെക്ക് നം./തിയതി- 2523105/25.02.19, തുക-23,00,000 രൂപ

(പടിയൂർ ഗ്രാമ പഞ്ചായത്തിൽ 2005-06 സാമ്പത്തിക വർഷത്തിൽ ജില്ലാ പഞ്ചായത്ത് പണികഴിപ്പിച്ച വാട്ടർ ടാങ്കിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിനായി വാട്ടർ അതോറിറ്റിയ്ക്ക് ഡെപ്പോസിറ്റ് വർക്കിനായി 1.2.16 നു കൈമാറിയ 23 ലക്ഷം രൂപ പണി നടപ്പിലാക്കാതെ 10.12.18 നു തനതുഫണ്ടിലേയ്ക്ക് തിരിച്ചടവാക്കിയത്).

2)വൗച്ചർ നം.21800367/22.02.19, ചെക്ക് നം./തിയതി-2523812/25.02.19, തുക- 13,98,000 രൂപ

(KWA ഇരിഞ്ഞാലക്കുടയ്ക്ക് പദ്ധതി പ്രവർത്തനത്തിനായി ഡെപ്പോസിറ്റ് ചെയ്ത 13,98,000 രൂപ തനതു ഫണ്ടിലേയ്ക്ക് തിരിച്ചടച്ചത്).

3)വൗച്ചർ നം.21800368/22.02.19, ചെക്ക് നം./തിയതി-2523811/25.02.19, തുക- 13,70,101 രൂപ

(KWA ഇരിഞ്ഞാലക്കുടയ്ക്ക് പദ്ധതി പ്രവർത്തനത്തിനായി ഡെപ്പോസിറ്റ് ചെയ്ത 13,70,101 രൂപ തനതു ഫണ്ടിലേയ്ക്ക് തിരിച്ചടച്ചത്).
മേൽ കൊടുത്തിരിക്കുന്ന തുകകൾ ROP ഹെഡിൽ അടവാക്കിയതിന്റെ അസ്സൽ ചലാൻ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (എൻക്വയറി നം.39/11.03.2020). അസ്സൽ ചലാൻ ഹാജരാക്കാൻ സാധിയ്ക്കാത്ത പക്ഷം ട്രഷറിയിൽ നിന്നുള്ള certificate of remittance ഹാജരാക്കേണ്ടതാണ്.

## 1-20 ജില്ലാ വയോജന വിഭവ കേന്ദ്രം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

ഫയൽ നം - (ജില്ലാ പഞ്ചായത്ത് ) - ഡി 3/6132/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ

പ്രോജക്ട് നം - 69/19 ( ബഹു വർഷ പ്രോജക്ട് )

922/18 ( 2017-18)

<u>ലക്ഷ്യങ്ങൾ , പ്രവർത്തനങ്ങൾ</u>

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് മുൻകൈയ്യെടുത്ത് രൂപീകരിച്ചിരിക്കുന്ന വയോജന ക്ഷേമത്തിനായുള്ള പദ്ധതിയാണിത്. ജില്ലയിലെ വയോജനങ്ങളുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വവും സഹായവും നൽകുക എന്നതും എല്ലാ പ്രവർത്തനങ്ങളുടെയും കേന്ദ്രമായി പ്രവർത്തിക്കുക എന്നതുമാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ല കളക്ടർ, സാമൂഹ്യ നീതി ഓഫീസർ, ജില്ലാ തല ആരോഗ്യ ഉദ്യോഗസ്ഥർ, സർക്കാർ നോമിനികൾ എന്നിവരും, മറ്റ് സന്നദ്ധ പ്രവർത്തകരും ഉൾപ്പെട്ട സൊസൈറ്റി രൂപീകരിക്കുന്നതിനും വയോജനക്ഷേമകേന്ദ്രത്തിന്റെ പ്രവർത്തനം നടപ്പിൽ വരുത്തുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഓഫീസറെ നിയമിക്കുന്നതും തുടർ പ്രവർത്തനങ്ങളുടെ മേൽനോട്ടം മേൽ പറഞ്ഞ കമ്മിറ്റി നിർവഹിക്കുന്നതുമാണ്. പ്രാരംഭപ്രവർത്തനമായ കെട്ടിട നിർമ്മാണം അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ്ഫോർഡിനെ ഏൽപ്പിക്കുന്നു. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്ന പ്രകാരം സൊസൈറ്റിക്ക് കൈമാറുന്നതാണ്. സൊസൈറ്റിയുടെ തുടർ പ്രവർത്തനങ്ങൾക്ക് ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ബ്ലോക്ക് പഞ്ചായത്ത് , ഗ്രാമപഞ്ചായത്ത് എന്നിങ്ങനെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സർക്കാർ നിർദ്ദേശിത വിഹിതം കൈമാറുന്നതും, സന്നദ്ധ സംഘടന/ വ്യക്തിഗത സംഭാവനകൾ എന്നിവ സ്വീകരിച്ച് പ്രവർത്തനം സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തുന്നതുമാണ്. കോസ്റ്റ് ഫോർഡുമായി കരാറിലേർപ്പെട്ട് കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കൈമാറുകയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതി അംഗീകാരം ( 25.10.17 ലെ 66/17/ROI/DPM) നൽകിയ നിർമ്മാണ പ്രവൃത്തിയ്ക്ക് 14.12.17 ലെ സർക്കാർ ഉത്തരവ് ( സാധാ) നം. 4048/2017/തസ്വ ഭ വ പ്രകാരം സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്.

ഗ്രാമവികസന വകുപ്പിന്റെ ഉടമസ്ഥതയിൽ അരണാട്ടുകര വില്ലേജിലെ 304/4 പി സർവേ നമ്പറിൽ പ്പെട്ട ഭൂമിയിലാണ് സർക്കാർ അംഗീകൃത ഏജൻസിയായ കോസ്റ്റ് ഫോർഡ് മുഖേന പ്രവൃത്തി നടത്തുന്നതിന് കരാറിലേർപ്പെട്ടിട്ടുള്ളത്. ( കരാർ നം . 1347/2017-18)

12.12.2017 ലെ COSTFORD/3684/2017 ാം നമ്പർ കത്ത് മുഖേന വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് കോസ്റ്റ് ഫോർഡ് ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിലെ നിരക്കുകളനുസരിച്ച് കരാറുകാരുടെ ലാഭവിഹിതമില്ലാതെ എല്ലാ നികുതികളും സർവീസ് ചാർജ്ജുമുൾപ്പെടെ 2,23,00,000 രൂപ ( രണ്ട് കോടി ഇരുപത്തിമൂന്ന് ലക്ഷം രൂപ) ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. എന്നാൽ കോസ്റ്റ് ഫോർഡിന്റെ ഈ എസ്റ്റിമേറ്റിന് ഉത്തരവാദപ്പെട്ട അധികാരസ്ഥാനം സാങ്കേതികാനുമതി (TS) നൽകിയതായി ഫയലിൽ രേഖയില്ല.

പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണും ജില്ലാ കളക്ടർ കൺവീനർ / സെക്രട്ടറിയുമായി ' സുശാന്തം- സൊസൈറ്റി ഫോർ കെയർ ആന്റ് കംപാഷൻ 'എന്ന ജീവകാരുണ്യ സംഘടന , തിരുവിതാംകൂർ - കൊച്ചിൻ സാഹിത്യ ശാസ്ത്രീയ ജീവകാരുണ്യ സൊസൈറ്റീസ് ആക്ട് 1955 പ്രകാരം 20.11.2017 ന് രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതും ആയത് പ്രകാരമുള്ള ധനകാര്യ വിശകലനത്തിൽ 2017-18 മുതൽ 2021-22 വരെയുള്ള ആകെ പദ്ധതി തുക 6,64,97,200 രൂപ കണക്കാക്കിയിട്ടുള്ളതുമാണ്. വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസ്രോതസ്സായി 8,76,00,000 രൂപയും കാണിച്ചിട്ടുണ്ട്. ഇതിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി 3.5 കോടിയും തൃശ്ശൂർ കേർപ്പറേഷൻ വിഹിതമായി 1.10 കോടി രൂപയും ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് 1.28 കോടി രൂപയും ജില്ലയിലെ മുനിസിപ്പാലിറ്റികളിൽ നിന്ന് 0.56കോടിയും ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 1.72 കോടി രൂപയും ബാക്കി ജില്ലാ വയോജന നിധിയിൽ നിന്നുള്ള വരവും സർക്കാർ സഹായവുമായാണ് പ്രതീക്ഷിക്കുന്നത്.

കെട്ടിട നിർമ്മാണത്തിനായി 2017-18, 18-19 വർഷങ്ങളിലായി താഴെപ്പറയും പ്രകാരമുള്ള 4 ഗഡുക്കളായി ജില്ലാ പഞ്ചായത്ത് കോസ്റ്റ് ഫോർഡിന് തുക കൈമാറിയിട്ടുണ്ട്.

2017-18

വൗച്ചർ നം -21701245/14.3.18-തുക 20,00,000

2018-19

വൗച്ചർ നം - 21800993/12.12.18 l - 20,00,000

21801075/ 23.1.19 – 20,00,000

21801782/21.3.19 – 20,00,000

ഐ ടി കുറവ് ചെയ്ത് കോസ്റ്റ് ഫോർഡിന് കൈമാറിയ തുക 78,80,000 രൂപയാണ്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

I.കെട്ടിട നിർമ്മാണം - എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയ്ക്ക് സർക്കാർ അനുമതി ഇല്ല.

2017-18വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആസൂത്രണ സമിതി അംഗീകാരം നൽകിയ വയോജന കേന്ദ്രം ' ഡിസ്ട്രിക്ട് റിസോഴ്സ് സെന്റർ ഫോർ ദി എൽഡർലി' നിർമ്മിക്കുന്ന പദ്ധതിയ്ക്ക് 14.12.17 ലെ ഉത്തരവ് ( സാധാ) 4048/17/തസ്വഭവ പ്രകാരം സർക്കാർ അനുമതി ലഭിച്ചിട്ടുള്ളത്, ജില്ലാ കളക്ടറുടെ 23.9.17 ലെ സി 3-44149/17 ലെ കത്ത് പ്രകാരമുള്ള അപേക്ഷയിന്മേൽ ഒരു കോടി രൂപ ചെലവിൽ നിർമ്മിക്കുന്നതിനാണ്. എന്നാൽ കോസ്ററ് ഫോർഡ് തയ്യാറാക്കി സമർപ്പിച്ച വിശദമായ എസ്റ്റിമേറ്റ് പ്രകാരം ആകെ ചെലവ് കാണിച്ചിരിക്കുന്നത് 2,23,00,000 രൂപയാണ്. 2017-18, 18-19 വർങ്ങളിലായി ഒരു കോടി രൂപ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തിയതൊഴിച്ചാൽ പദ്ധതി പൂർത്തീകരിക്കുന്നതിനായി ഏതെല്ലാം ഫണ്ടുകളാണ് ബാക്കി വകയിരുത്തിയിരിക്കുന്നത് എന്നും ആയതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടോ എന്നതും വ്യക്തമാക്കേണ്ടതാണ്.

II.ഗ്രാമവികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി- സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല.

ജില്ലാ പഞ്ചായത്തിന്റെ മേൽ ഫയൽ പ്രകാരം അരണാട്ടുകര വില്ലേജിലെ 304/4 പി സർവ്വേ നമ്പരിൽപ്പെട്ട ഭൂമി ഗ്രാമവികസന വകുപ്പിന്റെ ഉടമസ്ഥതയിൽപ്പെട്ടതാണ്. ഗ്രാമവികസന കമ്മീഷണറുടെ 1.11.17 ലെ 14236/എച്ച് & റ്റി 2/16 സി ആർ ഡി കത്തിൽ വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളിൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് സർക്കാർ അനുമതി ആവശ്യമാണെന്ന് അറിയിച്ചിട്ടുണ്ട്.

എന്നാൽ ജില്ലാ പഞ്ചായത്ത് കോസ്റ്റ് ഫോർഡിന് 5.3.18 ന് നൽകിയ ഡി പിടി /ഡി 3- 6132/17ാം നമ്പർ കത്തിൽ ഗ്രാമവികസന വകുപ്പിന്റേതാണ് സ്ഥലമെന്നും , പദ്ധതിയ്ക്ക് സർക്കാർ അനുമതി ലഭിച്ചിട്ടുള്ളതും , ജില്ലാ ഗ്രാമ വികസന ഏജൻസിയെ ജില്ലാ പഞ്ചായത്തിൽ ലയിപ്പിച്ചിട്ടുള്ളതുമാകയാൽ പ്രത്യേക അനുമതി ആവശ്യമില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. ഡി ആർ ഡി എ ജില്ലാ പഞ്ചായത്തുമായി ലയിപ്പിച്ച ഉത്തരവിൽ ( ജി ഒ (എം എസ്)132/2006 ത സ്വ ഭ വ തി. 5.6.06) ഡി ആർ ഡി എ യുടെ ദൈനംദിന പ്രവൃത്തികളിൽ ജില്ലാ പഞ്ചായത്ത് കൂട്ട് ചേർന്ന് പ്രവർത്തിക്കണമെന്ന പരാമർശം മാത്രമാണുള്ളത്.

9.3.18 ലെ ഗ്രാമ വികസന കമ്മീഷണറുടെ മേൽ നമ്പർ കത്തിൽ ഗ്രാമവികസന വകുപ്പിന്റെ ഭൂമി പദ്ധതി നടത്തിപ്പിന്റെ ചുമതലയുള്ള സാമൂഹ്യ നീതി വകുപ്പിന് ചട്ട പ്രകാരം കൈമാറുകയോ , ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള ശുപാർശ സർക്കാരിലേക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ അത്തരം നടപടികൾ പൂർത്തീകരിക്കുന്നതുവരെ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ പാടില്ലാത്തതാണെന്നും , ജില്ലാ പഞ്ചാത്തിന് ഭൂമി വിട്ടുനൽകുന്നതിനുള്ള ശുപാർശ സർക്കാറിലേക്ക് സമർപ്പിക്കുന്നിനായി ഭൂമിയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിന് പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ വിഭാഗത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് പ്രവൃത്തി ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ ജില്ല പഞ്ചായത്ത് മേൽ പരാമർശത്തിന് ഗ്രാമവികസന വകുപ്പിനോട് സ്പഷ്ടീകരണം ആവശ്യപ്പെടുകയും ( ഡി 3- 6132/17 തി. 28.3.18) ആയതിന് ഗ്രാമവികസന കമ്മീഷണർ നൽകിയ മറുപടിയിൽ"പഞ്ചായത്ത് രാജ് ആക്ടും റൂളും പ്രകാരം വിട്ടു കിട്ടുന്ന സ്ഥാപനങ്ങളുടെ സ്ഥാവര ജംഗമ വസ്തുക്കൾ മറ്റ് ആവശ്യത്തിന് ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണെന്നും DRDAജില്ലാ പഞ്ചായത്തിൽ ലയിപ്പിച്ചെങ്കിലും ആസ്തികൾ ഗ്രാമവികസന വകുപ്പിൽ നിക്ഷിപ്തമാണെന്നും അറിയിച്ചിട്ടുണ്ട് ( 14236/എച്ച് & റ്റി 2/17 സി ആർ ഡി തി. 26.4.18).

എന്നാൽ പദ്ധതി നടത്തിപ്പിനായി ഭൂമി സാമൂഹ്യ നീതി വകുപ്പിന് ചട്ടപ്രകാരം കൈമാറുകയോ, ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള ശുപാർശ സർക്കാറിലേക്ക് സമർപ്പിച്ചതായോ ഉള്ള രേഖകൾ ലഭ്യമല്ല.

സർക്കാർ അനുമതി ലഭ്യമാക്കാതെയാണ് നിലവിൽ ജില്ലാ പഞ്ചായത്ത് DRDA ഭൂമിയിൽ പ്രവൃത്തി ആരംഭിച്ചിട്ടുള്ളത് .

സർക്കാർ അനുമതി ഇല്ലാതെ ഗ്രാമ വികസന വകുപ്പിന്റെ ഭൂമിയിൽ നിർമ്മാണ പ്രവർത്തനം നടത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്.

III. കെട്ടിട നിർമ്മാണാനുമതി ലഭ്യമാകാതെ നിർമ്മാണം തുടങ്ങി

കെട്ടിട നിർമ്മാണാനുമതിയ്ക്കായി തൃശ്ശൂർ കോർപ്പറേഷനിൽ 18.7.18 ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിക്കുകയും , ബിൽഡിംഗ് ഇൻസ്പെക്ടറുടെ 28.7.18ലെയും 15.1.19ലെയും പരിശോധന റിപ്പോർട്ടുകൾ പ്രകാരം

ഇതു സംബന്ധിച്ച ന്യൂനതകൾ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് കോർപ്പറേഷൻ അസി. എഞ്ചിനീയർ 31.8.18നും 17.1.19നും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുള്ളതുമാണ് ( കത്ത് നം . AYL/BA/140/18-19) .

മേൽ റിപ്പോർട്ടുകളിന്മേൽ തുടർനടപടികൾ സ്വീകരിക്കാതിരുന്ന സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് നടത്തുന്ന അനധികൃത നിർമ്മാണം നിർത്തിവെയ്ക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് തൃശ്ശൂർ കോർപ്പറേഷൻ എഞ്ചിനീയർ /ടൗൺ പ്ലാനിംഗ് ഓഫീസർ 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 408(1) വകുപ്പനുസരിച്ച് 7.5.19 ന് AYL/BA/140/18-19 ആയി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

ഇതേ തുടർന്ന് കോസ്റ്റ് ഫോർഡ് അപാകതകൾ പരിഹരിച്ചതായി കാണിച്ച് 15.5.19ന് പുതിയ പ്ലാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് സമർപ്പിക്കുകയും ചെയ്തു. ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതും, നിർമ്മാണാനുമതി ലഭിക്കാതെ പ്രവൃത്തി ആരംഭിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്.

IV. <u>കോസ്റ്റ് ഫോർഡുമായുള്ള കരാർ -വ്യവസ്ഥകൾ അപൂർണ്ണം.</u>

(1)നിർമ്മാണ പ്രവർത്തനത്തിനായി 2,23,00,000 രൂപ സർക്കാർ അംഗീകൃത ഏജൻസിയായ കോസ്റ്റ് ഫോർഡുമായി 1347/2017-18 ാം നമ്പറായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ കരാറിൽ തിയതി രേഖപ്പെടുത്തിയിട്ടില്ല.

(2) കരാറിലേർപ്പെട്ട് ഒരാഴ്ചയ്ക്കകം സൈറ്റ് കൈമാറുന്നതാണെന്ന് കരാറിൽ പറയുന്നു. (ഇനം. 16). തിയതി രേഖപ്പെടുത്താതെ കരാർ ചമച്ചതിനാൽ കോസ്റ്റ് ഫോർഡിന് സമയപരിധിക്കകം സൈറ്റ് കൈമാറിയിട്ടുണ്ടോ എന്നത് ഉറപ്പാക്കാവുന്നതല്ല.

(3) കരാറിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് രേഖപ്പെടുത്തിയിട്ടില്ല.

V. <u>ആദായനികുതി അടവാക്കിയിട്ടില്ല.</u>

(1) 2017-18 സാമ്പത്തിക വർഷത്തിൽ കോസ്റ്റ് ഫോർഡിന് ആദ്യ ഗഡുവായി 20,00,000 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുകയിൽ നിന്നും ആദായ നികുതി ഈടാക്കി അടവാക്കിയതായി കാണുന്നില്ല. ആദായ നികുതി ഈടാക്കാതെ തുക കൈമാറിയത് ക്രമത്തിലല്ല.

(2) 2018-19 വർഷം അനുവദിച്ച 60,00,000 രൂപയിൽ നിന്നും ആദായ നികുതി കുറവ് ചെയ്ത തുകയാണ് കോസ്റ്റ് ഫോർഡിന് കൈമാറിയത്. എന്നാൽ കുറവ് ചെയ്ത തുകകൾ അടവാക്കിയതിന്റെ ചലാനുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

VI. <u>പ്രവൃത്തിയുടെ പുരോഗതി - തടസ്സപ്പെട്ട നിലയിൽ</u>

2017-18, 2018-19 വർഷങ്ങളിലായി കോസ്റ്റ് ഫോർഡിന് 78,80,000 രൂപ കൈമാറിയിട്ടുണ്ട്. ഇതിൽ 59,20,000 രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടുണ്ട് ( COSTFORD/ 3648/2018 Dt. 23.1.19). ഫയലിലെ കുറിപ്പ് 64 തി. 25.6.19 പ്രകാരം പ്രവൃത്തി നിലച്ചിരിക്കുകയാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പുനരാരംഭിച്ചതായി രേഖപ്പെടുത്തലില്ല. പ്രസ്തുത സാഹചര്യത്തിൽ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ് എന്ന വിവരം അറിയിക്കേണ്ടതാണ്.

VII. <u>സുശാന്തം - സൊസൈറ്റി ഫോർ കെയർ ആന്റ് കംപാഷൻ- സർക്കാർ അനുമതി ഇല്ലാതെ പ്രാദേശിക സർക്കാറുകളിൽ നിന്നും അംഗത്വ ഫീസ് ഈടാക്കുന്നു.</u>

25പേരടങ്ങുന്ന സൊസൈറ്റിയുടെ ഭരണസമിതിയുടെ ആദ്യ യോഗത്തിൽ (4.1.18 ലെ) ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ആയുഷ്കാല അംഗത്വം നൽകുന്നതിന് തീരുമാനിക്കുകയും, ആയതിന് അംഗത്വ ഫീസ് നിശ്ചയിക്കുകയും ചെയ്യുകയുണ്ടായി. അംഗത്വം എടുക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നും, വയോജന പരിപാലനത്തിനായി സുശാന്തം രൂപം നൽകുന്ന പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുന്ന തുക പദ്ധതി വിഹിതത്തിൽപ്പെടുത്തി സൊസൈറ്റിയ്ക്ക് കൈമാറുന്നതിന് സർക്കാർ അനുമതി ആവശ്യപ്പെട്ടുകൊണ്ടും തൃശ്ശൂർ ജില്ലാ കളക്ടർ 21.3.18ന് പ്രിൻസിപ്പൾ സെക്രട്ടറി, തദ്ദേശ ഭരണ വകുപ്പിന് കത്ത് നൽകുകയും, ആയത് 5.2.19ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയും കമ്മിറ്റി തീരുമാനം ഖണ്ഡിക 4-3 പ്രകാരം ഇപ്രകാരം സൊസൈറ്റി രൂപീകരിച്ച് ഈ പ്രോജക്ട് നടപ്പാക്കുന്നത് അഭികാമ്യമല്ലെന്ന് വിലയിരുത്തുകയും അനുമതി നിരസിക്കുകയും ചെയ്തിട്ടുള്ളതാണ്.

ഈ വിവരം തദ്ദേശ സ്വയം ഭരണ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി 22.3.19ന് ഡി ബി 4/85/2018ത സ്വ ഭ വ കത്തായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതുമാണ്.

എന്നാൽ നിയമാവലി പ്രകാരം സൊസൈറ്റിയുടെ ഫണ്ടുകൾ നിക്ഷേപിക്കുന്നതിന് എസ് ബി ഐ തൃശ്ശൂർ സിവിൽ സ്റ്റേഷൻ ശാഖയിൽ അക്കൗണ്ട് തുടങ്ങി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അംഗത്വ ഫീസ് ഈടാക്കാൻ തീരുമാനിച്ചതിൽ നിന്ന് വ്യത്യസ്തമായി കാനറാ ബാങ്ക് അക്കൗണ്ടിലേയ്ക്കും ( അക്കൗണ്ട് നം .6757101000109) ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ചർ അക്കൗണ്ടിലേക്കും ( അക്കൗണ്ട് നം . 799011400000646) തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് അംഗത്വ ഫീസ് വരവ് വന്നതായാണ് ഫയലിലെ രേഖപ്പെടുത്തലിൽ നിന്ന് വ്യക്തമാകുന്നത്.

സർക്കാർ അനുമതി ഇല്ലാതെ പ്രാദേശിക സർക്കാറുകളിൽ നിന്നും അംഗത്വ ഫീസ് ഈടാക്കിയതിനാൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് മറുപടി നൽകാൻ താത്പര്യപ്പെട്ടിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടുമില്ല. ( എൻക്വയറി നം. 19/19.2.20).

(1) എത്ര ഗ്രാമ/ ബ്ലോക്ക് /നഗരസഭ/കോർപ്പറേഷൻ സ്ഥാപനങ്ങളിൽ നിന്നും അംഗത്വ ഫീസ് ഈടാക്കിയിട്ടുണ്ട് എന്ന വിവരം സ്ഥാപനം , തുക എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കേണ്ടതാണ്.

(2)അംഗത്വ ഫീസ് ഇനത്തിൽ നാളിതുവരെ എത്ര രൂപ സ്വരൂപിച്ചിട്ടുണ്ട് എന്നും, ഏതെല്ലാം പ്രവർത്തനങ്ങൾക്കായി നാളിതുവരെ തുക ചെലവഴിച്ചിട്ടുണ്ട് എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്.

(3)കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അംഗത്വ ഫീസ് അനുവദിക്കുന്നതിന് അനുമതിയില്ലാത്ത സാഹചര്യത്തിൽ , സ്ഥാപനങ്ങൾ കൈമാറിയ തുക ചെലവഴിക്കാൻ സാധിക്കില്ല എന്നതിനാൽ വയോജന വിഭവ കേന്ദ്രം പണി പൂർത്തീകരിച്ച് സൊസൈറ്റിയ്ക്ക് കൈമാറുമ്പോൾ സൊസൈറ്റിയുടെ പ്രവർത്തന ഫണ്ട് എങ്ങനെ കണ്ടെത്തും എന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(4)സൊസൈറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനായി വി.വേണുഗോപാലൻ ആന്റ് അസോസിയേറ്റ്സ് ചാർട്ടേഡ് അക്കൗണ്ട്സ്, കോട്ടപ്പുറം, തൃശ്ശൂർ എന്ന സ്ഥാപനത്തെ നിയമിച്ചുകൊണ്ട് സൊസൈറ്റിയുടെ പ്രഥമ ഭരണസമിതി യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

സൊസൈറ്റിയുടെ വരവ് ചെലവ് കണക്കുകൾ പ്രസ്തുത സ്ഥാപനം ഓഡിറ്റ് ചെയ്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ ചാർട്ടേഡ് അക്കൗണ്ടിന്റെ ഓഡിറ്റ് റിപ്പോർട്ട് സഹിതം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് വ്യക്തമായ വിശദീകരണം ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ലഭ്യമാക്കിയിട്ടില്ലാത്തതാണ്. ആയത് ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കേണ്ടതുമാണ്.

## 1-21 കലാ സാംസ്കാരിക സമുച്ചയം -മതിയായ രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷം തൃശ്ശൂർ പൊതുവിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി കലാ സാംസ്കാരിക സമുച്ചയം എന്ന സ്പിൽ ഓവർ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട പ്രധാന ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ. 917/19

ഓഡിറ്റ് വർഷത്തെ ആകെ ചെലവ്. 2,90,000/- രൂപ.

എ) നാടൻ കലകളെ പ്രോത്സാഹിപ്പിക്കുക, വിവിധ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി സാംസ്കാരിക സംഘടനകൾക്ക് ധന സഹായം നൽകുക എന്നിങ്ങനെയുള്ള ഉദ്ദേശങ്ങളാണ് ഈ പ്രോജക്ടിനുണ്ടായിരുന്നത്. സർക്കാർ ഉത്തരവ് കൈ നമ്പർ 22/2018/തസ്വഭവ തിയ്യതി14.02.2018 ഖണ്ഡിക 8.4 ലെ വ്യവസ്ഥകൾ പ്രകാരം മേളകൾക്കോ, സമാനമായ പരിപാടികൾക്കോ വികസനഫണ്ട് ഉപയോഗിക്കാൻ പാടില്ല എന്നിരിക്കെ ജില്ലാ പഞ്ചായത്ത് സർക്കാർ സാധൂകരണത്തിനായി സംസ്ഥാന വികേന്ദ്രീകൃത കോ-ഓർഡിനേഷൻ സമിതിയെ സമീപിക്കുകയും ഈ പ്രോജക്ടിന് 29-11-2017 ലെ വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മിറ്റി യോഗം തീരുമാനം 4.17 പ്രകാരം നടപ്പിലാക്കുന്നതിന് പ്രത്യേക അംഗീകാരം നൽകുകയും ചെയ്തു. ഈ തീരുമാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഡി,ബി ഗ്രാന്റ്, തനതുഫണ്ട് ഇവ ഉപയോഗിച്ചു മാത്രമേ പ്രോജക്ട് നടപ്പിലാക്കാവൂ എന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ ഇതിനു വിരുദ്ധമായി വികസനഫണ്ട് ആണ് പ്രോജക്ടിൽ ചെലവഴിച്ചിരിക്കുന്നത്.

ബി) പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രാരംഭഘട്ടത്തിൽ ഇല്ലാതിരുന്ന ചില വ്യവസ്ഥകൾ 23/02/2018 ൽ കൂടിയ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 16 നമ്പറായി തീരുമാനം എടുത്തിരുന്നത് താഴെ ചേർക്കുന്നു.

ഇതനുസരിച്ച് 2018-19 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി സാംസ്കാരിക സംഘടനകൾക്ക് ധനസഹായം നൽകാൻ താഴെ ചേർക്കുന്ന വ്യവസ്ഥകൾ ഏർപ്പെടുത്തിയിരുന്നു.

1. ചാരിറ്റബിൾ എൻഡോവ്മെന്റ് സൊസൈറ്റീസ് ആക്ടിന്റെ കീഴിൽ രജിസ്ററർ ചെയ്യണം.

2.പരിപാടികൾ മൂന്നോ അതിലധികമോ ദിവസങ്ങളുണ്ടായിരിക്കണം.

3.പ്രോഗ്രാം നോട്ടീസിൽ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തോടെയോ, സഹകരണത്തോടെയോ എന്ന് വ്യക്തമാക്കണം.

4.അതത് വാർഡു മെമ്പർമാരുടെ സാക്ഷ്യപത്രം വേണം

5. മൂന്നു വർഷം തുടർച്ചയായി പ്രവർത്തിക്കുന്നതും ഓഡിറ്റ് കഴിഞ്ഞതുമായിരിക്കണം.

എന്നാൽ മേൽ വ്യവസ്ഥകൾ ഭൂരിഭാഗവും പാലിക്കാതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a)ട്രഷറി ബിൽ നമ്പർ.02/18-19 തിയ്യതി. 26/05/2018. തുക.100000/-

ആറ് നാടകങ്ങൾക്കും, സൗണ്ട് സിസ്റ്റത്തിനും, ഹാൾ വാടകക്കുമായി ഒരു ലക്ഷം രൂപ കാരുണ്യ ചാരിറ്റബിൾ സൊസൈറ്റി എന്ന സ്ഥാപനത്തിന് നൽകി. മൂന്നു ദിവസം പരിപാടികൾ നടത്തണം എന്ന ഒരു നിബന്ധന ഒഴിച്ച് മറ്റു വ്യവസ്ഥകളൊന്നും തന്നെ പാലിച്ചതായി രേഖയില്ല.

b) ട്രഷറി ബിൽ നമ്പർ. 15/18-19 തിയ്യതി 24.11.2018 ആകെത്തുക 135000/-

മേൽ തുക താഴെ ചേർക്കും പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുൻപ് ചൂണ്ടിക്കാണിച്ച വ്യവസ്ഥകൾ പാലിച്ചതായി രേഖയില്ല.

സമത സാംസ്കാരിക വേദി, കൊരട്ടി- 50000

ജനചിത്ര ഫിലിം സൊസൈറ്റി തൃപ്രയാർ- 35000

നിനവ് വായനശാല ആർട്ട്സ് സ്പോർട്സ് ക്ലബ്ബ്

മണ്ണംപേട്ട - 50000

ആകെ -135000

c) ട്രഷറി ബിൽ നമ്പർ. 24/18-19 dt.04/02/2019 ആകെ തുക. 30000/-

ഈ തുക വിബ്ജിയോർ ഫിലിം കളക്ടീവ് എന്ന സംഘടനയ്ക്ക് കൈ മാറിയിട്ടുണ്ട്. മറ്റു വിശദാംശങ്ങൾ ഒന്നും ലഭ്യമായിട്ടില്ല

d) ട്രഷറി ബിൽ നമ്പർ.08/18-19 തിയ്യതി. 12/09/2018 തുക 25000/-

മേൽ തുകയെപ്പറ്റിയുള്ള വിവരണം എവിടേയും ചേർത്തിട്ടില്ല. ആർക്ക് നൽകി എന്നോ, എന്തിന് നൽകുന്നു എന്നോ വിശദീകരിക്കാൻ സാധിച്ചിട്ടില്ല.

മേൽ ചൂണ്ടിക്കാണിച്ച അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥനായ പൊതു വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർക്ക് ഓഡിറ്റ് അന്വേഷണം നം.25/02-03-2020 നൽകിയിരുന്നു. എന്നാൽ ഒരു മറുപടിയും നിർവ്വഹണോദ്യോഗസ്ഥൻ നൽകിയിട്ടില്ല. ഇക്കാരണങ്ങളാൽ ഈ പ്രോജക്ടിൽ ചെലവഴിച്ച 2,90,000 രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ഫർണിച്ചർ റിപ്പയർ ഗ്രാന്റ് . ചെലവു രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങൾക്ക് നൽകിയ 60,000 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബിൽ നമ്പർ.30/18-19 തിയ്യതി. 07/03/2019

തുക. 2,30,000

നിർവ്വഹണ ഉദ്യോഗസ്ഥൻ- പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

പ്രോജക്ട് നമ്പർ so407/19 പ്രകാരം ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകൾക്ക് ഫർണീച്ചർ റിപ്പയർ ഗ്രാന്റ് ഇനത്തിൽ താഴെ ചേർക്കുന്ന സ്കൂളുകളുടെ അക്കൗണ്ടിലേക്ക് പതിനായിരം രൂപ വീതം ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ ഇവയുടെ ചെലവു രേഖകൾ ഫയലിൽ പരിശോധനക്ക് ലഭ്യമായിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥന് എൻക്വയറി നൽകിയിരുന്നു.(എൻക്വയറി നമ്പർ. 9/21-01-2020) എങ്കിലും രേഖകളൊന്നും ഹാജരാക്കാത്ത സാഹചര്യത്തിൽ താഴെ ചേർക്കുന്ന 60,000/- രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | തുക |
|---|---|---|
| 1 | GHS കുഴൂർ | 10000 |
| 2 | GHSS മണലൂർ | 10000 |
| | | |

| | | |
|---|---|---|
| 3 | GHSS എളവള്ളി | 10000 |
| 4 | GHSS നാട്ടിക | 10000 |
| 5 | GHSS ദേശമംഗലം | 10000 |
| 6 | GHSS വാടാനപ്പിള്ളി | 10000 |

# 1-23 സമഗ്ര വിദ്യാഭ്യാസ പദ്ധതി. മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ.399/19

നിർവ്വഹണ ഉദ്യോഗസ്ഥൻ- പൊതുവിദ്യാഭ്യാസ ഡെ.ഡയറക്ടർ, തൃശ്ശൂർ.

സമഗ്ര വിദ്യാഭ്യാസ പദ്ധതി എന്ന പ്രോജക്ടിൽ ജില്ലാ പഞ്ചായത്തിനു കീഴിലുള്ള സ്കൂളുകളിൽ അധിക സമയ പഠനത്തിനായി സമയം ചെലവഴിച്ച വിദ്യാർത്ഥികൾക്ക് റിഫ്രഷ്മെന്റ് ഇനത്തിലേക്ക് തുക അനുവദിക്കുകയാണ് പദ്ധതിയിൽ ചെയ്തിരിക്കുന്നത്. ഒരു കുട്ടിക്ക് എട്ടു രൂപ നിരക്കിൽ പരമാവധി മുപ്പത് ദിവസത്തേക്ക് ആണ് സഹായധനം അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സ്കൂളുകൾക്ക് നൽകിയ ധന സഹായം പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ഹാജരാക്കാത്ത രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടും വ്യക്തത വരുത്തേണ്ടുന്ന സംഗതികളിൽ വ്യക്തത ആവശ്യപ്പെട്ടും 21/01/2020 ന് നിർവ്വഹണോദ്യോഗസ്ഥന് വിശദമായ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നു. (എൻക്വയറി നമ്പർ. 9) എന്നാൽ ഇതിന് മറുപടി നൽകുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ ചെലവു നടപടികളിൽ ഓഡിറ്റ് കൈക്കൊണ്ട നടപടികൾ താഴെ ചേർക്കുന്നു.

എ) ട്രഷറി ബിൽ നമ്പർ. 13/18-19 തിയ്യതി.24/10/2018

തുക. 13,96,392

മേൽ ബില്ല് പ്രകാരം മാറിയ തുകയിൽ നിന്നും താഴെ ചേർക്കുന്ന മൂന്ന് സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ചെലവു രേഖകൾ, കുട്ടികളുടെ ഹാജർ പട്ടിക, റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. 71040 തുകയുടെ ചെലവ് നടപടി തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കുട്ടികളുടെ എണ്ണം | നൽകിയ തുക |
|---|---|---|---|
| 1 | GHSS കിഴുപ്പുള്ളിക്കര | 129 | 30,960 |
| 2 | GVHSS പുതുക്കാട് | 57 | 13,680 |
| 3 | GHSS ചായ്പൻകുഴി | 110 | 26,400 |
| | ആകെ | | 71,040 |

ബി) GHSS കടിക്കാട് , GVHSS തിരുവില്വാമല തുടങ്ങിയ സ്ഥാപനങ്ങളുടെ വൗച്ചർ ഫയലിൽ കുട്ടികളുടെ അറ്റൻഡൻസ് ലിസ്റ്റ് ഇല്ല.

ട്രഷറി ബിൽ നമ്പർ. 13/18-19 തിയ്യതി.24/10/2018

തുക. 13,96,392

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കുട്ടികളുടെ എണ്ണം | നൽകിയ തുക |
|---|---|---|---|
| 1 | GHS കടിക്കാട് | 111 | 26,640 |

.

സി) ട്രഷറി ബിൽ നമ്പർ .26/18-19 തിയ്യതി. 11/03/2019

തുക. 1,44,960

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കുട്ടികളുടെ എണ്ണം | നൽകിയ തുക |
|---|---|---|---|
| 1 | GVHSS തിരുവില്വാമല | 150 | 36,000 |

ഡി) ട്രഷറി ബിൽ നമ്പർ. 13/18-19 തിയ്യതി.24/10/2018

തുക. 13,96,392

മേൽ ബില്ലിൽ ഉൾപ്പെട്ട GKVSS ഏറിയാട് സമർപ്പിച്ച ലിസ്റ്റ് 122 കുട്ടികളുടേതാണ്. റിപ്പോർട്ടിലും ഇത് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അധിക സമയ പഠനത്തിന് തുക അനുവദിച്ച് നൽകിയത് 205 പേർക്കാണ് അതായത് 205×30× 8= 49,200. എന്നാൽ അനുവദിക്കാവുന്ന തുക 122×8×30=29,280 രൂപയാണ്. ഈയിനത്തിൽ 49,200-29,280=19,920 രൂപ അധികം നൽകിയിട്ടുണ്ട്. മേൽ തുക ഈ സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട ചെലവു ശീർഷകത്തിൽ തിരികെ അടക്കേണ്ടതാണ്.

ആകെ തടസ്സപ്പെടുത്തിയ തുക. ഉപഖണ്ഡികകൾ എ, ബി, സി എന്നിവ പ്രകാരം 71,040+26,640+36,000=1,33,680 രൂപ

ആകെ നിരാകരിച്ച തുക 19,920 രൂപ.

## 1-24 സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ- നിർമ്മിതി കേന്ദ്രത്തിന് തുക കൈമാറി-രേഖകൾ ഹാജരാക്കാത്ത 59,60,000 രൂപയുടെ ചെലവ് നടപടി തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ- പൊതു വിദ്യാഭ്യാസ ഡെ.ഡയറക്ടർ

പ്രോജക്ട് നമ്പർ. 668/2019

ഈ പ്രോജക്ടിന്റെ അടങ്കൽ തുക 1,06,06,000 രൂപയാണ്. പദ്ധതിയുടെ ഭാഗമായി ആകെ 18 സ്കൂളുകൾക്കായി ഓഡിറ്റ് വർഷം എക്സ്പെൻഡീച്ചർ പത്രിക പ്രകാരം 83,52,904 രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവിട്ട 83,52,904 രൂപയിൽ 23,92,904 രൂപയുടെ ചെലവ് രേഖകളെ ഓഡിറ്റിന് ഹാജരാക്കാൻ നിർവ്വഹണോദ്യോഗസ്ഥന് കഴിഞ്ഞിട്ടുള്ളൂ. ബാക്കി, 59,60,000 രൂപയുടെ രേഖകൾ ഇനിയും ഹാജരാക്കേണ്ടിയിരിക്കുന്നു.

എ) ഹാജരാക്കേണ്ട തുകയുടെ ബിൽ വിവരങ്ങൾ

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ | തിയ്യതി | തുക |
|---|---|---|---|
| 1 | 04/18-19 | 01/08/18 | 60,000 |
| 2 | 16/18-19 | 24/11/18 | 15,80,000 |
| 3 | 17/18-19 | 24/11/18 | 9,20,000 |
| 4 | 25/18-19 | 11/03/19 | 34,00,000 |
| | ആകെ | | 59,60,000 |

ബി) കരാർ ഹാജരാക്കിയിട്ടില്ല.

ചെലവു തുക വിവിധ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കായി നിർമ്മിതി കേന്ദ്രത്തിന് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് ഉൾപ്പടെയുള്ള വ്യവസ്ഥകൾ ബാധകമാക്കി നിർമ്മിതി കേന്ദ്രവുമായി ചേർന്ന് ഒരു കരാർ ഒപ്പുവെക്കേണ്ടതാണ്. എന്നാൽ രണ്ട് സ്കൂളുകളുടേതൊഴികെ (പെരിങ്ങോട്ടുകര ഗവ ഹയർസെക്കൻഡറി സ്കൂൾ, മുല്ലശ്ശേരി ഗവ .ഹയർ സെക്കൻഡറി സ്കൂൾ ) കരാറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത കരാറുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

സി) നിർമ്മിതി കേന്ദ്രത്തിനുള്ള ബില്ലിൽ നിന്നും ജില്ലാ പഞ്ചായത്ത് നിയമാനുസൃത കിഴിവുകൾ വരുത്തിയില്ല.

അക്രഡിറ്റഡ് ഏജൻസികൾക്ക് മരാമത്ത് പ്രവൃത്തി ഏൽപ്പിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് ഈ കരാറുകളുടെ കാലയളവിൽ ബാധകമായ വ്യവസ്ഥ ജി.ഒ.പി നം.95/2017/fin തിയ്യതി 25/07/2017 പ്രകാരമുള്ളതാണ്. പ്രസ്തുത ഉത്തരവ് ഖണ്ഡിക 11 പ്രകാരം കരാറുകാരന്റെ ലാഭം ഒഴിവാക്കിയാണ് അക്രഡിറ്റഡ് ഏജൻസികൾ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ അനുവദനീയമായ ഓവർഹെഡ് ചാർജുകൾ സ്ഥാപനത്തിന് നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം ഓവർഹെഡ് ചാർജ് നൽകുമ്പോൾ നിലവിലെ നികുതിവിഹിതവും മറ്റു കിഴിവുകളും അക്രഡിറ്റഡ് ഏജൻസി വഹിക്കേണ്ടതാണ്. എന്നാൽ ഓവർഹെഡ് ചാർജ് നൽകിയിട്ടും നിർമ്മിതി കേന്ദ്രം ഓരോ പ്രവൃത്തിയുടേയും അവസാന ബില്ലിൽ പ്രവൃത്തിമൂല്യത്തിനൊപ്പം 12% ജി.എസ്.ടിയും, 1% നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതവും ചേർത്ത ശേഷം, പ്രസ്തുത 13% കുറവു ചെയ്ത പ്രവൃത്തി മൂല്യം തന്നെയാണ് ജില്ലാ പഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ളതും പാസ്സാക്കിയിട്ടുള്ളതും. ഇപ്രകാരം തുക അനുവദിച്ചപ്പോൾ ജില്ലാ പഞ്ചായത്ത് ജി.എസ്.ടി, നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഉറവിടത്തിൽ നിന്നും കുറവു വരുത്തിയിട്ടില്ല. ഇത് ക്രമപ്രകാരമല്ല.

ഡി) ഒരേ സമയം അറ്റകുറ്റപ്പണിയും, കെട്ടിടം പൊളിക്കലും ഒരേ സ്കൂളിൽ നടക്കുന്നു.

ഈ പ്രോജക്ടിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടപ്പിലാക്കിയ താഴെ ചേർക്കുന്ന സ്കൂളിൽത്തന്നെ സ്കൂൾ കെട്ടിടം പൊളിക്കുന്ന പ്രവൃത്തിയും നടന്നിട്ടുണ്ട്. ഓരോ സ്കൂളുകളുടേയും തൻവർഷത്തെ ആകെ പ്രവൃത്തി സംബന്ധിച്ച ഒരു വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടതായിരുന്നു. എന്നാൽ ഇത്തരമൊരു എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല. ആയതിന്റെ അഭാവത്തിൽ ഇപ്രകാരം പ്രവൃത്തി നടപ്പിലാക്കിയതിന്റെ സാധുത പരിശോധിക്കാനായില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | GHSS കരൂപ്പടന്ന |
| 2 | GHSS മുല്ലശ്ശേരി |
| 3 | GHSS പഴഞ്ഞി |
| 4 | GHSS പീച്ചി |
| 5 | SMTHSS ചേലക്കര |

മേൽക്കാര്യങ്ങളിൽ വ്യക്തത ആവശ്യപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥന് വിശദമായി എൻക്വയറി നൽകിയിരുന്നു. (എൻക്വയറി നമ്പർ 23/02-03-20 ). എന്നാൽ ഒരു മറുപടിയും നിർവ്വഹണോദ്യോഗസ്ഥൻ നൽകിയിട്ടില്ല. പ്രോജക്ടുമായി ബന്ധപ്പെട്ട് മേൽകാണിച്ച പരാമർശങ്ങൾക്കുള്ള തൃപ്തികരമായ വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവു രേഖകളുടെ അഭാവത്തിൽ 59,60,000 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 മണലിപുഴ സമഗ്ര നീർത്തട പദ്ധതി- പ്രോജക്റ്റ് പൂർത്തീകരിച്ചിട്ടില്ല

പ്രോജക്റ്റ്- 1146/19-തൃശ്ശൂർ ജില്ലാ പഞ്ചായത്ത് 2018-19 മണലിപുഴ സമഗ്ര നീർത്തട പദ്ധതി.

തൃശ്ശൂർ ജില്ലയിൽ "ജലരക്ഷ ജീവരക്ഷ" എന്ന സമഗ്ര പ്രോജക്റ്റിന്റെ ഭാഗമായി ഏറ്റെടുക്കുന്ന പ്രോജക്റ്റുകളിൽ ഒന്നാണ് പുഴ സംരക്ഷണ പ്രവർത്തനങ്ങൾ. ഇതിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് മറ്റ് ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് മണലി പുഴയുടെ സംരക്ഷണത്തിന് ഏറ്റെടുത്ത സംയുക്ത പ്രോജക്റ്റ് ആണ് മണലിപുഴ സമഗ്ര നീർത്തട പദ്ധതി. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ ആണ് നിർവ്വഹണോദ്യോഗസ്ഥൻ. മണലിപുഴ ഒഴുകുന്ന 7 ഗ്രാമപഞ്ചായത്തുകളുടേയും അവ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളുടേയും ഫണ്ട് വിഹിതം ഉറപ്പാക്കിയാണ് പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്.

മണലിപുഴയുടെ ഇരു ഭാഗങ്ങളിലുമായി 48 കി മി നീളത്തിൽ മുളത്തൈകൾ വച്ച് പിടിപ്പിക്കുന്നതിനാണ് ഈ പ്രോജക്റ്റ്. ഇതിന് പുറമെ സമഗ്രമായ പദ്ധതി രൂപീകരിക്കുന്നതിനുള്ള ഭരണചെലവും വിഭാവനം ചെയ്തിട്ടുണ്ട്.

പ്രോജക്റ്റിന്റെ ഭാഗമായി തയ്യാറാക്കിയ വിശദമായ പദ്ധതി രേഖ പ്രകാരം നടപ്പാക്കേണ്ട ഇനങ്ങളും ഓരോ തലത്തിലുള്ള തദ്ദേശ സ്വയം ഭരണസ്ഥാപനം വഹിക്കേണ്ട ഫണ്ടിന്റെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| sl.no | Item of works | District panchayath | Block panchayath | | Grama panch ayath | Total | |
|---|---|---|---|---|---|---|---|
| | | | Labour | Material | | | |
| 1 | Boundary post errecting (150 cm*10 cm*10cm) | 7,91,601 | | | | | 791601 |
| | Cost of survey stone/post | | 274952 | | | | 274952 |
| | Cost for fixing the survey stone | | | | | | |
| | **Total** | | | | | | **1066553** |
| 2 | Planting of Bamboo seedling | | | | | | |
| | Cost of seedling | 3,92,000 | | | | | 392000 |
| | Cost of planting seedling | | 52528 | | | | 52528 |

| | | | | | | | |
|---|---|---|---|---|---|---|---|
| | **Total** | | | | | | **444528** |
| 3 | Tree guard using welded mesh | | | | | | |
| | Cost of tree guard | 1183601 | | | | | 1183601 |
| | Cost for fixing tree guard | | 1756399 | | | | 1756399 |
| | **Total** | | | | | | **2940000** |
| 4 | Geo textiles | | 57366 | 789654 | | | **847020** |
| 5 | Agro Nursery 7 panchayath | | 560000 | 840000 | | | **1400000** |
| 6 | Removing silt,Debril | | 485501 | | | | **485501** |
| | **Sub Total** | | | | | | **7183602** |
| 7 | Training and survey | 50000 | | | 1400000 | | 1450000 |
| 8 | IEC programme | | | | 25000 | | 25000 |
| | **Total** | | | | | | **1475000** |
| 9 | Evaluation and Documentation, unforseen and contingencies | 266398 | | | | | 266398 |
| | **Grand total** | **2683600** | **3186746** | **1629654** | **1425000** | | **8925000** |

പ്രോജക്റ്റ് പ്രകാരം മുളത്തൈകൾ നട്ടുപിടിപ്പിക്കലും ഭരണചെലവും മാത്രമെ വിഭാവനം ചെയ്തിട്ടുള്ളുവെങ്കിലും പ്രോജക്റ്റ് നടപ്പാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുഴയുടെ അതിർത്തി സംരക്ഷിക്കുന്നതിന് അതിർത്തി കല്ലുകൾ സ്ഥാപിക്കൽ, മുളത്തൈകൾ സംരക്ഷിക്കുന്നതിന് സുരക്ഷിത വലയം സ്ഥാപിക്കൽ എന്നി ഇനങ്ങൾക്ക് കൂടി നിർവ്വഹണം നടത്തുന്ന ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കിയിട്ടുണ്ട്.

ഓരോ ഗ്രാമപഞ്ചായത്തിനും ആദ്യ ഘട്ടത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് അനുവദിച്ച ഫണ്ടിന്റെ വിവരങ്ങൾ

| ക്രമ | ഇനം | തുക | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|
| | | പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | നടത്തറ ഗ്രാമപഞ്ചായത്ത് | പുത്തൂർ ഗ്രാമപഞ്ചായത്ത് | അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് | തൃക്കൂർ ഗ്രാമപഞ്ചായത്ത് | നെന്മണിക്കര ഗ്രാമപഞ്ചായത്ത് | വല്ലച്ചിറ ഗ്രാമപഞ്ചായത്ത് | |
| 1. | Cost of Survey stone-RCC post 180 cm*10 cm* 10cm @ 200 /no<br>(Market rate)<br>(boundary stone erecting) | 620 nos<br>**1,24,000** | 333 nos<br>**66,600** | 550<br>nos<br>**1,10,000** | 20 nos<br>**4,000** | 290 nos<br>**58,000** | 250 nos<br>50,000 | 83 nos<br>16,600 | 429200 |
| 2. | Cost of Bamboo Seedling @ 40/nos (Market rate) | 3720 nos<br>**1,48,800** | 1400 nos<br>**56,000** | 1265 nos<br>**50,600** | 130 nos<br>**5,200** | 1255 nos<br>**50,200** | 1500 nos<br>60,000 | 500 nos<br>20,000 | 390800 |
| 3. | Cost of Tree gurd welded mesh 150 cm height @ 300/nos<br>(Market rate)<br>എന്നാൽ 300 രൂപ നിരക്കിൽ തുക നല്കിയിട്ടില്ല | 3720 nos<br>**69142** | 1400 nos<br>---- | 1265 nos<br>----- | 130 nos<br>---- | 1255 nos<br>----- | 1500 nos<br>----- | 500 nos<br>----- | 69142 |
| 4 | സർവ്വേ & ട്രെയിനി | 50,000 | 50,000 | 50,000 | 50,000 | 50,000 | 50,000 | 50,000 | 3,50,000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ങ്ങ് | | | | | | | | |
| | | **3,91,942** | **1,72,600** | **2,10,600** | **59,200** | **158200** | **160000** | **86600** | **1239142** |

ചെലവ് വിവരങ്ങൾ

| ക്ര.ന | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ചെലവ് വിവരങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 1 | 29/11/2018 | 17418 | ഇന്ധന ചാർജ്ജ്-10300<br>പ്രിന്റിംഗ് &സ്റ്റേഷനറി-7118 | | | | | | | |
| 2 | 2 | 1/1/19 | 11276 | ഇന്ധന ചാർജ്ജ്-2293<br>പ്രിന്റിംഗ് & സ്റ്റേഷനറി-8983 | | | | | | | |
| 3 | 3 | 18/3/2019 | 69491 | ഇന്ധന ചാർജ്ജ്-2089<br>മറ്റ് ചെലവുകൾ-67402 | | | | | | | |
| 4 | 4 | 22/03/2019 | 498342<br>(വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നല്കിയ തുക) | നടത്തറ | പാണഞ്ചേരി | പുത്തൂർ | വല്ലച്ചിറ | അളഗപ്പനഗർ | നെന്മണിക്കര | തൃക്കൂർ | ആകെ |
| | | | | 66600 | 193142 | 110000 | 16600 | 4000 | 50000 | 58000 | 498342 |
| 5 | 5 | 22/3/19 | 740800<br>(വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നല്കിയ തുക) | 106000 | 198800 | 100600 | 70000 | 55200 | 110000 | 100200 | 740800 |
| ആകെ | | | **13,37,327** | **172600** | **391942** | **210600** | **86600** | **59200** | **160000** | **158200** | **1239142** |

**<u>1.പ്രോജക്റ്റ് നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല.</u>**

സമഗ്രമായ ഈ പദ്ധതിയുടെ സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ബാക്കി 4 ഇനങ്ങളിലുള്ള പ്രവൃത്തികൾക്കായി 22/3/2019 ന് ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിനല്കിയിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ തുക വിനിയോഗിച്ച് ആയതിന്റെ വിവരങ്ങളോ വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതാകുന്നു. വിഭാവനം ചെയ്ത പദ്ധതി പ്രവർത്തനം പൂർത്തീകരിച്ച് ലക്ഷ്യം നേടിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം അറിയിക്കേണ്ടതാണെന്നും മറിച്ച് പദ്ധതി പ്രവർത്തനം തുടരുന്നുണ്ടെങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥ അറിയിക്കേണ്ടതാണെന്നും ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്റ്റ് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്നാണ് ഇതിൽ നിന്നും മനസിലാക്കുന്നത്. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**<u>2.തുക കൈമാറിയതിലെ ന്യൂനതകൾ</u>**

2.1.അംഗീകൃത പ്രോജക്റ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങളേക്കാൾ സമഗ്രമായ പദ്ധതി വിഭാവനം ചെയ്ത് പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി രേഖയിൽ വിഭാവനം ചെയ്ത പ്രകാരം ഓരോ ഗ്രാമപഞ്ചായത്തുകൾക്കും നല്കേണ്ടുന്ന തുകയും ആയിനങ്ങൾക്ക് യഥാർത്ഥത്തിൽ നല്കിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന് Tree guard ന് 300 രൂപ നിരക്കിൽ പഞ്ചായത്തുകൾക്ക് തുക നല്കണമെന്ന് പദ്ധതി രേഖപ്രകാരം കണക്കാക്കിയിരുന്നെങ്കിലും പാണഞ്ചേരി ഗ്രാമപഞ്ചായത്തിന് ആ നിരക്കിൽ നല്കിയില്ല. മറ്റ് പഞ്ചായത്തുകൾക്ക് തുക അനുവദിച്ചിട്ടില്ല. വ്യത്യാസത്തിന് കാരണം അറിയിക്കേണ്ടതാണ്.

2.2.ജില്ലാപഞ്ചായത്ത് വിഹിതം കൈമാറിയതിന് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് രസീത് ലഭ്യമാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 ,ചട്ടം 20(1)(a) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ RTGS ഉൾപ്പെടെയുള്ള മാർഗ്ഗത്തിൽ അടവാക്കുന്ന തുകകൾക്ക് രസീത് നല്കേണ്ടതാണ്.) തുക കൈമാറിയതിന്റെ UTR പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ അക്കൌണ്ടിന്റെ കൃത്യത പരിശോധിക്കുന്നതിന് ബാങ്ക് അക്കൌണ്ട് പാസ്സ്ബുക്ക് പകർപ്പ് ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് അയച്ച ഇ മെയിൽ- ൽ പരാമർശിച്ച അക്കൌണ്ടു നമ്പരിലേക്കാണ് തുക കൈമാറിയിട്ടുള്ളത്.

2.3 പാണഞ്ചേരി ഗ്രാമപഞ്ചായത്ത് അയച്ച ഇ മെയിൽ പ്രകാരം തുക കൈമാറേണ്ട ബാങ്ക് അക്കൌണ്ട് നമ്പർ 673445725398 ആണ് (SBI). എന്നാൽ തുക കൈമാറിയിരിക്കുന്നത് ട്രഷറിയിലുള്ള 799011400001291 എന്ന അക്കൌണ്ടിലേക്കാണ്. മേൽ ട്രഷറി അക്കൌണ്ട് പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെതാണെന്നതിന്റെ രേഖകൾ/കൈപ്പറ്റ് രസീത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2.4 നെന്മണിക്കര, വല്ലച്ചിറ, നടത്തറ എന്നീ ഗ്രാമപഞ്ചായത്തുകളുടെ ബാങ്ക് അക്കൌണ്ടിലേക്കാണ് തുക കൈമാറിയിരിക്കുന്നത് . അതാത് പഞ്ചായത്തുകളുടെ, സംയുക്ത പ്രോജക്റ്റുകൾക്കുള്ള വിഹിതം സൂക്ഷിക്കുന്ന സ്പെഷൽ ടി എസ് ബി യിലേക്കാണ് ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറേണ്ടത് എന്നിരിക്കെ ഗ്രാമപഞ്ചായത്തുകളുടെ ബാങ്ക് അക്കൌണ്ടുകളിലേക്ക് തുക കൈമാറിയത് ശരിയായ നടപടിയല്ല.

പ്രോജക്റ്റ് പൂർത്തീകരിക്കുന്നതുവരെയും ഖണ്ഡിക 2 ൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതുവരെയും/ രേഖകൾ ഹാജരാക്കുന്നതുവരെയും ചെലവ് തുക **13,37,327 രൂപ** തടസ്സപ്പെടുത്തുന്നു. (ഈ അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 8തീ 23/12/2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-26 റിസർവ്വോയറിൽ മത്സ്യവിത്ത് നിക്ഷേപം. ചെലവുകളുടെ ഇരട്ടിപ്പ് മൂലം ആകെ നഷ്ടം 13,476 രൂപ.

സാംഖ്യ വൗച്ചർ നമ്പർ. 21801064/18.01.2019

തുക. 500000 രൂപ (വികസനഫണ്ട് )

(ഓഡിറ്റ് എൻക്വയറി നമ്പർ.10/21-01-2020)

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ

എ) പ്രോജക്ട് -റിസർവ്വോയറിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ

പ്രോജക്ട് നമ്പർ. Soo12/19

മേൽ പദ്ധതിയുടെ ഉദ്ഘാടനം 03/11/2018 തിയ്യതിയിൽ പീച്ചി റിസർവ്വോയറിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് നടപ്പിലാക്കാൻ നിശ്ചയിച്ചിരുന്നതായി ഫയലിൽ സൂക്ഷിച്ചിരുന്ന നോട്ടീസിൽ ചേർത്തിട്ടുണ്ട്. .03/11/2018 ന് ആകെ 4530 രൂപയുടെ വൗച്ചറുകൾ ഉദ്ഘാടനച്ചെലവിന്റേതായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതേ തിയ്യതിയിൽ 434000 ആറ്റു കൊഞ്ച് കുഞ്ഞുങ്ങൾ, 3000 കരിമീൻ കുഞ്ഞുങ്ങൾ എന്നിവ ഏറ്റു വാങ്ങിയതായി ഫിഷറീസ് ഡെ.ഡയറക്ടറുടെ രസീത് ഹാജരാക്കിയിട്ടുണ്ട്. ഉദ്ഘാടനച്ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ടീ&സ്നാക്സ്- 1000

ബിൽ വിവരണം വ്യക്തമല്ല- 1000

ബാനർ - 400

ഫോട്ടോ- 900

കസേര, മേശ – 450

മൈക്ക്- 780

ആകെ-4530

എന്നാൽ 15/11/2018 ൽ രണ്ടാം ഘട്ടം പരിപാടി നടന്നതായും അതിലേക്ക് രണ്ടായിരം കരിമീൻ കുഞ്ഞുങ്ങളെ വാങ്ങിയതായുമാണ് മനസ്സിലാക്കുന്നത്. ഇതിൽ 20 പേർ പങ്കെടുത്തതായി രേഖയുണ്ട്. എന്നാൽ രണ്ടാമതു പരിപാടിക്കും താഴെ ചേർക്കും പ്രകാരം ചെലവുണ്ട്.

ബാനർ- 924

ഫോട്ടോസ് വീഡിയോസ്-2500

ടീ&സ്നാക്സ്-800

കസേര-380

ടീ&സ്നാക്സ്-1000

ആകെ-5604

ആകെ 437000 മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച ഉദ്ഘാടനചടങ്ങ് 03/11/2018 ൽ ഔദ്യോഗികമായി നടത്തിയിരിക്കെ കേവലം 2000 മീൻകുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ മാത്രം 15/11/2018 ൽ മേൽ പറഞ്ഞ ചെലവ് നടത്തിയതിന്റെ

സാധുത വ്യക്തമാക്കാനാവശ്യപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥന് എൻക്വയറി നൽകിയിരുന്നു. അതിൽ യാതൊരു മറുപടിയും നൽകാത്ത സാഹചര്യത്തിൽ രണ്ടാമതു നടന്ന ഉദ്ഘാടനച്ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ബി) അഡാക്ക് പൊയ്യ എന്ന സ്ഥാപനത്തിൽ നിന്നും ഒന്നിന് എട്ടു രൂപ നിരക്കിൽ 3984 എണ്ണം കരിമീൻ കുഞ്ഞുങ്ങൾ വാങ്ങിയതിന് ബിൽ നമ്പർ msf.504/16-17 തിയ്യതി 13/11/2018 പ്രകാരം 31,872 രൂപ ചെലവുണ്ട്. ആകെ ചെലവ് ട്രാൻസ്പോർട്ടേഷൻ അടക്കം 33,797 രൂപയാണ്. എന്നാൽ ഫിഷറീസ് ഡെ.ഡയറക്ടറുടെ രസീതി പ്രകാരം ആകെ 3000 കരിമീൻ കുഞ്ഞുങ്ങളെ മാത്രമാണ് ഏറ്റു വാങ്ങിയിരിക്കുന്നത്. ഇതു പ്രകാരം അഡാക്ക് പൊയ്യക്ക് നൽകിയ 984 എണ്ണം കരിമീൻ കുഞ്ഞുങ്ങളുടെ വിലയായ 7872 രൂപ നഷ്ടമായി വിലയിരുത്താതിരിക്കാൻ മതിയായ കാരണമുണ്ട് എങ്കിൽ അറിയിക്കേണ്ടതാണ് എന്ന് നിർവ്വഹണോദ്യോഗസ്ഥനെ അറിയിച്ചിരുന്നു. ഒരു മറുപടിയും നൽകാത്ത സാഹചര്യത്തിൽ 7872 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

സി) മീൻ കുഞ്ഞുങ്ങളുടെ നിക്ഷേപിക്കൽ എങ്ങിനെ നടത്തി എന്ന ഒരു റിപ്പോർട്ട് ഉത്തരവാദപ്പെട്ട ആരും ചേർത്തിട്ടില്ല. റിസർവ്വോയറിന്റെ ക്യാച്ച് മെന്റ് ഏരിയ , വെള്ളത്തിന്റെ സ്വഭാവം ഇതിലേക്ക് ആവശ്യമായ മീൻകുഞ്ഞുങ്ങളുടെ എണ്ണം എന്നിവ സംബന്ധിച്ച ഒരു പ്രാഥമിക വിലയിരുത്തലും നടത്തിയതായി രേഖയില്ല. പ്രോജക്ടുമായി ബന്ധപ്പെട്ട് എന്തെങ്കിലും മോണിറ്ററിംഗ് നടത്തുവാൻ കഴിയുമോ എന്ന വിവരങ്ങളും ഫയലിൽ ചേർത്തിട്ടില്ല. ഈ വിഷയങ്ങൾ പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി നടത്തിയിട്ടില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

2018-19 വർഷത്തെ ജില്ലാ പഞ്ചായത്ത് ചെലവുകളുടെ നിർവ്വഹണോദ്യോഗസ്ഥന്റെ ട്രഷറി ബിൽ ബുക്ക് പരിശോധിക്കാനായിട്ടില്ല. ആയതിനാൽ സാംഖ്യ വൗച്ചർ നമ്പർ ചെലവു രേഖയായി ചേർത്തിരിക്കുന്നു.

പ്രോജക്ടിന്റെ രൂപകൽപ്പനയിൽ ഈ വിഷയത്തിൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥനായിട്ടു പോലും വേണ്ടത്ര ജാഗ്രത പുലർത്തിയിട്ടില്ല എന്ന് കാണുന്നു. ആയത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൃത്യമായ രേഖകളുടെയും മറുപടികളുടേയും അഭാവത്തിൽ ആകെ 7872+5604 =13,476 രൂപയുടെ ചെലവ് ജില്ലാ പഞ്ചായത്തിനുള്ള നഷ്ടമായി വിലയിരുത്തി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 1-27 ഖാദി കമ്മീഷൻ അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്ന് നടത്തുന്ന വാങ്ങലുകൾക്ക് സർക്കാർ അനുമതിയോടെ ക്വട്ടേഷൻ സമ്പ്രദായം സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : ജില്ലാ ഖാദി ഗ്രാമവ്യവസായ പ്രൊജക്ട് ഓഫീസർ
പദ്ധതി നമ്പർ : S0665/19

അകെ അടങ്കൽ : 56,90,000/-

തൻവർഷ അടങ്കൽ : 52,55,737/-

ഫണ്ട് : വികസനഫണ്ട് പൊതുവിഭാഗം (30,15,737/-), ഗുണഭോക്തൃവിഹിതം നേരിട്ട് (22,40,000/-)

ചെലവ് : 20,60,709/-(വികസനഫണ്ട്)

വൗച്ചർ നമ്പർ : 1/18-19 dt. 30.03.19 (2,74,709/-)

3/18-19 dt. 30.03.19 (15,81,000/-)

5/18-19 dt.30.03.19 (1,41,000/-)

9/18-19 dt.30.03.19 (64,000/-)

സെമി ഓട്ടോമേറ്റിക് ലൂം (20 എണ്ണം), 8 സ്പിൻഡിൽ ചർക്ക (50 എണ്ണം), മേശയും കസേരയും (50 എണ്ണം വീതം) വാങ്ങുന്നതിനായി വിഭാവനം ചെയ്ത മേൽപദ്ധതിക്കായി ഇ-ടെണ്ടറിംഗ് നടത്തുമ്പോൾ ഖാദി കമ്മീഷൻ അംഗീകരിച്ച സ്ഥാപനങ്ങൾ പങ്കെടുക്കുമെന്ന് ഉറപ്പില്ലാത്തതിനാൽ ഖാദി കമ്മീഷൻ അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്ന് ഇ-ടെണ്ടറിംഗ് ഒഴിവാക്കി ക്വട്ടേഷൻ അടിസ്ഥാനത്തിൽ വാങ്ങാൻ അനുമതി തേടിക്കൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ 24.10.2017 ലെ 866/17 നമ്പർ കത്തുപ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയോട് അപേക്ഷിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കോ-ഓർഡിനേഷൻ കമ്മിറ്റി അതിന്റെ 15.11.2017 ലെ 4.29 നമ്പർ തീരുമാനപ്രകാരം ഇ-ടെണ്ടറിലൂടെയോ, ഖാദി കമ്മീഷൻ അംഗീകരിച്ച അക്രഡിറ്റഡ് ഏജൻസികളിൽ നിന്നോ വാങ്ങലുകൾ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 12.12.2017 ലെ സ.ഉ.(സാധാ) നം. 3984/2017/തസ്വഭവ നമ്പർ ഉത്തരവുപ്രകാരം സർക്കാരും ഇതിന് അനുമതി നൽകി. എന്നാൽ, ഈ നടപടികൾ കൈക്കൊണ്ടതിനുശേഷവും നിർവ്വഹണ ഉദ്യോഗസ്ഥൻ ഇ-ടെണ്ടറിംഗ് രീതി തന്നെ പിന്തുടരുകയും 12.12.17 ലെ ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ് പത്രത്തിൽ ടോയാംസ് എന്നസ്വകാര്യ പരസ്യ ഏജൻസിയിലൂടെ പരസ്യം നൽകി ആ ഇനത്തിൽ 48263/- രൂപ ചെലവഴിക്കുകയും ചെയ്തു. ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ, ഡയറക്ടറേറ്റ് ഓഫ് ഖാദിയിൽ നിന്നുള്ള 01.09.2017 ലെ DK(KPM)/Charkhas/Rfp/2017-18 നമ്പർ സർക്കുലർ പ്രകാരം അംഗീകാരമുള്ള നിർമ്മാതാക്കളുടെ പട്ടികയിൽ നിന്നും ക്വട്ടേഷൻ മുഖേന വാങ്ങൽ

നടത്താമെന്നിരിക്കെ, പരസ്യത്തിനായി തുക ചെലവഴിച്ചതെന്തിനെന്ന് വ്യക്തമല്ല. ആയതിനാൽ, തുടർവർഷങ്ങളിൽ നടത്തുന്ന സമാനമായ വാങ്ങലുകൾ സർക്കാർ അനുമതിയോടെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ അടിസ്ഥാനത്തിൽ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 സ്ത്രീ ശാക്തീകരണം ഖാദി വ്യവസായത്തിലൂന്നി -പട്ടികജാതി വനിതകൾ -പദ്ധതി അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ജില്ലാ ഖാദി ഗ്രാമവ്യവസായ പ്രൊജക്റ്റ് ഓഫീസർ

പദ്ധതി നമ്പർ : S0039/19

അകെ അടങ്കൽ : 22,25,000/-

ഫണ്ട് : വികസനഫണ്ട് എസ്.സി.പി

ചെലവ് : 7,28,753/-

വൗച്ചർ നമ്പർ : 2/18-19 dt. 30.03.19 (1,04,000/-)

4/18-19 dt. 30.03.19 (1,04,000/-)

6/18-19 dt. 30.03.19 (3,11,985/-)

7/18-19 dt. 15.03.19 (1,50,850/-)

8/18-19 dt. 30.03.19 (10,918/-)

10/18-19 dt. 30.03.19 (47,000/-)

മുരിയാട് ഗ്രാമപഞ്ചായത്തിലെ ആനന്ദപുരത്ത് ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള അടഞ്ഞുകിടക്കുന്ന നെയ്ത്തുകേന്ദ്രം മെയിന്റനൻസ് നടത്തി 15 തറികൾ സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കി 15 പട്ടികജാതി വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി വിഭാവനം ചെയ്ത മേൽപദ്ധതി സംബന്ധിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

എ) വികസനഫണ്ട് (എസ്.സി.പി ) യാണ് പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്. എന്നാൽ, തെരഞ്ഞെടുത്ത തൊഴിലാളികളുടെ ജാതി തെളിയിക്കുന്നതിനുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/12.02.2020) നൽകിയ മറുപടിയിൽ 13 വനിതാ തൊഴിലാളികളെ രേഖകൾ പരിശോധിച്ചു തന്നെയാണ് തെരഞ്ഞെടുത്തതെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ആയതിന് രേഖകൾ ഹാജരാക്കിയിട്ടില്ല. നിലവിൽ 8 തൊഴിലാളികൾ മാത്രമാണ് യൂണിറ്റിൽ പ്രവൃത്തിയെടുക്കുന്നത്. ജാതി തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ പദ്ധതിപണം അർഹതപ്പെട്ടവർക്ക് വേണ്ടി തന്നെയാണ് ചെലവഴിച്ചത് എന്ന് ഉറപ്പാക്കാനായില്ല.

ബി) പദ്ധതി പൂർത്തീകരണസാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ലഭ്യമല്ല.

മേൽരേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-29 ജില്ല വെറ്ററിനറി കേന്ദ്രത്തിലേക്ക് ജനറേറ്റർ വാങ്ങി സ്ഥാപിക്കൽ -സാങ്കേതികാനുമതിയ്ക്കു് മുൻപേ ടെണ്ടർ ക്ഷണിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ, മൃഗംരക്ഷണം
പ്രോജക്റ്റ് നംപർ- 675/19

ബിൽ നം - 8/18-19/30.11.18 തുക 5,00,741( വൗച്ചർ നം. 21800977/26.11.18)

16/18-19/26.3.19 തുക 3,33,827 ( 21801762/21.3.19)

17/18-19/ 26.3.19 തുക 1,15,720 (21801763/21.3.19)

18/18-19 /22.3.19 തുക 11,984 ( 21801764/21.3.19)

ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേക്ക് ജനറേറ്റർ വാങ്ങൽ എന്ന പദ്ധതിയിൽ 9 ലക്ഷം രൂപയ്ക്ക് ഭരണാനുമതി (1/31.5.17) ലഭിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ 414/18ാം നമ്പറായി 9,00,000രൂപ അടങ്കലിൽ പദ്ധതി വിഭാവനം ചെയ്യുകയുമുണ്ടായി. എന്നാൽ 11 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് ആണ് പദ്ധതിയ്ക്കായി അസിസ്റ്റന്റ് എഞ്ചിനീയർ PWD ഇലക്ട്രിക് ഡിവിഷൻ തയ്യാറാക്കിയത്. ഈ തുകയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി 31.10.17 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ,PWD ഇലക്ട്രിക് ഡിവിഷന് നൽകുകയും ചെയ്തു.

25.1.18 ന് 11 ലക്ഷം രൂപയ്ക്ക് പ്രവൃത്തി നടത്തുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ടെണ്ടറിൽ ഒരു സ്ഥാപനം മാത്രം പങ്കെടുത്തതിനാൽ 17.2.18 ന് റീ ടെണ്ടർ ക്ഷണിച്ചു. എന്നാൽ റീടെണ്ടറിലും വി ടെക് ഇലക്ട്രിക് പ്രൈ. ലിമി. എന്ന സ്ഥാപനം മാത്രമാണ് പങ്കെടുത്തത്. ആയതിനാൽ മേൽ സ്ഥാപനത്തിന്റെ ടെണ്ടർ (തുക 10,68,200) 7.3.18 ൽ ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം (1)പ്രകാരം അംഗീകരിച്ചു. എന്നാൽ 13.3.18 ലെ EDT-A2-2750/17 കത്ത് പ്രകാരം എക്സി.എഞ്ചി. PWD ഇലക്ട്രിക് ഡിവിഷൻ അംഗീകരിച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 9,65,000 രൂപയാണ്. ഈ തുകയ്ക്ക് 270/EE/17-18/13.3.18 ാം നമ്പറായി സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. നെഗോഷ്യേഷനെ തുടർന്ന് ടെണ്ടർ ലഭിച്ച സ്ഥാപനം സാങ്കേതികാനുമതി ലഭിച്ച തുകയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുകയും 23.5.18 ന് കരാറിലേർപ്പെട്ട് 12.12.18 ന് പൂർത്തീകരിക്കുകയും ചെയ്ത ഈ പ്രവൃത്തിയുടെ മൂല്യം 950287.74രൂപയുമാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. PWD ഇലക്ട്രിക് ഡിവിഷന്റെ അംഗീകാരവും സാങ്കേതികാനുമതിയും ലഭ്യമാക്കിയിരിക്കുന്നത് 9,65,000 രൂപയ്ക്കും (13.03.18 തീയതിയിലും), ടെണ്ടർ ക്ഷണിച്ചത് 11 ലക്ഷം രൂപയ്ക്കുമാണ് (17.02.18 ലെ റീ ടെണ്ടർ). അതായത് PWD ഇലക്ട്രിക് ഡിവിഷന്റെ അംഗീകാരവും സാങ്കേതികാനുമതിയും ലഭിക്കുന്നതിന് മുമ്പേ തന്നെ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ ക്ഷണിച്ച നടപടി ക്രമത്തിലല്ല.

2. പ്രവൃത്തിയിൽ ചില ഇനങ്ങൾ ( ഇനം - 2,3,12,22,23,25) എസ്റ്റിമേറ്റിൽ പറഞ്ഞതിനേക്കാൾ അധികം അളവിൽ ചെയ്തതായി കാണുന്നു. 25% ൽ അധികരിച്ച് പ്രവൃത്തി ചെയ്യുന്ന പക്ഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതാണ് . അപ്രകാരം ചെയ്തു കാണുന്നില്ല.
അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇപ്രകാരം ആവർത്തിക്കാതിരിക്കാൻ ജില്ലാപഞ്ചായത്ത് സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കേണ്ടതുമാണ്.

## 1-30 പേ വിഷ നിയന്ത്രണ പദ്ധതി- സമഗ്ര പ്രജനന നിയന്ത്രണവും പേ വിഷബാധ പ്രതിരോധ കുത്തിവെയ്പും

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡെപ്യൂട്ടി ഡയറക്ടർ , മൃഗസംരക്ഷണം

പ്രോജക്ട് നം -681/19

വൗച്ചർ നം 21801501/26.3.19 - 24,25,000/-

അലഞ്ഞു തിരിയുന്നതും വീടുകളിൽ വളർത്തുന്നതുമായ മുഴുവൻ നായ്ക്കളുടെയും പ്രജനന നിയന്ത്രണത്തിനും പേവിഷ പ്രതിരോധ കുത്തിവെയ്പ്പിനുമായി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും ലഭ്യമായ തുകയിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തിൽ ജില്ലാ പഞ്ചായത്ത്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ ടി എസ് ബി അക്കൗണ്ടിലേക്ക് 75,36,000 രൂപ കൈമാറി നൽകി. ഇതിൽ നിന്നും 16-17 വർഷത്തിൽ 17,02,000രൂപയും പ്ലാൻ ഫണ്ട് 7,00,000 രൂപയും ഉൾപ്പെടെ 24,02,000 രൂപയും 17-18 വർഷത്തിൽ 34,73,305 രൂപയും ചെലവഴിക്കുകയും 17-18ൽ നീക്കിയിരിപ്പുള്ള 23,60,695 രൂപ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ( സർക്കാർ ഉത്തരവ് 1450/2017/തസ്വഭവ / തി. 5.5.17) 26.10.18 ലെ കൗൺസിൽ തീരുമാനം 15പ്രകാരം പദ്ധതി നടത്തിപ്പ് ചുമതലയുള്ള കുടുംബശ്രീ ജില്ലാ മിഷൻ കോ- ഓർഡിനേറ്റർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. (എൻക്വയറി നം 20/22.02.2020 )

1. പദ്ധതിയ്ക്കായി 18-19 സാമ്പത്തിക വർഷം വരെ ഗ്രാമപഞ്ചായത്തിൽ നിന്നും, നഗരസഭകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം വർഷം, സ്ഥാപനം എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുന്നതിനും ലഭ്യമായ തുകയിൽ ഓരോ സ്ഥാപനത്തിനുമായി എത്ര രൂപ വീതം ചെലവഴിച്ചു എന്നതു സംബന്ധിച്ചുമുള്ള വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല.

2. ജില്ലാ പഞ്ചായത്ത് ലഭ്യമാക്കിയ കണക്ക് പ്രകാരം (2017-18വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ), 2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത്, നഗരസഭ വിഹിതമായി ലഭ്യമായ തുക 79,16,000 രൂപയാണ് . എന്നാൽ 17-18, 18-19 വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത്, നഗരസഭ വിഹിതമായി പദ്ധതി അടങ്കൽ കാണിച്ചിരിക്കുന്നത് 2,02,64,000 രൂപയാണ്. 2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത്, നഗരസഭകളിൽ നിന്നും 24,25,000 രൂപ വരവുള്ളതായി പറയുന്നു. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടുമില്ല. അടങ്കൽ വിഹിതമായി കാണിച്ചിരിക്കുന്ന തുകയേക്കാൾ കുറഞ്ഞ തുക മാത്രം(11.96%) ലഭ്യമായ സാഹചര്യത്തിൽ പദ്ധതിപ്രവർത്തനം വിഭാവനം ചെയ്തപോലെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

3. നിലവിൽ നിർവ്വഹണ ഏജൻസി കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ ആണ് .നിർവ്വഹണം ഏൽപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം നിർവ്വഹണ ഏജൻസിയ്ക്ക് മുൻകൂർ അനുവദിക്കാവുന്നാതാണ്. എന്നാൽ നിർവ്വഹണ ഏജൻസിയ്ക്ക് മുൻകൂർ അനുവദിച്ചിട്ടില്ല. കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ ഹാജരാക്കുന്ന ചെലവ് രേഖകളുടെ അടിസ്ഥാനത്തിലാണ് യഥാർത്ഥചെലവ് തുക

അനുവദിക്കേണ്ടത്. ഇതിനു പകരം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഈ പദ്ധതി പ്രവർത്തനത്തിന് വിഹിതമായി ലഭ്യമായ തുകയിൽ 2018-19 ലെ എ ബി സി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ തുകയ്ക്ക് റിക്വസിഷൻ നൽകുന്നതിന് ജില്ലാ പഞ്ചായത്ത് നിർദ്ദേശിച്ചതിന്റെ ( ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.1.19 ലെ ഡി പി ടി / ബി 3/ 1663/17) അടിസ്ഥാനത്തിൽ മുഴുവൻ തുകയും നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടു. ഇതുപ്രകാരം 18-19ൽ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ടി എസ് ബി അക്കൗണ്ടിലേക്ക് കൈമാറിയ ( തുടർന്ന് സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവ് കാണിക്കുകയും ചെയ്തത്) നടപടി ശരിയല്ല.

മേൽ പ്രകാരമുള്ള തുക 5 തവണകളായി ഡി ഡി (എ എച്ച്) ന്റെ അക്കൗണ്ടിൽ 19-20 വർഷത്തിലാണ് വരവ് വെച്ചിരിക്കുന്നത്. 2018-19 വർഷത്തിലെ കുടുംബശ്രീ ചെലവ് കണക്കാക്കിയിരിക്കുന്നത് 31,01,202 രൂപയാണ്. കുടുംബശ്രീയ്ക്ക് മുമ്പ് കൈമാറിയ 23,60,695രൂപ കിഴിച്ച് ബാക്കി വരുന്ന ചെലവ് തുകയായ 7,40,507 രൂപ മേൽ തുകയിൽ (24,25,000രൂപ) നിന്നും 13.8.19 ൽ ജില്ലാ മിഷൻ കോ ഓർഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്. ഇത് പ്രകാരം 16,84,493 രൂപ ഡി ഡി (എ എച്ച്) ന്റെ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. നിലവിൽ ഡി ഡി (എ എച്ച്) നിർവ്വഹണ ഉദ്യോഗസ്ഥനല്ലാത്ത സാഹചര്യത്തിൽ തുക തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിൽ നിന്നും പദ്ധതി വിഹിതമായി ലഭ്യമായ തുകയിൽ എത്ര രൂപ നീക്കിയിരിപ്പുണ്ട് എന്ന വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥയുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതുമാണ്.

## 1-31 അംഗൻവാടി കെട്ടിടനിർമ്മാണം(S673/19) പദ്ധതി -- അടിസ്ഥാനവിവരങ്ങൾ ലഭ്യമാക്കാതെ തുക അടവാക്കി.

.പ്രോജക്ട് --തൃശ്ശൂർ ജില്ലാപഞ്ചായത്ത് -2017-18-അംഗൻവാടി കെട്ടിടനിർമ്മാണം(S673/19)

നിർവഹണഉദ്യോഗസ്ഥ – ജില്ലാ വനിതാവികസനഓഫീസർ

വൗച്ചർ നം.--21800537/25.5.2018 –24,00,000

(ട്രഷറി ബിൽ നം.-- 1/2018-19/26.5.2018)

ഒരു അംഗൻവാടി കെട്ടിടനിർമ്മാണത്തിന് ജില്ലാ പഞ്ചായത്ത് വിഹിതം ആയി 3ലക്ഷം രൂപ വീതം 8 അംഗൻവാടികൾക്കായി തൻവർഷം 24,00,000രൂപ സംസ്ഥാനതൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ അക്കൗണ്ടിൽ അടവാക്കി.

2016-17 ൽ ആരംഭിച്ച ഈ പദ്ധതിക്ക് 2018-19 വരെ മിഷൻഡയറക്ടറുടെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക | അംഗൻവാടിയുടെ എണ്ണം |
|---|---|---|
| 2016-17 | 1,74,00,000 | 58 |
| 2017-18 | 30,00,000 | 10 |
| 2018-19 | 24,00,000 | 8 |

ഇപ്രകാരം ആകെ 76 അംഗൻവാടികളുടെ നിർമ്മാണത്തിനായി 2,28,00,000രൂപ സംസ്ഥാനതൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

12.1.2016 ലെ ജി ഒ (ആർ ടി)നം.118/2016/തസ്വഭവ പ്രകാരം തൊഴിലുറപ്പ് പദ്ധതിപ്രവർത്തനവുമായി സംയോജിപ്പിച്ച് അംഗൻവാടി കെട്ടിടം നിർമ്മിക്കാവുന്നതാണ്. എന്നാൽ ഇതിലേക്കായി പരമാവധി തൊഴിലുറപ്പ് വിഹിതം 5 ലക്ഷം രൂപയും അതിൽ കൂടുതൽ ചെലവുണ്ടെങ്കിൽ 2ലക്ഷം രൂപ ഐസിഡിഎസ് വകുപ്പും ചെലവഴിക്കേണ്ടതാണ്.

27.1.2017 ലെ ജി ഒ (ആർ ടി)നം.223/2017/തസ്വഭവ പ്രകാരം ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾക്ക് അംഗൻവാടി നിർമ്മാണത്തിനായി 7ലക്ഷത്തിൽ അധികം വരുന്ന ചെലവ് വഹിക്കാവുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തുവാൻ ആവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 18/13.2.2020 നൽകിയിരുന്നു.

1. മേൽപ്രകാരം തുക അടവാക്കിയ ഓരോ അംഗൻവാടികളുടെയും നിർമ്മാണത്തിനായി 7ലക്ഷത്തിൽക്കൂടുതൽ രൂപക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്? എസ്റ്റിമേറ്റ് ജില്ലാപഞ്ചായത്തിന് ലഭ്യമായിട്ടുണ്ടോ?

2. മറ്റ് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ അംഗൻവാടികളുടെ നിർമ്മാണത്തിന് തുക അടവാക്കിയിട്ടുണ്ടോ?

3. കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന അംഗൻവാടിക്ക് സ്വന്തമായി സ്ഥലമുണ്ടോ?

4. പദ്ധതി പൂർത്തീകരണവുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് മിഷൻ ഡയറക്ടറുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ?

5. 2016-17 മുതൽ തുക അടവാക്കിയ 76 അംഗൻവാടികളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്ന വസ്തുത ജില്ലാപഞ്ചായത്ത് ഭരണസമിതി മുമ്പാകെയോ സ്റ്റാന്റിംഗ്കമ്മറ്റി മുമ്പാകെയോ ജില്ലാവനിതാവികസനഓഫിസർ റിപ്പോർട്ട് സമർപ്പിച്ചിരുന്നോ?

മേൽപ്രകാരമുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/13.02.2020) നിർവഹണഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു..

ഓരോ പ്രവൃത്തിക്കും തൊഴിലുറപ്പുപദ്ധതിയുടെ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി ഗ്രാമ,ബ്ലോക്ക് ,ജില്ലാ പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരം നേടിയെടുത്താലേ പദ്ധതി നടപ്പാക്കാനാവൂ. അംഗൻവാടികൾക്ക് അതത് ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ തുക വകയിരുത്തിയിട്ടുണ്ട്. സ്വന്തം സ്ഥലമുള്ള അംഗൻവാടികൾക്ക് മാത്രമാണ് കെട്ടിടം പണിയുന്നതെന്നും സ്ഥലം ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടാൽ മാത്രമേ പ്രവൃത്തി ഏറ്റെടുക്കൂവെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് നിശ്ചിത ഇടവേളകളിൽ റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്.

അംഗൻവാടികളുടെ കെട്ടിടനിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കാതെ, 7ലക്ഷത്തിൽ കൂടുതൽ ചെലവ് ഉണ്ടാകുമെന്ന് ഉറപ്പുവരുത്താതെ, സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്താതെയാണ് തുക അടവാക്കിയിട്ടുള്ളതെന്ന് മേൽമറുപടിയിൽ നിന്ന് വ്യക്തമാണ്.

തുക അടവാക്കിയ എല്ലാ അംഗൻവാടികൾക്കും സ്ഥലം ലഭ്യമാണെന്ന് ഉറപ്പുവരുത്തി കെട്ടിടം പണി പൂർത്തീകരിക്കുന്നതിന് നടപടികൾ ഉണ്ടാകേണ്ടതാണ്. നാളിതുവരെ, ഇപ്രകാരം കൈമാറിയ തുക ഉപയോഗപ്പെടുത്തി ജില്ലയിൽ എത്ര അംഗൻവാടി കെട്ടിടങ്ങൾ പൂർത്തീകരിച്ചെന്നും ഓരോന്നിനും ആകെ എത്ര രൂപ വീതം (ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ഗ്രാമ പഞ്ചായത്ത് വിഹിതം അടക്കം) ചെലവഴിച്ചെന്നും വിശദമാക്കുന്ന പത്രിക ഈ റിപ്പോർട്ടിന്റെ പ്രഥമമറുപടിയിൽ ചേർക്കേണ്ടതാണ്.

## 1-32 ഷീ പാഡ് പദ്ധതി --അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാതെയും വേണ്ടത്ര ആസൂത്രണമില്ലാതെയും പദ്ധതി നടപ്പാക്കി

പ്രോജക്ട് --ഷീ പാഡ് --സാനിറ്ററി നാപ്കിൻ പ്രൊഡക്ഷൻ യൂണിറ്റുകൾക്ക് പ്രൊഡക്ഷൻ മെഷീൻ വാങ്ങൽ (S674/19) (സ്പിൽ ഓവർ)

നിർവഹണഉദ്യോഗസ്ഥ – ജില്ലാ വനിതാവികസന ഓഫീസർ

വൗച്ചർ നം.--21801245/23.10.2018 –2,45,373

(ട്രഷറി ബിൽ നം.-- 2/2018-19/25.10.2018)

വൗച്ചർ നം.--21801018/27.12.2018 –16,00,000

(ട്രഷറി ബിൽ നം.-- 3/2018-19/27.12.2018)

(2,45,373 രൂപ പ്രൊഡക്ഷൻ യൂണിറ്റുകളുടെ വൈദ്യുതീകരണത്തിന് ചെലവഴിച്ചു. 16,00,000 രൂപയിൽ 15,00,000രൂപ പ്രൊഡക്ഷൻ മെഷീൻ വാങ്ങുന്നതിനും 1,00,000 രൂപ രണ്ട് യൂണിറ്റുകൾക്ക് പ്രവർത്തനമൂലധനമായും നൽകി).

2016-17 ൽ ആരംഭിച്ച പദ്ധതിപ്രവർത്തനത്തിനായി 2017-18 വരെ (സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ ലഭ്യമാക്കുന്നതിനും പരിശീലനം നൽകുന്നതിനും ആയി) നടപ്പാക്കിയ പദ്ധതികളുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നം | ചെലവ് തുക | കൈപ്പറ്റിയഏജൻസി |
|---|---|---|---|
| 2016-17 | 591/17 | 61,34,231 | 4914231—HLL Life care |
| | | | 1220000-C- STED |
| | | 49,14,230 | HLL Life care |
| | | 81,17,633 | HLL Life care |
| | | 8,00,000 | 266660—Haritha care<br>266660—Well care<br>266680—Goodcare |
| 2017-18 | 421/18 | 29,60,000 | HLL Life care |
| | | 28,93,644 | HLL Life care |
| ആകെ | | 2,58,19,738രൂപ | |

ഈ രണ്ട് വർഷങ്ങളിലായി സ്കൂളുകൾക്കും സർക്കാർ ഓഫീസുകൾക്കും വെൻഡിംഗ് മെഷീനുകളും, ഇൻസിനറേറ്ററുകളും ലഭ്യമാക്കി. ഇതിന്റെ ഭാഗമായി 34 വനിതകൾക്ക് പരിശീലനവും നൽകി.

ഇതിന്റെ തുടർച്ചയായിട്ടാണ് 2018-19ൽ സാനിറ്ററി നാപ്കിനുകളുടെ പ്രൊഡക്ഷൻ യൂണിറ്റുകൾക്ക് മെഷീൻ വാങ്ങുന്നതിനും, യൂണിറ്റുകളുടെ വൈദ്യുതീകരണത്തിനുമായി പദ്ധതി നടപ്പാക്കുകയും മേൽവൗച്ചറുകൾ പ്രകാരം തുക ചെലവഴിക്കുകയും ചെയ്തിട്ടുള്ളത്.

(2019-20ൽ 1103/20 നം.ആയി Purchasing and installation of napkin vending machine and incinerator at school എന്ന പദ്ധതി വീണ്ടും ആവിഷ്ക്കരിച്ചിട്ടുണ്ട്).

2018-19 ൽ നടപ്പാക്കിയ പദ്ധതിയുടെ ഗുണഭോക്താക്കളായി ആകെ 3 യൂണിറ്റുകളാണ് ഉള്ളത്.

ഗുഡ് കെയർ സാനിറ്ററി നാപ്കിൻ നിർമ്മാണയൂണിറ്റ്, ചൊവ്വന്നൂർ

ഹരിതകെയർ സാനിറ്ററി നാപ്കിൻ നിർമ്മാണയൂണിറ്റ്, ചാഴൂർ

വെൽകെയർ സാനിറ്ററി നാപ്കിൻ നിർമ്മാണയൂണിറ്റ്, മുണ്ടൂർ എന്നിവയാണ് നിർമ്മാണയൂണിറ്റുകൾ.

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) മൂന്ന് യൂണിറ്റുകളും ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആണെന്നതിന് രേഖകളില്ല. വെൽകെയർ സാനിറ്ററി നാപ്കിൻ നിർമ്മാണയൂണിറ്റ്, മുണ്ടൂർ എന്ന യൂണിറ്റ് അഞ്ഞൂർ വില്ലേജിലെ വേളക്കോട് വ്യവസായ എസ്റ്റേറ്റിലാണ് സ്ഥിതി ചെയ്യുന്നത്. വൈദ്യുതകണക്ഷൻ എടുക്കുന്നതിന് ഓണർഷിപ്പിന് അപേക്ഷിച്ചപ്പോൾ ജില്ലാവ്യവസായകേന്ദ്രം മാനേജരുടെ ഉടമസ്ഥതയിൽ ആണെന്ന് ജില്ലാപഞ്ചായത്തും ജില്ലാ പഞ്ചായത്ത് ഉടമസ്ഥതയിൽ ആണെന്ന് ജില്ലാവ്യവസായകേന്ദ്രം മാനേജരും നിലപാട് എടുക്കുന്നു.

ഗുഡ് കെയർ സാനിറ്ററി നാപ്കിൻ നിർമ്മാണയൂണിറ്റ്, ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന്റെ പട്ടികജാതി വികസനപരിശീലനകേന്ദ്രത്തിലാണ് പ്രവർത്തിക്കുന്നത്.

ഹരിതകെയർ സാനിറ്ററി നാപ്കിൻ നിർമ്മാണയൂണിറ്റ്, ചാഴൂർ കുടുംബശ്രീ വിപണനകേന്ദ്രത്തിലാണ്.

യൂണിറ്റുകൾ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി കരാർ വച്ചതിന്റെ വിവരം ലഭ്യമല്ല.

പദ്ധതിക്കായി തുക ചെലവഴിക്കുംമുമ്പ് യൂണിറ്റുകൾ ജില്ലാ പഞ്ചായത്ത് ഉടമസ്ഥതയിൽ ആണെന്ന് ഉറപ്പുവരുത്തുകയോ , യൂണിറ്റുകൾ പ്രവർത്തിക്കുന്ന സ്ഥാപനഉടമകളുമായി കരാർ ചമക്കുകയോ ചെയ്തിട്ടില്ല.

2) 3യൂണിറ്റുകളുടെ വൈദ്യുതീകരണത്തിന് 2,45,373രൂപ ചെലവഴിച്ചു. 23.10.2018നാണ് തുക നൽകിയത്. യൂണിറ്റുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ നിലവിൽ വൈദ്യുതീകരണംനടത്തിയിരുന്നോ എന്ന് വ്യക്തമല്ല.

ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിന്റെ പരിശോധനാവിവരം, കറന്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് KSEB യിൽ തുക അടവാക്കിയ വിവരം, കണക്ഷൻ ലഭ്യമായ വിവരം എന്നിവ ഫയലിൽ ഇല്ല.

KSIEL ന് പ്രൊഡക്ഷൻ യൂണിറ്റുകൾ വാങ്ങുന്നതിന് സപ്ലൈ ഓർഡർ 15.12.2017 ന് നൽകിയതാണ്. 26.2.2018 ന് കരാർ വച്ചു. എന്നാൽ 14.9.18 ന് 3 ഫേസ് കണക്ഷൻ ഇല്ലാത്തതിനാൽ മെഷീൻ വാങ്ങാൻ കഴിഞ്ഞില്ല എന്നും സപ്ലിമെന്ററി കരാർ വയ്ക്കണമെന്നും കാണിച്ച് KSIEL ന് നിർവഹണഉദ്യോഗസ്ഥ കത്തെഴുതുകയും കരാർ ചമക്കുകയും ചെയ്തു. അടിസ്ഥാനസൗകര്യം ഒരുക്കുന്നതിന് മുമ്പേ തന്നെ മെഷീൻ വാങ്ങുന്നതിന് സപ്ലൈ ഓർഡർ നൽകി.

3) മൂന്ന് യൂണിറ്റുകൾ നിലവിൽ ഉണ്ടെങ്കിലും 2 പ്രൊഡക്ഷൻ യൂണിറ്റുകൾ മാത്രമാണ് വാങ്ങിയത് (ഇൻവോയ്സ് നം.CLTBC311/23.3.18). KSIEL ന് രണ്ട് പ്രൊഡക്ഷൻ യൂണിറ്റുകളുടെ ട്രാൻസ്പോർട്ടേഷൻ, ഇൻസ്റ്റലേഷൻ, ട്രെയിനിംഗ് എന്നിവക്കാണ് 15,00,000രൂപ കൈമാറിയത്. എന്നാൽ എവിടെയാണ് മെഷീനുകൾ ഇൻസ്റ്റാൾ ചെയ്തത് എന്നോ,ഏത് യൂണിറ്റുകൾക്കാണ് മെഷീനുകൾ കൈമാറിയതെന്നോ ഉള്ള വിവരം ലഭ്യമല്ല. മെഷീനുകൾ കൈമാറിയ യൂണിറ്റുകളുമായി കരാർ വച്ചിട്ടില്ല. ആസ്തികൾ സ്റ്റോക്കിലെടുത്ത വിവരവും ലഭ്യമല്ല.

4) മുൻവർഷങ്ങളിൽ വെൻഡിംഗ് മെഷീനുകൾ, ഇൻസിനറേറ്ററുകൾ കൈപ്പറ്റിയ സ്ഥാപനങ്ങൾ ആയത് സ്ഥാപിച്ചതായോ, നിലവിൽ ഇവ പ്രവർത്തനക്ഷമമാണെന്നോ റിപ്പോർട്ട് ചെയ്തിട്ടില്ല. 2017-18 ലെ ഓഡിറ്റ് റിപ്പോർട്ടിൽ സ്കൂളുകൾ ഇവ സ്ഥാപിച്ചിട്ടില്ല എന്ന് പരാമർശിച്ചിട്ടുണ്ട്. പ്രൊഡക്ഷൻ യൂണിറ്റ് ഉൽപ്പാദിപ്പിക്കുന്ന നാപ്കിനുകൾ ഉപയോഗപ്പെടുത്തുന്നതിലേയ്ക്കായി നിർവഹണഉദ്യോഗസ്ഥയോ, പ്രൊഡക്ഷൻ യൂണിറ്റുകളോ മുൻവർഷങ്ങളിൽ വെൻഡിംഗ് മെഷീനുകൾ കൈപ്പറ്റിയ സ്ഥാപനങ്ങളുമായി കരാർ വച്ചതായി കാണുന്നില്ല. സ്കൂളുകളിൽ ഇവ സ്ഥാപിക്കുന്നതിനുള്ള ഭൗതികസാഹചര്യം ഉണ്ടോ എന്ന് പരിശോധിച്ചിട്ടില്ല. വെൻഡിംഗ് മെഷീനിലേയ്ക്ക് യൂണിറ്റുകൾ പാഡുകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ പാഡുകളുടെ വില യൂണിറ്റുകൾക്ക് ലഭ്യമായോ എന്നും വ്യക്തമല്ല.

5) 2016-17ൽ പ്രവർത്തനമൂലധനം ലഭ്യമാക്കിയ യൂണിറ്റുകൾക്ക് വീണ്ടും 2018-19 ൽ പ്രവർത്തനമൂലധനം നൽകിയതായി കാണുന്നു.

2016-17 ൽ പ്രവർത്തനമൂലധനം Haritha care, Well care യൂണിറ്റുകൾക്ക് 2,66,660രൂപ വീതവും Goodcare യൂണിറ്റിന് 2,66,680 രൂപയും ഉൾപ്പെടെ 8,00,000രൂപ കൈമാറി.

2018-19 ൽ Haritha care നും Goodcare നും 50,000രൂപ വീതം 1,00,000രൂപ കൈമാറി.

യൂണിറ്റുകൾ അവയുടെ പ്രവർത്തനങ്ങളിൽ നിന്ന് വരുമാനം സൃഷ്ടിക്കാതെ ജില്ലാപഞ്ചായത്ത് കൈമാറുന്ന മൂലധനം കൊണ്ട് മാത്രം പ്രവർത്തിക്കുന്ന രീതി പുന:പരിശോധിക്കേണ്ടതാണ്.

6) പ്രൊഡക്ഷൻ യൂണിറ്റുകൾ പ്രവർത്തനമാരംഭിക്കുമ്പോൾ സാനിറ്ററി നാപ്കിനുകൾ എപ്രകാരം മാർക്കറ്റ് ചെയ്യുമെന്ന് പ്രോജക്ടിൽ വിവക്ഷിച്ചിട്ടില്ല.

7) നിലവിൽ ഏതെല്ലാം യൂണിറ്റുകൾ നാപ്കിൻ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്, ഇവക്ക് അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കുന്നത് എപ്രകാരമാണ് എന്ന വിവരങ്ങൾ ലഭ്യമല്ല.

8) ക്ഷേമ കാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 7.11.18 ലെ 6(1) തീരുമാനത്തിന്റെ സാരാംശം താഴെ ചേർക്കുന്നു.

2016-17 ൽ ജില്ലയിൽ ഷീ പാഡ് പദ്ധതി തുടങ്ങുമ്പോൾ ജില്ലാപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം സാനിറ്ററി നാപ്കിൻ നിർമ്മാണപരിശീലനത്തിനും, യൂണിറ്റ് സെറ്റ് അപ് ചെയ്യുന്നതിനുമായി അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ C STED എന്ന സ്ഥാപനവുമായാണ് കരാർ വച്ചത്. നാപ്കിൻ നിർമ്മാണപരിശീലനം നടത്തിയ വകയിൽ 1,50,000രൂപ, യൂണിറ്റ് സെറ്റപ്പിന് 9,00,000 രൂപ, യൂണിറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രോജക്ടിന്റെ സർവീസ് ചാർജ് ഇനത്തിൽ 1,70,000രൂപ ഉൾപ്പെടെ 12,20,000രൂപ C STEDഡയറക്ടറുടെ പേരിൽ നൽകി. പരിശീലനത്തിന് 1,50,000രൂപ, യൂണിറ്റ് സെറ്റപ്പിന് 9,00,000രൂപ ചെലവായി. സർവീസ് ചാർജ് ഇനത്തിൽ നൽകിയ 1,70,000രൂപയുടെ ചെലവ് വിവരം ലഭ്യമായിട്ടില്ല. C STEDഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുന്നതിന് നിർവഹണഉദ്യോഗസ്ഥയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച നിരീക്ഷണങ്ങൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/13.02.2020), നിർവഹണഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി പ്രകാരം എല്ലാ യൂണിറ്റുകളും ഇലക്ട്രിഫിക്കേഷൻ കഴിഞ്ഞിട്ടുണ്ടെന്നും മൂന്നും പ്രവർത്തനക്ഷമമാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ്എൻക്വയറിയിൽ ആവശ്യപ്പെട്ട മറ്റ് രേഖകളോ, വിശദാംശങ്ങളോ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2016-17 മുതൽ 2018-19 വരെയായി ഈ പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത് 2.75 കോടിയിൽപരം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നിട്ടും പദ്ധതിപ്രവർത്തനം ലക്ഷ്യം നേടിയതായി കാണുന്നില്ല. വനിതകൾക്ക് ഏറ്റവും അധികം ഉപകാരപ്പെടുന്ന ഈ പദ്ധതിയ്ക്കായി തുടർവർഷവും തുക വകയിരുത്തിയിട്ടുണ്ട് എന്നതിനാൽ നല്ലരീതിയിൽ നടപ്പാക്കുന്നതിലേയ്ക്കായി താഴെ പറയുന്ന ശിപാർശകൾ ഭരണസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

എ) ജില്ലാപഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള മെഷീനുകൾ നിലവിൽ പ്രവർത്തനക്ഷമമല്ല. അതുകൊണ്ടുതന്നെ സ്കൂളുകളിലും മറ്റ് സ്ഥാപനങ്ങളിലും സ്ഥാപിച്ച വെൻഡിംഗ് മെഷീനുകൾ പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. സമയബന്ധിതമായി ഈ പ്രക്രിയ പൂർത്തീകരിക്കേണ്ടതാണ്.

ബി) മെഷീനുകളുടെ കാലാകാലങ്ങളിലെ അറ്റകുറ്റപ്പണി നടത്തുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തേണ്ടതും ഗുണഭോക്തൃ സ്ഥാപനങ്ങളുടെ പ്രാതിനിധ്യം പ്രസ്തുത സംവിധാനത്തിൽ ഉറപ്പാക്കേണ്ടതും ആണ്.

സി) പ്രൊഡക്ഷൻ യൂണിറ്റുകൾക്ക് യഥാസമയം അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കുന്നതിനും ഒരു സ്ഥിരം സംവിധാനം ഉറപ്പാക്കേണ്ടതാണ്. ഈ സംവിധാനത്തിൽ ജില്ലാപഞ്ചായത്തിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ പ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നത് ഉചിതമായിരിക്കും.

ഡി) ആവർത്തനച്ചെലവുകൾ നടത്തുന്നതിന് പ്രൊഡക്ഷൻ യൂണിറ്റുകളുമായി കരാർ വെക്കേണ്ടതാണ്. പ്രവർത്തന മൂലധനത്തിനു പകരം റിവോൾവിംഗ് ഫണ്ട് പോലുള്ള സംവിധാനം ഇത്തരം യൂണിറ്റുകൾക്ക് സർക്കാർ അനുമതിയോടെ ഏർപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

## 1-33 പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതികൾ ആവിഷ്ക്കരിച്ചു.

നിർവഹണഉദ്യോഗസ്ഥ – ജില്ലാ വനിതാവികസന ഓഫീസർ

സ.ഉ.(കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018 ഖ.8.5 പ്രകാരം വികസനപ്രോജക്ടിന്റെ ഭാഗമായി പരിശീലനം ആകാം. പരിശീലനത്തിന് മാത്രമായി പ്രോജക്ടുകൾ പാടില്ല. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിച്ച് പരിശീലനപരിപാടികൾ ഏറ്റെടുക്കാവുന്നതാണ്.

ഇതിന് വിരുദ്ധമായി 3 പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പദ്ധതികൾ തൻവർഷം നടപ്പാക്കിയിട്ടില്ല.

| പ്രോജക്റ്റ് | ഫണ്ട് | അടങ്കൽ |
|---|---|---|
| S625/19ഭിന്നശേഷിയുള്ള കുട്ടികളുടെ അമ്മമാർക്കുവേണ്ടിയു ള്ള സമഗ്രവികസനപദ്ധതി-സ്വയംതൊഴിൽ പരിശീലനവും തുടർപ്രവർത്തനവും | വികസനഫണ്ട് | 20ലക്ഷം |
| S626/19-വിധവകൾക്ക് വേണ്ടിയു ള്ള സമഗ്രവികസനപദ്ധതി-സ്വയംതൊഴിൽ പരിശീലനവും തുടർപ്രവർത്തനവും | വികസനഫണ്ട് | 20ലക്ഷം |
| S627/19-വിധവകൾക്ക് വേണ്ടിയു ള്ള സമഗ്രവികസനപദ്ധതി-സ്വയംതൊഴിൽ പരിശീലനവും തുടർപ്രവർത്തനവും (എസ് സി) | വികസനഫണ്ട്(എസ് സി) | 20ലക്ഷം |

ഇവ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിച്ച പരിശീലനപരിപാടികൾ ആണെന്ന് ഉറപ്പുവരുത്തിയതായി കാണുന്നില്ല.

ഇപ്രകാരം മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതികൾ ആവിഷ്ക്കരിച്ച് വനിതാഘടകപദ്ധതിയായി ഉൾപ്പെടുത്തിയത് ശരിയല്ല. വികസനഫണ്ടിന്റെ 10% വനിതാഘടകപദ്ധതിക്ക് വകയിരുത്തണമെന്ന സർക്കാർ ഉത്തരവ് (സ.ഉ.(കൈ)11/2018/തസ്വഭവ.തീയതി.29.01.2018ഖ.5.4.10)പാലിക്കുന്നതിന് മാത്രമേ ഇത്തരം നടപടികൾ സഹായകരമാകുന്നുള്ളൂ. ഇത്തരത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതും തുടർന്ന് നടപ്പാക്കാൻ സാധിക്കാതെ ഒഴിവാക്കേണ്ടിവരുന്നത് വനിതകൾക്ക് വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി ന്യായമായും ലഭിക്കേണ്ട അവകാശങ്ങൾ/സാമൂഹ്യനീതി നിഷേധിക്കപ്പെടുന്നതിന് ഇടയാക്കുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ നിബന്ധനകൾ പാലിക്കാത്ത പരിശീലനപരിപാടികൾ/പദ്ധതിപ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ശ്രമിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

# 1-34 ജില്ലാവ്യവസായകേന്ദ്രം മാനേജർ നടപ്പാക്കിയ പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അഞ്ചാംപട്ടികയിൽ ജില്ലാപഞ്ചായത്തിന്റെ പൊതുവായ ചുമതലകളും മേഖല അടിസ്ഥാനത്തിലുള്ള ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. ഈ നിയമവ്യവസ്ഥ പ്രകാരം മേൽ ചുമതലകളുടെ നിർവഹണവുമായി ബന്ധപ്പെട്ട് സാമ്പത്തികവികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ജില്ലാപഞ്ചായത്തിന് അധികാരമുണ്ട്. ചെറുകിടവ്യവസായമേഖലയുമായി ബന്ധപ്പട്ട് ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനായി പ്രദർശനങ്ങൾ സംഘടിപ്പിക്കുക എന്നത് ഇപ്രകാരം മേഖലാ അടിസ്ഥാനത്തിൽപെട്ട ജില്ലാപഞ്ചായത്തിന്റെ ചുമതലയാണ്.
ചുമതലാ നിർവഹണത്തിന്റെ ഭാഗമായി ജില്ലാപഞ്ചായത്ത് 2018-19 ൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.S477/19-- തൃശ്ശൂർ പൂരം എക്സിബിഷൻ

ഫയൽ നം.-- B5-447/2018

വൗച്ചർ നം.-- 21800571/10.7.18---6,00,000രൂപ

(ട്രഷറി ബിൽ നം.-- 01/18-19/23.7.2018)

വൗച്ചർ നം.-- 21800438/5.10.18---85,498രൂപ

a) 2018 ഏപ്രിൽ 1മുതൽ മെയ് 31വരെ നടന്ന തൃശ്ശൂർ പൂരം പ്രദർശനത്തിൽ ജില്ലാപഞ്ചായത്ത് 5000ചതുരശ്ര അടി സ്ഥലം പൂരം പ്രദർശനകമ്മറ്റിയിൽനിന്നും വാടകക്ക് എടുത്ത് വിവിധ ഏജൻസികൾക്ക് കൈമാറുകയുണ്ടായി.

62 സ്റ്റാളുകളും 20ബോക്സുകളുമാണ് ഇപ്രകാരം കൈമാറിയത്. എന്നാൽ ഏതെല്ലാം ഏജൻസികൾക്കാണ് സ്ഥലം കൈമാറിയത് എന്നത് സംബന്ധിച്ചോ, പ്രസ്തുത ഏജൻസികളെ പ്രസിദ്ധപ്പെടുത്തിയ ഏത് മുൻഗണനാമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ചു എന്നത് സംബന്ധിച്ചോ രേഖയില്ല. മാനദണ്ഡങ്ങളുടെ അഭാവത്തിൽ അർഹരെ കണ്ടെത്തിയത് എങ്ങനെയെന്നോ അനർഹരെ ഒഴിവാക്കിയത് എങ്ങനെയെന്നോ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

b) സ്റ്റാളുകളുടെ വാടക ഇനത്തിൽ 5,96,000രൂപ വരവുള്ളതായി മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്റ്റാളുകളുടെ വാടക നിശ്ചയിച്ചത് ഏത് നിരക്കിലാണ് എന്നോ, ഓരോരുത്തർക്കും എത്ര സ്ഥലമാണ് അനുവദിച്ചത് എന്നോ അനുവദിക്കപ്പെട്ട സ്ഥലത്തിന്റെ വിസ്തീർണ്ണം വ്യത്യാസപ്പെടുന്നതിന് അനുസരിച്ച് വാടകനിരക്കിൽ വ്യത്യാസം വരുത്തിയിരുന്നോ തുടങ്ങിയ വിവരവും ലഭ്യമല്ല. വാടക നിരക്ക് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയോ ജില്ലാപഞ്ചായത്ത് ഭരണസമിതിയോ അംഗീകരിച്ചതായി കാണുന്നില്ല.

c) സ്റ്റാളുകൾക്കായി പവലിയൻ നിർമ്മാണത്തിന് (ഗേറ്റ് നിർമ്മാണം, തട്ട്, റാക്ക് നിർമ്മാണം, കാർപ്പറ്റ് വിരിക്കൽ, റാക്കിൽ തുണി വിരിക്കൽ എന്നിവയാണ് ഉൾപ്പെടുത്തിയത്) എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് ടെണ്ടർ ക്ഷണിച്ചത്. കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത സ്റ്റീഫൻ ആന്റണി എന്ന വ്യക്തിക്ക് ടെണ്ടർ ഉറപ്പിച്ചു നൽകുകയും കരാർ വെയ്ക്കാതെ 1,50,000രൂപ (ചെക്ക് നം.1439478/6.4.18–1,00,000രൂപ, 1962630/16.5.18—50,000രൂപ) മുൻകൂർ നൽകി. ടിയാൻ തയ്യാറാക്കിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മുൻകൂർ തുക കഴിച്ച് 1,08,165രൂപ (ചെക്ക് നം.1962699/21.6.18) പിന്നീടും നൽകി. കരാറുകാരന്റെ ബില്ലിന്റെ അഭാവത്തിലാണ് തുകഅനുവദിച്ചിട്ടുള്ളത്. കരാറുകാരന് തുക അനുവദിക്കുമ്പോൾ ഉദ്ഭവസ്ഥാനം നിയമാനുസൃത ആദായനികുതി ഈടാക്കി അടവാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

d) പൂരം കമ്മറ്റി 3,88,247രൂപയാണ് ജില്ലാ പഞ്ചായത്തിൽ നിന്നും (നികുതി അടക്കം) വാടക ഈടാക്കിയത്. പൂരം കമ്മറ്റിയുമായി വാടക സംബന്ധിച്ച് കരാർ ഇല്ല . പൂരം കമ്മറ്റി വാടക ഇനത്തിൽ ആകെ ഈടാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

(ഇൻവോയ്സ് നം.19/15.5.18)

| ഇനം | വാടക |
|---|---|
| പവലിയൻ വാടക- | 275000 |
| LED 55W 16nos@1050 | 16800 |
| സീലിംഗ് ഫാൻ17nos@1682 | 28594 |
| Exhaust fan 4@1824 | 7296 |
| 15Amain Switch 1@1000 | 1000 |
| Providing Earth 1@333 | 333 |
| ആകെ | 388247(നികുതി അടക്കം) |

ട്രഷറിബിൽ നം.--01/2018-19/23.7.18 പ്രകാരം 3,02,299രൂപ കമ്മറ്റിക്ക് കൈമാറി.

പൂരം കമ്മറ്റിക്ക് വാടക നൽകുന്നതിനായി 85,948രൂപയുടെ TR59(E)ബിൽ11.7.18 ന് തയ്യാറാക്കി. എന്നാൽ ഈ തുക ഏതെങ്കിലും അക്കൗണ്ടിൽ നിന്ന് മാറിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. തുക കിട്ടിയില്ല എന്ന്പൂരം പ്രദർശനകമ്മറ്റി അറിയിച്ചതിനെ തുടർന്ന് വൗച്ചർ നം.-- 21800438/5.10.18---85,498രൂപ കൈമാറി (ചെക്ക് നം,--2526774/5.10.2018). മാറിയത് 85,498രൂപ ആണെങ്കിലും സുലേഖ പത്രിക പ്രകാരം ചെലവ് 85,948രൂപ ആണ്. ഈ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

e) പ്രോജക്ടിൽ വികസനഫണ്ട് 6,00,000രൂപയും ഗുണഭോക്തൃവിഹിതം 6,70,000രൂപയുമാണ് വകയിരുത്തിയത്. എന്നാൽ ഗുണഭോക്തൃവിഹിതം ഒന്നും തന്നെ സ്ഥാപനത്തിൽ അടവാക്കിയിട്ടില്ല. ഈയിനത്തിൽ ചെലവ് 85,948രൂപ വാടക ഇനത്തിൽ പൂരം കമ്മറ്റിക്ക് തനതുഫണ്ടിൽ നിന്ന് നൽകിയതാണ്. ഗുണഭോക്തൃവിഹിതം ഇനത്തിൽ വരവില്ലാതെ ചെലവ് എപ്രകാരം നടത്തി എന്ന് വ്യക്തമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/13.2.2020.) ലഭ്യമാക്കിയ മറുപടിയിൽ എല്ലാം ഒരേ അളവിലുള്ള സ്ഥലമാണ് എന്നും വാടക ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിർണ്ണയിച്ചിട്ടുള്ളത് എന്നും അതാണ് കീഴ്വഴക്കം എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ വിവിധ കാറ്റഗറിക്ക് (എസ്.സി/എസ്.ടി കുടുംബശ്രീ, എം.എസ്.എം.ഇ(സ്ത്രീ), എം.എസ്.എം.ഇ(ജനറൽ), ബിസിനസ്സ്, ബോക്സ്) വ്യത്യസ്തനിരക്കിലുള്ള വാടക നിശ്ചയിച്ചതായാണ്

അറിയിച്ചിട്ടുള്ളത്. വാടക മുൻകൂർ അടച്ച എല്ലാവർക്കും സൗകര്യം അനുവദിക്കാൻ കഴിഞ്ഞതിനാൽ അതിനായി പ്രത്യേകം മാനദണ്ഡം ഏർപ്പെടുത്തിയിട്ടില്ലെന്നും, ഈ പദ്ധതി വർഷങ്ങളായി നടന്നുവരുന്നതാണെന്നും അറിയിക്കുകയുണ്ടായി. ഇതിനപ്പുറം മേൽ വ്യക്തമാക്കിയ അപാകതകൾക്ക് മറുപടി ലഭിച്ചില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

എല്ലാവർഷവും ഏറ്റെടുത്ത് നടത്തുന്ന ഈ പദ്ധതി പ്രവർത്തനം കൂടുതൽ സുതാര്യമായി നടപ്പിലാക്കുന്നതിലേക്കായി താഴെ പറയുന്ന ശിപാർശകൾ ഭരണസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

എ) പ്രാദേശിക സാമ്പത്തികവികസനവും, സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്നതിനായുള്ള പദ്ധതിപ്രവർത്തനമാണ് ജില്ലാപഞ്ചായത്ത് ഏറ്റെടുക്കേണ്ടത് എന്നതിനാൽ അർഹതപ്പെട്ട ഗുണഭോക്താക്കളെ (മറുപടിയിൽ വ്യക്തമാക്കിയ വിവിധ കാറ്റഗറിയിൽ പെട്ടവരെ) കണ്ടെത്തുന്നതിനായി മാനദണ്ഡങ്ങൾ തയ്യാറാക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യേണ്ടതായുണ്ട്.

ബി) ഓരോ വർഷത്തേയും പൂരം എക്സിബിഷൻ കാലയളവ് ആരംഭിക്കുന്നതിന് മുൻപായി തന്നെ ഈ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ആവശ്യമുള്ള ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതാണ്.

സി) തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ കാറ്റഗറി ഉറപ്പിക്കാനാവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

ഡി) ഗുണഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ചുള്ള സ്ഥലം മാത്രമേ വാടക നൽകി ജില്ലാപഞ്ചായത്ത് പൂരം എക്സിബിഷൻ കമ്മിറ്റിയിൽ നിന്നും ഏറ്റെടുക്കേണ്ടതായുള്ളൂ.

ഇ) ഗുണഭോക്താക്കളുമായി പ്രദർശന കാലയളവിലേയ്ക്ക് കരാറിൽ ഏർപ്പെടേണ്ടതും പ്രസ്തുത കരാറിൽ വാടക വ്യവസ്ഥ സംബന്ധിച്ചും, പ്രദർശന കാലയളവിൽ വാടകയ്ക്ക് ഏറ്റെടുക്കുന്ന സ്ഥലം മറ്റ് വ്യക്തികൾക്ക് കൈമാറുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നതു സംബന്ധിച്ചും നിർബന്ധമായും വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്.

എഫ്) ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി ജില്ലാപഞ്ചായത്തിൽ അടവാക്കേണ്ട വാടക നിരക്ക് നിശ്ചയമായും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജില്ലാപഞ്ചായത്ത് ഭരണസമിതിയും അംഗീകരിക്കേണ്ടതാണ്.

2.S1159/19--- ഉത്രാളിക്കാവ് പൂരത്തോടനുബന്ധിച്ച് വ്യാവസായികവാണിജ്യപ്രദർശനം

ഫയൽ നം.--B6-582/2019

വൗച്ചർ നം.-- 21801410/8.3.2019---1,00,000രൂപ

വൗച്ചർ നം.-- 21801512/28.3.2019---1,00,000രൂപ

വടക്കാഞ്ചേരി ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ 2019ഫെബ്രുവരി 16 മുതൽ മാർച്ച് 4വരെ പ്രദർശനം നടന്നു.

ജില്ലാ പഞ്ചായത്ത് സ്റ്റാൾ 21.2.19 ന് ഉദ്ഘാടനം ചെയ്തു. വിവിധ ഏജൻസികളുടെ 20സ്റ്റാളുകൾ ഉണ്ടായിരുന്നതായും 1.5ലക്ഷം സന്ദർശകർ വന്നതായും 5ലക്ഷം രൂപ വിറ്റുവരവ് ലഭിച്ചതായും 2.5ലക്ഷംരൂപയുടെ ബിസിനസ് ഓർഡർ ലഭിച്ചതായും മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

a) 20സ്ഥാപനങ്ങൾക്ക് ഏത് മാനദണ്ഡപ്രകാരം, ഏത് രീതിയിലാണ്, എത്ര വാടക നിരക്കിലാണ് സ്റ്റാളുകൾ അനുവദിച്ചത് എന്ന വിവരം ഫയലിൽ ഇല്ല.

b) പൂരം കമ്മിറ്റി സ്റ്റാൾ ഒന്നിന് 10,000രൂപ വീതം 20സ്റ്റാളുകൾക്ക് 2,00,000രൂപ വാടക ഇനത്തിൽ ജില്ലാപഞ്ചായത്തിൽ നിന്ന് ഈടാക്കിയിട്ടുണ്ട്. കമ്മിറ്റിയുമായി കരാർ ഇല്ല.

c) പൂരം കമ്മിറ്റി 20 സ്റ്റാളുകളുടെ വാടക ഈടാക്കിയിട്ടുണ്ട്. എന്നാൽ നിർവഹണഉദ്യോഗസ്ഥൻ 16 സ്റ്റാളുകളുടെ വാടക മാത്രമാണ് ഈടാക്കിയത്. വാടക നിരക്ക് നിശ്ചയിച്ച മാനദണ്ഡം, ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം, ഭരണസമിതി തീരുമാനം എന്നിവ ലഭ്യമല്ല.

d) 16 സ്റ്റാളുകൾക്ക് 2,000രൂപ വീതം 32,000രൂപ മാത്രമാണ് ജില്ലാപഞ്ചായത്തിന് ലഭ്യമായത്. വാടക ഈടാക്കിയ രസീതികൾ ലഭ്യമായിട്ടില്ല. ലഭ്യമായ 32,000രൂപയിൽ 19,799രൂപ വിവിധ കണ്ടിജന്റ് ചെലവുകൾക്ക് (നോട്ടീസ് പ്രിന്റിംഗ്,സ്റ്റേഷനറി,ബാനർ.ഫോട്ടോആൽബം, എന്നിവ) ചെലവഴിച്ചശേഷം 12,201രൂപ ജില്ലാപഞ്ചായത്തിൽ അടവാക്കുകയാണ് ചെയ്തത്. ഇപ്രകാരം പിരിച്ചെടുത്ത തുക അടവാക്കാതെ ചെലവഴിച്ചതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയോ, ഭരണസമിതിയുടെയോ അനുവാദം ലഭിച്ചിട്ടില്ല. വരവ് തുക യഥാസമയം പഞ്ചായത്ത്ഫണ്ടിൽ അടവാക്കുകയും ചെലവിന് ആവശ്യമായ തുക അനുവാദപ്രകാരം പിൻവലിക്കുകയുമാണ് ചെയ്യേണ്ടത്.

e) ജില്ലാ പഞ്ചായത്ത് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 8.2.19 ലെ 5(1)തീരുമാനപ്രകാരം ഉത്രാളിക്കാവ് പൂരം എക്സിബിഷൻ എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനും തനതുഫണ്ടിലെ ചെലവ് തുക റീകൂപ്പ് ചെയ്യുന്നതിനും ജില്ലാപഞ്ചായത്തിനോട് ശുപാർശ ചെയ്തു. എന്നാൽ ഈ ശുപാർശ ഭരണസമിതി ഭേദഗതിയോടെയാണ് അംഗീകരിച്ചത്. ഭരണസമിതിയുടെ 28/2/19 ലെ 1(1) തീരുമാനപ്രകാരം ഈ പദ്ധതിക്ക് തുക ചെലവഴിക്കുന്നതിന് അനുവാദത്തിനായി സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചു. തീരുമാനത്തിൻമേൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഈ പൂരപ്രദർശനവും തൃശ്ശൂർ പൂരപ്രദർശനം പോലെ സ്ഥിരമായി സംഘടിപ്പിക്കപ്പെടുകയാണെങ്കിൽ തൃശ്ശൂർ പൂരപ്രദർശനം സംബന്ധിച്ച് ഓഡിറ്റ് സമർപ്പിച്ച ശിപാർശകൾ ഇതിനും ബാധകമാക്കാവുന്നതാണ്.

## 1-35 S682/19—തൃശ്ശൂർ ജില്ലാപഞ്ചായത്ത് 2016-17-കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്ലാസ്റ്റിക് മാലിന്യസംസ്ക്കരണപ്ലാന്റ് -ലക്ഷ്യം നേടിയില്ല

നിർവഹണഉദ്യോഗസ്ഥൻ--ജില്ലാവ്യവസായകേന്ദ്രം മാനേജർ

വികസനഫണ്ട് 16,46,081രൂപ അടങ്കലിൽ സ്പിൽ ഓവർ പദ്ധതി തയ്യാറാക്കി 2018-19 ൽ അംഗീകാരം നേടി. 2017-18 വർഷം സ്പിൽ ഓവർ ആയി നടപ്പാക്കിയ പദ്ധതിയിൽ മാലിന്യസംസ്ക്കരണപ്ലാന്റ് കൈപ്പറമ്പ് പഞ്ചായത്തിലെ വേളക്കോട് വ്യവസായ എസ്റ്റേറ്റിൽ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്.

2017-18ലെ ചെലവ് വിവരം

| ഏജൻസി | ചെലവ് ഇനം | ചെലവ് തുക |
|---|---|---|
| KSEB | ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 3,00,850 |
| KWA | കുഴൽക്കിണർ | 3,80,000 |
| ക്ലീൻ കേരള കമ്പനി | മെഷീനറികൾ വാങ്ങൽ | 7,86,354 |
| റോണി അഗസ്റ്റിൻ, കരാറുകാരൻ | കെട്ടിടനിർമ്മാണം | 16,82,955 |

കെട്ടിടനിർമ്മാണം, വൈദ്യുതീകരണം എന്നിവ പൂർത്തിയാക്കാതെയാണ് മെഷീനറികൾ വാങ്ങിയതെന്നും, യന്ത്രസാമഗ്രികൾ സുരക്ഷിതമായി സൂക്ഷിച്ചിട്ടില്ലെന്നും 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

ആയതിന്റെ തുടർപ്രവർത്തനങ്ങൾക്കായാണ് 2018-19 ൽ പദ്ധതി ആസൂത്രണം ചെയ്തത്. ആവശ്യമായ ഫണ്ട് വകയിരുത്തുകയും നിർവഹണഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടും പദ്ധതി നടപ്പാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കെട്ടിടം ഇതുവരെ ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല എന്നാണ് നിർവ്വഹണഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്.
ജില്ലാപഞ്ചായത്ത് അംഗീകരിച്ച് നടപ്പാക്കിയ പദ്ധതി പ്രവർത്തനങ്ങളിൽ ഭാഗികമായോ പൂർണ്ണമായോ ആസ്തി സൃഷ്ടിക്കപ്പെട്ട് പ്രവർത്തനം ആരംഭിക്കാത്ത/പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് അനുഭവവേദ്യമാകാത്ത പദ്ധതിപ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കാൻ ജില്ലാപഞ്ചായത്ത് സെക്രട്ടറിയോട് ഓഡിറ്റ് എൻക്വയറി 1/19.12.19 പ്രകാരം ആവശ്യപ്പെടുകയുണ്ടായി. ഇതിനുള്ള മറുപടിയിൽ, 2016-17 വർഷം 47.96 ലക്ഷം അടങ്കലിൽ ആരംഭിച്ച ഈ പദ്ധതി പ്രവർത്തനത്തിനായി 2017-18 വരെ 31.18 ലക്ഷം രൂപ ചെലവഴിച്ചെന്നും (ഈ തുക മേൽ പട്ടിക പ്രകാരം വിവരിച്ച തുകയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു), പ്ലാന്റ് ക്ലീൻകേരള കമ്പനിയ്ക്ക് കൈമാറുന്നതിനുള്ള ശ്രമം നടന്നുവരുന്നു എന്നുമാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച ജില്ലാപഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

ഈ വിഷയത്തിൽ ജില്ലാപഞ്ചായത്ത് തീരുമാനമെടുത്തിട്ടുള്ള പക്ഷം പ്ലാന്റ് നിയമപരമായി ക്ലീൻകേരള കമ്പനിയ്ക്ക് കൈമാറി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-36 മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി- മാർഗ്ഗരേഖയിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത പദ്ധതിയ്ക്കു തുക ചെലവഴിച്ചു

പ്രോജക്ട് -മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി(21/19)

നിർവ്വഹണം -ജില്ലാ പട്ടികജാതി വികസന ഓഫീസർ

അടങ്കൽ -2,00,000/-

ചെലവ് -95,390/-

ട്രഷറി ബിൽ നം. - 1 )4 /18-19/11.12.18,തുക – 57,931 /- (vr.no.21800988/11.12.18)

2 )5/18-19/20.3.19,തുക – 37,459/- (vr.no.21801731/19.3.19)

ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിച്ചുവരുന്നതും ജില്ലാപഞ്ചായത്തിന്റെ അംഗീകാരത്തോടെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതുമായ രണ്ട് എസ്.സി വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി വിഭാവനം ചെയ്ത ഈ പദ്ധതി പ്രകാരം ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട അൻസാർ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ 12-ാം ക്ലാസ്സ് വിദ്യാർത്ഥിനിയായ കുമാരി. നമിത എം.പി യുടെ പഠനാവശ്യത്തിനായി ചെലവഴിച്ച (യൂണിഫോം, ബുക്കുകൾ, ട്യൂഷൻ ഫീ, ഹോസ്റ്റൽ ഫീ എന്നീ ഇനത്തിൽ) തുക സ്കൂൾ അക്കൗണ്ടിലേക്ക് മേൽവൗച്ചറുകൾ പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെചേർക്കുന്നു.

1) 2018-19 വർഷത്തെ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ (സ.ഉ (കൈ)നം.11/2018/തസ്വഭവ തീ.29.01.2018), സബ്സിഡി മാർഗരേഖ (സ.ഉ (കൈ)നം.22/2018/തസ്വഭവ 14.02.2018) എന്നിവയിൽ മേൽപ്രകാരം ഒരു പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തു നിർവ്വഹിക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടുത്തിക്കാണുന്നില്ല. ഇപ്രകാരമുള്ള പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തുനടപ്പാക്കുന്നതിനായി സർക്കാർ ഉത്തരവുകളോ മാർഗ്ഗനിർദ്ദേശമോ ഉണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2) ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള 25/5/1990 ലെ സ.ഉ (കൈയ്യെഴുത്ത്)32/90/ പജാ.പവ.വി.വ ഉത്തരവ്, പട്ടികജാതി വകുപ്പ് ഈ പദ്ധതി നടപ്പാക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ആണ് വ്യക്തമാക്കുന്നത്. ഈ ഉത്തരവ് പ്രകാരം ഈ പദ്ധതി നടപ്പാക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്.

ജില്ല പട്ടികജാതി വികസന ഓഫീസർമാർ അവരുടെ അധികാരപരിധിയിൽ വരുന്ന സ്കൂളുകളിൽ അഞ്ചാം ക്ലാസ്സിലേക്ക് പ്രമോഷൻ ലഭിച്ച പട്ടികജാതി വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽ നിന്നും ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പ്രഫോർമയിൽ അപേക്ഷ ക്ഷണിച്ച് കൂടുതൽ മാർക്ക് വാങ്ങി വിജയിച്ച വിദ്യാർത്ഥികളെ ഈ പദ്ധതി അനുസരിച്ചുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് തെരഞ്ഞെടുത്ത് പട്ടികജാതി വികസന ഡയറക്ടർക്ക് നൽകേണ്ടതും അർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് പട്ടികജാതി വികസന ഡയറക്ടർ വിജ്ഞാപനം ചെയ്യുന്നതും ആയതിൻ പ്രകാരമുള്ള തുടർ നടപടികൾ പട്ടികജാതി വികസന ഓഫീസർ നടപ്പാക്കുമെന്നുമാണ് ടി ഉത്തരവ് നിർദ്ദേശിക്കുന്നത്.

എന്നാൽ തൻവർഷത്തെ ഗുണഭോക്താവായ കുമാരി. നമിത എം.പി എന്ന വിദ്യാർത്ഥിനിയെ പട്ടിക ജാതി വകുപ്പിൽ നിന്നുള്ള മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തു എന്നതുസംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3) ഇവർ പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താവാണെന്ന് തെളിയിക്കുന്ന രേഖകൾ, ഇവർക്ക് പട്ടികജാതി വകുപ്പിൽ നിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന രേഖകൾ, ഇവർക്ക് ഏത് ക്ലാസ്സ് മുതൽക്ക് ഈ ആനുകൂല്യം നൽകിവരുന്നു എന്നീ രേഖകൾ ഫയലിൽ ഇല്ല.

4) പട്ടികജാതി വകപ്പിൽ നിന്നും തെരഞ്ഞെടുത്ത ഗുണഭോക്താവല്ലെങ്കിൽ (മറിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുത്ത ഗുണഭോക്താവാണെങ്കിൽ) ഗ്രാമസഭ തീരുമാനം, ഗുണഭോക്തൃലിസ്റ്റ് എന്നിവ സംബന്ധിച്ച വിവരങ്ങളും ഫയലിൽ ഇല്ല.

5) പദ്ധതി പൂർത്തീകരണം സംബന്ധിച്ച റിപ്പോർട്ട്, മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട് എന്നിവയും ലഭ്യമല്ല.

ടി പദ്ധതിയുടെ മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട്, പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ കംപ്ലീഷൻ റിപ്പോർട്ട് എന്നിവയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ആവശ്യമായ രേഖകളുടെ അഭാവത്തിൽ പദ്ധതിപ്രവർത്തനത്തിന്റെ നിയമപരത ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-37 കസ്റ്റം ഹയറിംഗ് സെന്ററിലേക്ക് ആവശ്യമായ മെഷീനറി വാങ്ങൽ പദ്ധതി പൂർണ്ണമായും ഫലപ്രദമായില്ല.

പ്രോജക്റ്റ് നം ----- S126/19-കസ്റ്റം ഹയറിംഗ് സെന്ററിലേക്ക് ആവശ്യമായ മെഷീനറി വാങ്ങൽ

നിർവഹണഉദ്യോഗസ്ഥൻ ---അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(കൃഷി)

ഫയൽ നം---AE3–511/18

വൗച്ചർ നം---- 21801548/30.3.19–8,50,000(തനതുഫണ്ട്)

(ചെക്ക് നം.--5590086/8.5.19)

(ട്രഷറി ബിൽ നം / തുക---CB30/18-19/22.3.19---18,00,000-- ക്യൂ ബിൽ ആയതിനാൽ 18-19 ൽ മാറിയില്ല)

മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററിലേക്ക് ആവശ്യമായ മെഷീനറി വാങ്ങൽ എന്ന പദ്ധതി പ്രകാരം കാർഷിക മേഖല യന്ത്രവൽക്കരിക്കുന്നതിന് ആവശ്യമായ കൊയ്ത്ത്മെതി യന്ത്രങ്ങൾ (2എണ്ണം)

വാങ്ങുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത Raidco യിൽ നിന്ന് 26,50,000 രൂപ വിലയുള്ള Yanmar AW70GV Combined Harvester വാങ്ങി.

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിക്കായി ഇ ടെണ്ടർ ആണ് നടപ്പാക്കിയത്. നിർവഹണഉദ്യോഗസ്ഥന്റെ 23.2.19 ലെ AE(3)511/2018 കത്ത് പ്രകാരം Kaico യുടെ ടെണ്ടർ ലഭിച്ചത് 20.2.19 ന് ആണെന്നും, 14.2.19 ആയിരുന്നു അവസാനതീയതി എന്നും ആയതിനാൽ ടെണ്ടർ നിരസിക്കുന്നു എന്നും അറിയിച്ചിട്ടുണ്ട്. ഓൺ ലൈനായി സമർപ്പിക്കുന്ന ടെണ്ടറുകളിൽ സമയപരിധി കഴിഞ്ഞ് ടെണ്ടർ സമർപ്പിക്കുവാൻ സാധ്യമല്ലെന്നിരിക്കെ ടെണ്ടർ വൈകി ലഭിച്ചുവെന്ന കാരണത്താൽ ടെണ്ടർ നിരസിക്കുന്നത് എപ്രകാരമാണ് എന്ന് വ്യക്തമല്ല.

2.Unique Mahindra, Raidco എന്നീ സ്ഥാപനങ്ങളുടെ ഓൺലൈനായി ലഭിക്കുന്ന BOQ പത്രിക ഫയലിൽ ഇല്ല.

3.ടെണ്ടർ നോട്ടീസിൽ(ഇനം. 7) ആവശ്യപ്പെട്ട പ്രകാരമുള്ള വാറന്റി (2വർഷം / 500hours running (whichever is earlier) for machinaries, 1year/ 800hours (whichever is earlier) for rubber track) കമ്പനി ലഭ്യമാക്കിയതായി കാണുന്നില്ല.

4.ടെണ്ടർ നോട്ടീസിൽ (ഇനം. 13) selected firms should provide training for 12 selected operators for a period not less than 40working hours എന്ന വ്യവസ്ഥ ചേർത്തിട്ടുണ്ട്. എന്നാൽ Raidcoയുമായി ഇപ്രകാരം കരാർ വക്കുകയോ കമ്പനി പരിശീലനം നൽകുകയോ ചെയ്തതായി കാണുന്നില്ല.

5.ജില്ലാ പഞ്ചായത്ത് ടെണ്ടറിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ളതാണ് ലഭ്യമായ മെഷീൻ എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
6.മെഷീൻ സ്റ്റോക്കിൽ എടുത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7.മെഷീന് വാടക നിശ്ചയിച്ചതായോ വാടകക്ക് നൽകുന്നതായോ ഫയലിൽ വിവരം ഇല്ല .
മെഷീൻ നിലവിൽ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത് എന്നും എപ്രകാരമാണ് ഉപയോഗക്രമം എന്നും അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (57/18.3.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ വിവരിച്ച സാഹചര്യത്തിൽ താഴെ പറയുന്ന ശിപാർശകൾ ഭരണസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.
എ) ടെണ്ടർ നോട്ടീസിൽ വ്യക്തമാക്കിയ പോലെ തെരഞ്ഞെടുത്ത വ്യക്തികൾക്ക് പരിശീലനം നൽകുന്നതിനായി Raidco യോട് രേഖാമൂലം ആവശ്യപ്പെടേണ്ടതാണ്.
ബി) വാടക നിശ്ചയിച്ച് മെഷീൻ വാടകക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
സി) മുകളിൽ പരാമർശിച്ച മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-38 ഹൈടെക്ക് പിഗ്ഗ്ബ്രീഡിങ്ങ് യൂണിറ്റ് നിർമ്മാണം-കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ അധിക തുക നൽകി, നിയമാനുസൃതമുള്ള സപ്ലിമെന്ററി എഗ്രിമെന്റ്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല

പ്രോജക്ട് - ഹൈ ടെക് പിഗ്ഗ് ബ്രീഡിങ്ങ് യൂണിറ്റ് നിർമ്മാണം

ആകെ പദ്ധതി അടങ്കൽ -42,50,000/-(2017-18 ൽ ആരംഭിച്ചു)

2017-18 ലെ ചെലവ് -8,50,000/- (bill no.5/17-18/15.02.18)

പ്രോജക്ട് നമ്പർ -442/18

തൻവർഷഅടങ്കൽ (2018-19) - 34,00,000

പ്രോജക്ട് നമ്പർ -571/19

ചെലവ് - 25,50,000-1)bill no.1/18-19/25.05.18 - 12,75,000/-

2)bill no.4/18-19/26.7.18 - 12,75,000/-

2019- 20 അടങ്കൽ -8,50,000/-

പ്രോജക്ട് നമ്പർ -813/20

ചെലവ് -8,50,000/- (bill no.1/19-20/24.5.19 , 8,50,000)

ആകെ പദ്ധതി ചെലവ് -42,50,000/-

നിർവ്വഹണം - സീനിയർ വെറ്റിനറി സർജൻ, വെറ്റി.പോളിക്ലിനിക്ക്, കുന്നംകുളം

നിർവ്വഹണ ഏജൻസി -കോസ്റ്റ്ഫോർഡ്

കരാർ നമ്പർ/തീയ്യതി -1329/2017-2018/19.01.18

കരാർ തുക -42,50,000/-

കുന്നംകുളം പന്നിവളർത്തൽ കേന്ദ്രത്തിന്റെ പുനരുദ്ധാരണംനടത്തി ഹൈ ടെക് പിഗ്ഗ് ബ്രീഡിങ്ങ് യൂണിറ്റ് ആക്കിമാറ്റുന്നതിനുവേണ്ടിയാണ് മേൽ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ആയതിന്റെ ചെലവ് വിവരങ്ങൾ ആണ് മുകളിൽ ചേർത്തിരിക്കുന്നത്. 2017-18 ൽ ആരംഭിച്ച ടി പദ്ധതി 2019-20 ൽ സ്പിൽ ഓവർ ആയി തുടരുകയും പദ്ധതി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 19-20 സാമ്പത്തികവർഷത്തിൽ കരാർ പ്രകാരമുള്ള അവസാനഗഡുവും നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയ്ക്കു സാങ്കേതികാനുമതി നൽകേണ്ട ഉചിത അധികാര സ്ഥാനം ആയത് നൽകി കാണുന്നില്ല.

2) എഗ്രിമെന്റിനോടൊപ്പം (1329/2017-2018/19.01.18) സമർപ്പിക്കപ്പെട്ട എസ്റ്റിമേറ്റിൽ വ്യത്യാസം ( എസ്റ്റിമേറ്റ് തുകയിൽ വ്യത്യാസം ഇല്ല) ആവശ്യമായതിനാൽ 14.3.2018 ൽ കോസ്റ്റ്ഫോർഡ് റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചു (കത്ത് നം.COSTFORD/2433/KKM/Renvn/2016 dtd.14.3.18). എന്നാൽ ഇതിന് സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കിയിട്ടില്ല.

3) ഫൈനൽ ബില്ലിനോടൊപ്പം 3,29,709.79 രൂപയുടെ എക്സ്ട്രാവർക്ക് നടത്തിയതിന്റെ കണക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന് റിവൈസ്ഡ് എസ്റ്റിമേറ്റും , സപ്ലിമെന്ററി എഗ്രിമെന്റും തയ്യാറാക്കിയിട്ടില്ല.

4) ജി.ഒ (പി) നം.453/2015/ഫിൻ തീ.9.10.15 ഖണ്ഡിക 2(v) പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ 01.01.2016 മുതൽ price soft ware മുഖേനയും, നിരക്കിനും ആനുപാതികം ആവണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ മേൽ നിർദ്ദേശം പാലിച്ചുകാണുന്നില്ല.

5) പി .ഡബ്ല്യൂ.ഡി ചീഫ് എൻജിനീയറുടെ 19/9/17 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014(a) /05 പ്രകാരം 1/10/2017 മുതൽ തൃശ്ശൂർ ജില്ലക്കു ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25% ആണ്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 40.20% കോസ്റ്റ് ഇൻഡക്സ് നിരക്കിലാണ്. ടി പദ്ധതിയ്ക്കു സാങ്കേതികാനുമതി നൽകിയതിന്റെ വിശദാംശം ഫയലിൽ ലഭ്യമാക്കിയിട്ടില്ല. കോസ്റ്റുഫോർഡുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് 19.01.18 ലാണ്. കോസ്റ്റുഫോർഡ് ഡ്രാഫ്റ്റ് എഗ്രിമെന്റും എസ്റ്റിമേറ്റും തയ്യാറാക്കി നൽകിയിരിക്കുന്നത് 16.01.18 ലാണ് (കത്ത് നം.COSTFORD/2433/16 DT.16.01.18). ഈ തീയ്യതികൾ പരിഗണിക്കുമ്പോൾ 2.95% അധിക നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകിയിട്ടുണ്ട് . അധികം നൽകിയ തുക താഴെപ്പറയും പ്രകാരം പരിഗണിക്കാവുന്നതാണ്.

Actual value of work done (as per final bill) =3749127.69 (2451777.69+1297350)
ഈ മൂല്യം ഒരു സംഖ്യയുടെ 140.2% ആയതിനാൽ സംഖ്യ= (3749127.69 × 100)÷140.2 = 2674128.17
ആയതിനാൽ അർഹമായ കോസ്റ്റ് ഇൻഡക്സ്(37.25%) പ്രകാരം മൂല്യം = ( 2674128.17×137.25)÷100 = 3670240.91
അതിനാൽ മൂല്യത്തിൽ ഉൾപ്പെട്ട അധികതുക = 3749127.69-3670240.91 = 78886.78≈78,887 രൂപ

6) നികുതി ഉൾപ്പെടെയുള്ള തുകകൾ നൽകുന്നതിനാണ് 7.5% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ നികുതി ഉൾപ്പെടെയുള്ള തുകകൾ കണക്കാക്കിയാണ് നിർവ്വഹണ ഏജൻസിക്കു തുക നൽകിയിരിക്കുന്നത്. ബില്ലിൽ നിന്നും നിർബന്ധമായും ഈടാക്കി അടവാക്കേണ്ട IT,KCWWF,GSTഎന്നിവ ഈടാക്കി കാണുന്നില്ല.

7) കോസ്റ്റ് ഫോർഡ് ഈ പ്രവൃത്തിയ്ക്കു ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി(32/5.03.2020) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.
ഈ സാഹചര്യത്തിൽ താഴെ പറയുന്ന ശിപാർശകൾ ഭരണസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു.
എ) അക്രഡിറ്റഡ് ഏജൻസികൾ മുഖേന ജില്ലാപഞ്ചായത്ത് മരാമത്ത് വിഭാഗമല്ലാത്ത നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതിപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുമ്പോൾ ആവശ്യമെങ്കിൽ മരാമത്ത് വിഭാഗത്തിൽ നിന്നും സാങ്കേതിക സഹായം സ്വീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാവുന്നതാണ്. ഇപ്രകാരം സാങ്കേതിക സഹായം നൽകുന്നതിന് മരാമത്ത് വിഭാഗത്തിനും നിർദ്ദേശം നൽകാവുന്നതാണ്. ആവശ്യമെങ്കിൽ ഈ കാര്യത്തിനായി വിശദമായ ഉത്തരവ് പുറപ്പടുവിക്കേണ്ടതാണ്.
ബി) കോസ്റ്റ് ഇൻഡക്സ് ഇനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

സി) കോസ്റ്റ്ഫോർഡിൽ നിന്നും തുക തിരികെ ലഭിക്കാൻ പ്രയാസം നേരിടുന്ന പക്ഷം വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി പരിഹാരം തേടേണ്ടതാണ്.

## 1-39 ജില്ലാ ഹോമിയോ ആശുപത്രിയ്ക്കു 5,99,040/-രൂപയുടെ മരുന്ന്

## ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

2018-19 വർഷത്തിൽ പ്രോജക്ട് നം.37/19 പ്രകാരം ജില്ലാ ഹോമിയോ ആശുപത്രിക്കു മരുന്ന് ലഭ്യമാക്കുന്നതിനായി ഹോംകോ ,ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയ 14,00,000/-രൂപയിൽ 5,99,040/- രൂപയുടെ മരുന്ന് ലഭ്യമായതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. നൽകിയ തുകയുടെയും, ലഭ്യമാക്കിയ മരുന്നിന്റേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണം -സൂപ്രണ്ട്, ജില്ലാ ഹോമിയോ ആശുപത്രി
ട്രഷറി ബിൽ നം. -4/18-19/15.10.18, തുക -14,00,000/-(റോഡിതരം)
വൗച്ചർ നം. -21800597/02.08.18
ഹോംകോയിൽ നിന്നും ലഭ്യമാക്കിയ മരുന്നിന്റെ വിവരം
1)ഇൻവോയിസ് നമ്പർ -LF-1820/29.3.19, തുക-4,54,925/-
2)ഇൻവോയിസ് നമ്പർ -LF-836/10.8.19, തുക -3,46,035/-

ആകെ ലഭ്യമാക്കിയ മരുന്ന് -8,00,960/-

5,99,040/-രൂപയുടെ മരുന്ന് ലഭിക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതും, ആയത് ലഭ്യമാകുന്ന മുറക്ക് അനുബന്ധ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-40 ലൈഫ് മിഷൻ ഭവന നിർമ്മാണം -ഒന്നാംഘട്ടം-ജില്ലാ പഞ്ചായത്ത് നേരിട്ട് നടപ്പാക്കിയത് 2017-18 ൽ ആരംഭിച്ച് 2019-20ലും പൂർത്തീകരിക്കാതെ തുടരുന്നു

**2017-18 വർഷത്തെ പ്രോജക്ട് വിവരം**

പ്രോജക്ട് – ലൈഫ് മിഷൻ 2017-18 (2007-2008 മുതൽ 2014-15വരെ പണിപൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനുള്ള അധിക വിഹിതം).

അടങ്കൽ -5,10,000

ചെലവ് -5,10,000

**2018-19വർഷത്തെ പ്രോജക്ട് വിവരം**

1)പ്രോജക്ട് - ലൈഫ് മിഷൻ 2018-19- ഭവനപദ്ധതി- ജില്ലാ പഞ്ചായത്ത് നേരിട്ട്നടത്തിയ

ഭവനങ്ങളുടെ പൂർത്തീകരണം (എസ്.സി.പി)

പ്രോജക്ട് നമ്പർ -643/19

നിർവ്വഹണം -സെക്രട്ടറി

അടങ്കൽ -2,00,00,000

ചെലവ് -1,74,32,779

2)പ്രോജക്ട് - ലൈഫ് മിഷൻ 2017-18- തൃശ്ശൂർ ജില്ലാ പഞ്ചായത്ത് (2007-2008 മുതൽ 2014-15വരെ പണിപൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ജില്ലാ പഞ്ചായത്ത് നേരിട്ട് അധികവിഹിതംനല്കൽ (എസ്.സി.പി-സ്പിൽഓവർ).

പ്രോജക്ട് നമ്പർ -659/19

നിർവ്വഹണം -സെക്രട്ടറി

അടങ്കൽ -47,92,280

ചെലവ് -47,01,737

**2019-20വർഷത്തെ പ്രോജക്ട് വിവരം**

പ്രോജക്ട് -2019-20 ലൈഫ് മിഷൻ- പണിപൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് പൂർത്തീകരണത്തിനായി ധനസഹായം നൽകൽ.

പ്രോജക്ട് നമ്പർ - 1115/20

അടങ്കൽ -74,00,000

ചെലവ് -17,54,425 (13/3/2020വരെ)

2015-16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ ഭവന നിർമ്മാണപദ്ധതികൾ പ്രകാരം ഭവനനിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയിട്ടും വ്യത്യസ്ഥ കാരണങ്ങളാൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് സ്വന്തമായി അടച്ചുറപ്പുള്ള ഒരു കിടപ്പാടം യാഥാർത്ഥ്യമാക്കുക എന്നുള്ളതാണ് ലൈഫ് മിഷന്റെ ആദ്യവർഷത്തെ (2017-18ലെ) ലക്ഷ്യം.

ഈ ലക്ഷ്യത്തിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് 2017-18 മുതൽ 2019 -20 വരെ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ആണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 174 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇവർ ജില്ലാപഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന്പരിശോധിക്കുന്നതിന് ഗുണഭോക്തൃലിസ്റ്റ് ഫയലിൽ ലഭ്യമല്ല. വിവരം ലൈഫ് മിഷൻ വെബ്പോർട്ടലിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2) 2017-18 ൽ ആരംഭിച്ച പദ്ധതി 2019-20ലും പൂർത്തീകരിക്കാതെ തുടരുകയാണ്. ഭവന നിർമ്മാണരജിസ്റ്റർ പ്രകാരം എഗ്രിമെന്റ് വച്ച് ആദ്യഗഡു കൈപ്പറ്റി ഭവന നിർമ്മാണത്തിലേർപ്പെട്ട 174 പേരിൽ 61പേർ ഭവനനിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല. അവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്തൃ രജിസ്റ്ററിലെ ക്രമനമ്പർ | പേര്,മേൽവിലാസം | ഭവന നിർമ്മാണ ത്തിനായി അനുവദിച്ച തുക | ഗുണഭോക്താവ് കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1 | ബിന്ദു,മൂത്തവള്ളോൻവീട് എറിയാട് | 353360 | 176941 | - |
| 2 | 3 | വേലായുധൻ,നെല്ലികുന്ന് കോളനി,എരുമപ്പെട്ടി | 320000 | 157142 | ആദ്യഗഡു |
| 3 | 12 | അംബികസുധാകരൻ,ചേർപ്പ് | 386680 | 289970 | - |
| 4 | 16 | സൗമ്യബാബുരാജ്, പുളിക്കനാത്ത്,പരിയാരം | 386680 | 270003 | - |
| 5 | 18 | ധന്യഅനീഷ്,എറിയാട് | 386680 | 276670 | - |
| 6 | 25 | ബിന്ദുഗോപിനാഥ്,വടക്കേക്കര | 333360 | 250020 | - |
| 7 | 26 | ഓമനമോഹനൻ,കടപ്പുറം | 333360 | 166680 | - |
| 8 | 32 | അമ്മിണി കോരൻ ,വേളൂക്കര | 386680 | 270000 | - |
| 9 | 33 | ശിവതമ്പിളിശശീന്ദ്രൻ,പഴയന്നൂർ | 386680 | 276670 | - |
| 10 | 39 | വിജിശിവൻ,വിരിപ്പാക്കത്തായിൽ | 346680 | 260003 | - |
| 11 | 41 | പുഷ്പകുമാരി ചെന്താമരാക്ഷൻ ,എളനാട് | 333360 | 250020 | - |
| 12 | 49 | ദേവകിചേനത്ത് പറമ്പിൽ | 306800 | 153333 | - |
| 13 | 50 | സിന്ധുശിവൻ,മുല്ലക്കൽവീട് | 386680 | 193333 | - |
| 14 | 53 | ബിന്ദുസുരേഷ്,മുല്ലക്കൽവീട് | 306800 | 13333 | ആദ്യഗഡു |
| 15 | 54 | ജയന്തിവത്സകുമാർ അയിനിക്കൽവീട് | 346680 | 93333 | |
| 16 | 57 | കല്യാണികൊച്ചുമോൾ തളിക്കുളം | 386680 | 193338 | - |
| 17 | 59 | ബിന്ദുഉണ്ണികൃഷ്ണൻ,കിള്ളിമംഗലം | 320000 | 239991 | - |
| 18 | 60 | ഷീജജോഷി,പുത്തൻചിറ | 320000 | 159994 | - |
| 19 | 62 | തങ്കമണിബാബു,മെച്ചത്ത് വളപ്പിൽ | 346680 | 260003 | - |
| 20 | 63 | സിന്ധുബിനീഷ്,തൂമാട്ട്,കോട്ടപ്പടി | 306680 | 153333 | - |
| 21 | 66 | ലതചന്ദ്രൻ,കൊണവൂർപ്പടിവീട് | 320000 | 28571 | ആദ്യഗഡു |
| 22 | 67 | രാധബാബു,കിഴക്കൂട്ട് , വെങ്ങിണിശ്ശേരി | 320000 | 28571 | " |
| 23 | 68 | തങ്കമണിതിലകൻ,പട്ടത്ത് | 320000 | 28571 | "അടിത്തറമാത്രം നിർമ്മിച്ചു തുടർ നിർമ്മാണം ഒന്നും നടത്തിക്കാണുന്നില്ല |
| 24 | 72 | ദേവയാനിസത്യമൂർത്തി | 343360 | 171680 | - |
| 25 | 74 | മീനാക്ഷിമോഹനൻ ,തൊട്ടിപ്പാൾ | 306680 | 13333 | ആദ്യഗഡു |
| 26 | 76 | ഉണ്ണികൃഷ്ണൻ,കാരിവീട് | 343360 | 257520 | |

| | | | | | |
|---|---|---|---|---|---|
| 27 | 78 | ലീന വയമ്പനാത്ത് | 320000 | 28571 | ആദ്യഗഡു |
| 28 | 85 | സരോജിനിചന്ദ്രൻ | 320000 | 159991 | - |
| 29 | 86 | ശുഭരാജപ്പൻ,കോനോത്ത് പറമ്പിൽ | 353360 | 265020 | - |
| 30 | 87 | സുജാതസുരേഷ്,കൊണവൂർപ്പടി, കിള്ളിമംഗലം<br><br>പാഞ്ഞാൾ | 386680 | 173333 | - |
| 31 | 99 | ബിന്ദു ഗോപി,ചെമ്പൻ ഹൗസ് | 306680 | 230003 | - |
| 32 | 110 | ലീലവിനോദ്,പോങ്ങാട് ,എടക്കഴിയൂർ | 386680 | 193340 | ഫയൽ പ്രകാരം തറപ്പണി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ |
| 33 | 111 | ശ്രീദേവി ദാസൻ,ചേന്ദ്രവീട്,വരാക്കര | 346680 | 260003 | ലിന്റൽ വരെ |
| 34 | 116 | അപ്പു ടി.കെ,തച്ചനാടൻവീട് | 306680 | 13333 | ആദ്യഗഡു |
| 35 | 117 | സരോജനിദാസൻ,പാലക്കപറമ്പിൽ | 370000 | 185000 | - |
| 36 | 124 | കുഞ്ഞുലക്ഷ്മി,വില്ലടത്ത് വീട് | 320000 | 28571 | ആദ്യഗഡു മാത്രം |
| 37 | 128 | ഗീതപ്രദീപ്<br><br>വൈമേലി,മരത്താക്കര | 306680 | 230003 | - |
| 38 | 132 | കൊച്ചനിയൻ,കൊക്കിണി, പാണഞ്ചേരി | 343360 | 30000 | ആദ്യഗഡു മാത്രം |
| 39 | 134 | ശാന്തസുബ്രഹ്മണ്യൻ | 280000 | 20000 | ആദ്യഗഡു മാത്രം |
| 40 | 136 | കുമാരിവിൻസന്റ്, നായത്തോടൻവീട് | 333360 | 250020 | ലിന്റൽവരെ |
| 41 | 137 | ലക്ഷ്മികുട്ടി വി.കെ,പുതുശ്ശേരി | 320000 | 28571 | ആദ്യഗഡു |
| 42 | 138 | സന്ധ്യഉണ്ണികൃഷ്ണൻ,ഏഴരത്തോട് | 280000 | 20000 | ആദ്യഗഡു |
| 43 | 140 | ഉഷസത്യൻ.കടവത്ത് | 306680 | 13333 | ആദ്യഗഡു |
| 44 | 142 | പങ്കജചന്ദ്രൻ,പെരുംപടത്തി | 320000 | 28571 | ആദ്യഗഡു |
| 45 | 145 | ശോഭനമോഹനൻ,പടിക്കൽപുരക്കൽ | 280000 | 20000 | ആദ്യഗഡു |
| 46 | 146 | ചന്ദ്രചന്ദ്രൻ ,മുട്ടത്തൻ | 350000 | 50000 | ആദ്യഗഡു |
| 47 | 147 | ഷീബഅർജ്ജുനൻ,മേക്കാട്ട് ഹൗസ് | 280000 | 20000 | ആദ്യഗഡു കൈപ്പറ്റി പണിഒന്നും നടത്തിയിട്ടില്ല |
| 48 | 148 | പി.പിസുബ്രൻ,പൊഴലിപറമ്പിൽ | 353360 | 100000 | - |
| 49 | 150 | ധന്യസേതുമാധവൻ , തൊഴുക്കാട് പണിയിൽ | 346680 | 93333 | - |
| 50 | 130 | ചന്ദ്രൻ ചാത്തൻ,ചെമ്മനിയാടൻ വീട് | 346680 | 26003 | അപേക്ഷ ഇല്ല |
| 51 | 152 | രജിതരാജേഷ് ,താവേറ്റി വീട് | 346680 | 93333 | ആദ്യഗഡു |
| 52 | 156 | അനിതദാസൻ,മനംപിലാക്കൽവീട് | 280000 | 140000 | - |
| 53 | 158 | സിനിമോൾ കെ.പി,കുണ്ടുപറമ്പിൽ | 353360 | 265020 | - |
| 54 | 161 | ചന്ദ്രൻ അയ്യപ്പൻ,പാട്ടുപറമ്പിൽ | 306680 | 13333 | ആദ്യഗഡു |
| 55 | 162 | ഷൈലപ്രേമൻ,ചേനത്ത് വീട് | 353360 | 176680 | - |
| 56 | 163 | സ്മിത സനീഷ്,കൈമപറമ്പിൽ ചുലൂർ | 386680 | 180000 | തറപ്പണി മാത്രം നടത്തിയിട്ടുള്ളൂ |
| 57 | 166 | രാജൻതൂമാട്ട് | 306680 | 153340 | - |
| 58 | 167 | അയ്യപ്പകുട്ടികിഴക്കൂടൻ | 343360 | 257520 | - |
| 59 | 168 | കാർത്തുകോരൻ,കോട്ടായിവീട് | 320000 | 160000 | - |
| 60 | 172 | നൈസികൃഷ്ണദാസ്, നങ്ങിൽ ഹൗസ് | 346680 | 303340 | - |
| 61 | 174 | അനിതരവി,പാലപ്പറമ്പിൽ, പറപ്പൂക്കര | 306680 | 268345 | - |

മുകളിൽ പറഞ്ഞിട്ടുള്ള 61 ഗുണഭോക്താക്കളിൽ പലരും ആദ്യഗഡു മാത്രമേ കൈപ്പറ്റിയിട്ടുള്ളു. പലഘട്ടങ്ങളിലായി ഭവനനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാതെ ശേഷിക്കുന്നു. ഇവരുടെ

ഭവനനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. സ.ഉ (എം.എസ്)നം.196/17/തസ്വഭവ തീ.11.10.17 ഖണ്ഡിക x ൽ ലൈഫ് മിഷന്റെ ആദ്യഘട്ട പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് സമയബന്ധിതമായിതീർക്കുന്നതിന് ടി ഉത്തരവിന്റെ അനുബന്ധം iii ആയി സമയക്രമവും നൽകിയിരുന്നു (2018 മാർച്ച31ന് മുൻപ് തീർക്കുന്നതിന്). എന്നാൽ ടി പദ്ധതി 19-20 ലും പൂർത്തീകരിക്കാതെ തുടരുന്നു.

സ.ഉ (എം.എസ്)നം.196/17/തസ്വഭവ തീ.11.10.17 ഖണ്ഡിക viii( 1) പ്രകാരം, റ്റി.പി.റ്റി.എ (തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസി) യുടെ പ്രധാന ചുമതലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈമാറുന്ന ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ഭാഗികമായി പൂർത്തീകരിച്ച ഭവനങ്ങൾ മുഴുവൻ സന്ദർശിച്ച് നിർമ്മിച്ച ഭാഗത്തിന് മുകളിൽ /വശങ്ങളിൽ തുടർനിർമ്മാണം സാധ്യമാണോ എന്ന ശാസ്ത്രീയമായ റിപ്പോർട്ട് നൽകണം എന്നും, ഇതേ ഖണ്ഡിക (2) പ്രകാരം പൂർത്തീകരണത്തിന് ആവശ്യമാകുന്ന സാധന സാമഗ്രികൾ /തുക എന്നിവ സംബന്ധിച്ച മുഴുവൻ വിവരങ്ങളും എസ്ററിമേറ്റിൽ ഉൾക്കൊള്ളിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. റ്റി.പി.റ്റി.എ യുടെ സേവനം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ലഭ്യമാകാത്തപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗം/തൊഴിലുറപ്പ് പദ്ധതി എഞ്ചിനീയറിംഗ് വിഭാഗം/മറ്റ് എഞ്ചിനീയറിംഗ് വിഭാഗം എന്നിവർക്ക് ചുമതല വിഭജിച്ച് നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഒരു റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ 174 ഗുണഭോക്താക്കളുടെ കാര്യത്തിലും തയ്യാറാക്കിയിരുന്നില്ലയെന്നാണ് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്.

മേൽ ഉത്തരവ് ഖണ്ഡിക ix പ്രകാരം (നിർവ്വഹണ രീതി ), വികേന്ദ്രീകൃതാസൂത്രണ പദ്ധതി മാർഗ്ഗരേഖയിൽ നിലവിൽ ഭവനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്തിയിട്ടുള്ളവർ തന്നെ ലൈഫ് മിഷൻ പ്രവർത്തനങ്ങൾക്കും ചുമതലവഹിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ടി നിർവ്വഹണ ഉദ്യോഗസ്ഥർ ഇല്ലാത്തപക്ഷം തദ്ദേശസ്വയംഭരണ സമിതി നിശ്ചയിക്കുന്ന മറ്റൊരു നിർവ്വഹണ ഉദ്യോഗസ്ഥന് ഇതിന്റെ പൂർണ്ണ ചുമതല നൽകാവുന്നതാണ്. ഇപ്രകാരം ചുമതല നൽകികൊണ്ട് ഭരണസമിതി തീരുമാനം/ ഓഫീസ് ഉത്തരവ് ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാൻ എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ല.
മേൽവസ്തുതകളിൽ നിന്നും മനസ്സിലാകുന്നത് സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാതെയും, കൃത്യമായ ആസൂത്രണം ഇല്ലാതെയും പദ്ധതി നടപ്പാക്കിയതിനാലാണ് ഇത്രയും ഗുണഭോക്താക്കൾക്ക് നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതിരുന്നത് എന്നാണ് .

3) ഗുണഭോക്താക്കൾ ജില്ലാപഞ്ചായത്തുമായി ഏർപ്പെട്ട കരാർ പ്രകാരം ലൈഫ് മിഷൻ വാർഡുതല കർമ്മസമിതി (പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചത്) യുടെ പൂർത്തീകരണ സാക്ഷ്യപത്രം, വീടിന് മുന്നിൽ നിൽക്കുന്ന ഫോട്ടോ (നിർമ്മാണ ഘട്ടം സൂചിപ്പിക്കുന്ന) എന്നിവ നൽകുമ്പോൾ ഗഡുക്കൾ നൽകുന്നതിനാണ് കരാർ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കൂടാതെ സ.ഉ (എം.എസ്)നം.196/17/തസ്വഭവ തീ.11.10.17 ഖണ്ഡിക iv(ബി)1 ൽ ഗുണഭോക്താക്കൾ സ്വയം ഭവന നിർമ്മാണം പൂർത്തീകരിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനതല കർമ്മസമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഭവനനിർമ്മാണം വാസയോഗ്യമായി എന്ന് ബോധ്യപ്പെട്ടാൽ മാത്രമേ അവസാന ഗഡുവിതരണം നടത്താവു എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ 61 പേരിൽ പലരുടെയും ഭവന നിർമ്മാണം പൂർത്തിയായി എന്ന് ഭവനനിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവരുടെ വ്യക്തിഗത ഫയൽ പരിശോധിച്ചതിൽ നിർമ്മാണം പൂർത്തീകരിച്ചതിന്റെയോ (ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് വി.ഇ.ഒ യുടെ സ്റ്റേജ് സർട്ടിഫിക്കറ്റ്, അസി.എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ്, ഗുണഭോക്താവ് നിർമ്മാണം പൂർത്തീകരിച്ച വീടിനു മുന്നിൽ നിന്ന് എടുത്ത ഫോട്ടോ എന്നിവ), അവസാനഗഡുകൈപ്പറ്റിയതിന്റെയോ രേഖകൾ ഇല്ല.
വാർഡ്തല കർമ്മസമിതിയുടെ പ്രവർത്തനം ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം കാര്യക്ഷമമല്ലയെന്നാണ് മേൽ വസ്തുതകൾ സൂചിപ്പിക്കുന്നത്.

4. മേൽപട്ടികയിൽ ക്രമ നമ്പർ 30 ആയി കൊടുത്തിട്ടുള്ള സുജാതസുരേഷ് എന്നവരുടെ ഫയലിൽ പാഞ്ഞാൾ ലൈഫ് വാർഡ്തല കർമ്മസമിതി (പ്രസിഡന്റ് , പാഞ്ഞാൾ ഗ്രാമ പഞ്ചാ.) ഭവനനിർമ്മാണഘട്ടം സംബന്ധിച്ച് നൽകിയ സാക്ഷ്യപത്രത്തിൽ ടിയാളുടെ ഭവനത്തിന്റെ നിർമ്മാണം തറ വരെ പൂർത്തിയായിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടിയാൾ 1,73,333/-രൂപ ആദ്യഗഡുകൈപ്പറ്റിയിട്ടുമുണ്ട്. എന്നാൽ തറ നിർമ്മിച്ചതിന്റെഫോട്ടോ, തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫോട്ടോ അനുബന്ധ രേഖകൾ ഒന്നുതന്നെ ഫയലിൽ ലഭ്യമല്ല. സ്ഥലം മാത്രമേ വാങ്ങിയിട്ടുള്ളൂ, തറകെട്ടിയിട്ടില്ലെന്ന് തിരിച്ചറിയൽകാർഡിൽ രേഖപ്പെടുത്തിയിരിക്കുന്നു. 2007-08 ഭവന നിർമ്മാണ ഗുണഭോക്താവായ ടിയാരി 10,000/-രൂപ ആ കാലയളവിൽ കൈപ്പറ്റിയതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. തെറ്റായ അന്വേഷണ റിപ്പോർട്ടിന്റെയും, ലഭ്യമായ മറ്റ് രേഖകളുടെയും അടിസ്ഥാനത്തിൽ ലൈഫ് ഭവനനിർമ്മാണത്തിലും ആനുകൂല്യം കൈപ്പറ്റി നിർമ്മാണം പൂർത്തീകരിക്കാതെ കരാർ വ്യവസ്ഥ ലംഘിച്ചിരിക്കുന്നു എന്നാണ് കാണുന്നത്. കരാർവ്യവസ്ഥപ്രകാരം ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്തവരിൽ നിന്നും നൽകിയ തുക 12%പലിശ സഹിതം തിരികെ ഈടാക്കേണ്ടതായുണ്ട്. എന്നാൽ തുടർനടപടികൾ സ്വീകരിച്ചുകാണുന്നില്ല.
ലൈഫ് മിഷൻ ഒന്നാം ഘട്ടം അവസാനിച്ചിട്ടുള്ളതിനാൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇത്തരം

സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ബഹു:മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന 05.08.19 ലെ ലൈഫ് മിഷൻ അവലോകന യോഗത്തിൽ തീരുമാനമെടുത്തിട്ടുള്ളതും ആയത് www.lifemission.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യവുമാണ്. തീരുമാനം അനുസരിച്ചുള്ള തുടർ നടപടികൾ ജില്ലാ പഞ്ചായത്ത് സ്വീകരിച്ച് ഭവന നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങളും, പൂർത്തീകരിക്കാത്തവരിൽ നിന്നും നൽകിയ തുക 12%പലിശ സഹിതം ഈടാക്കിയതിന്റെ വിശദാംശങ്ങളും സഹിതം വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-41 വിജ്ഞാൻ സാഗർ പദ്ധതി - പ്ലാൻ ഫണ്ട് സർക്കാർ അനുമതിയോടെ വിനിയോഗിക്കേണ്ടതാണ്

വിജ്ഞാൻ സാഗർ ശാസ്ത്രസാങ്കേതികപാർക്ക്, രാമവർമ്മപുരം, 1955 ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനമാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട B2-4750/17 നം. ഫയൽ പ്രകാരം ജില്ലാപഞ്ചായത്ത് വിജ്ഞാൻ സാഗർ പദ്ധതി നിർവ്വഹണത്തിനായി ചെലവഴിച്ച തുകകളുടെ സംക്ഷിപ്തം താഴെക്കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2006 | 20,00,000 |
| 2007 | 52,00,000 |
| 2010 | 25,00,000 |
| 2015 | 1,50,00,000 |
| 2017 | 2,75,00,000 |
| 2018 | 1,30,00,000 |
| 2019 | 70,00,000 |
| ആകെ | 7,22,00,000 |

മേൽപട്ടിക പ്രകാരം 7,22,00,000/- (ഏഴുകോടി ഇരുപത്തിരണ്ട് ലക്ഷം രൂപ) ജില്ലാപഞ്ചായത്ത് ഇതിനകം ഈ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.

മേൽസൂചിപ്പിച്ച ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റിക്ക് ഈ പദ്ധതിക്കായി പ്ലാൻ ഫണ്ട് നൽകണമെങ്കിൽ സർക്കാരിന്റെ പ്രത്യേകാനുമതി ആവശ്യമുണ്ടെന്ന വിഷയം സംബന്ധിച്ച് 06.07.18 ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ ജില്ലാപഞ്ചായത്ത് സെക്രട്ടറി കുറിപ്പ് അവതരിപ്പിച്ചിട്ടുണ്ട്. സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ട് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെടുത്ത തീരുമാനം 13.07.18 ലെ 6-ാം നമ്പർ തീരുമാനപ്രകാരം ജില്ലാപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുമുണ്ട്. ഈ തീരുമാനം നിലനിൽക്കെയാണ് 2018-19 വർഷം 70,00,000/- രൂപ സൊസൈറ്റിക്ക് കൈമാറിയിട്ടുള്ളത്. ഈ നടപടിക്ക് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടോയെന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

ഓഡിറ്റ് എൻക്വയറി പ്രകാരം സൊസൈറ്റിയുടെ കഴിഞ്ഞ മൂന്ന് വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും ലഭ്യമാക്കാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കണക്കുകളും, accountant's report on compilation of unaudited financial statements ഉം ആണ് ലഭിച്ചത്. 2018-19 ലെ notes to accounts പ്രകാരം സൊസൈറ്റിയ്ക്ക് bank transfer ആയി 1,57,04,000 രൂപ capital fund ഇനത്തിൽ ലഭിച്ചപ്പോൾ 45,04,000 രൂപയ്ക്ക് details of payers ലഭിക്കാത്തതിനാൽ receipts നൽകിയില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനത്തിന്റെ 2018-19 ലെ income&expenditure account പ്രകാരം ആകെ 22,38,161.74 രൂപ ചെലവുള്ളതിൽ 11,79,498 രൂപ ശമ്പളവും അലവൻസും ഇനത്തിലാണ്. ഇത് പ്രകാരം excess of expenditure over income 3,43,742.64 രൂപയാണ്. സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം current asset ഇനത്തിൽ മൂന്ന് ബാങ്ക് അക്കൗണ്ടിലായി 1,85,18,700.8 രൂപ നീക്കിബാക്കി അവശേഷിക്കുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ സർക്കാരിന്റെ പ്രത്യേകാനുമതിയില്ലാതെ ഓരോ വർഷവും ഭീമമായ തുക വിജ്ഞാൻ സാഗർ പദ്ധതിക്കായി കൈമാറുന്നത് പുന:പരിശോധിക്കേണ്ടതും, ആവശ്യമാകുന്ന പക്ഷം ആയത് സർക്കാർ അനുമതിയോടെ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-42 പൂർത്തീകരിയ്ക്കാത്ത ഡെപ്പോസിറ്റ് പ്രവൃത്തികൾ- തുടർവിവരം ലഭ്യമാക്കണം.

ജില്ലാ പഞ്ചായത്തിന്റെ 2018-19 വാർഷിക കണക്കിന്റെ ഭാഗമായ ബാലൻസ്ഷീറ്റ്, പദ്ധതിപ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളെ പ്രതിഫലിപ്പിക്കുന്നില്ല. അതുകൊണ്ടുതന്നെ പ്രസ്തുത ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണവിവരം ഉറപ്പാക്കാൻ ഓഡിറ്റിൽ സാധിക്കാതെ വരുന്നു. ഇതുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ വിവരം ചുവടെ ചേർക്കുന്നു.

(1). താഴെ ചേർക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാപഞ്ചായത്ത് വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ പ്രവൃത്തികൾ നടപ്പാകാത്ത സാഹചര്യത്തിൽ തിരികെ അടവാക്കാൻ ആവശ്യപ്പെട്ട് തീരുമാനിയ്ക്കുകയുണ്ടായി.

| ക്രമനംപർ | പദ്ധതിവിവരം | ഡെപ്പോസിറ്റ് തുക (രൂപയിൽ) | ഏജൻസി | പഞ്ചായത്ത് തീരുമാനം |
|---|---|---|---|---|
| 1 | പെരുവല്ലൂർ ഡോ.അംബേദ്ക്കർ കുടിവെള്ള പദ്ധതി(project no.412/16) മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് | 56 ലക്ഷം | കേരള വാട്ടർ അതോറിറ്റി | 13.08.18 ലെ തീരുമാനം(5) |
| 2 | ജില്ലാ പഞ്ചായത്ത് പദ്ധതിയായ സുബല | 20 ലക്ഷം | നിർമ്മിതികേന്ദ്രം | 15.12.18 ലെ തീരുമാനം 5(2) |

നാളിതുവരെ തുക തിരികെ ഈടാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക തിരികെ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് വരവ് വന്നതിന്റെയും, തുടർന്ന് കൺസോളിഡേറ്റഡ്ഫണ്ടിലേയ്ക്ക് തിരിച്ചടച്ചതിന്റെയും രേഖകൾ സഹിതം വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതാണ്.

(2). ജില്ലാ പഞ്ചായത്തിന്റെ 2016-17 പദ്ധതിയിൽപെട്ട നിക്ഷേപ പ്രവൃത്തിയായ ചാഴൂർ ഗ്രാമ പഞ്ചായത്തിലെ വെണ്ണൂറായ് കോളനിയിലേയ്ക്കും, തീബർട്ട് കോളനിയിലേയ്ക്കും പ്രഷർഫിൽട്ടർ സ്ഥാപിക്കുന്ന പ്രവൃത്തി റദ്ദാക്കണമെന്ന 03.01.2019 ലെ KWA ഇരിങ്ങാലക്കുട ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ D4/1038/17 നംപർ കത്ത് ചർച്ച ചെയ്ത ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 06.02.19.ലെ തീരുമാനം(24) പ്രകാരം ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ LSGD E.E യെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു {28.02.19ലെ ഭരണ സമിതി തീരുമാനം(3)}. പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതും പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ ഡെപ്പോസിറ്റ് തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ്ഫണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതുമാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ, പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാപഞ്ചായത്ത് വിവിധ ഏജൻസികളിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്ത ശേഷവും നാളിതുവരെ പൂർത്തീകരിയ്ക്കാത്ത പദ്ധതികൾ സംബന്ധിച്ച വിവരം വർഷം തിരിച്ചും, ഏജൻസി തിരിച്ചും ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതാണ്.

## 1-43 രസീതി, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ പഞ്ചായത്തുകൾക്ക്/ മറ്റ് സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾക്കായി താഴെപ്പറയും പ്രകാരം വിഹിതം നൽകിയിട്ടുണ്ട്. വിഹിതം കൈപ്പറ്റിയതിന്റെ രസീത്, വിനിയോഗസാക്ഷ്യപത്രം (നിശ്ചിത മാതൃകയിൽ), പദ്ധതി പൂർത്തീകരണ വിവരം, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമനം | പദ്ധതിയുടെ പേര്, നമ്പർ | ആകെ ചെലവഴിച്ച തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുള്ളത് | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | കടപ്പുറം ഗ്രാമ പഞ്ചായത്ത് വാർഡ്13 ലെ 15-ാം നമ്പർ അങ്കണവാടി നിർമ്മാണം, 1086/19, 2018-19 | 10,00,000 | ഇല്ല | 10,00,000 | - |
| 2 | ചാഴൂർ ഗ്രാമപഞ്ചായത്ത് സമാജം അങ്കണ വാടി നമ്പർ 7 നിർമ്മാണം, 1082/19 | 10,00,000 | ഇല്ല | 10,00,000 | - |
| 3 | പറപ്പൂക്കര | 10,00,000 | ഇല്ല | 10,00,000 | |

| | | | | | |
|---|---|---|---|---|---|
| | ഗ്രാമപഞ്ചായത്ത് 105-ാം നമ്പർ അങ്കണവാടി നിർമ്മാണം, 1083/19 | | | | |
| 4 | 455/19, അങ്കണവാടി പുനരുദ്ധാരണം, കൊരട്ടി ഗ്രാമ പഞ്ചായത്ത് | 3,00,000 | ഇല്ല | 3,00,000 | |
| 5 | ചാഴൂർ ഗ്രാ.പ 12-ാം നമ്പർ വാപ്പുഴ അങ്കണവാടി നിർമ്മാണം, 1084/19 | 10,00,000 | ഇല്ല | 10,00,000 | |
| 6 | കൊരട്ടി ഗ്രാ.പ പകൽവീട് നിർമ്മാണം, 457/19 | 15,00,000 | ഇല്ല | 15,00,000 | - |
| 7 | കാടുകുറ്റി ഗ്രാ.പ-കാതോട്ടത്തിക്കടവ് ചെറാലക്കുന്ന്-ജലവിതരണം-ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, 449/19 | 3,00,000 | ഇല്ല | 3,00,000 | - |
| 8 | ജീവജലം-കുടിവെള്ള പദ്ധതി -കോടശ്ശേരിഗ്രാ.പ-വാർഡ് 8 വിഹിതം നൽകൽ, 600/19 | 10,00,000 | ഇല്ല | 10,00,000 | - |
| 9 | കുറുമ്പക്കുളം കുടിവെള്ള പദ്ധതി-വാർഡ് 20 -കോടശ്ശേരി ഗ്രാ.പ-വിഹിതം നൽകൽ,601/19 | 10,00,000 | ഇല്ല | 10,00,000 | |
| 10 | പരിയാരം ഗ്രാ.പ- തുമ്പൂർമൂഴി ഇടതുകനാൽ ബണ്ട് റോഡ് മെയിന്റനൻസ്, 1141/19 | 8,00,000 | ഇല്ല | 8,00,000 | |
| 11 | അളഗപ്പ നഗർ ഗ്രാ.പ വരാക്കര ചെറുസൂനം കോൺവെന്റ് റോഡ് റീടാറിങ്ങ് | 2,80,000 | ഇല്ല | 2,80,000 | - |
| 12 | താന്ന്യം ഗ്രാ.പ-മായമാത്തൂർ,തോട് റോഡ്, 468/19 | 4,00,000 | 4,00,000 | - | - |
| 13 | അളഗപ്പനഗർ-വരാക്കര കോട്ടായി റോഡ് റീടാറിങ്ങ്, 1152/19 | 2,80,000 | ഇല്ല | 2,80,000 | - |
| 14 | ചൊവ്വന്നൂർ ഗ്രാ.പ- ഡോ. മോഹൻദാസ് റോഡ്, 583/19 | 5,00,000 | 418556 | 81444 | |
| 15 | പരിയാരം ഗ്രാ.പ-വാർഡ് 3-മണലായി കാപ്പാത്തിച്ചാൽ റോഡ് മെയിന്റനൻസ്, 1077/19 | 5,50,000 | ഇല്ല | 5,50,000 | |
| 16 | ചാഴൂർ ഗ്രാ.പ-ബോട്ട്കടവ് റോഡ് റീടാറിങ്ങ് | 5,00,000 | ഇല്ല | 5,00,000 | - |

| | | | | | |
|---|---|---|---|---|---|
| | സൈഡ് കെട്ടൽ, 469/19 | | | | |
| 17 | ചൊവ്വന്നൂർഗ്രാമ.പഞ്ചാ. -സഭാമഠം റോഡ് വിഹിതം നൽകൽ,587/19 | 4,00,000 | 353972 | 46028 | |
| 18 | കടവല്ലൂർ ഗ്രാ.പ- കോട്ടോൽ -കോട്ടയിൽ റോഡ് -വിഹിതം, 474/19 | 4,00,000 | ഇല്ല | 4,00,000 | |
| 19 | പാണഞ്ചേരി ഗ്രാമ.പഞ്ചാ -തമ്പുരാട്ടി പറമ്പ് റോഡ് പുനരുദ്ധാരണം-1071/19 | 15,00,000 | ഇല്ല | 15,00,000 | |
| 20 | ചൊവ്വന്നൂർ ഗ്രാ.പ- പി.എച്ച്.സി ബൈലൈൻ മെറ്റലിങ്ങ് ടാറിങ്ങ്, 582/19 | 3,00,000 | 299834 | 166 | |
| 21 | പോർക്കുളം ഗ്രാ.പ- മങ്ങാട് -പുളിഞ്ചോട് കാന നിർമ്മാണം, 578/19 | 8,00,000 | ഇല്ല | 8,00,000 | |
| 22 | ചൊവ്വന്നൂർ ഗ്രാ.പ- ഉദയനഗർ ഒഴുക്കും പാറ റോഡ് വിഹിതം നൽകൽ, 592/19 | 5,00,000 | ഇല്ല | 5,00,000 | |
| 23 | ചൊവ്വന്നൂർ ഗ്രാ.പ- പഴുന്നാന പള്ളി മാന്തോപ്പ് റോഡ് വിഹിതം നൽകൽ, 579/19 | 9,00,000 | ഇല്ല | 9,00,000 | |
| 24 | ചൊവ്വന്നൂർ ഗ്രാ.പ- പണ്ടാരപ്പറമ്പിൽ റോഡ് വിഹിതം നൽകൽ, 588/19 | 7,70,135 | 764219 | 5916 | |
| 25 | മതിലകം ഗ്രാ.പ- വാർഡ് 6- മുംതാസ് പഴംതറ എം.ജി റോഡ് , 604/19 | 5,00,000 | ഇല്ല | 5,00,000 | |
| 26 | ബഡ്സ് സ്കൂൾ നിർമ്മാണം, ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ, S1150/19 | 19,10,000 | ഇല്ല | 19,10,000 | ആളൂർ, പരിയാരം ഗ്രാമപഞ്ചായത്തുകൾ |
| 27 | ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ, ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ, S0140/19 | 8,25,000 | ഇല്ല | 8,25,000 | പുന്നയൂർ, വള്ളത്തോൾ നഗർ ഗ്രാമപഞ്ചാ യത്തുകൾ |
| 28 | കൊരട്ടി പി.എൽ.പി.എസ് അടിസ്ഥാന സൗകര്യവികസനം- വിഹിതം നൽകൽ, S0464/19 | 5,00,000 | ഇല്ല | 5,00,000 | കൊരട്ടി ഗ്രാമപഞ്ചായത്ത് |
| 29 | പാറക്കൂട്ടം ജനകീയ വായനശാല – കൊരട്ടി ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ, S445/19 | 3,00,000 | ഇല്ല | 3,00,000 | |
| 30 | കെ.എൽ.എ.സി വായനശാല കെട്ടിടം-കൊരട്ടി | 5,00,000 | ഇല്ല | 5,00,000 | |

| | | | | | |
|---|---|---|---|---|---|
| | ഗ്രാമപഞ്ചായത്തിന് വിഹിതം, S0444/10 | | | | |
| 31 | കട്ടപ്പറം വായനശാല- പുസ്തകം വാങ്ങൽ-കൊരട്ടി ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ, S0447/19 | 1,90,000 | ഇല്ല | 1,90,000 | |
| 32 | കാടുകുറ്റി ഗ്രാമപഞ്ചായത്തിലെ വിവിധ വായനശാലകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് വിഹിതം നൽകൽ, S0448/19 | 2,90,000 | ഇല്ല | 2,90,000 | |
| 33 | പുന്നയൂർ ഗ്രാമപഞ്ചായത്ത് - കുട്ടികളുടെ പാർക്ക് സംരക്ഷണം- വിഹിതം നൽകൽ, S0650/19 | 5,00,000 | ഇല്ല | 5,00,000 | |
| 34 | കുട്ടിക്കൂട്ടം - കുട്ടികളുടെ പാർക്ക്- കാറളം ഗ്രാമപഞ്ചായത്തിന് വിഹിതം, S0359/19 | 5,00,000 | ഇല്ല | 5,00,000 | |
| 35 | ചേലക്കര ഗ്രാമപഞ്ചായത്ത് 18-ാം വാർഡ്,42 നമ്പർ അങ്കണവാടി നിർമ്മാണം, S1081/19 | 10,00,000 | ഇല്ല | 10,00,000 | |
| 36 | മണലൂർ ഗ്രാമപഞ്ചായത്ത്- അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് - വാർഡ് 12, വിനയം അങ്കണവാടി പുനർനിർമ്മാണം (നം.87) | 10,00,000 | ഇല്ല | 10,00,000 | |
| 37 | വയോജനക്ഷേമം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ (എസ്.സി.പി), S0636/19 | 8,85,000 | ഇല്ല | 8,85,000 | അന്തിക്കാട്, വെങ്കിടങ്ങ്, ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തുകൾ |
| 38 | സ്ത്രീസുരക്ഷ -പൊതുസ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ, S0640/19 | 3,91,250 | 1,50,000 | 2,41,250 | പരിയാരം, നാട്ടിക, വാടാനപ്പള്ളി ഗ്രാമപഞ്ചായത്തുകൾ |
| 39 | ചാലക്കുടി ബ്ലോക്ക് പരിയാരം പഞ്ചായത്ത് രണ്ടാം നമ്പർ അങ്കണവാടിക്ക് വിഹിതം നൽകൽ, S1140/19 | 10,00,000 | ഇല്ല | 10,00,000 | |
| 40 | സുജലം- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം, S0476/19 | 33,42,000 | 4,53,000 | 28,89,000 | കാടുകുറ്റി, പൂമംഗലം, വേളൂക്കര, അവിണിശ്ശേരി, എടവിലങ്ങ്, താന്ന്യം, പാണഞ്ചേരി, പുന്നയൂർക്കുളം, അവണൂർ, കോലഴി, ചൂണ്ടൽ ഗ്രാമപഞ്ചായത്തുകൾ |
| 41 | എം.എം. കനാൽ വാട്ടർ പാർക്ക് - കാറളം പഞ്ചായത്തിന് വിഹിതം, S0405/19 | 5,00,000 | ഇല്ല | 5,00,000 | |
| 42 | സമൃദ്ധി അരി ഉല്പാദനയൂണിറ്റ്- കാറളം ഗ്രാമപഞ്ചായത്തിന് വിഹിതം, S0358/19 | 5,00,000 | ഇല്ല | 5,00,000 | |
| 43 | കുടുംബശ്രീ | 20,00,000 | ഇല്ല | 20,00,000 | |

| | | | | | |
|---|---|---|---|---|---|
| | ആസ്ഥാനമന്ദിരം-പരിശീലനകേന്ദ്രം (വനിത) –കാടുകുറ്റി ഗ്രാമപഞ്ചായത്തിന് വിഹിതം, S0443/19 | | | | |
| 44 | കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് - താഴത്തങ്ങാടി പെങ്ങാമുക്ക് ശവക്കോട്ട റോഡ്-റീടാറിംഗ് - സംയോജിതം | 3,00,000 | ഇല്ല | 3,00,000 | |
| 45 | ഒല്ലൂക്കര ബ്ലോക്ക് - മാടക്കത്തറ ഗ്രാമപഞ്ചായത്ത് – ആനന്ദ് നഗർ കാന നിർമ്മാണം, S1080/19 | 16,00,000 | 365212 | 1234788 | - |
| 46 | കാടുകുറ്റി ഗ്രാമപഞ്ചായത്ത് - ചാലക്കുടി ബ്ലോക്ക്, തീരദേശറോഡ് പുനരുദ്ധാരണം, S1078/19 | 6,00,000 | ഇല്ല | 6,00,000 | |
| 47 | കാടുകുറ്റി ഗ്രാമപഞ്ചായത്ത് - തൈക്കൂട്ടം കനാൽ റോഡ് -കല്ലൂർ പള്ളി -ജില്ലാപഞ്ചായത്ത് വിഹിതം | 2,00,000 | ഇല്ല | 2,00,000 | |
| 48 | ലൈഫ് മിഷൻ ഭവനപദ്ധതി (ടി.എസ്.പി) ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ, S0644/19 | 1804000 | ഇല്ല | 1804000 | അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്. |
| 49 | അഗതി വൃദ്ധക്ഷേമപദ്ധതി-ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ, S0641/19 | 870788 | 17400 | 853388 | മേലൂർ, ചാഴൂർ, കൊരട്ടി, മുള്ളൂർക്കര, കാട്ടൂർ, വെങ്കിടങ്ങ്, കടവല്ലൂർ, തെക്കുംകര, അരിമ്പൂർ, മതിലകം ഗ്രാമപഞ്ചായത്തുകൾ |
| 50 | അഗതി വൃദ്ധക്ഷേമപദ്ധതി-എസ്.സി.പി - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ, S0642/19 | 79500 | ഇല്ല | 79500 | അരിമ്പൂർ,കാട്ടൂർ, വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തുകൾ |
| 51 | ലൈഫ് മിഷൻ ഭവനപദ്ധതി - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ, S0147/19 | 11,60,80000 | ഇല്ല | 11,60,80,000 | പദ്ധതിയുടെ പരിധിയിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകൾ |
| 52 | സാന്ത്വനം - പാലിയേറ്റിവ് - പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ, S0006/19 | 8461279 | 5181279 | 3280000 | വെള്ളാങ്കല്ലൂർ, മുളങ്കുന്നത്തുകാവ്, എടവിലങ്ങ്, മേലൂർ, കൊരട്ടി, പുത്തൂർ, പാണഞ്ചേരി, പാറളം, പുന്നയൂർ, ചേലക്കര, വല്ലച്ചിറ, കൊണ്ടാഴി, അന്തിക്കാട് ഗ്രാമപഞ്ചായത്തുകൾ |
| 53 | അംഗപരിമിതർക്ക് മുച്ചക്രവാഹനം, 136/19 | 45,21,000 | 1565020 | 29,55,980 | എളവള്ളി, വെള്ളാങ്ങല്ലൂർ, നടത്തറ,അവണൂർ, ചേലക്കര, കൊരട്ടി, മുരിയാട്, വരന്തരപ്പിള്ളി, കാട്ടകാമ്പാൽ |
| 54 | വയോജനക്ഷേമം-ഗ്രാമ | 28,23,522 | 8,00,000 | 20,23,522 | എസ്.എൻ പുരം, കൊരട്ടി, |

| | | | | | |
|---|---|---|---|---|---|
| | പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ, 137/19 | | | | ആളൂർ, വള്ളത്തോൾ നഗർ, പരിയാരം,മേലൂർ, കൊടകര, പടിയൂർ, ചാഴൂർ |
| 55 | അങ്കണവാടി പോഷകാഹാരം-പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ,139/19 | 86,90,000 | 34,90,000 | 52,00,000 | എളവള്ളി, വേലൂർ, കടവല്ലൂർ,വെള്ളാങ്ങല്ലൂർ, കാട്ടുകുറ്റി, തളിക്കുളം, പൊയ്യ, അരിമ്പൂർ,എസ്.എൻ.പുരം, മാള, കൊരട്ടി, കുഴൂർ, ചേർപ്പ്, കാട്ടകാമ്പാൽ, കോടശ്ശേരി, കടങ്ങോട്, മേലൂർ, മുളങ്കുന്നത്തുകാവ്, ആളൂർ, പുത്തൂർ, നടത്തറ, കയ്പമംഗലം, ചുണ്ടൽ, ചേലക്കര, ചാഴൂർ, പാണഞ്ചേരി, എറിയാട്, എടവിലങ്ങ് |
| 56 | ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങൾ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ,5/19 | 34,35,000 | 9,50,000 | 24,85,000 | അന്തിക്കാട്, താന്ന്യം, എസ്.എൻ.പുരം, വെള്ളാങ്ങല്ലൂർ, പൂമംഗലം,വള്ളത്തോൾ നഗർ, ചേർപ്പ്, ആളൂർ, എറിയാട്, മേലൂർ, മുളങ്കുന്നത്തുകാവ്,പുത്തൂർ, ചേലക്കര, മണലൂർ |
| 57 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം,3/19 | 18,10,0000 | 95,24,125 | 85,75,875 | പാഞ്ഞാൾ, എളവള്ളി, ഒരുമനയൂർ, വടക്കേക്കാട്, കടവല്ലൂർ, പറപ്പൂക്കര, വെള്ളാങ്ങല്ലൂർ, കാട്ടുകുറ്റി,അന്തിക്കാട്, അരിമ്പൂർ,തിരുവില്വാമല, പഴയന്നൂർ, ആളൂർ, കുഴൂർ, ചേർപ്പ്, ഏങ്ങണ്ടിയൂർ, കൈപ്പറമ്പ്, പാവറട്ടി,എറിയാട്, എടവിലങ്ങ്, കാറളം, മേലൂർ, ചാഴൂർ, കാട്ടകാമ്പാൽ, കടങ്ങോട്,പുന്നയൂർക്കുളം, വരന്തരപ്പിള്ളി |
| 58 | മാലിന്യ നിർമ്മാർജ്ജനം തടയുന്നതിന് ക്യാമറ സ്ഥാപിക്കൽ-ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം,606/19 | 7,95,000 | 300000 | 495000 | ഏങ്ങണ്ടിയൂർ, വള്ളത്തോൾ നഗർ, മേലൂർ, നടത്തറ, കടങ്ങോട് |
| 59 | പട്ടികജാതികോളനികളിൽ സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ,639/19 | 7,68,087 | 1,10,000 | 6,58,087 | കടവല്ലൂർ, മുള്ളൂർക്കര,മാള |
| 60 | സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ-ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം,138/19, | 36,83,526 | 17,21,260 | 19,62,500 | കടവല്ലൂർ,തെക്കും കര, പറപ്പൂക്കര,പൂമംഗലം,കൊരട്ടി, മതിലകം,മാള, മുളങ്കുന്നത്തുകാവ്,ഒരുമനയൂർ, പുത്തൂർ, അന്നമനട, ചേലക്കര |
| 61 | കൊരട്ടി ഗ്രാ. പ – മുണ്ടകത്ത് പറമ്പ് റോഡ് മെയിന്റനൻസ്, 459/19 | 5,00,000 | ഇല്ല | 5,00,000 | |
| 62 | കൊരട്ടി ഗ്രാ. പ – കൊറ്റംചിറ കനാൽ ബണ്ട് റോഡ് പുനരുദ്ധാരണം, 463/19 | 5,00,000 | ഇല്ല | 5,00,000 | |
| 63 | കൊരട്ടി ഗ്രാ. പ – ആറ്റപാടം അന്നനാട് ഫാം റോഡ് നിർമ്മാണം, 460/19 | 6,00,000 | ഇല്ല | 6,00,000 | |
| 64 | കൊരട്ടി ഗ്രാ. പ – ഇളഞ്ചേരി റോഡ് മെയിന്റനൻസ്, 458/19 | 5,00,000 | ഇല്ല | 5,00,000 | |
| 65 | കൊരട്ടി ഗ്രാ. പ – പി എൽ പി എസിൽ സാനിറ്ററി കോംപ്ലക്സ് നിർമ്മാണം, 466/18 | 3,00,000 | ഇല്ല | 3,00,000 | |
| 66 | വേളൂക്കര ഗ്രാ. പ – നടവരമ്പ് അംബേദ്കർ | 5,00,000 | 5,00,000 | - | |

| | | | | | |
|---|---|---|---|---|---|
| | കോളനി സൈഡ് പ്രൊട്ടക്ഷൻ, 1096/19 | | | | |
| 67 | ചാഴൂർ ഗ്രാ. പ – ഉദയം ഫാം റോഡ് കോൺക്രീറ്റിംഗ് വാർഡ് 5 , 1148/19 | 5,00,000 | 450191 | 49809 | |
| 68 | പുതുക്കാട് ഗ്രാ. പ – ചെങ്ങാല്ലൂർ പള്ളി റോഡ് നവീകരണം, 645/19 | 8,00,000 | ഇല്ല | 8,00,000 | |
| 69 | അളഗപ്പനഗർ ഗ്രാ. പ – പാലക്കുന്ന് 4 സെന്റ് കോളനി റീടാറിംഗ്,1154/19 | 1,40,000 | ഇല്ല | 1,40,000 | ഗ്രാമപഞ്ചായത്ത് പദ്ധതിയ്ക്കായി ആകെ വകയിരുത്തിയ തുക 1,40,000 രൂപയാണ്. |
| 70 | പരിയാരം ഗ്രാ. പ – കവലക്കട്ടി നോർത്ത് കൊന്നക്കുഴി ഇടതു കനാൽ ബണ്ട് റോഡ്, 1142/19 | 6,00,000 | ഇല്ല | 6,00,000 | |
| 71 | ചൊവ്വന്നൂർ ഗ്രാ. പ – എൻ എസ് എസ് കരയോഗം റോഡ്,586/19 | 6,20,578 | 597429 | 23149 | |
| 72 | തോളൂർ ഗ്രാ. പ –ശവക്കോട്ട റോഡ് - തോളൂർ സെന്റർ വരെ പുനരുദ്ധാരണം,1149/19 | 5,00,000 | ഇല്ല | 5,00,000 | |
| 73 | പുത്തൂർ ഗ്രാ. പ – പുത്തൻകാട് താഴ്‌വാരം റോഡ് പുനരുദ്ധാരണം,1102/19 | 10,00,000 | ഇല്ല | 10,00,000 | |
| 74 | കൊരട്ടി ഗ്രാ. പ – കട്ടപ്പുറം ലിഫ്റ്റ് ഇറിഗേഷൻ , വാർഡ് 18, 456/19 | 5,00,000 | ഇല്ല | 5,00,000 | |
| 75 | അളഗപ്പനഗർ ഗ്രാ. പ – മണ്ണംപേട്ട കല്ലട ബ്രാഞ്ച് റോഡ് റീടാറിംഗ്, 1153/19 | 2,80,000 | ഇല്ല | 2,80,000 | |
| 76 | കടവല്ലൂർ ഗ്രാ. പ – ആനക്കല്ല് പള്ളി ക്രഷർ റോഡ് -മൂന്നാം ഘട്ടം, 473/19 | 4,00,000 | ഇല്ല | 4,00,000 | |
| 77 | ശ്മശാന നവീകരണം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ , 607/19 | 65,00,000 | ഇല്ല | 65,00,000 | പാണഞ്ചേരി, എറിയാട്, പുത്തൂർ, മറ്റത്തൂർ, മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തുകൾ |
| 78 | വെങ്കിടങ്ങ് ഗ്രാ. പ – കണ്ണോത്ത് നാട്ടുകല്ല് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - കുടിവെള്ളപദ്ധതി, 1091/19 | 20,00,000 | ഇല്ല | 20,00,000 | |
| 79 | മുളങ്കുന്നത്ത്കാവ് ഗ്രാ. പ – സമഗ്രകുടിവെള്ളപദ്ധതി, 1093/19 | 20,00,000 | ഇല്ല | 20,00,000 | |
| 80 | ജില്ലാപഞ്ചായത്ത് ഐ കെ എം ന് നൽകേണ്ട വിഹിതം , 2/19 | 763670 | ഇല്ല | 7,63,670 | |
| 81 | ചൊവ്വന്നൂർ ഗ്രാ. പ – വായനശാല റോഡ് മെറ്റലിംഗ് , ടാറിംഗ്,580/19 | 2,00,000 | 199608 | 392 | രശീതി ഹാജരാക്കിയിട്ടില്ല |
| 82 | കാടുകുറ്റി ഗ്രാ. പ – എസ് സി സെറ്റിൽമെന്റ് കോളനി റോഡ് ഫോർമേഷൻ, 467/19 | 4,50,000 | ഇല്ല | 4,50,000 | |
| 83 | കാടുകുറ്റി ഗ്രാ. പ – നബാർഡ് റോഡ് റീടാറിംഗ്, 461/19 | 5,00,000 | ഇല്ല | 5,00,000 | |
| 84 | പുന്നയൂർ ഗ്രാ. പ – എസ് സി | 10,00,000 | ഇല്ല | 10,00,000 | |

| | | | | | |
|---|---|---|---|---|---|
| | കോളനി സമഗ്രവികസനം, 649/19 | | | | |
| 85 | ചൊവ്വന്നൂർ ഗ്രാ. പ – കോട്ടക്കുളം റോഡ്, 585/19 | 5,00,000 | 5,00,000 | - | രശീതി ഹാജരാക്കിയിട്ടില്ല. |
| 86 | എസ് എസ് എ വിഹിതം - എസ് സി പി , 141/19 | 1,25,00,000 | ഇല്ല | 1,25,00,000 | |
| 87 | എസ് എസ് എ വിഹിതം -ജനറൽ , 4/19 | 2,00,00,000 | ഇല്ല | 2,00,00,000 | |
| 88 | മേലൂർ ഗ്രാ. പ ചൂണ്ടാണിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ , 451/19 | 5,00,000 | ഇല്ല | 5,00,000 | |
| 89 | മേലൂർ ഗ്രാ. പ – പാലാട്ടിക്കുണ്ട് പിച്ചാംപിള്ളികുണ്ട് റോഡ് മെയിന്റനൻസ്, 595/19 | 5,00,000 | ഇല്ല | 5,00,000 | |
| 90 | മേലൂർ ഗ്രാ. പ – മണ്ടിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ,450/19 | 5,00,000 | ഇല്ല | 5,00,000 | |
| 91 | മേലൂർ ഗ്രാ. പ – മണ്ടിക്കുന്ന് റോഡ് മെയിന്റനൻസ്, 596/19 | 5,00,000 | ഇല്ല | 5,00,000 | |
| 92 | മേലൂർ ഗ്രാ. പ – കലവറക്കാട് – ചെക്ക് ഡാം വെട്ടുകടവ് റോഡ് മെയിന്റനൻസ്, 594/19 | 12,00,000 | ഇല്ല | 12,00,000 | |

മേൽ രേഖകൾ നിശ്ചിത മാതൃകയിൽ ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയ്ക്കാപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-44 വനിതാഘടകപദ്ധതി മാർഗ്ഗരേഖ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടപ്പിലാക്കേണ്ടതാണ്

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയായ സ.ഉ (കൈ)നം. 11/2018/തസ്വഭവ തി. 29.01.18 ലെ ഖ. 5.4.10 പ്രകാരം പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണവിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 10 ശതമാനം വനിതാഘടകപദ്ധതിക്ക് വകയിരുത്തേണ്ടതുണ്ട്. ഖ. 6.3പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടകപദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. പ്രസ്തുത ഉത്തരവിലെ തന്നെ ഖ. 6.3.10.iii ൽ വനിതകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികൾ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. ഈ മാനദണ്ഡം പരിഗണിക്കുമ്പോൾ, ജില്ലാപഞ്ചായത്ത് അതിന്റെ 2018-19 വാർഷികപദ്ധതിയിൽ വനിതാഘടകപദ്ധതിയായി ഉൾപ്പെടുത്തിയ താഴെപ്പറയുന്ന പദ്ധതികൾ വനിതകൾക്ക് മാത്രം ഗുണം ലഭിക്കുന്ന പദ്ധതികളുടെ ഗണത്തിൽ ഉൾപ്പെടുത്താവുന്നതല്ല.

| ക്രമനം. | പദ്ധതിയുടെ പേര്, നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ, ഫണ്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | സ്ത്രീ സുരക്ഷ – പൊതുസ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ, S0640/19 | സെക്രട്ടറി, വികസനഫണ്ട് പൊതുവിഭാഗം | 35,00,000 | 3,91,250 |
| 2 | ഖാദി വ്യവസായം (സ്പിൽ ഓവർ), S0665/19 | ജില്ലാ ഖാദി ഗ്രാമവ്യവസായ പ്രൊജക്ട് ഓഫീസർ, | 30,15,737 | 20,60,709 |

| | | | | |
|---|---|---|---|---|
| | | വികസനഫണ്ട് പൊതുവിഭാഗം | | |

ആയതിനാൽ, വരും വർഷങ്ങളിലെ വനിതാഘടകപദ്ധതികൾ സ്ത്രീകൾക്ക് മാത്രം പ്രയോജനം ലഭിക്കുന്ന മേഖലകളിൽ പരിമിതപ്പെടുത്തേണ്ടതാണ്.

## 1-45 "ജില്ലാതല ഭിന്നശേഷിവിഭവകേന്ദ്രം (ശുഭാപ്തി)"- പദ്ധതിപ്രവർത്തനത്തിന്റെ നാൾവഴിയിൽ കണ്ടെത്തിയ അപാകതകൾ

[ജില്ലാ പഞ്ചായത്ത് ഫയൽ നംപർ D3/4789/2017]

[മരാമത്ത് വിഭാഗം ഫയൽ നംപർ D3/663/2018 ]

തൃശ്ശൂർ ജില്ലാപഞ്ചായത്ത് ജില്ലയിലെ മറ്റ് തദ്ദേശസ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തിയ വിവരശേഖരണം വഴി, ജില്ലയിൽ ആകെയുള്ള കുട്ടികളിൽ 1.75% പേർ ഭിന്നശേഷിയുള്ളവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ 20% പേർ പലവിധ മാനസികവെല്ലുവിളികൾ നേരിടുന്നവരാണെന്നും അതിൽ 5% പേർ ഓട്ടിസം ബാധിച്ചവരാണെന്നും കണ്ടെത്തുകയുണ്ടായി. ജില്ലയെ ബാലസൗഹൃദജില്ലയായി ജില്ലാപഞ്ചായത്ത് പ്രഖ്യാപിച്ചിട്ടുള്ളതിനാലും, കുട്ടികൾക്കിടയിലെ ബുദ്ധിപരമായ വെല്ലുവിളികൾ, ഓട്ടിസം, ന്യൂറോ ഡവലപ്പ്മെന്റ് ഡിസ്ഓർഡർ തുടങ്ങിയവ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും ദേശീയ ഭിന്നശേഷി നയത്തിൽ നിർദ്ദേശിക്കും പ്രകാരം ഇവയെ പ്രതിരോധിക്കാനും, നിയന്ത്രിക്കാനും തദ്വാരാ കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കി അവരെ പുനരധിവസിപ്പിക്കാനും "ഒരു ജില്ലാതല ഭിന്നശേഷിവിഭവകേന്ദ്രം (ശുഭാപ്തി)" വികസിപ്പിയ്ക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ബഡ്സ് സംരംഭങ്ങൾക്ക് സമാനമായി പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ അനുമതിയോടെ 1955 ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം ജില്ലാതല ഭിന്നശേഷിവിഭവകേന്ദ്രം (ശുഭാപ്തി) മാനേജ്മെന്റ് സമിതി രൂപീകരിച്ച് ചുമതലകൾ നിർവ്വഹിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

- വികാസവ്യതിയാനങ്ങൾ കാലേക്കൂട്ടി കണ്ടുപിടിക്കുക- രണ്ടുവയസ്സിൽ താഴെയുള്ള കുട്ടികളുടെ വികാസവ്യതിയാനങ്ങൾ ഐ.സി.ഡി.എസ്, ആരോഗ്യസംവിധാനങ്ങൾ വഴി നടത്തുക(early detection programme). ഇതോടൊപ്പം ഓട്ടിസം ചെക്ക് ലിസ്റ്റ് പരിശോധന ഉറപ്പാക്കുകയും വ്യക്തിനിഷ്ഠമായി സ്ഥാപനത്തിൽ എത്തുന്ന കുട്ടികളുടെ വികാസ വ്യതിയാനങ്ങൾ തിട്ടപ്പെടുത്തുകയും ചെയ്യുക.
- ഐഡന്റിഫിക്കേഷൻ-ഡയഗ്നോസിസ് --വികാസവ്യതിയാനങ്ങൾ സംശയിക്കുന്ന കേസുകൾ വിദഗ്ധപരിശോധനയ്ക്കും, രോഗനിർണ്ണയത്തിനും വിധേയമാക്കുന്നതിനായി നിലവിലുള്ള ആരോഗ്യസംവിധാനങ്ങൾക്കൊപ്പം കേന്ദ്രത്തിൽ ഒരുസ്ഥിരസംവിധാനം ഒരുക്കുക.
- കാലേക്കൂട്ടിയുള്ള തിരിച്ചറിയൽ നടത്തുവാൻ ചെക്ക് ലിസ്റ്റുകൾ (TDSC Chart/TBAC Chart/Disability Check List) ഉപയോഗിക്കുന്നതിന് അങ്കണവാടി വർക്കർമാർ, ആശാ വർക്കർമാർ, പ്രീ പ്രൈമറി അധ്യാപകർ എന്നിവർക്കുള്ള പരിശീലനവും രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണവും.
- സർക്കാർ തലത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർക്ക് ഓട്ടിസവുമായി ബന്ധപ്പെട്ട പരിശീലനം ആരോഗ്യവകുപ്പുമായി ചേർന്ന് സംഘടിപ്പിക്കുക.
- ഏർളി ഇന്ററർവെൻഷൻ സെന്റർ- വികാസ വ്യതിയാന വിദഗ്ദ്ധപരിശോധന, രോഗനിർണ്ണയം, അനുബന്ധ തെറാപ്പികൾ-ബിഹേവിയറൽ തെറാപ്പി, ഫിസിയോ തെറാപ്പി എന്നിവ ഒരുക്കുക.
- വൈകല്യ നിലവാര നിർണ്ണയത്തിനായി പരിശോധനകൾ, സർട്ടിഫിക്കേഷൻ
- ബുദ്ധിക്ഷമത(IQ)
- വിദ്യാഭ്യാസക്ഷമത(EQ)
- സാമൂഹ്യക്ഷമത(SQ)
- ഏർളി ചൈൽഡ്ഹുഡ് സ്റ്റിമുലേഷൻ(ECS) സംബന്ധിച്ച പരിഹാര ബോധനം, രക്ഷാകർത്തൃ വിദ്യാഭ്യാസം, സവിശേഷ പരിശീലനം തുടങ്ങിയവ നൽകാൻ കഴിയും വിധം ഒരു സമഗ്രമാനേജ്മെന്റ് സേവനകേന്ദ്രം നടത്തുക.
- കൗൺസിലിംഗ്, ജനറ്റിക് മാർഗ്ഗനിർദ്ദേശം, ഗൈഡൻസ്, റഫറൽ എന്നിവ ഒരുക്കുക.

മേൽലക്ഷ്യങ്ങൾ നേടുന്നതിലേയ്ക്കായി ബഡ്സ് സ്കൂൾ മാനേജിംഗ് കമ്മിറ്റി മാതൃകയിൽ സർക്കാർ അനുമതിയോടെ ജില്ലാ പഞ്ചായത്തിന് കീഴിൽ റീഹാബിലിറ്റേഷൻ സെന്റർ വികസന മാനേജ്മെന്റ് സമിതി

രൂപീകരിക്കേണ്ടതിന്റെയും, സേവനകേന്ദ്രം താൽക്കാലികമായി ആരംഭിയേക്കണ്ടതിന്റെയും, സ്ഥിരമായി സേവനകേന്ദ്രം നടത്തുന്നതിനായി ഭൂമി കണ്ടെത്തി കെട്ടിടവും അനുബന്ധ സൗകര്യവും ഉറപ്പാക്കേണ്ടതിന്റെയും, സേവന കേന്ദ്രത്തിനാവശ്യമായ സാങ്കേതിക സമിതികളുടെ രൂപീകരണവും, കേന്ദ്രം നടത്തുന്നതിനാവശ്യമായ വിദഗ്ദ്ധ അവിദഗ്ദ്ധ ജീവനക്കാരെ സർക്കാർ അനുമതിയോടെ നിയോഗിക്കേണ്ടതിന്റെയും സംഘാടന ചുമതല ജില്ലാ പഞ്ചായത്തിന്റേതാണ്.

പദ്ധതിപ്രവർത്തനത്തിന്റെ നാൾവഴിയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കില തയ്യാറാക്കിയ DPR ന് സർക്കാർ അംഗീകാരം ലഭ്യമാക്കിയില്ല.

15.09.2017 ലെ 12-ാംനമ്പർ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനപ്രകാരം(20.09.2017 ലെ 11-ാം നമ്പർ ഭരണസമിതി തീരുമാനം) ഈപ്രൊജക്ടിന്റെ DPR തയ്യാറാക്കുന്നതിന് കില യെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. കില ഡ്രാഫ്റ്റ് DPR തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ DPR അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് അയയ്ക്കുന്നതിന് 06.04.2018 ലെ 04-ാംനമ്പർ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനപ്രകാരം(16.04.2018 ലെ 05-ാം നമ്പർ ഭരണസമിതി തീരുമാനം) നിശ്ചയിച്ചിരുന്നു. എന്നാൽ DPR ന് സർക്കാർ അംഗീകാരം ലഭ്യമാക്കിയതായി രേഖയില്ല.

2) "ശുഭാപ്തി"സൊസൈറ്റി - രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് നിലവിൽ വന്നില്ല.

"ശുഭാപ്തി"സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിലേയ്ക്കായി ബൈലോയ്ക്ക് സർക്കാർ അംഗീകാരം തേടുന്നതിന് 06.10.2018 ലെ 03-ാംനമ്പർ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനപ്രകാരം(26.10.2018 ലെ 05-ാം നമ്പർ ഭരണസമിതി തീരുമാനം) നിശ്ചയിച്ചിരുന്നു. തുടർന്ന്, ബഹു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് 10.10.2018 ൽ തദ്ദേശസ്വയംഭരണ സെക്രട്ടറിയ്ക്ക് കത്ത് നൽകിയെങ്കിലും പ്രസ്തുത ബൈലോയ്ക്ക് നാളിതുവരെ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ 1955 ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം ജില്ലാതല ഭിന്നശേഷിവിഭവകേന്ദ്രം (ശുഭാപ്തി) നാളിതുവരെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് നിലവിൽ വന്നില്ല.

3) ആവശ്യമായ അനുമതി നേടാതെയും പെർമിറ്റെടുക്കാതെയും കെട്ടിട നിർമ്മാണം.
മേൽ വിവരിച്ച പ്രകാരം സർക്കാരിൽ നിന്നും ആവശ്യമായ അനുമതി നേടി സൊസൈറ്റി രജിസ്റ്റർ ചെയ്ത് നിലവിൽ വരുന്നതിന് മുൻപ് തന്നെ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുകയും(പ്രൊജക്ട് നം.485/19) ആയതിന്റെ ഒന്നാം ഘട്ടത്തിനായി 2019-20 വരെ(നാളിതുവരെ) 81.64 ലക്ഷം രൂപ ചെലവഴിയ്ക്കുകയും ചെയ്തു. DIET കോംപൗണ്ടിൽ ജില്ലാ പഞ്ചായത്ത് വിജ്ഞാൻ സാഗർ പദ്ധതിയ്ക്കായി നീക്കി വെച്ചിരിക്കുന്ന സ്ഥലത്തിന്റെ പുറകിലായി സർവ്വേ നമ്പർ 49/26 ൽ ഒരു ഏക്കർ സ്ഥലം അളന്ന് സ്കെച്ച് തയ്യാറാക്കിയാണ് കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുള്ളത്. രാമവർമ്മപുരത്തുള്ള പ്രസ്തുത സ്ഥലത്ത് നിർമ്മാണപ്രവർത്തനം നടത്തുന്നതിനായി തൃശ്ശൂർ കോർപ്പറേഷനിൽ നിന്നും 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ആവശ്യമായ പെർമിറ്റ് നേടുകയോ, അല്ലെങ്കിൽ പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3C പ്രകാരം സർക്കാരിൽ നിന്നും ആവശ്യമായ ഒഴിവ് നേടുകയോ ചെയ്തിട്ടില്ല. ആവശ്യമായ പെർമിറ്റ് നേടുകയോ ഒഴിവ് നേടുകയോ ചെയ്യാതെ കെട്ടിടനിർമ്മാണം ആരംഭിച്ചത് ക്രമത്തിലല്ല.

പദ്ധതിപ്രവർത്തനത്തിന്റെ നാൾവഴിയിൽ കണ്ടെത്തിയ മേൽ അപാകതകൾ പരിഹരിക്കുന്നതിലേയ്ക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ടു വെയ്ക്കുന്നു.

എ) കില തയ്യാറാക്കിയ DPR ന് സർക്കാർ അംഗീകാരം ലഭ്യമാക്കുക.
ബി) 1955 ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം ജില്ലാതല ഭിന്നശേഷിവിഭവകേന്ദ്രത്തിന്റെ (ശുഭാപ്തി) രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുക.

സി) ഇപ്രകാരം അംഗീകാരം ലഭ്യമാക്കുകയും, രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തതിന് ശേഷം കെട്ടിടനിർമ്മാണത്തിനായി 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 3C പ്രകാരം സർക്കാരിൽ നിന്നും ആവശ്യമായ ഒഴിവ് നേടുവാൻ സാധിയ്ക്കുമോ എന്നും അല്ലാത്തപക്ഷം കെട്ടിടനിർമ്മാണം ക്രമവത്ക്കരിയ്ക്കാൻ സാധിയ്ക്കുമോ എന്നും പരിശോധിക്കുക.

## 1-46 മരാമത്ത് പണികൾ--പൊതുഅപാകതകൾ- തുടർ വർഷങ്ങളിൽ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കണം.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC guidelines, MORTH specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം.375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം.498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം.30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ജില്ലാ പഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കൽ, പണികളുടെ നടത്തിപ്പ് എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ MORD ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ MORD ഡാറ്റയിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

2) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

3) റോഡ് നിർമ്മാണ പ്രവൃത്തികളിൽ Irish drain നിർമ്മാണം പരമാവധി നിരുത്സാഹപ്പെടുത്തണമെന്നും prefabricated concrete paver നിർമ്മാണം പ്രോത്സാഹിപ്പിയ്ക്കണം എന്ന pwd സർക്കുലർ നിർദ്ദേശം( circular no.23631/G2/2013/PWD Dated.01.11.13) പലപ്പോഴും പാലിക്കപ്പെട്ടിട്ടില്ല.

4) റിവൈസ്ഡ് എസ്റ്റിമേറ്റുകൾ സമർപ്പിക്കുമ്പോൾ, 09.09.2016 ലെ സർക്കുലർ നം.ജി1/67/2016/pwd നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നില്ല. പലപ്പോഴും പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നു.
5) ജില്ലാ പഞ്ചായത്തിൽ നടപ്പാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികളിൽ വലിയതോതിൽ കുഴിച്ചെടുത്ത മണ്ണ് ലഭിക്കുന്നതായും ആയത് വലിയതോതിൽ തന്നെ എസ്റ്റിമേറ്റിൽ provision ഇല്ലാതെ പ്രവൃത്തി നടന്ന സ്ഥലത്തെ പ്രദേശങ്ങളിൽ ഫില്ലിംഗിന് ഉപയോഗപ്പെടുത്തുന്നതിനായി എഞ്ചിനീയർമാർ സർട്ടിഫിക്കറ്റ് നൽകുന്നതായും ശ്രദ്ധയിൽ പെടുകയുണ്ടായി. എന്നാൽ ഒരവസരത്തിൽ പോലും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ ആയത് ആവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-47 ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയത്-ക്രമവിരുദ്ധം.

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC guidelines, MORTH specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

10.09.2015-ലെ ജി.ഒ.(ആർ.ടി)നം.1339/2015/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പിഡബ്ള്യുഡി ക്വാളിറ്റി കൺട്രോൾ മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ മാന്വൽ വ്യവസ്ഥ അനുസരിച്ചും, 2012ലെ പിഡബ്ള്യുഡി

മാന്വൽ സെക്ഷൻ 2214 അനുസരിച്ചും, 04.09.2014ലെ സർക്കുലർനം.10434/C3/2014/PWD അനുസരിച്ചും 15ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റുള്ള കരാർ പ്രവൃത്തികളിൽ ഏതെല്ലാം അവസരങ്ങളിൽ കരാറുകാരൻ ബിൽ സമർപ്പിക്കുന്നുവോ പ്രസ്തുത സന്ദർഭങ്ങളിലെല്ലാം കരാറുകാരൻ സ്വന്തം ചെലവിൽ നടത്തിയ First Tier QC testing സർട്ടിഫിക്കറ്റ് സഹിതം വേണം ബിൽ സമർപ്പിക്കുവാൻ. എന്നാൽ ജില്ലാ പഞ്ചായത്തിൽ ഇപ്രകാരമുള്ള നടപടിക്രമം പാലിച്ചതായി ഫയലുകളിൽ രേഖയില്ല. ക്വാളിറ്റി ടെസ്റ്റ് ഉറപ്പുവരുത്താതെ ബിൽ തുക അനുവദിച്ചു നൽകിയതിന് ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നംപർ,പേര്, ഫയൽ നംപർ | സാങ്കേതികാനുമതി നംപർ, തുക | കരാറുകാരൻ | ബിൽ വിവരം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 525/19. ചട്ടിക്കുളം താഴൂർ റോഡ് കോട്ടശ്ശേരി. ഫയൽ. D2.611/17-`18 | LSGD/TS/2017-18/71476/26-09-2017<br>TS.NO.74006/ 2017-18<br>30 ലക്ഷം | ഷിബു.പി.ജോൺ | സി.സി.ഫസ്റ്റ് ആന്റ് ഫൈനൽ<br>വൗച്ചർ നമ്പർ. 20801302/ 20-12-18.<br>Rs.29,19,436 | ട്രഷറി ബിൽ നമ്പർ. 131/18-19 |
| 2 | 515/19<br>നാട്ടിക ഫിഷറീസ് സ്കൂളിൽ ജിംനേഷ്യം / സ്റ്റോർ റൂം<br>D1/566/18 | LSGD/TS/2017-18/71219/27-09-17.<br>TS.NO.74548/ 17-18.<br>30 ലക്ഷം | എൻ.ആർ. സഹദേവൻ | Cc first & final<br>21801821/ 16-03-19<br>തുക.23,90,421 | ട്രഷറി ബിൽ നമ്പർ. 237/18-19 dt. 25/03/2019 |
| 3 | 506/19<br>വേലൂർ ഗ്രാമപഞ്ചായത്തിലെ തോന്നല്ലൂർ കരിയന്നൂർ പാലം.<br>D1/500/18 | LSGD/TS/2017-18/62794/06-10-17<br>TS.NO.76384/ 17-18<br>23 ലക്ഷം | മാത്യു വർഗ്ഗീസ് | Cc second & final.<br>വൗ. 21801166 / 28-06-18<br>5,18,974<br>ആകെ പ്രവൃത്തി മൂല്യം. 18,18,974 | ട്രഷറി ബിൽ നമ്പർ. 50/18-19. dt.28/06/2018 |
| 4 | 505/19<br>പുന്നൻ പറമ്പ് കല്ലൻ പാറ കനാൽ റോഡ്<br>D4/499/18 | LSGD/TS/2017-18/62942/18-08-17<br>TS.NO. 64272/2017-18<br>50 ലക്ഷം | ഒ.കെ.സാബു | Cc second & final.<br>വൗ.21800683/ 24-10-18<br>തുക. 20,36,463<br>ആകെ പ്രവൃത്തി മൂല്യം.<br>40,36,463 | ട്രഷറി ബിൽ വിവരം. 97/18-19 dt.29/10/18 |
| 5 | 933/19.കൊരട്ടി ഗ്രാമ പഞ്ചായത്ത് കൊറ്റംചിറ എസ്.സി കോളനി അടിസ്ഥാന സൗകര്യ വികസനം. ഫയൽ നമ്പർ. D2/415/16-17 | LSGD/TS/16-17/47512/06-02-17<br>TS.NO.70540/2016-17<br>35 ലക്ഷം | എൻ.കെ.ഔസേപ്പ് | ആകെ പ്രവൃത്തി മൂല്യം. 28,77,497<br>സി.സി. ലാസ്റ്റ് ആന്റ് ഫൈനൽ<br>2,34,990 | ട്രഷറി ബിൽ നമ്പർ.<br>46/18-19 dt.<br>16-07-18 |

മരാമത്ത് പ്രവൃത്തികളിൽ ക്വാളിറ്റി കംട്രോൾ ഉറപ്പാക്കുന്നതിനായി ഏർപ്പെടുത്തിയ ഈ ആഭ്യന്തരനിയന്ത്രണ സംവിധാനം കൃത്യമായി പാലിക്കാൻ മരാമത്ത് വിഭാഗത്തിന് ജില്ലാ പഞ്ചായത്ത് ഭരണസമിതി ആവശ്യമായ

നിർദ്ദേശം നൽകേണ്ടതാണ്. നിർദ്ദേശം നൽകിയ ശേഷവും ക്വാളിറ്റി കംട്രോൾ ഉറപ്പാക്കുന്നതിൽ മരാമത്ത് വിഭാഗം ശ്രദ്ധിക്കാത്ത പക്ഷം പ്രസ്തുത ചെലവുകൾക്ക് ഭരണസമിതി അനുമതി നിഷേധിക്കേണ്ടതാണ്.

## 1-48 വട്ടപരുത്തി കോളനി സമഗ്ര വികസനം -വലപ്പാട് ഗ്രാമ പഞ്ചായത്ത് - പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അല്ലാത്ത സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തി -അതിർത്തി തർക്കത്തെതുടർന്ന് പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല

പ്രോജക്റ്റ് -വട്ടപരുത്തി കോളനി സമഗ്ര വികസനം-വലപ്പാട് ഗ്രാമ പഞ്ചായത്ത്

പ്രോജക്റ്റ് നം. -751/19 (2017-18 ലെ നം.564/18)

പദ്ധതി അടങ്കൽ -10,00,000/- (എസ്.സി.പി)

നിർവ്വഹണം -അസി.എക്സി.എഞ്ചിനീയർ

ഭരണാനുമതി നം. -01/31.5.2017

സാങ്കേതികാനുമതി - TS No.-72767/2017-18 (Ex.Eng.,LSGD Division)

എഗ്രിമെന്റ് നമ്പർ -166 എ.ഇ.ഇ/എൽ.എസ്.ജി.ഡി/ഡിവി.തൃശ്ശൂർ/17-18 തീ.12.3.18

കരാറുകാരൻ -കെ.കെ.ഇസ്മയിൽ

ബിൽ നമ്പർ - 22/18-19/22.5.18, തുക 4,91,581/-

എം.ബുക്ക് നമ്പർ -1155/16-17

വലപ്പാട് ഗ്രാമപഞ്ചായത്തിലെ 18-ാം വാർഡിൽ വട്ടപരുത്തി കോളനിയിൽ 375 മീറ്റർ നീളത്തിലും 0.5 മീറ്റർ വീതിയിലും DR masonary ഉപയോഗിച്ച് formation കൊടുത്ത് അതിനുമീതെ 0.50മീറ്റർ ഉയരത്തിൽ RR masonary നൽകി സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും കോളനിക്കുള്ളിലായി 43 മീറ്റർ നീളത്തിൽ ക്വാറിവേസ്റ്റ് ഇട്ട് അതിനുമീതെ concrete footpath നിർമ്മിക്കുന്നതിനുമാണ് ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇതിൻ പ്രകാരം 12.03.18 ൽ എഗ്രിമെന്റ് വച്ച് കരാറുകാരൻ പ്രവൃത്തി ആരംഭിക്കുകയും 26.03.18 ൽ 4,91,581/- രൂപയുടെ 1st and part bill അസി.എക്സി.എഞ്ചിനീയർ മേൽ ബിൽ നമ്പർ പ്രകാരം കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. പാർട്ട് ബിൽ നൽകിയതിന് ശേഷമുള്ള പണികൾക്ക് അതിർത്തി തർക്കം കാരണം സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ കരാറുകാരൻ വർക്കിൽ നിന്ന് പിൻമാറുന്നതിനുള്ള അനുവാദവും, സെക്യൂരിറ്റി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യപ്പെടുകയും ആയതിന് വാർഡ് കൗൺസിലർ ശുപാർശചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ എക്സി.എഞ്ചിനീയർ ഭരണസമിതി തീരുമാനത്തിന് അഭ്യർത്ഥിക്കുകയും ഭരണസമിതിയുടെ 22/05/19 ലെ 7-ാം നമ്പർ തീരുമാനപ്രകാരം ടി പ്രവൃത്തി നിർത്തിവച്ചുകൊണ്ടുള്ള closure agreement തയ്യാറാക്കി അംഗീകരിച്ചു.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റ് രൂപീകരണ ഫോറത്തിൽ ആസ്തിയുടെ ഉടമസ്ഥാവകാശം പൊതുഉടമസ്ഥതയെന്ന് (ക്രമ.നമ്പർ.35)കാണിക്കുകയും, പഞ്ചായത്ത് ആസ്തി രജിസ്റ്ററിലെ യുണീക്ക് നമ്പർ രേഖപ്പെടുത്തുകയും (ക്രമ.നമ്പർ.36) ചെയ്തിട്ടില്ല. എസ്റ്ററിമേറ്റ് തയ്യാറാക്കുമ്പോൾ ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയർ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വസ്തുതകൾ വിലയിരുത്തുകയോ, എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയോ, ആയത് പഞ്ചായത്തിൽ നിക്ഷിപ്തമാണെന്ന് ഉറപ്പുവരുത്തുകയോ ചെയ്തതായി രേഖപ്പെടുത്തലില്ല.

2) 12/3/18 ൽ സൈറ്റ് ഹാൻഡ്ഓവർ ചെയ്ത് 26/3/18ൽ ആദ്യത്തെ പാർട്ട് ബിൽ പ്രകാരം തുക നൽകി. കരാർ വ്യവസ്ഥ പ്രകാരം സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് 6 മാസത്തിനുള്ളിൽ (9/18നകം) പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പാർട്ട് ബിൽ നൽകിയതിനു ശേഷം ടി പ്രവൃത്തി സംബന്ധിച്ച് അതിർത്തി തർക്കം നിലനിൽക്കുന്നതായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരോ, ഗ്രാമപഞ്ചായത്തോ ജില്ലാ പഞ്ചായത്തിനെ അറിയിച്ചതായി രേഖകൾ ഇല്ല. 18/01/19 ൽ തയ്യാറാക്കിയ കാര്യാലയ നോട്ട്ഫയലിൽ ടി വർക്കിന്റെ തുടർന്നുള്ള പ്രവൃത്തികൾ നടപ്പിലാക്കാൻ സ്ഥലം കിട്ടാത്തതിനാൽ ഗ്രാമ പഞ്ചായത്ത് ടി വർക്ക് റദ്ദുചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് കരാറുകാരൻ അപേക്ഷയിൽ{14.01.19 ലെ കരാറുകാരന്റെ അപേക്ഷയിൽ(ട്രി- അപേക്ഷ ഫയലിൽ ഇല്ല)} സൂചിപ്പിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതു സംബന്ധിച്ച രേഖകളൊന്നും എക്സി.എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമായിട്ടില്ലയെന്നും നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിർത്തി തർക്കം കാരണം സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ കരാറുകാരൻ വർക്കിൽ നിന്ന് പിൻമാറുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ ഇനിയുള്ള പ്രവൃത്തി നിർത്തി വയ്ക്കുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുവാൻ 20.4.19 ലെ D1-564/18 കത്ത് മുഖേന എക്സി.എഞ്ചിനീയർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 22/05/19 ലെ 7-ാം നമ്പർ തീരുമാനപ്രകാരം ടി പ്രവൃത്തി നിർത്തിവച്ചുകൊണ്ടുള്ള closure agreement തയ്യാറാക്കി അംഗീകരിക്കുകയും തുടർ നിർമ്മാണ പ്രവൃത്തികൾ നിർത്തിവയ്ക്കുകയും ചെയ്തു.

കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സം നേരിട്ട വിവരം ചുമതലപ്പെട്ട ഉദ്യോഗസ്ഥനോ, ഗ്രാമ പഞ്ചായത്തോ ജില്ലാ പഞ്ചായത്തിൽ അറിയിക്കാതിരുന്നതിന്റെയും, പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത സ്ഥലത്ത് നിർമ്മാണം നടത്തുവാൻ ഇടയായതിന്റെയും സാഹചര്യം വ്യക്തമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (40/11.03.2020) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾക്ക് ന്യായയുക്തമായ മറുപടി ലഭ്യമാക്കുംവരെ ചെലവ് തുക 4,91,581/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-49 ഭൂമി തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് ഉറപ്പാക്കാതെ പദ്ധതി നിർവ്വഹണം നടത്തി

എ)
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ

പദ്ധതിയുടെ പേര് : ആയൂർ മഠപറമ്പ് കോളനി ശ്മശാനം ചുറ്റുമതിൽ - പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

നമ്പർ : S0808/19

ഫണ്ട് : വികസനഫണ്ട് എസ്.സി.പി

അടങ്കൽ : 10,00,000/-

ചെലവ് : 7,99,623/-

ട്രഷറി ബിൽ നമ്പർ : 137/18-19 dtd. 31.12.18

പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡിലുള്ള ആയൂർ മഠപറമ്പ് കോളനിയിലെ ശ്മശാനത്തിൽ ചുറ്റുമതിൽ, ഷെഡ് എന്നിവ നിർമ്മിക്കുന്നതിന് ആവിഷ്കരിച്ച മേൽപദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പദ്ധതി നിർവ്വഹണം നടത്തുന്ന സ്ഥലം പൊതുശ്മശാനമായി ഉപയോഗിച്ചുവരുന്നതോ ഗ്രാമപഞ്ചായത്തിന് സറണ്ടർ ചെയ്തു കിട്ടിയതോ അല്ല. പദ്ധതിക്ക് വേണ്ടി തുക ചെലവഴിക്കുന്നതിന് മുൻപായി സ്ഥലം ഏതെങ്കിലും തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് ഉറപ്പുവരുത്തിയതായി കാണുന്നില്ല.

ബി)

| | |
|---|---|
| പ്രോജക്റ്റ് നം | S0847/19 |
| പ്രോജക്റ്റ് | തിരുവില്വാമല ഗ്രാമപഞ്ചായത്ത് - പാടശേഖരസമിതികളുടെ കുടിയിരുപ്പ് വിത്ത് സൂക്ഷിപ്പ് കേന്ദ്രം - പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| നിർവഹണഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ഫയൽ നം | D3-919/18 |
| സാങ്കേതികാനുമതി | LSGD /TS/2017-18/123232 തീയതി 07.10.17 |
| സാങ്കേതികാനുമതി തുക | 10,00,000 |
| റി.എസ്റ്റിമേറ്റ് തുക | 9,79,963/- |
| കരാറുകാരൻ | ശ്രീ.വാവച്ചൻ ജോസഫ് |
| കരാർ തുക | 937144.84 |
| കരാർ ഉടമ്പടി നം. | 93/AEE/LSGD/Division Thrissur/17-18/ തി. 31.01.18 |
| എം ബുക്ക് | 135/18-19 |

| ട്രഷറി ബിൽ നം / തുക | 288/18-19/22.03.19 – 9,32,846/- |
|---|---|

തിരുവില്വാമല കിണറ്റിൻകര പാടശേഖരസമിതിയിലെ മെമ്പർ ജില്ലാപഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് നൽകിയ 18.01.2019ലെ കത്തിൽ പദ്ധതി നടപ്പിലാക്കിയ സ്ഥലം റവന്യൂ വകുപ്പിന്റെ കൈവശത്തിലും ഉടമസ്ഥതയിലും ഉള്ളതാണെന്നും പ്രസ്തുത പ്രവൃത്തിക്ക് വകുപ്പിൽ നിന്നുള്ള അനുമതി ലഭിച്ചിട്ടില്ലെന്നും ആരോപിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയത് തദ്ദേശഭരണസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണെന്ന് തെളിയിക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ആയതിനാൽ, മേൽപദ്ധതികൾ പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ രേഖകൾ / മറ്റ് പ്രസക്തമായരേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-50 എക്സ്ട്രാ വർക്കുകൾക്ക് എഗ്രീഡ് ഐറ്റം റേറ്റിലുള്ള അനുപാതിക കുറവ് എസ്റ്റിമേറ്റ് പി.എ.സിയുമായി താരതമ്യപ്പെടുത്തുന്നതിനു പകരം റിവൈസ്ഡ് എസ്റ്റിമേറ്റുമായി ചേർത്ത് കണക്കാക്കുന്നത് കരാർ വിരുദ്ധമായ നടപടി.

ജില്ലാ പഞ്ചായത്ത് താഴെ ചേർക്കുന്ന പ്രവർത്തികളിലെ കരാറുകാരുമായി ഒപ്പു വെച്ച കരാർ ഖണ്ഡിക 31 പ്രകാരം ഐറ്റം റേറ്റ് പ്രകാരമുള്ള പ്രവർത്തികളിലെ സംഗതിയിൽ ഏതെങ്കിലും ഇനം പ്രവർത്തി അധികമായി ചെയ്യേണ്ടി വരികയാണെങ്കിൽ കരാറുകാരൻ കോട്ട് ചെയ്ത നിരക്കുകൾ പ്രകാരമുള്ള ആകെ തുക എസ്റ്റിമേറ്റ് പി.എ.സി പ്രകാരമുള്ള തുകയുടെ എത്ര ശതമാനം കുറവാണെന്ന് കണക്കാക്കി അത്രയും ശതമാനം മാത്രമേ എക്സ്ട്രാ ഐറ്റത്തിന്റെ നിരക്കിലും അനുവദിക്കുകയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടെൻഡർ ഷെഡ്യൂളിൽ ഉൾപ്പെട്ട എസ്റ്റിമേറ്റ് പി.എ.സി യ്ക്ക് പകരം റിവൈസ്ഡ് എസ്റ്റിമേറ്റ് പി.എ.സി ആണ് ടെൻഡർ ബിലോ കണക്കാക്കാനുള്ള എസ്റ്റിമേറ്റ് പി.എ.സി ആയി നിലവിൽ കണക്കാക്കിയിരിക്കുന്നത്. ഇത് യഥാർത്ഥ(അർഹമായ) ടെൻഡർ റേറ്റിനേക്കാളും ഉയർന്ന ടെണ്ടർ റേറ്റ് വെച്ച് എക്സ്ട്രാ ഇനങ്ങൾക്ക് റേറ്റ് കണക്കാക്കാനിടയാക്കിയിട്ടുണ്ട്. യഥാർത്ഥ എസ്റ്റിമേറ്റിന് മുകളിലാണ് ടെൻഡർ നിരക്കുകൾ കോട്ട് ചെയ്യുക എന്നിരിക്കെ ഇവിടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ആധാരമാക്കിയതിന് നിയമപരമായ പിൻബലമൊന്നും ഇല്ലാത്തതിനാൽ ഇത് പ്രവർത്തികളിൽ സ്ഥാപനത്തിന് നഷ്ടമുണ്ടാക്കുന്നതായി കാണുന്നു. ഈ നടപടി കർശനമായി നിയന്ത്രിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

ഒരു ഉദാഹരണം താഴെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ. 867/19

എസ്റ്റിമേറ്റ് പി.എ.സി. 7,00,000

എഗ്രീഡ് പി.എ.സി. 6,11,712

ആകെ ടെൻഡർ ബിലോ. 12.61%

എഗ്രിമെന്റ് നമ്പർ. 234/EE/LSGD/2016-17 DT. 31/03/2017

റിവൈസ്ഡ് എസ്റ്റിമേറ്റ് പി.എ.സി. 6,30,603

റിവൈസ്ഡ് എസ്റ്റിമേറ്റ് പി.എ.സിയിൽ ടെൻഡർ ബിലോ-3%

പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് GHSS മോഡിഫിക്കേഷൻ എന്ന ഈ പ്രവൃത്തിയിൽ എക്സ്ട്രാ ഇനം ഒന്നു മുതൽ നാലുവരെയുള്ള ഇനങ്ങളുടെ ആകെ മൂല്യം 96,853.31 രൂപയാണ്. ഈ ഇനങ്ങളുടെ ബിൽ തുക അനുവദിച്ചപ്പോൾ മൂന്നു ശതമാനം ടെൻഡർ ബിലോ നിരക്കിലാണ് തുക അനുവദിച്ചത്. ഇതനുസരിച്ച് കരാറുകാരന് അനുവദിച്ചത് 93,947.72 രൂപയാണ്. 12.61% ടെൻഡർ വേരിയേഷൻ വരുത്തിയിരുന്നുവെങ്കിൽ അനുവദിക്കാവുന്നത് 96,853.31-12,213.20=84,640.10 രൂപയായിരുന്നു. യഥാർത്ഥത്തിൽ ഈ ഒരു പ്രവർത്തിയിൽ മാത്രം 93,947.72-84,640.10 =9,307.62 രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കാവുന്നതാണ്.

## 1-51 വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് - താണിമുക്ക് താഴപ്ര റോഡ്- കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം- അപാകതകൾ

| പ്രൊജക്ട് നമ്പർ | S0813/19 |
|---|---|
| | |

| | |
|---|---|
| പ്രൊജക്ട് | വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് - താണിമുക്ക് താഴപ്ര റോഡ് - പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് - റോഡ് |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ |
| ഫയൽ നമ്പർ | D3-732/18 |
| സാങ്കേതികാനുമതി | LSGD/TS/2017-18/72268 dt. 02.10.2017 |
| സാങ്കേതികാനുമതി തുക | 25,00,000/- |
| കരാറുകാരൻ | എ.കെ.സൈതലവി |
| കരാർ തുക | 22,16,926.62 |
| കരാർ ഉടമ്പടി നമ്പർ | 96/എ.ഇ.ഇ/ എൽ.എസ്.ജി.ഡി/ ഡിവിഷൻ തൃശ്ശൂർ/17-18 തി. 31.01.2018 |
| എം. ബുക്ക് നമ്പർ | 1078/16-17 |
| ട്രഷറി ബിൽ നം. / തുക | 47/18-19 dt 22.05.18, 9,67,166/-<br>74/18-19 dt 06.09.18, 11,56,514/- |

മേൽപദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റിലെ ഭാഗം 2 (drain and irish drain) ഒന്നാമത് ഇനമായി 'Earth work excavation ….' (അളവ് 171 cum) എന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്. അളവുപുസ്തകത്തിലെ പേജ് നമ്പർ 6 പ്രകാരം ഈ പ്രവൃത്തിയുടെ അളവ് 167.246 cum ആണ്. ലഭ്യമായ മണ്ണ് പദ്ധതി നടപ്പാക്കുന്ന റോഡിലെ താഴ്ന്ന പ്രദേശങ്ങളിൽ ഉപയോഗിച്ചിട്ടുണ്ടെന്ന് ഈ പേജിൽ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും, മണ്ണ് ഇത്തരത്തിൽ ഉപയോഗപ്പെടുത്തുന്നതിനായി എസ്റ്റിമേറ്റിൽ ഒരു പ്രവൃത്തിയായി ഉൾക്കൊള്ളിച്ചു കാണുന്നില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ മണ്ണ് ഇത്തരത്തിൽ ഉപയോഗപ്പെടുത്തുന്നതിന്റെ ആവശ്യകത വ്യക്തമാക്കുകയോ എസ്റ്റിമേറ്റിൽ ഒരു ഇനമായി ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ, ഇത്തരം സാഹചര്യങ്ങളിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.

## 1-52 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം വ്യക്തമാക്കേണ്ടതാണ്.

താഴെ ചേർക്കുന്ന പ്രവർത്തികളിൽ മണ്ണ് കുഴിച്ചെടുക്കുന്ന പ്രവർത്തി ഒരിനമായി ഉൾപ്പെടുത്തിയിട്ടുള്ളതും എം ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം കുഴിച്ചെടുത്ത മണ്ണ് ആവശ്യം കഴിഞ്ഞ് നിശ്ചിത സ്ഥലത്ത് സ്റ്റാക്കു ചെയ്തിട്ടുള്ളതുമാണ്. ഇപ്രകാരം സ്റ്റാക്കു ചെയ്ത മണ്ണിന്റെ ഡിസ്പോസൽ ബന്ധപ്പെട്ട ആസ്തി ഉടമസ്ഥതയുള്ള പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതും അല്ലാത്തതുമായ അവസരങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. താഴെ ചേർക്കുന്ന രണ്ട് പ്രവർത്തികളിൽ ഇപ്രകാരം സ്റ്റാക്കു ചെയ്ത മണ്ണിന്റെ വിവരം ചേർത്തിരിക്കുന്നു. ഇതു സംബന്ധിച്ച് ആസ്തി ഉടമസ്ഥ സ്ഥാപനത്തിന്റെ തുടർ നടപടി വിവരം ഫയലിൽ ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ(ലേലം ഉൾപ്പെടെ) കൈക്കൊണ്ട വിവരമോ, ആസ്തി(മണ്ണ്) പ്രസ്തുത സ്ഥാപനം കൈപ്പറ്റിയ വിവരമോ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ | എം ബുക്ക് | മണ്ണിന്റെ അളവ് | മറ്റു വിവരങ്ങൾ |
|---|---|---|---|---|

| | പേര് | പേജ് നമ്പർ | | |
|---|---|---|---|---|
| 1 | 754/19.അളഗപ്പനഗർ ഗ്രാമ പഞ്ചായത്ത്. വലിയ കുളം പൂക്കോട് റോഡ് കാന നിർമാണം. | 274/17-18 page.7 | 66.95m3 | അളഗപ്പനഗർ പഞ്ചായത്തിലെ നിർമ്മാണം കഴിഞ്ഞ റോഡിന്റെ ചെയിനേജ് 100 ൽ ഇടതു വശത്തായി തോമസ് ,ചേറു വീട് വരാക്കര പി.ഒ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സൂക്ഷിച്ചിരിക്കുന്നു. മണ്ണ് ലേലം ചെയ്യാൻ അളഗപ്പനഗർ പഞ്ചായത്ത് സെക്രട്ടറിക്ക്18/07/2018 ൽ കത്ത് നൽകിയിരിക്കുന്നു. |
| 2 | 787/19, പുതുച്ചിറ മെയിന്റനൻസ്. ആളൂർ ഗ്രാമ പഞ്ചായത്ത്. | 196/17-18. പേജ് 1 മുതൽ 33 വരെ | ആകെ 70.058 $m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. സ്റ്റാക്കു ചെയ്ത അളവ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. | സർവ്വേ റിപ്പോർട്ട് ഫയലിൽ ഇല്ല. |

## 1-53 പൊയ്യ ഗ്രാമപഞ്ചായത്തിലെ പൂപ്പത്തി കിഴക്കേ എസ് സി കോളനി റോഡ് പുനരുദ്ധാരണം -- യഥാസമയം പദ്ധതി പൂർത്തിയാക്കുകയോ കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്യുകയോ ചെയ്തിട്ടില്ല.

പദ്ധതിയുടെ വിശദാംശങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | S985/19 |
| പ്രോജക്ടിന്റെ പേര് | പൂപ്പത്തി കിഴക്കേ എസ് സി കോളനി റോഡ് മെയിന്റനൻസ് -പൊയ്യ ഗ്രാമപഞ്ചായത്ത്- വാർഡ് 7 |
| നിർവഹണഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ഫയൽ നം | D3-583/16-17 |
| സാങ്കേതികാനുമതി | LSGD /TS/2016-17/46662 തീയതി 16.2.17 |
| സാങ്കേതികാനുമതി തുക | 10,00,000 |
| കരാറുകാരൻ | ശ്രീ.കെ പി തോമസ് |
| കരാർ തുക | 9,87,010.75 |
| കരാർ ഉടമ്പടി നം. | 195/EE/LSGD/16-17/ തീയതി.28.3.17 |
| എം ബുക്ക് | 199/17-18 |
| ട്രഷറി ബിൽ നം / തുക | 79/18-19/5.2.19---6,44,422 |
| വൗച്ചർ നം | 21801322/23.1.19 |

പൊയ്യ ഗ്രാമപഞ്ചായത്തിലെ പൂപ്പത്തി കിഴക്കേ എസ് സി കോളനി റോഡ് (720മീ.നീളം,3മീ.വീതി)റീടാറിംഗിനും പാർശ്വഭാഗം കരിങ്കല്ല് കെട്ടി സംരക്ഷിക്കുന്നതിനും IRISH DRAIN നിർമ്മിക്കുന്നതിനും ആയി 2016-17 ൽ ആവിഷ്ക്കരിച്ച പദ്ധതിയാണിത്. പദ്ധതിക്കായി 10,00,000രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞനിരക്ക് കോട്ട് ചെയ്ത ശ്രീ.കെ പി തോമസ് എന്ന വ്യക്തിയെ തെരഞ്ഞെടുത്തു. 28.3.17 ന് കരാർ ചമച്ച് സൈറ്റ് കൈമാറി.

സൈഡ് കെട്ടുന്നതിന് റോഡിന് വീതി ഇല്ലാത്തതിനാലും സ്ഥലമുടമകൾ അനുകൂലിക്കാത്തതിനാലും പാർശ്വഭാഗം കരിങ്കല്ല് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി ഒഴികെ പൂർത്തിയാക്കിയതായി കരാറുകാരൻ

അറിയിച്ചതിനെ തുടർന്ന് ഫൈനൽബിൽ തയ്യാറാക്കി 5.2.19 ന് പണം കൈമാറി.

പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. 2016-17ൽ ആരംഭിച്ച ഈ പദ്ധതി 2017-18 ൽ പൂർത്തിയാക്കാതെ 2018-19 വരെ ദീർഘിപ്പിക്കുന്നതിനുള്ള കാരണം വ്യക്തമല്ല. കരാർ പ്രകാരം 6 മാസമായിരുന്നു പൂർത്തീകരണകാലാവധി.

2. പ്രവൃത്തി നിർവഹണത്തിനായി കുഴിച്ചെടുത്ത മണ്ണ് (39.23m3)ലേലം ചെയ്യുന്നതിന് സെക്രട്ടറിക്ക് കത്തു നൽകണമെന്ന് D3 സെക്ഷൻ 28.12.2018 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ പൂപ്പത്തി കിഴക്കേ എസ് സി കോളനി റോഡ് മെയിന്റനൻസ് എന്ന പ്രവർത്തിയുടെ നിർവഹണ വേളയിൽ ചപ്പാത്ത് നിർമ്മിക്കുന്നതിന്റെ ഭാഗമായി കുഴിച്ചെടുത്ത 39.23m3 മണ്ണ് യഥാസ്ഥാനത്ത് കൂട്ടിയിട്ടിരിക്കുകയാണ് എന്നും തുടർനടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് പൊയ്യ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്തയച്ചതായി(കത്ത് നം.2/AE-P/LSGD/18-19 തീയതി 11.10.18) കാണുന്നു. എംബുക്ക് പേജ് 38ൽ മണ്ണ് റോഡ് സൈഡിൽ കൂട്ടിയിട്ടിരിക്കുകയാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മണ്ണ് ലേലം ചെയ്തതായി ഫയലിലോ എംബുക്കിലോ രേഖപ്പെടുത്തിയിട്ടില്ല. ഫൈനൽ ബിൽ നൽകുമ്പോൾ മണ്ണിന്റെ വില ഈടാക്കിയിട്ടില്ല. മണ്ണ് ലേലം ചെയ്ത് തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ അടവാക്കാതിരുന്നതിന് കാരണം വ്യക്തമല്ല.

3. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 3മീറ്റർ വീതി മാത്രമുള്ള റോഡ് റീടാറിംഗിന് ജില്ലാ പഞ്ചായത്ത് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയത് ക്രമത്തിലല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 173ാം വകുപ്പ് 1ാം ഉപവകുപ്പ് 5ാം പട്ടിക പ്രകാരം മേജർജില്ല റോഡുകൾ ഒഴികെയുള്ള ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമായ എല്ലാ ജില്ലാ റോഡുകളും നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് ജില്ലാ പഞ്ചായത്തിന്റെ ചുമതല. 29.1.2018 തീയതിയിലെ സ.ഉ.(കൈ) നം,11/2018/തസ്വഭവ ഖ.7.13.2 പ്രകാരം ജില്ലാപഞ്ചായത്തിന്റെ ചുമതലയിലുള്ള എല്ലാ റോഡുകളും പൂർണ്ണ ഗതാഗതയോഗ്യമാക്കിയതിന് ശേഷം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6മീറ്ററിൽ കുറയാതെ വീതിയുള്ള റോഡ് മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്തിന് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ടി പ്രവൃത്തി ഈ ഗണത്തിൽ വരുന്നതല്ല.

4. ഫൈനൽ ബില്ലിൽ (KPW ഫോം 23)20.4.18ന് പ്രവൃത്തി പൂർത്തിയാക്കിയതായും 14.9.18 ന് ചെക്ക് മെഷർ ചെയ്തതായും ചേർത്തിട്ടുണ്ട്.എന്നാൽ എം ബുക്കിൽ 20.4.18 ന് അളവെടുത്ത് 21.4.18 ന് ചെക്ക് മെഷർ ചെയ്തതായും(പേജ് 46) ചേർത്തിട്ടുണ്ട്. ബിൽ തയ്യാറാക്കിയതായി എംബുക്കിൽ (പേജ് 63)ചേർത്തിട്ടുള്ളത് 14.9.18 ആണ്. ഇപ്രകാരം ബില്ലിലും എംബുക്കിലും ചെക്ക് മെഷർ ചെയ്ത തീയതി വ്യത്യാസപ്പെട്ടുകാണുന്നു. കരാർ പ്രകാരം (ഇനം.13)പ്രവൃത്തി കഴിഞ്ഞ് 2ആഴ്ചക്കുള്ളിൽ അളവെടുക്കുന്നതും ബിൽ തയ്യാറാക്കി ഒരാഴ്ചക്കുള്ളിൽ പണം നൽകുന്നതുമാണെന്ന് ചേർത്തിട്ടുണ്ട്.ഈ വ്യവസ്ഥ പാലിച്ചിട്ടില്ല.

5. പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപേ തന്നെ വിശദമായ സൈറ്റ് പരിശോധന നടത്തേണ്ടതാണ്(പൊതുമരാമത്ത് മാന്വൽ സെക്ഷൻ 1601.1.1).എന്നാൽ ഈ പദ്ധതിയിൽ വിശദമായ സൈറ്റ് പരിശോധന നടത്തിയിട്ടില്ല.റോഡിന്റെ സൈഡ് കെട്ടി സംരക്ഷിക്കുന്നതിനുകൂടിയാണ് പദ്ധതി തയ്യാറാക്കിയത്. സൈഡ് കെട്ടുന്നതിനുള്ള വീതി റോഡിന് ഇല്ല എന്നും റോഡിൽ നിന്ന് ഇറക്കി കെട്ടുന്നതിന് റോഡിന്റെ വശങ്ങളിലുള്ള സ്ഥലമുടമകൾ അനുവദിക്കാത്തതിനാലും പ്രവൃത്തി ചെയ്തില്ല എന്ന് കരാറുകാരൻ അറിയിച്ചതിനെ തുടർന്ന് കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർണ്ണമായും പൂർത്തീകരിക്കാതെ ചെയ്ത പ്രവൃത്തിക്ക് കരാറുകാരന് പണം അനുവദിച്ച് പ്രവൃത്തി അവസാനിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ആവശ്യമായ സൈറ്റ് പരിശോധന നടത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന്
ഇതിൽ നിന്ന് വ്യക്തമാണ്.

6. 720മീറ്റർ നീളത്തിൽ റീടാറിംഗ് നടത്തുന്നതിനാണ് പദ്ധതി ആവിഷ്ക്കരിച്ചത്. 542മീറ്റർ മാത്രമാണ് പ്രവൃത്തി ചെയ്തത്.

ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.34/9.3.2020 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.
ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ താഴെ പറയുന്ന ശിപാർശകൾ ഭരണസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.
എ) ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായതോ, മറിച്ച് നിയമപരമായി ചുമതലപ്പെടുത്തപ്പെട്ടതോ ആയ റോഡ് പ്രവൃത്തികൾ മാത്രമേ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കാവൂ.
ബി) കരാർ വെച്ച് സൈറ്റ് കൈമാറിയ പ്രവൃത്തികളുടെ പുരോഗതി മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും പരിശോധനയ്ക്ക് വിധേയമാക്കുന്നത് പരിഗണിക്കേണ്ടതാണ്.

സി) മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപായി വിശദമായ സൈറ്റ് പരിശോധന നടത്താൻ എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകേണ്ടതും ആവശ്യമെങ്കിൽ ഇപ്രകാരം സൈറ്റ് പരിശോധന നടത്തിയതായി ഒരു സർട്ടിഫിക്കറ്റ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്താൻ ആവശ്യപ്പെടാവുന്നതുമാണ്.

## 1-54 മരാമത്ത് പ്രവർത്തികളുടെ ഭാഗമായി കുഴിച്ചെടുത്തമണ്ണിന്റെ വിനിയോഗം/ലേലം നടത്തി തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ 2018-19 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവർത്തികളുടെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് വിനിയോഗിച്ചതിന്റെയോ, ലേലം ചെയ്ത് തുക വരവ് വന്നതിന്റെയോ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ പ്രോജക്ട് | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് (എം ക്യൂബ്) | അളവ് രേഖപ്പെടുത്തിയ എം ബുക്കും./ പേജ് നം. | കരാറുകാരൻ | പദ്ധതി നടപ്പാക്കിയ ഗ്രാമപഞ്ചായത്ത് പ്രദേശം | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | 756/19/പുളിഞ്ചോട് -കൈതക്കുളം റോഡ് | 112.89 | 1176/16-17/പേജ്3 | വിഷ്ണുലാൽ സി.എസ് | അളഗപ്പ നഗർ | 141.02m3 മണ്ണ് കുഴിച്ചെടുത്തതിൽ 28.13m3 മണ്ണ് ഇതേ പ്രവൃത്തിക്കായി വിനിയോഗിച്ചിട്ടുട്ടെന്നും ബാക്കി112.89m3<br>മണ്ണ് ലേലം ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെന്നും എം ബുക്ക് പേജ്3ൽ രേഖപ്പെടുത്തിയിട്ടുണ്ടങ്കിലും പഞ്ചായത്തിനെ അറിയിച്ചതിന്റെയോ, ലേലംചെയ്ത തുക ലഭിച്ചതിന്റെയോ വിവരം ലഭ്യമല്ല |
| 2 | 716/19,നേതാജി റോഡ് റീ ടാറിങ്ങ് | 48.51 | 1142/16-17,പേജ് 53 | വി.എം.ജോൺ | തൃക്കൂർ | വിനിയോഗം സംബന്ധിച്ച് എം ബുക്കിൽ രേഖപ്പെടുത്തലില്ല. മണ്ണിന്റെ വില ഫൈനൽ ബില്ലിൽ നിന്നും കുറവ് വരുത്തിയതായും കാണുന്നില്ല |
| 3 | 736/19,ലളിതകലാ സമിതി റോഡ് കൾവേർട്ട് ,ഡ്രെയിൻ കൺസ്ട്രക്ഷൻ | 250.864 | 1174/16-17,പേജ് 8 | അജി കെ.എൻ | നെന്മണിക്കര | എം ബുക്ക് പേജ് 8 ൽ കുഴിച്ചെടുത്ത 250.864m3 മണ്ണ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കു കൈമാറിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ആയത് ലേലം ചെയ്തതിന്റെയോ/ വിനിയോഗം നടത്തിയതിന്റെയോ വിവരം ലഭ്യമാക്കിയിട്ടില്ല |
| 4 | 792/19,ചിറ്റിലപ്പിള്ളി ഹെൽത്ത്സെന്റർ റോഡ് നവീകരണം | 55.85<br>12.85 (ordinary rock excavated) | 117/17-18,പേജ് 2,3 | സത്യജിത്ത് ഇ.കെ | അടാട്ട് | ** |
| 5 | 408/19,കൈതക്കുളം റോഡ് കാനനിർമ്മാണം | 56.08 | 295/17-18,പേജ് 31 | Labour co-operative society for local developement at social welfare pvt.ltd ,Mattathur | അളഗപ്പനഗർ | എം ബുക്കിൽ "cut earth reported to GP "എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ സമീപമുള്ള ധനപോഷിണി കുറികമ്പനിയുടെ ഒഴിഞ്ഞസ്ഥലത്ത് സ്റ്റാക്ക് ചെയ്തിട്ടുണ്ടെന്ന് 6/02/19 ലെ നം11/AE/LSGD/AGR/2018-19 കത്ത് പ്രകാരം അസി.എഞ്ചിനീയർ ഗ്രാ.പഞ്ചാ. സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്<br>വിനിയോഗം/ലേല നടപടിയുടെ വിവരം ലഭ്യമാക്കേണ്ടതാണ് |

| | | | | | | |
|---|---|---|---|---|---|---|
| 6 | 566/19,ഏഴുകമ്പാനി വട്ടമാവ് റോഡ് -കാന നിർമ്മാണം | 178.84 | 749/15-16,പേജ് 14 | ജോർജ്ജ് വി.വി | അവിണിശ്ശേരി | അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ 21.12.18ലെ 87/AE/LSGD/AVY/18-19 കത്ത് പ്രകാരം 178.84എം ക്യൂബ് മണ്ണിന്റെ വാല്യുവേഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറക്ക്<br>ലേല നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല |
| | | | | | | |

**എം.ബുക്ക് പേജ് 2ൽ കുഴിച്ചെടുത്ത മണ്ണും(55.85m3), പാറയും(12.85m3) പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കോംമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി മണ്ണ് ലേലം നടത്തുന്നതിനായി അളവ്,വില എന്നിവ രേഖപ്പെടുത്തി പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുന്നതിന് 26/10/18 ലെ ഡി3/673/18 കത്ത് പ്രകാരം എക്സി.എഞ്ചിനീയർ, അടാട്ട് ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ പ്രവൃത്തിയിലെ കാനയിലെ 55.83m3മണ്ണ് പ്രൈമറി ഹെൽത്ത് സെന്ററിലെ താഴ്ന്ന പ്രദേശങ്ങളിൽ നികത്തിയിട്ടുണ്ടെന്നും (എന്നാൽ കുഴിച്ചെടുത്ത 12.85m3 പാറ താഴ്ന്ന പ്രദേശങ്ങൾ നികത്തുമ്പോൾ വിനിയോഗിച്ചതായി രേഖപ്പെടുത്തിയിട്ടില്ല), ടി നടപടിക്കു അംഗീകാരം ലഭിക്കുന്നതിനുമായി അസി.എഞ്ചിനീയർ (ജി.പി) 17/12/18 ലെ AE06/2018-19/GENERAL /69 പ്രകാരം പഞ്ചായത്തിന് അപേക്ഷിച്ചതിന്റെ പകർപ്പ് ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. മണ്ണിന്റേയും പാറയുടെയും വിനിയോഗം, പഞ്ചായത്തിന്റെ തീരുമാനം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-55 കൊരട്ടി ഗ്രാമപഞ്ചായത്ത് - കൊറ്റംചിറ എസ് സി കോളനി അടിസ്ഥാന സൗകര്യ വികസനം - കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്തിട്ടില്ല.

പദ്ധതിയുടെ വിശദാംശങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | 933/19 |
| പ്രോജക്ടിന്റെ പേര് | കൊരട്ടി ഗ്രാമപഞ്ചായത്ത് - കൊറ്റംചിറ എസ് സി കോളനി അടിസ്ഥാന സൗകര്യ വികസനം |
| നിർവഹണഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ഫയൽ നം | D2-415/16-17 |
| സാങ്കേതികാനുമതി | LSGD /TS/2016-17/47512 തീയതി 6.2.17 |
| സാങ്കേതികാനുമതി തുക | 35,00,000റിവൈസ്ഡ് - 34,30,850 |
| കരാറുകാരൻ | ശ്രീ.എൻ.കെ.ഔസേഫ് |
| കരാർ തുക | 28,81,753.94 |
| കരാർ ഉടമ്പടി നം. | 175/EE/LSGD/16-17/ തീയതി.24.3.17 |
| എം ബുക്ക് | 1053/16-17,1123/16-17 |
| ട്രഷറി ബിൽ നം / തുക | 46/18-19/16.7.18 തുക 2,34,990 |
| വൗച്ചർ നം | 21800567/9.718 |

കൊരട്ടി ഗ്രാമപഞ്ചായത്തിലെ 6ാം വാർഡ് കൊറ്റംചിറ എസ് സി കോളനി അടിസ്ഥാനസൗകര്യ വികസനം എന്ന പദ്ധതിയിൽ പാർശ്വഭിത്തി, ഡ്രൈനേജ്, റീടാറിംഗ് എന്നിവ ഉൾപ്പെടുത്തി 2016-17 വർഷത്തിൽ വിഭാവനം ചെയ്തു. 35,00,000 രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം കുറവ് നിരക്ക് രേഖപ്പെടുത്തിയ

ശ്രീ.എൻ.കെ.ഔസേഫ് എന്ന വ്യക്തിയുമായി 24.3.17ന് കരാറിലേർപ്പെടുകയും 27.3.17 ന് സൈറ്റ് കൈമാറുകയും ചെയ്തു.

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയിൽ നിന്നും റീടാറിംഗ് പ്രവൃത്തി ഒഴിവാക്കി അടങ്കലിൽ വ്യത്യാസമില്ലാതെ അളവുകളിൽ വ്യത്യാസം വരുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. 30.10.17 ൽ പൂർത്തീകരിച്ച മേൽ പ്രവൃത്തിയുടെ പ്രവൃത്തിമൂല്യം 28,77,497 രൂപയാണ്.
ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

(1) 2017-18 വർഷത്തിൽ പാർട്ട് ബിൽ പ്രകാരമുള്ള തുക ( തുക 26,42,507) അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തതിനുശേഷമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതും 26.6.18 ന് പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കിയതും. ഈ നടപടി ക്രമത്തിലല്ല.

(2) പ്രവൃത്തി നിർവ്വഹണത്തിനായി ആകെ കുഴിച്ചെടുത്തത് 835 m3 മണ്ണാണ്. ഇതിൽ 328 m3 മണ്ണ് ( 120.003+ 94.275 + 114.469) ഒറിജിനൽ എസ്റ്റിമേറ്റിൽ ഒരു ഇനമായി ഇല്ലാതിരിക്കെതന്നെ താഴ്ന്ന പ്രദേശങ്ങൾ ഫില്ലിംഗ് നടത്താനായി ഉപയോഗപ്പെടുത്തിയതായി എം ബുക്ക് നം. 1053/16-17 ൽ പേജ് നം . 4,18,47 എന്നിവയിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾപോലും ഇപ്രകാരം ഫില്ലിംഗ് നടത്തുവാനായി ഒരിനം പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ല.

(3) പ്രവൃത്തി നിർവഹണത്തിനായി കുഴിച്ചെടുത്ത ബാക്കി 507 m3 മണ്ണ് { 320.67 (എം ബുക്ക് 1053പേജ് 10) + 186.641(പേജ് 40)} ആശ്രയ ഫ്ലാറ്റിന് മുന്നിൽ കൂട്ടിയിട്ടിരിക്കുന്നതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(4) App. B- ( ഡ്രൈനേജ്) ഐറ്റം 2 പ്രകാരം കുഴിച്ചെടുത്ത 18.737 m3 മണ്ണ് ഉപയോഗിച്ചതായോ ലേലം ചെയ്തതായോ എം ബുക്കിൽ ( MB 1053/16-17 page 88-90) രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് ( എൻക്വയറി നം. 63/19.3.20)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും , കുഴിച്ചെടുത്ത മണ്ണ് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-56 എസ്.പി കോളനി സമഗ്രവികസനം പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്- സൈറ്റിൽ ലഭ്യമായ മണ്ണ് ഫില്ലിംഗിന് പരിഗണിക്കാതെ കരാറുകാരന് സ്വന്തം മണ്ണുപയോഗിച്ചുള്ള പ്രവൃത്തിക്ക് തുക അനുവദിച്ചത് ക്രമത്തിലല്ല-അധികചെലവ് ഈടാക്കണം

| | |
|---|---|
| പ്രൊജക്ട് നംപർ | 764/19 |
| പ്രൊജക്ടിന്റെ പേര് | എസ്.പി കോളനി സമഗ്രവികസനം പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് |
| സാങ്കേതികാനുമതി | 72373/2017-18(DSOR 2016 -Cost Index 40.2%) |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2017-18/75095 Dated.21.09.17 |
| സാങ്കേതികാനുമതി തുക | 10,00,000 രൂപ |
| കരാറുകാരൻ | ശ്രീ.പി.എ.മുഹമ്മദ് സഗീർ |
| കരാർ നിരക്ക് | 9,90,393.62 |
| കരാർ ഉടമ്പടി | 75/AEE/LSGD/17-18 Dated.24.01.18 |
| എം.ബുക്ക് | 18/2017-18 |
| വൗച്ചർ നംപർ, തുക | 21801216/17.09.2018=9,47,983 |

എസ്റ്റിമേറ്റ് പ്രകാരം ആകെ 9 ഇനം പ്രവൃത്തികളുള്ള മേൽ പ്രോജക്ടിന്റെ 1-ാം ഇനം 132×1.5×0.550=108.9 എം3 മണ്ണ് കിളച്ചു മാറ്റുക എന്നതാണ്. ഈ ഇനം പ്രവൃത്തിയ്ക്ക് DARലെ ഇനം 2.8.1 പ്രകാരം 233.29/എം3 പ്രകാരമാണ് നിരക്ക് കണക്കാക്കിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ 9-ാം ഇനം ആയി ചേർത്തിട്ടുള്ളത് trenches, plinth, sides of foundation തുടങ്ങിയ സ്ഥലങ്ങൾ കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് നികത്തുക (fill) എന്നതാണ്. ടി ഇനത്തിൽ ആകെ 95.04 എം3 മണ്ണ് വേണ്ടതായാണ് കണക്കാക്കിയിട്ടുള്ളത് (2×132×0.4×0.9=95.04). ഈ ഇനം പ്രവൃത്തിയ്ക്ക് 50.2.25.1 ഡാറ്റാ പ്രകാരം എം3 ന് 436.37 രൂപ നിരക്ക് നിശ്ചയിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇനം 1പ്രകാരം ലഭ്യമാകുന്ന മണ്ണ് തന്നെ ടി-ആവശ്യത്തിനായി ഉപയോഗപ്പെടുത്താൻ സാധിയ്ക്കുമെന്നിരിക്കെ എസ്റ്റിമേറ്റ്

തയ്യാറാക്കിയപ്പോൾ ആയത് പരിഗണിയ്ക്കാതെ കരാറുകാരൻ പുറമേ നിന്നും സ്വന്തം മണ്ണ് കൊണ്ടുവന്ന് നികത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇനം 1പ്രകാരം ലഭ്യമാകുന്ന മണ്ണ് തന്നെ ഉപയോഗപ്പെടുത്തിയാൽ DARലെ ഇനം 2.25 പ്രകാരം ഈ ഇനം പ്രവൃത്തിയ്ക്ക് നൽകാവുന്ന നിരക്ക് 176.30/ എം3(DSOR 2016 with cost index 40.2%) ആണ്.

എം.ബുക്ക് 18/17-18 ലെ പേജ് 1മുതൽ 3വരെയുള്ള രേഖപ്പെടുത്തൽ പ്രകാരം ഇനം 1 പ്രവൃത്തി 93.39 എം3 ആണ് നിർവ്വഹിച്ചിട്ടുള്ളത്. ലഭ്യമായ മണ്ണ് കോളനിയിലെ താഴ്ന്ന പ്രദേശങ്ങൾ നികത്താൻ ഉപയോഗിച്ചു എന്ന് എഞ്ചിനീയർ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഇപ്രകാരം ലഭ്യമായ മണ്ണ് ഉപയോഗിച്ച് താഴ്ന്ന പ്രദേശങ്ങൾ നികത്തുവാനായി എസ്റ്റിമേറ്റിൽ വകയിരുത്തൽ ഇല്ലാത്തതാണ്. എസ്റ്റിമേറ്റ് പുതുക്കിയിട്ടുമില്ല.

എം.ബുക്ക് 18/17-18 ലെ പേജ് 23മുതൽ 25വരെയുള്ള രേഖപ്പെടുത്തൽ പ്രകാരം ഇനം 9 പ്രവൃത്തി 93.89 എം3 നിർവ്വഹിച്ചിട്ടുള്ളതും ആയതിന് ഫൈനൽ ബിൽ പ്രകാരം 891.95/എം3 നിരക്കിൽ(കരാർ നിരക്ക്) 83,745.19രൂപ അനുവദിച്ചിട്ടുള്ളതുമാണ്. ഇനം 1 പ്രകാരം ലഭ്യമായ മണ്ണ് ഈ ആവശ്യത്തിന് ഉപയോഗപ്പെടുത്താമെന്നിരിക്കെ, എഞ്ചിനീയർ എസ്റ്റിമേറ്റിൽ വകയിരുത്തൽ ഇല്ലാത്ത പ്രവൃത്തിയ്ക്കായി മണ്ണ് ഉപയോഗപ്പെടുത്തി എന്ന് സാക്ഷ്യപ്പെടുത്തിയതിനാൽ ഇനം 9 പ്രകാരം ആവശ്യമായ മണ്ണിന് പൂർണ്ണനിരക്കിൽ തുക ചെലവഴിക്കേണ്ടി വന്നു. ഇനം 1 പ്രകാരം ലഭ്യമായ മണ്ണ് തന്നെ ഉപയോഗപ്പെടുത്തിയാൽ DARലെ ഇനം 2.25 പ്രകാരം ഈ ഇനം പ്രവർത്തിയ്ക്ക് 176.30/എം3 നിരക്കിൽ തുക ചെലവഴിച്ചാൽ മതിയായിരുന്നു. ആയതിനാൽ ഇനം 9 പ്രവൃത്തിയ്ക്കായി 93.39×(891.95-176.30)=66,834.55 രൂപ (66,835 രൂപ)യുടെ അധികചെലവുണ്ടായി.

ഈ അധികചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് തിരികെ ഈടാക്കേണ്ടതും കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-57 സമയ ദീർഘീകരണം- അനധികൃത പ്രവൃത്തികൾ മൂല്യ നിർണയം നടത്തി, പ്രവൃത്തി മൂല്യം അനുവദിച്ചു.

കേരള പൊതുമരാമത്ത് മാന്വൽ (ജി.ഒ.(പി) 13/2012/PWD/01-02-2012) ഖണ്ഡിക. 2112, 2112-1 എന്നിവയിലെ വ്യവസ്ഥകളനുസരിച്ച് ഒരു കരാറുകാരന് തന്റേതല്ലാത്ത കാരണത്താൽ എഗ്രീഡ് കാലാവധിക്കകം പ്രവർത്തി പൂർത്തീകരിക്കാനാകാതെ വന്നാൽ സമയദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കാവുന്നതാണ്. ഇത്തരത്തിലുള്ള സമയ ദീർഘീകരണം അംഗീകൃത സമയത്തിന്റെ 25% ൽ അധികരിക്കാവുന്നതല്ല. കരാറുകാരന് മേൽപ്രകാരം ഒരു കാരണം കാണിക്കാനില്ലാത്ത പക്ഷം എഗ്രീഡ് പി.എ.സി യുടെ 1% പിഴ ഈടാക്കി കൊണ്ട് മാത്രമേ 25% സമയം ദീർഘിപ്പിച്ചു നൽകാനാകൂ. തുടർന്നു വരുന്ന സമയത്തിന് എഗ്രീഡ് പി.എ.സി യുടെ 2% പിഴ ഈടാക്കേണ്ടതാണ്. ഏതൊരു സാഹചര്യത്തിലും ആകെ നിശ്ചിത സമയത്തിന്റെ 50% ൽ കൂടുതൽ ദീർഘിപ്പിച്ചു നൽകാൻ പാടുള്ളതല്ല. സമയ പരിധിക്ക് ശേഷം നടത്തിയ പ്രവൃത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതല്ല. ഈ വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് കരാറുകാരനുമായി കരാർ ഒപ്പു വെക്കുന്നത് എന്നിരിക്കെ താഴെ ചേർക്കുന്ന പ്രവർത്തികളിൽ ഒന്നിലും അംഗീകൃത സമയ പരിധിക്കുള്ളിൽ കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥന് സമയദീർഘീകരണം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടില്ല. ഇക്കാരണത്താൽ സമയ ദീർഘീകരണത്തിന് ജില്ലാ പഞ്ചായത്ത് അനുമതി നൽകിയിട്ടില്ല. നിശ്ചിത കാലത്തിനുള്ളിൽ ഒരു സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വെച്ചിട്ടില്ല. ഒരു ഘട്ടത്തിലും ഫൈൻ ഈടാക്കിയിട്ടുമില്ല. മാത്രമല്ല അനുവദിക്കാവുന്ന സമയപരിധികളെല്ലാം കഴിഞ്ഞ് അനധികൃതമായ പ്രവർത്തികൾ മെഷർ ചെയ്യുകയും, ചെക്ക് മെഷർ ചെയ്യുകയും പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകി പ്രവൃത്തി മൂല്യം നൽകുകയും ചെയ്തതായാണ് കാണുന്നത്. ഇത്തരത്തിൽ നിരവധി പ്രവൃത്തികൾ നടക്കുന്നതായാണ് കാണുന്നത്. ഇത് ക്രമ വിരുദ്ധമാണ്. ഈ നടപടി നിശ്ചയമായും അവസാനിപ്പിക്കേണ്ടതും, പ്രവർത്തന കലണ്ടർ എഗ്രിമെന്റിന്റെ ഭാഗമാക്കേണ്ടതും യഥാസമയം പ്രവർത്തി പൂർത്തീകരിക്കുന്നതിലും അനുവദനീയമായ സമയ ദൈർഘ്യം അനുവദിക്കുന്നതിലും എഗ്രിമെന്റിന്റെ വ്യവസ്ഥകൾക്കുള്ളിൽ നിന്നു കൊണ്ട് നിർവ്വഹണോദ്യോഗസ്ഥന്റെ കൃത്യമായ ഇടപെടൽ ഉണ്ടാകേണ്ടതുമാണ്.

| ക്രമ നം. | പ്രോജക്ട് നമ്പർ, പേര് | എഗ്രിമെന്റ് നമ്പർ. തിയ്യതി/ സൈറ്റ് ഹാൻഡ് ഓവർ തിയ്യതി | അംഗീകൃത കാലയളവ് (ടെക്നിക്കൽ സാങ്ഷൻ ഉത്തരവ്/ ഇതര രേഖകൾ പ്രകാരം) | അനുവദനീയമായ സമയ പരിധി തീരുന്ന തിയ്യതി | പ്രവർത്തി അവസാനിച്ച തിയ്യതി). എം ബുക്ക് പ്രകാരം. എം.ബുക്ക് നമ്പർ. | എഗ്രീഡ് .പി.എ.സി | നിർവ്വഹണോ ദ്യോഗസ്ഥൻ |
|---|---|---|---|---|---|---|---|
| 1 | 928/19<br>തയ്യൂർ ജി.എച്ച്.എസ് കെട്ടിടം അറ്റകുറ്റപ്പണി . | 54/EE/LSGD/17-18<br>dt.25.05. 17 | 6 മാസം | 25.11.17 | 11/01/2019<br>എം.ബി. 1154/17-18 | 5,41,350 | EE/ Lsgd/ Thrissur dp |

| | | | | | | | |
|---|---|---|---|---|---|---|---|
| | വേലൂർ ഗ്രാമ പഞ്ചായത്ത് (കരാറുകാരൻ. നന്ദനൻ) | | | | | | |
| 2 | 863/19<br>മെയിന്റനൻസ് GHS ചായ്പൻ കുഴി (ടി.എ.ഡേവിസ്) | 200/EE/LSGD/16-17 dt. 28/03/17 | 6 മാസം | 28/09/2017 | 17/03/2018<br>എം.ബുക്ക്. 865/16-17 | 5,93,215 | EE/LSGD/Thrissur Dp |
| 3 | 963/19<br>കണ്ടാണശ്ശേരി പഞ്ചായത്തിലെ ചൊവ്വല്ലൂർ. എസ്.സി . കോളനി ശ്മശാനം നവീകരണം | 61/EE/LSGD/17-18 DT. 17/06/17<br>ഹാൻഡിംഗ് ഓവർ സൈറ്റ്.<br>12/06/17 | 6 മാസം | 12/12/17 | 24/11/2018<br>എം.ബുക്ക് .നമ്പർ.<br>1111/16-17 as per page 59 | 14,13,594 | EE/LSGD/Thrissur Dp |
| 4 | 935/19<br>വാലി കോലോത്തും കടവ് റോഡ് അറ്റകുറ്റപ്പണികൾ | 227/16-17/EE/LSGD/ CHZR DT.31.03.17 | 6 മാസം | 30/09/17 | 11/02/2019 | 10,47,228 | EE/LSGD/Thrissur. |

(ഓഡിറ്റ് എൻക്വയറി.43/12-03-20 ന് മറുപടി ലഭിച്ചില്ല)

മേൽ വിവരിച്ച സാഹചര്യത്തിൽ താഴെ പറയുന്ന ശിപാർശകൾ ഭരണസമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

എ) എല്ലാ മരാമത്ത് പ്രവൃത്തികളിലും കരാറുകാരൻ സമർപ്പിക്കേണ്ട പ്രവർത്തന കലണ്ടർ സമർപ്പിക്കുന്നു എന്ന് ഉറപ്പാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കാവുന്നതാണ്.

ബി) കരാറുകാരൻ സമയം ദീർഘിപ്പിക്കാൻ അപേക്ഷ നൽകി ആയത് പരിഗണിക്കുമ്പോൾ പ്രവർത്തന കലണ്ടറിലെ സമയനിഷ്ഠ പ്രകാരമുള്ള കാലാവധിയ്ക്കു മുൻപായി അപേക്ഷിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

സി) സമയത്തു സമർപ്പിക്കാത്ത അപേക്ഷ നിരസിക്കേണ്ടതാണ്.

ഡി) കരാർ പ്രകാരം അംഗീകരിച്ച സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാത്ത ഇനം പ്രവൃത്തികൾ പ്രസ്തുത തീയതിയ്ക്ക് ശേഷം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആ മൂല്യനിർണ്ണയപ്രകാരമുള്ള ചെലവിന് അനുമതി നിഷേധിക്കേണ്ടതാണ്.

## 1-58 വലപ്പാട് ഗ്രാമപഞ്ചായത്ത് - കഴിമ്പ്രം ബീച്ച് സമഗ്ര വികസനം രണ്ടാം ഘട്ടം- കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ
പ്രോജക്റ്റ് നം - 158/19
ചെലവ് - 7,89,122 ( വൗച്ചർ നം - 21801024/29.12.18)
ഫയൽ നം - D1-158/19

വലപ്പാട് ഗ്രാമപഞ്ചായത്തിലെ കഴിമ്പ്രം ബീച്ച് സമഗ്ര വികസനം രണ്ടാം ഘട്ടം എന്ന പദ്ധതി അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ്ഫോർഡ് മുഖേനയാണ് നടപ്പിലാക്കുന്നത്. 40,00,000 രൂപ അടങ്കൽ വെച്ചിട്ടുള്ള ഈ പദ്ധതിയ്ക്ക്, 98/18-19 തി. 4.10.18-ാം നമ്പറായി സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്യുന്നതിനാണ് കോസ്റ്റ്ഫോർഡുമായി കരാറിലേർപ്പെട്ടിട്ടുള്ളത് ( കരാർ നം .121/ AEE/LSGD/Td/18-19 Dt. 14.11.18). കരാർ തുക 35,38,343 രൂപയാണ്.

(1) Protection Wall & Compound Wall

(2) Supply and Planting of Trees and Plants

(3) Stage and Gallery

(4) Fooptath

മേൽ പ്രവൃത്തികൾക്കായി തൻവർഷം 7,89,122 രൂപ കോസ്റ്റ്ഫോർഡിന് കൈമാറിയിട്ടുമുണ്ട്. ഇത്തരം പ്രവൃത്തികൾക്ക് 2011 ലെ CRZ notification അനുസരിച്ച് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി

വാങ്ങേണ്ടതാണെന്നിരിക്കെ അനുമതി ലഭ്യമാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (56/18.3.20)മറുപടി ലഭ്യമാക്കിയിട്ടുമില്ല. കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി വാങ്ങിയാണ് പ്രവൃത്തി ആരംഭിച്ചത് എങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-59 മന്ദലാംകുന്ന് ബീച്ച് സമഗ്രവികസനം --- പഞ്ചായത്തിന്റെയോ തീരദേശപരിപാലനഅതോറിറ്റിയുടെയോ അനുവാദം ഇല്ലാതെ നിർമ്മാണപ്രവൃത്തി നടത്തി.

പദ്ധതിയുടെ വിശദാംശങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | S524/19 |
| പ്രോജക്റ്റിന്റെ പേര് | മന്ദലാംകുന്ന് ബീച്ച് സമഗ്രവികസനം |
| നിർവഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ഫയൽ നം | D1-610/18 |
| സാങ്കേതികാനുമതി | 086/2018-19/13.6.18 |
| സാങ്കേതികാനുമതി തുക | 25,00,000 |
| കരാറുകാരൻ | കോസ്റ്റ് ഫോർഡ് |
| കരാർ തുക | 25,00,000 |
| കരാർ ഉടമ്പടി നം. | 27/AEE/LSGD/DivisionThrissur/18-19 തീയതി.3.8.18 |
| ട്രഷറി ബിൽ നം / തുക | 134/18-19/31.12.18---435,,706<br>(വൗച്ചർ നം-21801023/29.12.18) |
| ട്രഷറി ബിൽ നം / തുക | 204/18-19/19.3.19—3,26,780<br>(വൗച്ചർ നം-21801636/7.3.19) |

2017-18 മുതൽ 2019-20 വരെ ബഹുവർഷപദ്ധതിയായി പുന്നയൂർ ഗ്രാമപഞ്ചായത്തിലെ മന്ദലാംകുന്ന് ബീച്ചിൽ പ്രവൃത്തികൾ നടപ്പാക്കുന്നതിന് ആവിഷ്ക്കരിച്ചതാണ് ഈ പദ്ധതി. കോസ്റ്റ് ഫോർഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ആദ്യഘട്ടത്തിൽ 10ലക്ഷം രൂപ ചെലവഴിച്ച് കുട്ടികളുടെ പാർക്കും രണ്ടാംഘട്ടത്തിൽ 15ലക്ഷം രൂപ ചെലവിൽ മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നടത്തുവാനാണ് ലക്ഷ്യമിട്ടിരുന്നത്. 97,420രൂപ ഇലക്ട്രിഫിക്കേഷനും, കളി ഉപകരണങ്ങൾക്ക് 2,18,200 രൂപയും ഇതിൽ വകയിരുത്തിയിട്ടുണ്ട്.

എസ്റ്റിമേറ്റ് പ്രകാരം ആദ്യഘട്ടത്തിൽ ജില്ലാപഞ്ചായത്തിന്റെ 10ലക്ഷം രൂപ ഉപയോഗിച്ച് കളിയുപകരണങ്ങൾ സ്ഥാപിക്കുകയും പാർക്കിനുള്ളിലെ നടപ്പാതയിൽ കല്ലുപതിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ ഇപ്പോൾ നിലവിലുള്ള മതിൽ പെയിന്റടിക്കുന്നു. കളിസ്ഥലത്ത് പുല്ലുവച്ചുപിടിപ്പിക്കുന്നു . മതിലിനോട് ചേർന്ന് രണ്ട് തൂണുകൾ പണിയുകയും ഗേറ്റ് സ്ഥാപിക്കുകയും ചെയ്യുന്നു.

രണ്ടാംഘട്ടത്തിൽ 15ലക്ഷം രൂപ ഉപയോഗിച്ച് പ്രവേശനകവാടത്തിന്റെ രണ്ട് തൂണുകളിൽ Laterite Cladding ചെയ്യുന്നു. കൂടാതെ പടിപ്പുരയുടെ മേൽക്കൂര മരപ്പലകകൾ വച്ച് അതിനുമുകളിൽ ഓട് മേയുന്നു. നിലവിലുള്ള ചുറ്റുമതിലിൽ ചെടിച്ചട്ടികളും ക്രാസികളും വെയ്ക്കുന്നു. 127 Sq.ft. വിസ്തീർണ്ണമുള്ള കഫേതീരിയയുടെ ചുമരുപണികൾ സോളിഡ്ബ്രിക് ഉപയോഗിക്കുകയും ഗ്രാനൈറ്റ് കോണ്ടുള്ള സ്ളാബ് പണിയുകയും തറയിൽ സെറാമിക് ടൈൽ വിരിക്കുകയും ചെയ്യുന്നു. കഫേതീരിയയുടെ മേൽക്കൂരയിൽ മരപ്പലകകൾ വച്ച് ഓട് മേയുന്നു. കനാലിന് സമീപം സ്റ്റെയിൻലസ് സ്റ്റീൽ ഉപയോഗിച്ച് കോമ്പൗണ്ട് വാൾ കെട്ടുന്നു. പ്രവേശനകവാടത്തിൽ നിന്നുള്ള നടപ്പാതയിൽ കരിങ്കല്ല് പതിക്കുന്നു.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. പ്രോജക്റ്റിൽ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. പദ്ധതിയുടെ വിഭവസ്രോതസിൽ (ഇനം 30) ആദ്യവർഷം 10ലക്ഷം ,രണ്ടാംവർഷം 30 ലക്ഷം , മൂന്നാംവർഷം 10ലക്ഷം എന്നിങ്ങനെ 50ലക്ഷമാണ് ചേർത്തിട്ടുള്ളത്. എന്നാൽ ചെലവ് വിശദാംശങ്ങളിൽ (ഇനം 31)2017-18 ൽ 10ലക്ഷം,2018-19ൽ 15ലക്ഷം 2019-20ൽ 10 ലക്ഷം എന്നിങ്ങനെ ആകെ 35ലക്ഷമാണ് ചേർത്തിട്ടുള്ളത്. 2019-20ൽ ആവിഷ്ക്കരിച്ച 157/20 പദ്ധതിയിൽ 10ലക്ഷം രൂപ വകയിരുത്തിട്ടുമുണ്ട്. കോസ്റ്റ് ഫോർഡ് ആകെ 25ലക്ഷത്തിന്റെ എസ്റ്റിമേറ്റ് മാത്രമാണ് ലഭ്യമാക്കി യത്.

2. ബീച്ചിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് 2011ലെ CRZനോട്ടിഫിക്കേഷൻ പ്രകാരം ആവശ്യമായ തീരദേശപരിപാലനഅതോറിറ്റിയുടെ അനുമതി ലഭ്യമാക്കിയിട്ടില്ല.

3. കെട്ടിടനിർമ്മാണചട്ടങ്ങൾ പ്രകാരം നിർമ്മാണപ്രവർത്തികൾക്ക് ഗ്രാമപഞ്ചായത്തിന്റെ അംഗീകാരം ലഭ്യമാക്കിയ വിവരം ഫയലിൽ ഇല്ല.

4. ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ S650/19എന്ന പ്രോജക്ട് പ്രകാരം പുന്നയൂർ ഗ്രാമപഞ്ചായത്തിന് മന്ദലാംകുന്ന് കുട്ടികളുടെ പാർക്ക് സംരക്ഷണം എന്ന പദ്ധതി പ്രകാരം 5ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. ഒരേ ആവശ്യത്തിനായി രണ്ട് ഏജൻസികൾ പ്രവൃത്തികൾ ചെയ്യുന്ന വിവരം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുന്നത് എന്ന വിവരം ലഭ്യമല്ല. രണ്ട് പദ്ധതികളും പരസ്പരപൂരകങ്ങളാണോ എന്ന് പരിശോധിച്ചതായി കാണുന്നില്ല.

മേൽക്കാണിച്ച നിരീക്ഷണങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(58/18.3.2020) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-60 കൊടകര ഗ്രാമപഞ്ചായത്ത് - നെടുങ്ങാട്ടുകുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പദ്ധതിയുടെ വിശദാംശങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | 499/19 |
| പ്രോജക്ടിന്റെ പേര് | കൊടകര ഗ്രാമപഞ്ചായത്ത് - നെടുങ്ങാട്ടുകുളം ലിഫ്റ്റ് ഇറിഗേഷൻ |
| നിർവഹണഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ഫയൽ നം | D2-482/18 |
| സാങ്കേതികാനുമതി | LSGD /TS/2017-18/63151 തീയതി 23.2.18 |
| സാങ്കേതികാനുമതി തുക | 21,15,000 |
| കരാറുകാരൻ | ശ്രീ.വി.പി.ജോജി |
| കരാർ തുക | 16,54,726.10 |
| കരാർ ഉടമ്പടി നം. | 201/AEE/LSGD/TSR/17-18/ തീയതി.31.3.18 |
| എം ബുക്ക് | 276/17-18,284/17-18 |
| ട്രഷറി ബിൽ നം / തുക | 121/18-19/14.12.18 തുക 16,31,165 |
| വൗച്ചർ നം | 21801298/11.12.18 |

കൊടകര ഗ്രാമപഞ്ചായത്ത് നെടുങ്ങാട്ടുകുളം ലിഫ്റ്റ് ഇറിഗേഷൻ എന്ന പദ്ധതി 2017-18 വർഷത്തിൽ ബഹുവർഷ പദ്ധതിയായാണ് ആരംഭിച്ചത് . പമ്പ് ഹൗസ് നിർമ്മാണം, പൈപ്പ് സ്ഥാപിക്കൽ, വൈദ്യുതി കണക്ഷൻ എന്നീ പ്രവൃത്തികളാണ് പദ്ധതി പ്രകാരം വിഭാവനം ചെയ്തിരുന്നത്. പദ്ധതിയ്ക്കായി 21,15,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം കുറവ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ. വി.പി.ജോജി എന്ന വ്യക്തിയുമായി കരാറിലേർപ്പെട്ട് പ്രവൃത്തിയ്ക്കായി 31.3.18 ന് സൈറ്റ് കൈമാറിയിട്ടുള്ളതുമാണ്. എസ്റ്റിമേറ്റിൽ Lump sum ആയി ഉൾപ്പെടുത്തിയിട്ടുള്ള ഇലക്ട്രിഫിക്കേഷൻ, മോട്ടോർ സ്ഥാപിക്കൽ എന്നിവ ഒഴികെയുള്ള പ്രവൃത്തികൾ കരാർ കാലാവധിക്കകം ( പൂർത്തീകരണ തിയതി. 24.9.18) പൂർത്തീകരിച്ചിട്ടുള്ളതുമാണ്. Lump sum ആയി ഉൾപ്പെടുത്തിയിട്ടുള്ള മേൽ പ്രവൃത്തികൾക്ക് 3,55,000 രൂപയാണ് എസ്റ്റിമേറ്റ് പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഇലക്ട്രിക്കൽ സാങ്കേതിക സമിതി, ജില്ലാ പഞ്ചായത്തിനുള്ള എക്സി. എഞ്ചിനീയറുടെ 27.12.18 ലെ ഡി 2-482/18-ാം നമ്പർ കത്തിൽ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചതായും, എസ്റ്റിമേറ്റിൽ മോട്ടോർ പമ്പ് സെറ്റിനും അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുമായി വകയിരുത്തിയിട്ടുള്ള 3,55,000 രൂപയിൽ കവിയാതെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിക്ക് പരിഗണിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നില്ല.

ഇലക്ട്രിഫിക്കേഷനായി 2019-20 വർഷത്തിൽ കെ എസ് ഇ ബി സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 98,872 രൂപ കെ എസ് ഇ ബി, കൊടകരയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഇലക്ട്രിഫിക്കേഷനോ എസ്റ്റിമേറ്റ് പ്രകാരമുള്ള മറ്റ്

പ്രവൃത്തികൾ പൂർത്തീകരിച്ചതായോ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (55/18.3.20)മറുപടി ലഭ്യമാക്കിയിട്ടുമില്ല. പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-61 കാറളം ഗ്രാമപഞ്ചായത്ത് - താണിശ്ശേരി തടയണ നിർമ്മാണം - തുടർ പ്രവർത്തനം അറിയിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : എക്സി. എഞ്ചിനീയർ . എൽ എസ് ജി ഡി

പ്രോജക്ട് നം - 575/19

അടങ്കൽ - 1,00,00,000

ചെലവ് - 3,90,000

വൗച്ചർ നം - 21801460/27.2.19

ഫയൽ നം - D4-575/2019

കാറളം ഗ്രാമപഞ്ചായത്തിലെ 9,10,11 വാർഡുകളിൽ ഉൾപ്പെടുന്ന കെ എൽ ഡി സി കനാലിൽ തടയണ നിർമ്മിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ബഹുവർഷമായാണ് പദ്ധതി നടപ്പിലാക്കുന്നത്. ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ( തീരുമാനം 8 തിയതി . 19.9.18 & തീരുമാനം 1 തിയതി . 31.1.19) തടയണ നിർമ്മാണത്തിന് വേണ്ടി സോയിൽ ടെസ്റ്റ് നടത്തുന്നതിനുള്ള ഫണ്ടാണ് തൻവർഷം പദ്ധതി പ്രകാരം വകയിരുത്തിയിരിക്കുന്നത്.

സോയിൽ ടെസ്റ്റ്, ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് , വിശദമായ ഡിസൈൻ എന്നിവ ലഭ്യമാക്കുന്നതിന് എക്സി. എഞ്ചിനീയർ 1.11.18 ലെ ഡി4-575/19-ാം നമ്പറായി പ്രിൻസിപ്പാൾ, ഗവ.എഞ്ചി. കോളേജിന് കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിൽ എഞ്ചി. കോളേജ് മേൽ പ്രവർത്തികൾക്കായി 3,90,580 രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ( 23.1.19 ലെ 145/CON /EEC/GEC/2018കത്ത് ) ആയതുപ്രകാരം തുക (3,90,000രൂപ) സ്ഥാപനത്തിന് കൈമാറുകയും സ്ഥാപനം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ( എൻക്വയറി നം. 49/16.3.20) ആയത് ലഭ്യമാക്കിയിട്ടില്ല.

1. കെ എൽ ഡി സി കനാലിലാണ് തടയണ നിർമ്മിക്കുന്നത് എന്നതിനാൽ ഈ പ്രവൃത്തി നടത്തുന്നതിന് കെ എൽ ഡി സി യിൽ നിന്നും അനുമതി ലഭിക്കേണ്ടതുണ്ട്. എന്നാൽ ആയത് ലഭ്യമാക്കിയതായി കാണുന്നില്ല.

2. എഞ്ചിനീയറിംഗ് കോളേജിന് മേൽ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ ഇൻവോയ്സ് /രശീതി ലഭ്യമാക്കിയിട്ടില്ല.

3. നോട്ട് ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം, സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമായതിനാൽ, വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഇരിങ്ങാലക്കുട A. Ex.E, കാറളം ഗ്രാ. പ AE എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നില്ല.

4. ബഹുവർഷപദ്ധതിയായി നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് 2019-20 വർഷം വകയിരുത്തിയിരിക്കുന്നത് 56,10,000 രൂപയാണ്. 2019-20 സുലേഖ ചെലവ് പത്രിക പ്രകാരം മേൽ പദ്ധതിയ്ക്ക് അംഗീകാരം വാങ്ങിയതായി കാണുന്നില്ല. പദ്ധതിയ്ക്ക് അംഗീകാരം വാങ്ങി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഈ കാര്യങ്ങളിന്മേൽ വ്യക്തത വരുത്തേണ്ടതും, പദ്ധതിയുടെ നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-62 പുത്തൂർ ഗ്രാമ പഞ്ചായത്തിലെ പുത്തൻ കാട് കുടിവെള്ള പദ്ധതി -മോട്ടോർ സ്ഥാപിച്ച് കുടിവെള്ള വിതരണ നടപടികൾ സ്വീകരിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് - പുത്തൂർ ഗ്രാമ പഞ്ചായത്തിലെ പുത്തൻ കാട് കുടിവെള്ള പദ്ധതി (വാർഡ് 5)

പ്രോജക്ട് നമ്പർ -799/19

അടങ്കൽ -10,00,000 (വികസനഫണ്ട് -ജനറൽ)

ചെലവ് -6,54,544/-

സാങ്കേതികാനുമതി -TS-101645/2017-18 (Order nx.LSGD/TS/2017-18/76409/1.2.18)

നിർവ്വഹണം -അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഫയൽ നമ്പർ -ഡി3/689/18

കരാറുകാരൻ -കെ.കെ.സുരേന്ദ്രൻ

കരാർ നമ്പർ -199/എഇ/എൽ.എസ്.ജി.ഡി/ഡിവി.തൃശ്ശൂർ/17-18/31.3.18

എം.ബുക്ക് -991/16-17

ബിൽ നമ്പർ -1)200/18-19/5.3.19, തുക -4,50,157/-

2)275/18-19/26.3.19, തുക -2,04,387/-

പുത്തൂർ പഞ്ചായത്തിലെ പുത്തൻകാട് പ്രദേശത്ത് നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയെ കുടിവെള്ള പദ്ധതിയായി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ കിണർ, പമ്പ് ഹൗസ്, മോട്ടോർ , പൈപ്പ് ലൈൻ, ടാങ്ക് എന്നിവയുണ്ടെങ്കിലും പൈപ്പ് ലൈനുകൾ കേടായതിനാലും, മോട്ടോർ പ്രവർത്തനക്ഷമമല്ലാത്തതിനാലും നിലവിലുള്ള സംവിധാനത്തിൽ കിണർ ആഴം കൂട്ടി, പുതിയ പൈപ്പ് ലൈൻ, സബ്മേഴ്സിബിൾ പമ്പ്സെറ്റ് എന്നിവ സ്ഥാപിച്ച് നവീകരിക്കുന്നതിനായിട്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റിൽ 10HP സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കുന്നതിന് 100000/- രൂപയും,കെ.എസ്.ഇ.ബി കണക്ഷൻ ലഭിക്കുന്നതിന് 30,000 രൂപയും, yield test and quality test നടത്തുന്നതിന് 10,000 രൂപയും lump-sum പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ടെങ്കിലും മോട്ടോർ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പദ്ധതി പ്രവർത്തന ക്ഷമമാക്കിയിട്ടില്ല. എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള മറ്റ് നിർമ്മാണ പ്രവർത്തികൾ നടത്തി കരാറുകാരന് ഫൈനൽ ബിൽ നൽകി പദ്ധതി അവസാനിപ്പിച്ചതായി കാണുന്നു. മേൽ പ്രവൃത്തികൾ നടത്തുന്നതിന് ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പുത്തൂർ ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയർ 5/12/18ൽ എക്സി.എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ ഫയലിൽ ലഭ്യമല്ല.

ഏകദേശം 40 കുടുംബങ്ങളുടെ കുടിവെള്ള പ്രശ്നം (എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം)പരിഹരിക്കുന്നതിന് 2017-18 വർഷം ആരംഭിച്ച പ്രസ്തുത പദ്ധതി 2018-19 കാലയളവിലും പൂർത്തീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ഓഡിറ്റ് എൻക്വയറി 54/17.03.2020) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ മോട്ടോർ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പദ്ധതി പ്രവർത്തന ക്ഷമമാക്കി പ്രസ്തുത വിവരം, ഈ പദ്ധതിയുടെ കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-63 വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ ചാത്തൻകുടം പുല്ലാണിപ്പാടം റോഡ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | S0828/19 |
| പ്രോജക്ടിന്റെ പേര് | വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ ചാത്തൻകുടം പുല്ലാണിപ്പാടം റോഡ് - ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് |
| നിർവഹണഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ഫയൽ നം | D2-784/18 |
| സാങ്കേതികാനുമതി | LSGD /TS/2017-18/87870 തീയതി 04.08.17 |
| സാങ്കേതികാനുമതി തുക | 15,50,000 |
| എസ്റ്റിമേറ്റ് തുക | 15,21,261/- |
| കരാറുകാരൻ | ശ്രീ.സി.കെ.ശശിധരൻ |
| കരാർ തുക | 15,19,302.87 |
| | |

| | |
|---|---|
| കരാർ ഉടമ്പടി നം. | 105/AEE/LSGD/Division Thrissur/17-18/<br>തീയതി.07.02.18 |
| എം ബുക്ക് | 1099/16-17 |
| ട്രഷറി ബിൽ നം / തുക | 88/18-19/24.10.18---6,73,903<br>242/18-19/16.03.19--8,45,329 |

1) കരാറിലേർപ്പെടുന്നതിനുള്ള കാലതാമസത്തിന് പിഴ ഈടാക്കിയതിലെ കുറവ്

ഫയൽ നമ്പർ D2-784/18 പ്രകാരം ടി പ്രവൃത്തിക്ക് സെലക്ഷൻ നോട്ടീസ് അയച്ചത് 19.01.2018 നാണ്. ഈ തിയ്യതി മുതൽ 14 ദിവസത്തിനകം (01.02.18) കരാറിലേർപ്പെടേണ്ടതുണ്ടെങ്കിലും 07.02.18 നാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. 14 ദിവസത്തിന് ശേഷമുള്ള 10 ദിവസങ്ങളിൽ PAC യുടെ 1% പിഴയോടുകൂടി കരാറിലേർപ്പെടാമെങ്കിലും ഈ നിരക്കിലുള്ള പിഴ ഈടാക്കുന്നതിന് പകരം 1,000 രൂപ മാത്രമാണ് ഈടാക്കിയത്. എസ്റ്റിമേറ്റ് PACയുടെ 1% ആയ 15,213/- രൂപ (1521261 x 1%) ഈടാക്കുന്നതിന് പകരം കുറവ് തുക ഈടാക്കിയതിന് കാരണം വ്യക്തമല്ല. ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിട്ടില്ല. ആയതിനാൽ, കുറവുള്ള തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2) ഖനനത്തിൽ നിന്നുപയോഗിച്ച മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് വ്യക്തതയില്ല

ഈ പദ്ധതിയുടെ മെഷർമെന്റ് ബുക്ക് നമ്പർ 1099/16-17 പേജ് 3 പ്രകാരം 38.997 cum മണ്ണും പേജ് 7 പ്രകാരം 94.79 cum മണ്ണും പേജ് 53 പ്രകാരം 31.65 cum മണ്ണും ഖനനത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. ആദ്യം ലഭ്യമായ മണ്ണ് സ്റ്റേഡിയം ഗ്രൗണ്ടിൽ സ്റ്റാക്ക് ചെയ്തതായും രണ്ടാമത്തെ അളവിലെ 25% റോഡ് സൈഡ് ഫില്ലിംഗിന് ഉപയോഗിച്ചതായും വല്ലച്ചിറ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ മെഷർമെന്റ് ബുക്കിലെ അതാതു പേജുകളിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 71.01 cum മണ്ണ് (94.79 x 75%) ലേലം ചെയ്യാനുള്ള അനുമതിക്കായി വല്ലച്ചിറ അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് D2/AE/LSGD/VLA/2018-19 dt. 29.08.18 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ഇതുപ്രകാരം, വല്ലച്ചിറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.09.2018 ലെ 21(1)/2018 - ാം നമ്പർ തീരുമാനപ്രകാരം മണ്ണ് ലേലം ചെയ്യാതെ ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡിലെ തന്നെ കണ്ണത്തുപറമ്പ് ക്ഷേത്രം റോഡ്, ആറ്റുപുറത്ത് റോഡ് എന്നിവയിൽ നിക്ഷേപിക്കാൻ നിശ്ചയിച്ചു. ഭരണസമിതിയുടെ തന്നെ 05.10.18 ലെ 1/3 നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ പ്രവൃത്തികളിൽ നിന്നും ലഭ്യമാകുന്ന മണ്ണിന്റെ അളവ് കണക്കാക്കി അതാതു വാർഡുകളിലോ ആവശ്യമുള്ള മറ്റ് സ്ഥലങ്ങളിലോ ഉപയോഗിക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, മെഷർമെന്റ് ബുക്ക് പേജ് നം. 3 പ്രകാരം ലഭ്യമായ 38.997 cum മണ്ണും പേജ് 7 പ്രകാരം ലഭ്യമായതിൽ ബാക്കിയുള്ള 71.01 cum മണ്ണും, പേജ് 53 പ്രകാരമുള്ള 31.65 cum മണ്ണും (ആകെ 141.657 cum) ഏതൊക്കെ പ്രവൃത്തികളിൽ എത്ര അളവു വീതം ഉപയോഗിച്ചുവെന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

# 1-64 ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തി -- അധികതുക അനുവദിച്ചു

2018-19 വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണഉദ്യോഗസ്ഥനായി ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പദ്ധതികളിൽ കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്തിയതുവഴി അധിക തുക നൽകി.

29.2.16 ലെ സർക്കാർ ഉത്തരവ് (പി)30/2016/ഫിൻ പ്രകാരം ഗുണഭോക്തൃസമിതികൾ വഴി നടപ്പാക്കുന്ന പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കരാറുകാരന്റെ ലാഭം ഒഴിവാക്കി 7.5%ഓവർഹെഡ് ചാർജ് മാത്രം ചേർക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

മാത്രമല്ല നികുതി ബാധ്യതകൾ സമിതി തന്നെ വഹിക്കേണ്ടതുമാണ്. എന്നാൽ ഈ പ്രവൃത്തികൾക്ക് കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.മാത്രമല്ല നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം പ്രവൃത്തിമൂല്യത്തിൽ നിന്ന് ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ

1. പാഞ്ഞാൾ ഗവ.ഹയർ സെക്കന്ററി സ്കൂളിൽ പണി പൂർത്തിയായ 142ച. മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ മെയിന്റനൻസിനു വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയത്.

| | |
|---|---|
| പ്രോജക്ട് നം | S599/19 |
| പ്രോജക്ടിന്റെ പേര് | പാഞ്ഞാൾ ഗവ.ഹയർ സെക്കന്ററി സ്കൂൾ മെയിന്റനൻസ് |
| | |

| | |
|---|---|
| നിർവഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ഫയൽ നം | D3-599/18-19 |
| സാങ്കേതികാനുമതി | LSGD /TS/2018-19/76055 തീയതി 13.9.18 |
| സാങ്കേതികാനുമതി തുക | 1000000 |
| പുതുക്കിയ സാങ്കേതികാനുമതി | 82600/18-19/11.3.19 |
| പുതുക്കിയ സാങ്കേതികാനുമതി തുക | 975578.65 |
| കൺവീനർ | ഗുണഭോക്തൃസമിതി(സ്കൂൾ പി ടി എ) |
| കരാർ തുക | 975992.74 |
| കരാർ ഉടമ്പടി നം. | 182/AEE/LSGD/Division Thrissur/18-19/ തീയതി.18.12.18 |
| എം ബുക്ക് | 142/18-19 |
| ട്രഷറി ബിൽ നം / തുക | 268/18-19/27.3.19---6,89,524 |
| വൗച്ചർ നം | 21801803/22.3.19 |
| ട്രഷറി ബിൽ നം / തുക | 143/19-20/29.7.19--- 2,88,616 |

സ്ട്രക്ചറൽ വർക്ക് പൂർത്തിയായ കെട്ടിടത്തിന്റെ ഫിനിഷിംഗ് വർക്കുകളായ Plastering,Tiling,Painting,Fixing of windows(4), grills ,സിമന്റ് ഫ്ലോറിംഗ് ഉള്ള ഹയർ സെക്കന്ററി ക്ലാസ് റൂമുകളുടെ Tile flooringഎന്നീ വർക്കുകൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. 2016ലെ DSR പ്രകാരം 37.25%Cost Index ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

ഗുണഭോക്തൃസമിതിയുമായി കരാർ വച്ച് 18.12.18ന് സൈറ്റ് കൈമാറി.

ആദ്യഎസ്റ്റിമേറ്റ് പ്രകാരം സെറാമിക് ടൈൽ വിരിക്കുന്ന പ്രവൃത്തിയാണ് ഉൾപ്പെടുത്തിയിരുന്നത്.എന്നാൽ സ്കൂൾ അധികൃതരുടെ നിർദ്ദേശപ്രകാരം Vitrified Tile 532.46m2 വിരിച്ചു.ഒറിജിനൽ എസ്റ്റിമേറ്റിൽ Steel glazed window ആണ് ഉൾപ്പെടുത്തിയിരുന്നത്. നിലവിലുള്ള ക്ലാസ് മുറികൾക്ക് സമാനമായി 1mm thick steel sheet ഉപയോഗിച്ചുള്ള വിൻഡോ പുതിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2016ലെ DSR പ്രകാരം 37.25%Cost Index , കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്തിയാണ് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയത്.പ്രവൃത്തി പൂർത്തിയാക്കി 3/2019 ന് ആദ്യബില്ലും 7/2019 ന് ഫൈനൽ ബില്ലും നൽകി.

ഈ പ്രവൃത്തിയിൽ കൺവീനർക്ക് തുക അനുവദിച്ചതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

പാർട്ട് ബിൽ

| | |
|---|---|
| പ്രവൃത്തിയുടെ മൂല്യം | 6,82,697 |
| (+) kcwwf 1% | 6,827 |
| ആകെ | 6,89,524 |
| കുറയ്ക്കുക | |
| kcwwf 1% | 6,827 |
| I T 2% | 13,654 |
| കൺവീനർക്ക് നൽകിയത് | 6,69,043 |

ഫൈനൽ ബിൽ

| | |
|---|---|
| പ്രവൃത്തിയുടെ മൂല്യം | 9,75,282 |
| (-) ആദ്യബിൽ തുക | 6,89,524 |
| ബാക്കി | 2,85,758 |
| (+) kcwwf 1% | 2,858 |
| ആകെ | 2,88,616 |
| കുറയ്ക്കുക | |
| kcwwf 1% | 2,858 |
| I T 2% | 5,715 |
| കൺവീനർക്ക് നൽകിയത് | 2,80,043 |

അധികം നൽകിയ തുകയുടെ വിവരം

ആകെ കൺവീനർക്ക് ലഭിച്ചത് 949086 (669043+ 280043) രൂപയാണ്. ഇത് 15% CP+OH കൂടി ഉൾപ്പെട്ട തുകയാണ്. യഥാർത്ഥത്തിൽ 7.5%OH ന് മാത്രമാണ് അർഹതയുള്ളത്.

ആകെ പ്രവൃത്തി മൂല്യം ----9,75,282

ഇത് 15%CP+OH ഉൾപ്പെട്ട തുകയാണ്.എന്നാൽ

7.5% OH ന് മാത്രമേ ഉൾപ്പെടുത്താനാവൂ.ആയതിനാൽ പ്രവൃത്തിമൂല്യം 9,11,676 ആയി കണക്കാക്കേണ്ടതാണ്.

(975282*100/115=8,48,071

848071*107.5%==9,11,676)

7.5% OH ഉൾപ്പെടുത്തി ആകെ പ്രവൃത്തിമൂല്യം --- 9,11,676

റിക്കവറീസ്

KCWWF 1% ---9,117

ആദായനികുതി 2% --- 18,234

കൺവീനർക്ക് അർഹതപ്പെട്ട തുക --- 8,84,325

കൺവീനർക്ക് നൽകിയ തുക -----9,49,086(6,69,043+ 2,80,043)

അധികം നൽകിയ തുക ---- 64,761
ഇതിനു പുറമേ, kcwwf ഇനത്തിൽ അധികമായി അടവാക്കിയ 568 രൂപയും(9,685-9,117=568),I.T ഇനത്തിൽ അധികമായി അടവാക്കിയ 1,135 രൂപയും(19,369-18,234=1135) ക്രമീകരിക്കേണ്ടതാണ്.

.

( 2) നന്തിക്കര ഗവ. സ്കൂളിൽ ഷെഡ്ഡ് ( ക്ലാസ്സ് റൂം )നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നം | 653/19 |
| പ്രോജക്ടിന്റെ പേര് | നന്തിക്കര ഗവ. സ്കൂളിൽ ഷെഡ്ഡ് ( ക്ലാസ്സ് റൂം )നിർമ്മാണം |
| നിർവഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ഫയൽ നം | D4-653/19 |
| സാങ്കേതികാനുമതി | LSGD /TS/2018-19/68987 തീയതി 7.6.18 |
| സാങ്കേതികാനുമതി തുക | 800,,000 |
| കൺവീനർ | ഗുണഭോക്തൃസമിതി(സ്കൂൾ പി ടി എ) |
| കരാർ തുക | 7,97,885.18 |
| കരാർ ഉടമ്പടി നം. | 24/AEE/LSGD/Division Thrissur/18-19/ തീയതി.2.7.18 |
| എം ബുക്ക് | 300/17-18 |
| ട്രഷറി ബിൽ നം / തുക | 108/18-19/14.11.18 തുക7,81,962 |
| വൗച്ചർ നം | 21801270/3.1.18 |

5.6 കോടി രൂപ ചെലവിൽ സർക്കാർ പുതിയതായി കെട്ടിടം പണിയുന്നതിനായി സ്ഥലം ഒരുക്കുന്നതിനായി 10ക്ലാസ്സ് മുറികൾ പൊളിച്ചുമാറ്റുമ്പോൾ ആ ക്ലാസ്സുകൾ പ്രവർത്തിക്കുന്നതിനായി ബദൽ സംവിധാനമായാണ് ഷെഡ്ഡ് പണിയുന്നത്. ക്ലാസ്സ് റൂം ആവശ്യം കഴിഞ്ഞാൽ ഹാൾ ആയി ഉപയോഗപ്പെടുത്താൻ കഴിയുന്ന രീതിയിലാണ് നിർമ്മിക്കുന്നത്.

ഈ പ്രവൃത്തിയിൽ കൺവീനർക്ക് തുക അനുവദിച്ചതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ മൂല്യം | 7,74,220 |
| (+) kcwwf 1% | 7,742 |
| ആകെ | 7,81,962 |
| | |

| | |
|---|---|
| കുറയ്ക്കുക | |
| kcwwf 1% | 7,742 |
| I T 2% | 15,484 |
| കൺവീനർക്ക് നൽകിയത് | 7,58,736 |

അധികം നൽകിയ തുകയുടെ വിവരം

കൺവീനർക്ക് ലഭിച്ചത് 7,58,736 രൂപയാണ്. ഇത് 15% CP+OH കൂടി ഉൾപ്പെട്ട തുകയാണ്. യഥാർത്ഥത്തിൽ 7.5%OH ന് മാത്രമാണ് അർഹതയുള്ളത്.

ആകെ പ്രവൃത്തി മൂല്യം ----7,74,220

ഇത് 15%CP+OH ഉൾപ്പെട്ട തുകയാണ്. എന്നാൽ 7.5% OH ന് മാത്രമേ ഉൾപ്പെടുത്താനാവൂ.ആയതിനാൽ പ്രവൃത്തിമൂല്യം 7,23,728 ആയി കണക്കാക്കേണ്ടതാണ്.

(774220*100/115=6,73,235

673235*107.5%==7,23,728)

7.5% OH ഉൾപ്പെടുത്തി ആകെ പ്രവൃത്തിമൂല്യം --- 7,23,728

റിക്കവറീസ്

KCWWF 1% ---7,237

ആദായനികുതി 2% --- 14,475

കൺവീനർക്ക് അർഹതപ്പെട്ട തുക --- 7,02,016

കൺവീനർക്ക് നൽകിയ തുക -----7,58,736

അധികം നൽകിയ തുക ---- 56,720
ഇതിനു പുറമേ, kcwwf ഇനത്തിൽ അധികമായി അടവാക്കിയ 505 രൂപയും(7742-7237=505), I.T ഇനത്തിൽ അധികമായി അടവാക്കിയ 1009 രൂപയും(15484-14475=1,009) ക്രമീകരിക്കേണ്ടതാണ്.

മേൽ പ്രകാരം അധികം നൽകിയ 1,21,481 ( 64,761 + 56,720 ) തൂപ ഗുണഭോക്തൃസമിതിയിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-65 വെർട്ടിക്കൽ ആക്സിയൽ പമ്പ് സെറ്റ്സ്ഥാപിക്കൽ. പാടശേഖര സമിതിയുമായി കരാർ ഒപ്പു വെച്ചിട്ടില്ല.

പ്രോജക്ട് നമ്പർ. 1049/19

എഗ്രിമെന്റ് നമ്പർ. 26/AEE/LSGD/DIVISION/THRISSUR/2018-19

എഗ്രീഡ് പി. എ. സി. 9,08,685
ടി.എസ്. നമ്പർ. 57/EE/LSGD/Elecrical committee/2017-18 dt. 25.10.2017,960000

കരാറുകാരൻ. പോൾ.വി.ഒ. നാഷണൽ ഇലക്ട്രിക്കൽ വർക്സ്.

എം.ബുക്ക് നമ്പർ.44/2018-19 page 1 to 7

നിർവ്വഹണോദ്യോഗസ്ഥൻ. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ

നിലവിലുള്ള പെട്ടി പറ മാറ്റി 30 എച്ച്.പി. വെർട്ടിക്കൽ ആക്സിയൽ പമ്പ് സെറ്റ് കാറളം ഗ്രാമപഞ്ചായത്തിലെ ഹരിപുരം പാടശേഖരത്തിൽ സ്ഥാപിക്കുന്നതാണ് പദ്ധതി. ആകെ 9,04,034 രൂപ(വൗച്ചർ നംപർ 21801455 dtd 15.02.2019) ചെലവിട്ടാണ് പമ്പ് സെറ്റ് പാടശേഖരത്തിന് സ്ഥാപിച്ചു നൽകിയത്. ഈ പമ്പ് സെറ്റ് കൈമാറുന്നതുമായി ബന്ധപ്പെട്ട് പാടശേഖരസമിതി കൺവീനറുമായി ചേർന്ന് നടത്തിപ്പ്, ഉടമസ്ഥത സംബന്ധിച്ച് ഒരു കരാർ ഒപ്പു വെക്കേണ്ടതാണ്. എന്നാൽ ഇങ്ങനെ ഒരു കരാർ ഫയലിൽ ഇല്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. (എൻക്വയറി നമ്പർ. 33 തിയ്യതി. 05-03-2020). കരാർ ഒപ്പു വെക്കുന്നതിനായി ജില്ലാ പഞ്ചായത്തിനെ അറിയിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് കരാർ ഇതു വരെ ഒപ്പു വെച്ചതായി അറിയിച്ചിട്ടില്ല. കരാർ നിയമപരമായി ഒപ്പു വെച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-66 മരാമത്തു ബില്ലുകളിൽ നിന്ന് ജി.എസ്.ടി ഈടാക്കിയിട്ടില്ല.

കേന്ദ്ര ധനകാര്യ മന്ത്രാലയം പുറപ്പെടുവിച്ച 65/39/2018-Dor dt. 14.09.2018 സർക്കുലർ ഖണ്ഡിക. 3,6 എന്നിവ പ്രകാരം 01-10-2018 മുതൽക്കുള്ള രണ്ടര ലക്ഷത്തിലധികരിക്കുന്നകരാർ ബില്ലുകളിൽ നിന്നും 2% G.S.T ടി.ഡി.എസ് ആയി കണക്കാക്കി കുറവു ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെ ചേർക്കുന്ന മരാമത്ത് ബില്ലുകൾ 01/10/2018 ന് ശേഷം മാറിയിട്ടുള്ളതും, രണ്ടര ലക്ഷത്തിൽ ബിൽ തുക അധികരിക്കുന്നതുമാണ്. ഇപ്രകാരം താഴെ ചേർക്കുന്ന ബില്ലുകളിൽ നിന്നും ജി.എസ്.ടി ഈടാക്കാത്തതു മൂലം സി.ജി.എസ്.ടി ഇനത്തിൽ 1,79,478 രൂപയും എസ്.ജി.എസ്.ടി ഇനത്തിൽ 1,79,478 രൂപയും യഥാക്രമം കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് ലഭിച്ചിട്ടില്ല എന്ന് കണക്കാക്കുന്നു. ഈ വിഷയം ജി.എസ്.ടി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(ഓഡിറ്റ് എൻക്വയറി. 68/20-03-2020 ന് മറുപടി ലഭിച്ചില്ല )

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | എഗ്രിമെന്റ് നമ്പർ തിയ്യതി | കരാറുകാരന്റെ പേര് | ട്രഷറി ബിൽ നമ്പർ ,തിയ്യതി | ബിൽ തുക. |
|---|---|---|---|---|---|---|
| 1 | 804/19 | പുന്നത്തടം കോളനി സമഗ്രവികസനം | 47/AEE/LSGD/17-18 DT.05.01.18 | കെ.മണികണ്ഠൻ | 120/18-19 dt. 13.12.18 | 7,29,842 |
| 2 | 821/19 | എട്ടുമുന പറ്റുപാടം കനാൽ നിർമ്മാണം | 203/AEE/LSGD/17-18 DT.31.03.18 | കണ്ണൻ.പി.ജി | 86/18-19 dt. 29.10.18 | 9,58,025 |
| 3 | 534/19 | അറപ്പത്തോട് സ്ലൂയിസ് എസ്.എൻ.പുരം | 17/AEE/LSGD/17-18 DT.13.12.17 | ഗോപിനാഥൻ.കെ.കെ | ബിൽ നമ്പർ.99/18-19 dt. 29.10.2018 | 13,47,606 |
| 4 | 505/19 | പുന്നം പറമ്പ് കല്ലംപാറ കനാൽ റോഡ് | 05/AEE/LSGD/17-18 DT.29.11.17 | സാബു.ഒ.കെ | ബിൽ നമ്പർ 97/18-19 dt.29.10.2018 | 20,36,463 |
| 5 | 559/19 | ചിറ വരമ്പ് തോട് സൈഡ് പ്രൊട്ടക്ഷൻ | 106/AEE/LSGD/17-18 DT.07.02.18 | വിജയകുമാർ | ബിൽ നമ്പർ. 101/18-19 dt.29.10.2018 | 1855520 |
| 6 | 754/19 | വലിയ കുളം പൂക്കോട് റോഡ് കാന നിർമ്മാണം | 80/AEE/LSGD/17-18 DT.27.01.18 | സി.ജെ.ഷാജു | ബിൽ നമ്പർ. 91/18-19dt 29/10/18 | 10,19,464 |
| 7 | 563/19 | ഏനാം കുളം സംരക്ഷണം | 02/AEE/LSGD/18-19 DT.07.04.18 | ചന്ദ്രൻ.പി.വി | ബിൽ നമ്പർ. 95/18-19 dt.29/10/18 | 21,91,826 |
| 8 | 499/19 | നെട്ടൂങ്കാട്ടു കുളം ലിഫ്റ്റ് ഇറിഗേഷൻ | 201/AEE/LSGD/17-18 DT.31.03.18 | വി.പി.ജോയി | ബിൽ നമ്പർ. 121/18-19 dt.13/12/18 | 16,31,165 |
| 9 | 500/19 | മടപ്പുറം കരുവന്നൂർ റോഡ് | 97/AEE/LSGD/17-18 DT.01.02.18 | ഷാജു.സി.ജെ | ബിൽ നമ്പർ.94/18-19 dt.29/10/18 | 4,78,845 |
| 10 | 556/19 | കോടാലി ചെമ്പുച്ചിറ റോഡ് ടീടാറിംഗ് | 99/AEE/LSGD/17-18 DT.01.02.18 | പി.എസ് .ശക്തിധരൻ | ബിൽ നമ്പർ.83/18-19 dt.29/10/18 | 9,93,328 |
| 11 | 511/19 | ലാക്കാൻ തോട് സംരക്ഷണം | 109/AEE/LSGD/17-18 DT.09.02.18 | എം.കെ .മുഹമ്മദ് കുട്ടി | ബിൽ നമ്പർ. 100/18-19 dt.29/10/18 | 12,49,672 |

| | | | | | | |
|---|---|---|---|---|---|---|
| 12 | 512/19 | പഴഞ്ഞി പാവിട്ടപ്പുറം റോഡ് | 78/AEE/LSGD/17-18 DT.27.01.18 | എം.കെ .മുഹമ്മദ് കുട്ടി | ബിൽ നമ്പർ. 106/18-19 dt.12/11/2018 | 7,15,331 |
| 13 | 498/19 | ഗുരുവിജയ റോഡ് അറ്റകുറ്റപ്പണി | 139/AEE/LSGD/17-18 DT.01.03.18 | രാധാ അശോകൻ | ബിൽ നമ്പർ. 107/18-19 dt.12/11/18 | 8,29,907 |
| 14 | 762/19 | കാതിക്കുടം സ്കൂൾ റോഡ് | 154/AEE/LSGD/17-18 DT.06.03.18 | എൻ.എ.പോൾ | ബിൽ നമ്പർ. 98/18-19 dt.29/10/18 | 8,20,424 |
| 15 | 735/19 | ചോരക്കുന്ന് കോളനി സമഗ്ര വികസനം | 124/AEE/LSGD/17-18 DT.21.02.18 | കെ.എൻ.റോയ് | ബിൽ നമ്പർ. 124/18-19 dt.13/12/18 | 6,90,380 |
| 16 | 782/19 | തിണ്ടി പാണ്ടാരക്കാട് റോഡ് | 88/AEE/LSGD/17-18 DT.30.01.18 | രവീന്ദ്രൻ.വി.എസ് | ബിൽ നമ്പർ. 87/18-19 dt. 29/10/18 | 4,00,022 |
| | | ആകെ | | | | 1,79,47,820 |

## 1-67 ചിറ വരമ്പ് തോട് സൈഡ് പ്രോട്ടക്ഷൻ പ്രവൃത്തി സംബന്ധിച്ച് ഓംബുഡ്സ് മാനിൽ നൽകിയ പരാതിയിൻമേലുള്ള തുടർ വിവരം അറിയിക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ. 559/19

കരാറുകാരൻ. വിജയ കുമാർ.എ.ജി

എം ബുക്ക് നമ്പർ.944/16-7 പേജ് നമ്പർ. 1 മുതൽ 66 വരെ

നിർവ്വഹണോദ്യോഗസ്ഥൻ. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

ബിൽ നമ്പർ.(BRN) 18130152034100716551 തിയ്യതി. 26/10/2018(വൗച്ചർ നംപർ 21801256 dtd 26.10.18 തുക 18,55,520)

എം ബുക്ക് പ്രകാരം ഈ പ്രവർത്തിയുടെ അവസാന ചെക്ക് മെഷർമെന്റ് 12-06-2018 ന് കഴിയുകയും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ അശോകൻ.കെ.സി. പഴുവിൽ വെസ്റ്റ് തൃശ്ശൂർ എന്നയാൾ 31/12/2018 ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ് മാൻ മുമ്പാകെ പ്രവർത്തിയുടെ നടത്തിപ്പിലെ അപാകത ചൂണ്ടിക്കാട്ടി പരാതി നൽകുകയും ഓംബുഡ്സ് മാൻ ഈ പരാതി അന്വേഷിക്കുന്നതിലേക്ക് 02/05/2020 ന് തൃശ്ശൂരിൽ സിറ്റിംഗ് നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പരാതിയിലെ പ്രധാന വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ഐറ്റം 1.03 ആയി ചേർത്തിരിക്കുന്ന ഡ്രൈ റബിൾ മേസണറി വർക്ക് എം.ബുക്കിൽ അളവെടുത്ത പ്രകാരം (പേജ് 15, 21, 23, 29) ഉള്ള അളവ് ചെയ്തിട്ടില്ല.

2. എസ്റ്റി മേറ്റ് ഐറ്റം 1.05, 1.06 പി.സി.സിയിൽ നിശ്ചിത അളവ് സിമന്റ് ചേർത്തിട്ടില്ല.

3. എസ്റ്റിമേറ്റ് ഐറ്റം 1.07 റിഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിൽ അളവെടുത്ത പ്രകാരം പണി നടത്തിയിട്ടില്ല. നിശ്ചിത സ്പെസിഫിക്കേഷനിൽ പണി നടത്തിയിട്ടില്ല.

മേൽപ്രകാരം ചെയ്യാത്ത പ്രവർത്തികൾ അളവെടുത്തു നൽകിയതിലൂടെ അധികം തുക കരാറുകാരന് നല്കി, പ്രവർത്തിയുടെ ഗുണമേൻമക്ക് കുറവുണ്ടായി.

ഈ പ്രവർത്തിയുടെ ആകെ പ്രവർത്തിമൂല്യം 18,55,520 രൂപയാണ്. തുക ആനുപാതിക കിഴിവുകൾ കഴിച്ച് കരാറുകാരന് കൈമാറിയിട്ടുള്ളതാണ്. പ്രവർത്തിയിലെ മേൽനോട്ടം, അളവെടുപ്പ് ഇവ സംബന്ധിച്ച് മേൽസൂചിപ്പിച്ച പരാതി ഓംബുഡ്സ് മാൻ ഏതു വിധത്തിൽ തീർപ്പാക്കി എന്ന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-68 എഗ്രിമെന്റ് വെക്കാൻ വൈകിയ സംഗതികളിൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 ലെ വ്യവസ്ഥകൾ പ്രകാരം സെലക്ഷൻ നോട്ടീസ് തിയ്യതിക്കു ശേഷം 14 ദിവസത്തിനുള്ളിൽ കരാർ ഒപ്പു വെക്കേണ്ടതാണ്. അല്ലാത്ത പക്ഷം എഗ്രീഡ് പി.എ.സി യുടെ 1% പിഴ ഈടാക്കികൊണ്ട് തുടർന്നു വരുന്ന പത്തു ദിവസത്തേക്ക് കരാർ ഒപ്പുവെക്കാവുന്നതാണ്. എന്നാൽ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ഈ വ്യവസ്ഥ പാലിക്കാതെ കരാറിൽ ഏർപ്പെട്ടതായി കാണുന്നു. തുടർന്നും കരാർ വെയ്ക്കാത്ത സംഗതികളിൽ കരാർ റദ്ദു ചെയ്യാനേ വ്യവസ്ഥയുള്ളൂ. ഓഡിറ്റ് വർഷം താഴെ ചേർക്കുന്ന പ്രവർത്തികളിൽ മേൽ കാണിച്ച നിയമാനുസൃത സമയപരിധി കഴിഞ്ഞിട്ടും കരാർ ഒപ്പു വെയ്ക്കുകയും പ്രവർത്തി നടത്തുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പിഴ പോലും ഈടാക്കാതെ കരാർ ഒപ്പു വെച്ച നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഫൈനൽ ബില്ലിൽ നിന്നു പോലും പിഴതുക ഈടാക്കിയിട്ടില്ല. താഴെ ചേർക്കുന്ന പിഴത്തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

| പ്രോജക്ടിന്റെ പേര് | സെലക്ഷൻ നോട്ടീസ്/ തിയ്യതി/ കരാറുകാരൻ | എഗ്രിമെന്റ് ഒപ്പു വെച്ച തിയ്യതി | പി.എ.സി | ഈടാക്കേണ്ടിയിരുന്ന പിഴ | ഈടാക്കിയ പിഴ | നിർവ്വഹണോദ്യോഗസ്ഥൻ/ ഫൈനൽ ബിൽ വിവരം |
|---|---|---|---|---|---|---|
| 931/19. കട്ടിലപ്പൂവം GHSS അറ്റകുറ്റപ്പണി. മാടക്കത്തറ പഞ്ചായത്ത് | D3/385/16-17. dt. 21.03.2017 (എ.വി.അബ്ദുൾ ഖാദർ) | 23/EE/LSGD/17-18 dt. 25/04/2017 | 7,00,000 | 7,000 | ഇല്ല | EE/LSGD / Thrissur വൗ.നം. 21800968 dtd.16.11.18 Amount. 3,08,052 |
| 923/19 താന്ന്യം ഗ്രാമ പഞ്ചായത്ത് ശ്മശാനം പൂർത്തീകരണം. | D4-396/18 dt.12.01.2018 (കെ.ബി.പ്രദീപ് കുമാർ) | 120/AEE/LSGD/ Divison Thrissur /17-18. Dt.19.02.2018 | 10,96,666 | 10,966 | 1000 | Axe/lsgd/ thrissur dp വൗ.നം. 21800515 dtd.16.05.18 Amount. 10,59,444 |
| | | ആകെ | | 17,966 | 1,000 | |

(ഓഡിറ്റ് എൻക്വയറി നമ്പർ. 42/12-03-20).

## 1-69 പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് - പുന്നത്തടം കോളനി സമഗ്രവികസനം- അധികം തുക നൽകി

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0804/19 |
| പ്രൊജക്ടിന്റെ പേര് | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് - പുന്നത്തടം കോളനി സമഗ്രവികസനം- പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| ഫണ്ട് | വികസനഫണ്ട് എസ്.സി.പി |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ |
| ഫയൽ നമ്പർ | D3-705/18 |
| സാങ്കേതികാനുമതി | LSGD/TS/2017-18/76516 dt. 01.10.2017 |

| | |
|---|---|
| സാങ്കേതികാനുമതി തുക | 10,00,000/- |
| കരാറുകാരൻ | കെ.മണികണ്ഠൻ |
| കരാർ തുക | 8,60,750.22 |
| കരാർ ഉടമ്പടി നമ്പർ | 47/എ.ഇ.ഇ/ എൽ.എസ്.ജി.ഡി/ ഡിവിഷൻ തൃശ്ശൂർ/17-18 തി. 05.01.2018 |
| എം. ബുക്ക് നമ്പർ | 1090/16-17 |
| ട്രഷറി ബിൽ നം. / തുക | 120/18-19 dt 14.12.18, 7,29,842/- |

1. മേൽപദ്ധതിയിലെ " Dry rubble masonry...” എന്ന ഇനം പ്രവൃത്തി മെഷർമെന്റ് പുസ്തകം പേജ് 37പ്രകാരം 112.233 $m^3$ എന്ന അളവിൽ നിർവ്വഹണം നടന്നതായി കണക്കാക്കി 2,421/$m^3$ നിരക്കിൽ ആകെ 2,71,716 (റൗണ്ടഡ്) രൂപ നൽകിയിട്ടുണ്ട്. ഇതിന് ആധാരമായ അളവുകൾ മെഷർമെന്റ് പുസ്തകത്തിലെ 10, 15 നമ്പർ പേജുകളിൽ നിന്നാണ് സ്വീകരിച്ചിട്ടുള്ളത്. പേജ് 10 ലെ ചെക്ക് മെഷർ ചെയ്തതുപ്രകാരമുള്ള അളവ് 36.861 $m^3$ ഉം പേജ് 15 പ്രകാരമുള്ള അളവ് 75.372 $m^3$ ഉം ആണെങ്കിലും പേജ് 16 ൽ പ്രസ്തുത ഇനത്തിന്റെ അളവ് ചെക്ക് മെഷർ ചെയ്ത് 74.19 $m^3$ ആയി നിജപ്പെടുത്തിയതിനാൽ ആകെ അളവ് 111.051 $m^3$ ആയിട്ടുണ്ട്. ഇത് കണക്കിലെടുക്കാതെയാണ് 112.233 $m^3$ ന് തുക നൽകിയിട്ടുള്ളത്. നൽകാവുന്ന തുക 2,68,854 രൂപയാണെങ്കിലും 2,71,716 രൂപ നൽകിയതിനാൽ 2,862 രൂപ അധികം ചെലവഴിച്ചതായി കാണുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. 2,862 രൂപയുടെ ചെലവ് നിരാകരിക്കുന്നു

2. 01.10.2018 ന് ശേഷം നൽകുന്ന ബില്ലുകളിൽ നിന്ന് ടി.ഡി.എസ് ആയി 2% ജി.എസ്.ടി ഈടാക്കേണ്ടതുണ്ടെങ്കിലും ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-70 പാലപ്രക്കുന്ന് കോളനി ഇൻ വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്ത്- എഗ്രിമെന്റ് സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വ്യക്തമായ കാരണങ്ങളില്ലാതിരുന്നിട്ടും കരാറുകാരന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടില്ല.

ഫയൽ നംപർ D2/536/19
പ്രൊജക്റ്റ് നംപർ 536/19

എഗ്രിമെന്റ് നമ്പർ. 45/AEE/LSGD/DIVISION/THRISSUR/18-19 തിയ്യതി. 14/09/2018

എഗ്രീഡ് പി.എ.സി. 28,68,016.78

പാലപ്രക്കുന്ന് കോളനി ഇൻ വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്ത് എന്ന പ്രവർത്തിയുടെ കരാറുകാരനായ “സരയ” കോൺട്രാക്ടേഴ്സുമായി നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ 14/09/2018 ന് കരാറിലേർപ്പെടുകയും അന്നു തന്നെ ഫയലിലെ രേഖകൾ പ്രകാരം സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതുമാണ്. കരാർ പ്രകാരമുള്ള കാലയളവ് ആറു മാസക്കാലമായിരുന്നു. കരാർ പ്രകാരം 14/03/2019 ന് പ്രവർത്തി അവസാനിക്കേണ്ടതായിരുന്നു. ഈ പ്രവർത്തിയുടെ എം ബുക്ക്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ലാത്തതാകുന്നു. എസ്റ്റിമേറ്റിൽ 145 മീറ്റർ റോഡ് ടാറിംഗും, 18.300 മീറ്റർ സൈഡ് വാൾ പ്രൊട്ടക്ഷനും ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ സൈഡ് പ്രൊട്ടക്ഷൻ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് വാല്യു 27,59,500 രൂപയാണ്. 22/03/2019 തിയ്യതിയിലെ ബിൽ പ്രകാരം 9,56,927(വൗച്ചർ നംപർ 21801802 dtd 22.03.2019) രൂപയുടെ സൈഡ് പ്രൊട്ടക്ഷൻ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ബിൽ നൽകിയിട്ടുണ്ട്. ബാക്കി സൈഡ് പ്രൊട്ടക്ഷൻ പ്രവർത്തനങ്ങളോ, ടാറിംഗ് വർക്കോ നാളിതു വരെ നടത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാനാവശ്യപ്പെട്ട് 10/10/2019 ൽ d2/536/19 നമ്പറായി കരാറുകാരന് എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. ഫയലിൽ 21/03/2019 ന് സമയദീർഘീകരണം നൽകാമെന്ന് കാണിച്ച് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയിലെ റിടെയിനിംഗ് വാൾ 40% പൂർത്തീകരിച്ചതായി ടി റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. ഏത് സാഹചര്യത്തിലാണ് പിഴ കൂടാതെ സമയ ദീർഘീകരണം നൽകുന്നത് എന്ന് ഈ റിപ്പോർട്ടിൽ ചേർത്തിട്ടില്ല. ശേഷം നാളിതു വരെ ഒരു നടപടിയും കൈക്കൊണ്ടിട്ടില്ല.
കേരള പൊതുമരാമത്ത് മാന്വൽ (ജി.ഒ.(പി) 13/2012/PWD/01-02-2012) ഖണ്ഡിക. 2112, 2112-1 എന്നിവയിലെ വ്യവസ്ഥകളനുസരിച്ച് ഒരു കരാറുകാരന് തന്റേതല്ലാത്ത കാരണത്താൽ എഗ്രീഡ് കാലാവധിക്കകം പ്രവർത്തി പൂർത്തീകരിക്കാനാകാതെ വന്നാൽ സമയദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കാവുന്നതാണ്. ഇത്തരത്തിലുള്ള സമയ ദീർഘീകരണം അംഗീകൃത സമയത്തിന്റെ 25% ൽ അധികരിക്കാവുന്നതല്ല. കരാറുകാരന് മേൽപ്രകാരം ഒരു കാരണം കാണിക്കാനില്ലാത്ത പക്ഷം എഗ്രീഡ് പി.എ.സി

യുടെ 1% പിഴ ഈടാക്കി കൊണ്ട് മാത്രമേ 25% സമയം ദീർഘിപ്പിച്ചു നൽകാനാകൂ. തുടർന്നു വരുന്ന സമയത്തിന് എഗ്രീഡ് പി.എ.സി യുടെ 2% പിഴ ഈടാക്കേണ്ടതാണ്. ഏതൊരു സാഹചര്യത്തിലും ആകെ നിശ്ചിത സമയത്തിന്റെ 50% ൽ കൂടുതൽ ദീർഘിപ്പിച്ചു നൽകാൻ പാടുള്ളതല്ല. അല്ലാത്ത പക്ഷം കരാർ റദ്ദാക്കി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റൊരാളെ കൊണ്ട് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. ഇതേ വ്യവസ്ഥകൾ തന്നെയാണ് കരാറിലെ ഖണ്ഡിക 7 പ്രകാരവും ഉൾപ്പെടുത്തിയിട്ടുള്ളത്.

ഈ സാഹചര്യത്തിൽ കരാർ ഖണ്ഡിക 7 പ്രകാരമുള്ള നടപടികൾ ഇനിയും സ്വീകരിക്കാത്തതെന്ത് എന്ന ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ -60 തിയ്യതി 19-03-2020) പഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. നിയമപരമായ നടപടികൾ സ്വീകരിക്കാത്തതിന് വ്യക്തമായ കാരണം അറിയിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-71 എഗ്രിമെന്റ് വെച്ചിട്ടും സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് നൽകാത്തത്-ക്രമവിരുദ്ധമായ നടപടി

പ്രോജക്ട് നമ്പർ. 856/19

ടി.എസ്. നം. LSGD/TS/2016-17/62796 dt. 11.07.2016

T.S.No. 58242/2016-17

ടി.എസ്. തുക. 16,00,000

ഭരണാനുമതി നമ്പർ.1. 3/11.07.2016

ഭരണാനുമതി നമ്പർ. 2.1/31.05.2017

ഭരണാനുമതി തുക. 16,00,000

എം.ബുക്ക്-1111/16-17 page70

ആകെ പ്രവർത്തി മൂല്യം. 11,76,922(വൗച്ചർ നംപർ 21801584 dtd 15.02.2019= 10,26,443
21801098 dtd 16.05.2018= 1,50,479)

നിർവ്വഹണോദ്യോഗസ്ഥൻ- എക്സിക്യൂട്ടീവ് എഞ്ചിനീയർ.

എഗ്രിമെന്റ്. 181/EE/LSGD/16-17 DT. 27/03/2017

താന്ന്യം പഞ്ചായത്തിൽ കൺസ്ട്രക്ഷൻ ഓഫ് ഹെൽത്ത് സെന്റർ ഇൻ വാർഡ് നമ്പർ 1 എന്ന പ്രവർത്തിയുടെ എഗ്രിമെന്റ് കരാറുകാരനായ ശ്രീ .കെ.ആർ പോൾസനുമായി ചേർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ 27/03/2017 തിയ്യതിയിൽ ഒപ്പു വെച്ചിട്ടുള്ളതാണ്. എഗ്രിമെന്റ്, ഖണ്ഡിക. 2 പ്രകാരം പൂർത്തീകരണ കാലാവധി 9 മാസമാണ്. എന്നാൽ ഈ നിശ്ചിതകാലയളവിനുള്ളിലും പ്രവൃത്തി ആരംഭിക്കുകയുണ്ടായില്ല. ഫയൽ പരിശോധിച്ചതിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ D4/209/17 dt. 06/12/2017 പ്രകാരം സൈറ്റ് നാളിതുവരെ കരാറുകാരന് ഹാൻഡ് ഓവർ ചെയ്തിട്ടില്ല എന്നും, അത് ഹാൻഡ് ഓവർ ചെയ്യണമെന്നും ആവശ്യപ്പെട്ട് അന്തിക്കാട് അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് കത്തയച്ചതായി കണ്ടു. അതിനും മുമ്പ് ഫണ്ടിന്റെ ലഭ്യത ആവശ്യപ്പെട്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്തിന്റെ പകർപ്പും ഫയലിൽ ചേർത്തു കണ്ടു(D4-209/17 dt. 30.11.2017) . 2016-17 വർഷത്തിലും, 2017-18 വർഷത്തിൽ സ്പിൽ ഓവർ ആയും 16,00,000 രൂപ ഈ പ്രോജക്ടിന് വകയിരുത്തി ഭരണാനുമതി നൽകിയിട്ടുള്ളതാണ്. പിന്നീട് പ്രവർത്തി 2018-19 വർഷത്തിൽ 24/12/2018 ന് പൂർത്തീകരിച്ചതായി കാണുന്നു. ജില്ലാ പഞ്ചായത്ത് ഭരണാനുമതി നൽകി ടെൻഡർ വിളിച്ച് എഗ്രിമെന്റ് വെച്ച ഒരു പ്രവൃത്തി ഏത് സാഹചര്യത്തിലാണ് ഫണ്ടിന്റെ ലഭ്യതക്കുറവ് എന്ന പേരിൽ എഗ്രിമെന്റ് വെച്ചിട്ടും നിശ്ചിത സമയപരിധിക്കുള്ളിൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്യാതിരുന്നത് എന്ന വിവരം ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ. 61/19-03-20) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-72 നിർമ്മിതി കേന്ദ്രത്തിന് നൽകാനുള്ള തുക 2,95,656 രൂപ സ്ഥാപനത്തിന് നൽകാതെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ സ്പെഷ്യൽ ടി.എസ് .ബി അക്കൗണ്ടിലിട്ടത് ക്രമപ്രകാരമല്ല. തുകയുടെ ചെലവ് നടപടി തടസ്സപ്പെടുത്തുന്നു.

(പ്രോജക്ട് നമ്പർ. 896/19)

ജി.എച്ച്.എസ്.എസ് പാഞ്ഞാൾ മോഡിഫിക്കേഷൻ എന്ന പ്രവൃത്തിയിൽ തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകാനുള്ള തുകയിൽ അവസാനഗഡു തുക നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 12/03/2019 ന് മാറിയ തുക (ബിൽ റഫറൻസ് നമ്പർ. 18130152023501345824) 2,95,656രൂപ (വൗച്ചർ നംപർ 21801646 dtd 12.03.2019)

നിർമ്മിതി കേന്ദ്രത്തിന് നൽകാതെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ സ്പെഷ്യൽ ടി.എസ് .ബി അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 12-03-2019 ലെ D3-819/19 നടപടിക്രമം പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. ആയതിന് കാരണമായി ചേർത്തിരിക്കുന്നത് അരിമ്പൂർ ആശ്രയ ഭവൻ നിർമ്മാണത്തിനായി 14 ലക്ഷം രൂപ 2013-14 ൽ തൃശ്ശൂർ നിർമ്മിതി കേന്ദ്രത്തിന് നൽകിയെങ്കിലും പണി തുടങ്ങിയിട്ടില്ല എന്നും തിരിച്ചടക്കാനാവശ്യപ്പെട്ടിട്ട് കത്തു നൽകിയിട്ടും നാളിതു വരെ നൽകാത്ത സാഹചര്യത്തിലാണ് മേൽ നടപടി എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാർലംഘനം നടത്തിയ സ്ഥാപനത്തിന് എതിരെ കരാർ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനു പകരം സ്ഥാപനത്തിന് മറ്റൊരു പ്രവൃത്തിയുടെ ബില്ലിൽ നൽകാനുള്ള തുക കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും മാറി പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന്റെ സാധുതയെന്താണ് എന്ന് ഓഡിറ്റിനെ അറിയിക്കാൻ എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നമ്പർ. 47/ 13-03-2020) ജില്ലാ പഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ 2,95,656 രൂപയുടെ ചെലവ് നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-73 മാർക്കറ്റ് നിരക്കിന് കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതിനാൽ അധികചെലവ് - അംഗീകരിക്കുന്നില്ല

| | |
|---|---|
| പ്രൊജക്റ്റ് നംപർ,ഫയൽ നംപർ | 534/19 ,D4/692/18 |
| പ്രൊജക്ടിന്റെ പേര് | അറപ്പാതോട് സ്ലൂയിസ് എസ്.എൻ പുരം |
| സാങ്കേതികാനുമതി | 80325/2017-18 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2017-18/125338 Dtd.25.10.17 |
| സാങ്കേതികാനുമതി തുക | 30,00,000 |
| കരാറുകാരൻ | ശ്രീ.കെ.കെ.ഗോപിനാഥൻ |
| കരാർ നിരക്ക് | 29,17,452.86 |
| കരാർ ഉടമ്പടി | 17/AEE/LSGD/THRISSUR DN/17-18 Dtd.13.12.17 |
| എം.ബുക്ക് | 7/2017-18,21/2017-18 |
| വൗച്ചർ നംപർ, തുക | 21800526/16.05.18=15,00,000<br>21801257/26.10.18=13,47,606 |

മേൽ പ്രവൃത്തിയിൽ എക്സ്ട്രാ ഐറ്റമായി ചെയ്ത ഏക ഇനം(E1) പ്രവൃത്തിയ്ക്കായി നൽകിയ ഡാറ്റയുടെ നിരക്ക് ചുവടെ ചേർക്കുന്നു.

Details of Cost for 3.35 m2

driving rate per running meter length

Z type pile

3.35m2@123.12kg/m2=412.45 kg

2% wastage =8.250 kg

Total =420.7 kg

Z steel sheet pile(can be used to 9 times)

3.

MR 510 92.58 rupees/kg for 420.7kg @10.28= 4,324.80

excavator@6500/day 6500×0.02= 130.00

Beldar@368/day 368×0.10= 36.80

for erecting ISMC (1unit)

Structural steel such as tees,angles,channels

and R.S joists ISMC 75*40m channels

@6.8kg/metre=20×6.8×1.05=1.43kg

(can be used 9 times) @3775/m2

0. 0.2 quintal×419.44= 83.89

Blacksmith 2$^{nd}$ class@448/day 0.25×448= 112.00

Coolie @368/day 0.10×368= 36.80

TOTAL= 4724.29

Add Water charges @1%= 47.24

TOTAL= 4771.53

Add CP+OH @15%= 715.73

TOTAL= 5,487.26

Add Cost Index @37.25%= 2,044.00

GRAND TOTAL= 7531.26

So rate for $M^2$=7531.26÷3.35=2248.16 Say 2248.16/$M^2$

മേൽ വിവരിച്ച ഡാറ്റ പ്രകാരം നിരക്ക് കണക്കാക്കിയപ്പോൾ മാർക്കറ്റ് നിരക്കിൽ തുക കണക്കിലെടുത്ത Z steel sheet pile ന്റെ നിരക്കിനോടു കൂടി 37.25% നിരക്കിൽ cost index അനുവദിച്ചത് ക്രമത്തിലല്ല.തെറ്റായി cost indexഅനുവദിച്ചതിനാൽ ഈ ഇനം പ്രവൃത്തിയ്ക്ക് കണക്കാക്കിയ നിരക്കിൽ തെറ്റ്സംഭവിച്ചു.അർഹമായ നിരക്ക് താഴെ ചേർക്കുന്നു.

Details of Cost for 3.35 m2

driving rate per running meter length

Z type pile

3.35m2@123.12kg/m2=412.45 kg

2% wastage =8.250 kg

Total =420.7 kg

Z steel sheet pile(can be used to 9 times)

3.

MR 510 92.58 rupees/kg for 420.7kg @10.28= 4324.80

excavator@6500/day 6500×0.02= 130.00

Beldar@368/day 368×0.10= 36.80

for erecting ISMC (1unit)

Structural steel such as tees,angles,channels

and R.S joists ISMC 75*40m channels

@6.8kg/metre=20×6.8×1.05=1.43kg

(can be used 9 times) @3775/m2

0. 0.2 quintal×419.44= 83.89

Blacksmith 2$^{nd}$ class@448/day 0.25×448= 112.00

Coolie @368/day 0.10×368= 36.80

TOTAL= 4724.29

Add Water charges @1%= 47.24

TOTAL= 4771.53

Add CP+OH @15%= 715.73

TOTAL= 5487.26

Add Cost Index

[ on (4724.29-4324.8)=399.49+its water charges+ its CP+OH]

@37.25 %on 464.01= 172.84

GRAND TOTAL= 5660.10

So Rate for $M^2$=5660.10÷3.35=1689.58 say 1689.58/$M^2$

പ്രവൃത്തി ടെണ്ടർ ചെയ്തപ്പോൾ കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിരുന്നത് 29,17,452.86 രൂപയ്ക്കായിരുന്നു. പ്രസ്തുത തുക എസ്റ്റിമേറ്റിനേക്കാൾ(Estimated PAC=2996288) 2.63 % കുറവായി കണക്കാക്കിയാണ് ഈ എക്സ്ട്രാഐറ്റം

പ്രവൃത്തിയ്ക്ക് നിരക്ക് കണക്കാക്കി ഫൈനൽ ബിൽ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്.

ആയതിന്റെ വിശദിവരം താഴെ ചേർക്കുന്നു.

എം.ബുക്ക്(21/17-18) പേജ് 42,43 എന്നിവ പ്രകാരം,

E1 ഇനം പ്രവൃത്തി ചെയ്ത അളവ് 210 M² ന് @2189/M²പ്രകാരം അനുവദിച്ചത് = 4,59,690 രൂപ

മേൽ വിവരിച്ച പ്രകാരം അർഹമായ നിരക്കിൽ തുക പരിഗണിച്ച് ടെണ്ടർ നിരക്ക് 2.63 % കുറവായി കണക്കാക്കി അനുവദിച്ചാൽ ടി ഇനം പ്രവൃത്തിയ്ക്ക് അർഹമായത്

210 M² ന് @1645.14(1689.58×97.37%)/M² = 3,45,479.40 രൂപ

അധിക ചെലവ്(459690-345479) = 1,14,211 രൂപ

ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് തിരികെ ഈടാക്കേണ്ടതും കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 എഗ്രിമെന്റ് വെക്കാൻ വൈകിയ സംഗതികളിൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 ലെ വ്യവസ്ഥകൾ പ്രകാരം സെലക്ഷൻ നോട്ടീസ് തിയ്യതിക്കു ശേഷം 14 ദിവസത്തിനുള്ളിൽ കരാർ ഒപ്പു വെക്കേണ്ടതാണ്. അല്ലാത്ത പക്ഷം എഗ്രീഡ് പി.എ.സി യുടെ 1% പിഴ ഈടാക്കികൊണ്ട് തുടർന്നു വരുന്ന പത്തു ദിവസത്തേക്ക് കരാർ ഒപ്പുവെക്കാവുന്നതാണ്. എന്നാൽ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ഈ വ്യവസ്ഥ പാലിക്കാതെ കരാറിൽ ഏർപ്പെട്ടതായി കാണുന്നു. തുടർന്നും കരാർ വെയ്ക്കാത്ത സംഗതികളിൽ കരാർ റദ്ദു ചെയ്യാനേ വ്യവസ്ഥയുള്ളൂ. ഓഡിറ്റ് വർഷം താഴെ ചേർക്കുന്ന പ്രവൃത്തികളിൽ മേൽ കാണിച്ച നിയമാനുസൃത സമയപരിധി കഴിഞ്ഞിട്ടും കരാർ ഒപ്പു വെയ്ക്കുകയും പ്രവർത്തി നടത്തുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പിഴ പോലും ഈടാക്കാതെ കരാർ ഒപ്പു വെച്ച നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. താഴെ ചേർക്കുന്ന പിഴത്തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

| പ്രോജക്ടിന്റെ പേര് | സെലക്ഷൻ നോട്ടീസ്/ തിയ്യതി/ കരാറുകാരൻ | എഗ്രിമെന്റ് ഒപ്പു വെച്ച തിയ്യതി | പി.എ.സി | ഈടാക്കേണ്ടിയിരുന്ന പിഴ | ഈടാക്കിയ പിഴ | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 931/19.<br>കട്ടിലപ്പൂവം GHSS അറ്റകുറ്റപ്പണി. മാടക്കത്തറ പഞ്ചായത്ത് | D3/385/16-17. dt. 21.03.2017<br>(എ.വി.അബ്ദുൾ ഖാദർ) | 23/EE/LSGD/17-18<br>dt. 25/04/2017 | 7,00,000 | 7,000 | ഇല്ല | EE/LSGD / Thrissur |
| 923/19<br>താന്ന്യം ഗ്രാമ പഞ്ചായത്ത് | D4-396/18 dt.12.01.2018<br>(കെ.ബി.പ്രദീപ് കുമാർ) | 120/AEE/LSGD/ Divison Thrissur /17-18.<br>Dt.19.02.2018 | 10,96,666 | 10,966 | 1,000 | AEE/lsgd/thrissur DP |

| | | | | | | |
|---|---|---|---|---|---|---|
| ശ്മശാനം പൂർത്തീകരണം. | | | | | | |
| | | ആകെ | | 17,966 | 1,000 | |

പിഴ ഈടാക്കിയതിൽ കുറവു വന്ന 16,966 രൂപ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്ത ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.42/12-03-20)

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 സ്ഥാപനം സമർപ്പിച്ച ബില്ലിനേക്കാൾ കൂടുതൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. 19,920 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

സമഗ്ര വിദ്യാഭ്യാസ പദ്ധതി.

പ്രോജക്ട് നമ്പർ. 399/19

നിർവ്വഹണോദ്യോഗസ്ഥൻ. പൊതുവിദ്യാഭ്യാസ ഡെ.ഡയറക്ടർ, തൃശ്ശൂർ.

സമഗ്ര വിദ്യാഭ്യാസ പദ്ധതി എന്ന പ്രോജക്ടിൽ ജില്ലാ പഞ്ചായത്തിനു കീഴിലുള്ള സ്കൂളുകളിൽ അധിക സമയ പഠനത്തിനായി സമയം ചെലവഴിച്ച വിദ്യാർത്ഥികൾക്ക് റിഫ്രഷ്മെന്റ് ഇനത്തിലേക്ക് തുക അനുവദിക്കുകയാണ് പദ്ധതിയിൽ ചെയ്തിരിക്കുന്നത്. ഒരു കുട്ടിക്ക് എട്ടു രൂപ നിരക്കിൽ പരമാവധി മുപ്പത് ദിവസത്തേക്ക് ആണ് സഹായധനം അനുവദിച്ചിട്ടുള്ളത്. താഴെ ചേർക്കുന്ന സ്ഥാപനം സമർപ്പിച്ച ബില്ലിനേക്കാൾ കൂടുതൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ആയത് ഓഡിറ്റിൽ നിരാകരിക്കുന്നു.

ട്രഷറി ബിൽ നമ്പർ. 13/18-19 തിയ്യതി. 24/10/2018

തുക. 13,96,392

മേൽ ബില്ലിൽ ഉൾപ്പെട്ട GKVSS ഏറിയാട് സമർപ്പിച്ച ഹാജർ ലിസ്റ്റ് 122 കുട്ടികളുടേതാണ്. സ്കൂൾ അധികൃതർ സമർപ്പിച്ച റിപ്പോർട്ടിലും ഇത് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അധിക സമയ പഠനത്തിന് തുക അനുവദിച്ച് നൽകിയത് 205 പേർക്കാണ്, അതായത് 205×30×8=49,200. എന്നാൽ അനുവദിക്കാവുന്ന തുക 122×8×30=29,280 രൂപയാണ്. ഈയിനത്തിൽ 49200-29280=19,920 രൂപ അധികം നൽകിയിട്ടുണ്ട്. മേൽ തുക ഈ സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട ചെലവു ശീർഷകത്തിൽ തിരികെ അടക്കേണ്ടതാണ്. തുക സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കാൻ സാധിക്കാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 റിസർവ്വോയറിൽ മത്സ്യവിത്ത് നിക്ഷേപം. ചെലവുകളുടെ ഇരട്ടിപ്പ് മൂലം ആകെ നഷ്ടം 13,476 രൂപ.

സാംഖ്യ വൗച്ചർ നമ്പർ. 21801064/18.01.2019

തുക. 5,00,000

വികസനഫണ്ട്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 10/21-01-2020)

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ

എ) പ്രോജക്ടിന്റെ പേര് .റിസർവ്വോയറിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ

പ്രോജക്ടിന്റെ നമ്പർ. Soo12/19

ഈ പദ്ധതിയുടെ ഉദ്ഘാടനം 03/11/2018 തിയ്യതിയിൽ പീച്ചി റിസർവ്വോയറിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് നടപ്പിലാക്കാൻ നിശ്ചയിച്ചിരുന്നതായി ഫയലിൽ സൂക്ഷിച്ചിരുന്ന നോട്ടീസിൽ ചേർത്തിട്ടുണ്ട്. 03/11/2018 ന് ആകെ 4,350 രൂപയുടെ വൗച്ചറുകൾ ഉദ്ഘാടനച്ചെലവിന്റേതായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതേ തിയ്യതിയിൽ 434000 ആറ്റു കൊഞ്ച് കുഞ്ഞുങ്ങൾ, 3000 കരിമീൻ കുഞ്ഞുങ്ങൾ എന്നിവ ഏറ്റു വാങ്ങിയതായി ഫിഷറീസ് ഡെ.ഡയറക്ടറുടെ രസീത് ഹാജരാക്കിയിട്ടുണ്ട്. ഉദ്ഘാടനച്ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ടീ&സ്നാക്ക്സ്- 1000

ബിൽ വിവരണം വ്യക്തമല്ല- 1000

ബാനർ - 400

ഫോട്ടോ- 900

കസേര, മേശ – 450

മൈക്ക്- 780

ആകെ-4,530

എന്നാൽ 15/11/2018 ൽ രണ്ടാം ഘട്ടം പരിപാടി നടന്നതായും അതിലേക്ക് രണ്ടായിരം കരിമീൻ കുഞ്ഞുങ്ങളെ വാങ്ങിയതായുമാണ് മനസ്സിലാക്കുന്നത്. ഇതിൽ 20 പേർ പങ്കെടുത്തതായി രേഖയുണ്ട്. എന്നാൽ രണ്ടാമതു പരിപാടിക്കും താഴെ ചേർക്കും പ്രകാരം ചെലവുണ്ട്.

ബാനർ- 924

ഫോട്ടോസ് വീഡിയോസ്-2,500

ടീ&സ്നാക്ക്സ്-800

കസേര-380

ടീ&സ്നാക്ക്സ്-1,000

ആകെ-5,604

ആകെ 437000 മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ച ഉദ്ഘാനചടങ്ങ് 03/11/2018 ൽ ഔദ്യോഗികമായി നടത്തിയിരിക്കെ കേവലം 2000 മീൻകുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ മാത്രം 15/11/2018 ൽ മേൽ പറഞ്ഞ ചെലവ് നടത്തിയതിന്റെ സാധുത വ്യക്തമാക്കാനാവശ്യപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥന് എൻക്വയറി നൽകിയിരുന്നു. അതിൽ യാതൊരു മറുപടിയും നൽകാത്ത സാഹചര്യത്തിൽ രണ്ടാമതു നടന്ന ഉദ്ഘാടനച്ചെലവ്(5,604 രൂപ) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ബി) അഡാക്ക് പൊയ്യ എന്ന സ്ഥാപനത്തിൽ നിന്നും ഒന്നിന് എട്ടു രൂപ നിരക്കിൽ 3984 എണ്ണം കരിമീൻ കുഞ്ഞുങ്ങൾ വാങ്ങിയതിന് ബിൽ നമ്പർ msf.504/16-17 തിയ്യതി 13/11/2018 പ്രകാരം 31,872 രൂപ ചെലവുണ്ട്. ആകെ ചെലവ് ട്രാൻസ്പോർട്ടേഷൻ അടക്കം 33,797 രൂപയാണ്. എന്നാൽ ഫിഷറീസ് ഡെ.ഡയറക്ടറുടെ രസീതി പ്രകാരം ആകെ 3000 കരിമീൻ കുഞ്ഞുങ്ങളെ മാത്രമാണ് ഏറ്റു വാങ്ങിയിരിക്കുന്നത്. ഇതു പ്രകാരം അഡാക്ക് പൊയ്യക്ക് നൽകിയ 984 എണ്ണം കരിമീൻ കുഞ്ഞുങ്ങളുടെ വിലയായ 7,872 രൂപ നഷ്ടമായി വിലയിരുത്താതിരിക്കാൻ മതിയായ കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്ന് നിർവ്വഹണോദ്യോഗസ്ഥനെ അറിയിച്ചിരുന്നു.ഒരു മറുപടിയും നൽകാത്ത സാഹചര്യത്തിൽ 7,872 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.
കൃത്യമായ രേഖകളുടെയും മറുപടികളുടേയും അഭാവത്തിൽ ആകെ 7872+5604 =13,476 രൂപയുടെ ചെലവ് ജില്ലാ പഞ്ചായത്തിനുള്ള നഷ്ടമായി വിലയിരുത്തി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-3 ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തി -- അധികതുക അനുവദിച്ചു

2018-19 വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പദ്ധതികളിൽ കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്തിയതുവഴി അധിക തുക നൽകി.

29.2.16 ലെ സർക്കാർ ഉത്തരവ് (പി)30/2016/ഫിൻ പ്രകാരം ഗുണഭോക്തൃസമിതികൾ വഴി നടപ്പാക്കുന്ന പ്രവൃത്തികളിൽ കരാറുകാരന്റെ ലാഭം ഒഴിവാക്കി 7.5%ഓവർഹെഡ് ചാർജ് മാത്രം അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. മാത്രമല്ല നികുതി ബാധ്യതകൾ സമിതി തന്നെ വഹിക്കേണ്ടതുമാണ്. എന്നാൽ ഈ പ്രവൃത്തികൾക്ക് കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം പ്രവൃത്തിമൂല്യത്തിൽ നിന്ന് ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ

1. പാഞ്ഞാൾ ഗവ.ഹയർ സെക്കന്ററി സ്കൂളിൽ പണി പൂർത്തിയായ 142ച.മീ.വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ മെയിന്റനൻസിനു വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയത്.

| | |
|---|---|
| പ്രോജക്ട് നം | S599/19 |
| പ്രോജക്ടിന്റെ പേര് | പാഞ്ഞാൾ ഗവ.ഹയർ |

| | |
|---|---|
| | സെക്കന്ററി സ്കൂൾ മെയിന്റനൻസ് |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ |
| ഫയൽ നം | D3-599/18-19 |
| സാങ്കേതികാനുമതി | LSGD /TS/2018-19/76055 തീയതി 13.9.18 |
| സാങ്കേതികാനുമതി തുക | 10,00,000 |
| പുതുക്കിയ സാങ്കേതികാനുമതി | 82600/18-19/11.3.19 |
| പുതുക്കിയ സാങ്കേതികാനുമതി തുക | 9,75,578.65 |
| കൺവീനർ | ഗുണഭോക്തൃസമിതി(സ്കൂൾ പി ടി എ) |
| കരാർ തുക | 9,75,992.74 |
| കരാർ ഉടമ്പടി നം. | 182/AEE/LSGD/Division Thrissur/18-19/ തീയതി.18.12.18 |
| എം ബുക്ക് | 142/18-19 |
| ട്രഷറി ബിൽ നം / തുക | 268/18-19/27.3.19---6,89,524 |
| വൗച്ചർ നം | 21801803/22.3.19 |
| ട്രഷറി ബിൽ നം / തുക | 143/19-20/29.7.19--- 2,88,616 |

സ്ട്രക്ചറൽ വർക്ക് പൂർത്തിയായ കെട്ടിടത്തിന്റെ ഫിനിഷിംഗ് വർക്കുകളായ Plastering,Tiling,Painting,Fixing of windows(4), grills ,സിമന്റ് ഫ്ലോറിംഗ് ഉള്ള ഹയർ സെക്കന്ററി ക്ലാസ് റൂമുകളുടെ Tile flooringഎന്നീ വർക്കുകൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. 2016ലെ DSR പ്രകാരം 37.25%Cost Index ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

ഗുണഭോക്തൃസമിതിയുമായി കരാർ വച്ച് 18.12.18ന് സൈറ്റ് കൈമാറി.

ആദ്യഎസ്റ്റിമേറ്റ് പ്രകാരം സെറാമിക് ടൈൽ വിരിക്കുന്ന പ്രവൃത്തിയാണ് ഉൾപ്പെടുത്തിയിരുന്നത്.എന്നാൽ സ്കൂൾ അധികൃതരുടെ നിർദ്ദേശപ്രകാരം Vitrified Tile 532.46m2 വിരിച്ചു.ഒറിജിനൽ എസ്റ്റിമേറ്റിൽ Steel glazed window ആണ് ഉൾപ്പെടുത്തിയിരുന്നത്. നിലവിലുള്ള ക്ലാസ് മുറികൾക്ക് സമാനമായി 1mm thick steel sheet ഉപയോഗിച്ചുള്ള വിൻഡോ പുതിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2016ലെ DSR പ്രകാരം 37.25%Cost Index , കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്തിയാണ് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയത്.പ്രവൃത്തി പൂർത്തിയാക്കി 3/2019 ന് ആദ്യബില്ലും 7/2019 ന് ഫൈനൽ ബില്ലും നൽകി.

ഈ പ്രവൃത്തിയിൽ കൺവീനർക്ക് തുക അനുവദിച്ചതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

പാർട്ട് ബിൽ

| | |
|---|---|
| പ്രവൃത്തിയുടെ മൂല്യം | 6,82,697 |
| (+) kcwwf 1% | 6,827 |
| ആകെ | 6,89,524 |
| കുറയ്ക്കുക | |
| kcwwf 1% | 6,827 |
| I T 2% | 13,654 |
| കൺവീനർക്ക് നൽകിയത് | 6,69,043 |

ഫൈനൽ ബിൽ

| | |
|---|---|
| പ്രവൃത്തിയുടെ മൂല്യം | 9,75,282 |
| (-) ആദ്യബിൽ തുക | 6,89,524 |
| ബാക്കി | 2,85,758 |
| (+) kcwwf 1% | 2,858 |

| | |
|---|---|
| ആകെ | 2,88,616 |
| കുറയ്ക്കുക | |
| kcwwf 1% | 2,858 |
| I T 2% | 5,715 |
| കൺവീനർക്ക് നൽകിയത് | 2,80,043 |

അധികം നൽകിയ തുകയുടെ വിവരം

ആകെ കൺവീനർക്ക് ലഭിച്ചത് 9,49,086(669043+ 280043) രൂപയാണ്. ഇത് 15% CP+OH കൂടി ഉൾപ്പെട്ട തുകയാണ്. യഥാർത്ഥത്തിൽ 7.5%OH ന് മാത്രമാണ് അർഹതയുള്ളത്.

ആകെ പ്രവൃത്തി മൂല്യം ----9,75,282

ഇത് 15%CP+OH ഉൾപ്പെട്ട തുകയാണ്.എന്നാൽ

7.5% OH മാത്രമേ ഉൾപ്പെടുത്താനാവൂ. നിരക്ക് തെറ്റിയതിനാൽ പ്രവൃത്തിമൂല്യം 9,11,676 ആയി കണക്കാക്കേണ്ടതാണ്.

(975282×100/115=8,48,071

848071×107.5%==9,11,676)

7.5% OH ഉൾപ്പെടുത്തി ആകെ പ്രവൃത്തിമൂല്യം --- 9,11,676

റിക്കവറീസ്

KCWWF 1% ---9,117

ആദായനികുതി 2% --- 18,234

കൺവീനർക്ക് അർഹതപ്പെട്ട തുക --- 8,84,325

കൺവീനർക്ക് നൽകിയ തുക -----9,49,086(669043+ 280043)

അധികം നൽകിയ തുക ---- 64,761
ഇതിനു പുറമേ, kcwwf ഇനത്തിൽ അധികമായി അടവാക്കിയ 568 രൂപയും(9685-9117=568), I.T ഇനത്തിൽ അധികമായി അടവാക്കിയ 1,135 രൂപയും(19369-18234=1135) ക്രമീകരിക്കേണ്ടതാണ്.

( 2) നന്തിക്കര ഗവ. സ്കൂളിൽ ഷെഡ്ഡ് ( ക്ലാസ്സ് റൂം )നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നം | 653/19 |
| പ്രോജക്ടിന്റെ പേര് | നന്തിക്കര ഗവ. സ്കൂളിൽ ഷെഡ്ഡ് ( ക്ലാസ്സ് റൂം )നിർമ്മാണം |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ഫയൽ നം | D4-653/19 |
| സാങ്കേതികാനുമതി | LSGD /TS/2018-19/68987 തീയതി 7.6.18 |
| സാങ്കേതികാനുമതി തുക | 8,00,000 |
| കൺവീനർ | ഗുണഭോക്തൃസമിതി(സ്കൂൾ പി ടി എ) |
| കരാർ തുക | 7,97,885.18 |
| കരാർ ഉടമ്പടി നം. | 24/AEE/LSGD/Division Thrissur/18-19/ തീയതി.2.7.18 |
| എം ബുക്ക് | 300/17-18 |
| ട്രഷറി ബിൽ നം / തുക | 108/18-19/14.11.18 തുക7,81,962 |
| വൗച്ചർ നം | 21801270/3.1.18 |

5.6 കോടി രൂപ ചെലവിൽ സർക്കാർ പുതിയതായി കെട്ടിടം പണിയുന്നതിനായി സ്ഥലം ഒരുക്കുന്നതിനായി 10ക്ലാസ്സ് മുറികൾ പൊളിച്ചുമാറ്റുമ്പോൾ ആ ക്ലാസ്സുകൾ പ്രവർത്തിക്കുന്നതിനായി ബദൽ സംവിധാനമായാണ് ഷെഡ്ഡ് പണിയുന്നത്. ക്ലാസ്സ് റൂം ആവശ്യം കഴിഞ്ഞാൽ ഹാൾ ആയി ഉപയോഗപ്പെടുത്താൻ കഴിയുന്ന രീതിയിലാണ് നിർമ്മിക്കുന്നത്.

ഈ പ്രവൃത്തിയിൽ കൺവീനർക്ക് തുക അനുവദിച്ചതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ മൂല്യം | 7,74,220 |
| (+) kcwwf 1% | 7,742 |
| ആകെ | 7,81,962 |
| കുറയ്ക്കുക | |
| kcwwf 1% | 7,742 |
| I T 2% | 15,484 |
| കൺവീനർക്ക് നൽകിയത് | 7,58,736 |

അധികം നൽകിയ തുകയുടെ വിവരം

കൺവീനർക്ക് ലഭിച്ചത് 7,58,736 രൂപയാണ്. ഇത് 15% CP+OH കൂടി ഉൾപ്പെട്ട തുകയാണ്. യഥാർത്ഥത്തിൽ 7.5%OH ന് മാത്രമാണ് അർഹതയുള്ളത്.

ആകെ പ്രവൃത്തി മൂല്യം ----7,74,220

ഇത് 15%CP+OH ഉൾപ്പെട്ട തുകയാണ്.എന്നാൽ 7.5% OH മാത്രമേ ഉൾപ്പെടുത്താനാവൂ. നിരക്ക് തെറ്റിയതിനാൽ പ്രവൃത്തിമൂല്യം 7,23,728 ആയി കണക്കാക്കേണ്ടതാണ്.

(774220×100/115=6,73,235

673235×107.5%==7,23,728)

7.5% OH ഉൾപ്പെടുത്തി ആകെ പ്രവൃത്തിമൂല്യം --- 7,23,728

റിക്കവറീസ്

KCWWF 1% ---7,237

ആദായനികുതി 2% --- 14,475

കൺവീനർക്ക് അർഹതപ്പെട്ട തുക --- 7,02,016

കൺവീനർക്ക് നൽകിയ തുക -----7,58,736

അധികം നൽകിയ തുക ---- 56,720
ഇതിനു പുറമേ, kcwwf ഇനത്തിൽ അധികമായി അടവാക്കിയ 505 രൂപയും(7742-7237=505), I.T ഇനത്തിൽ അധികമായി അടവാക്കിയ 1,009 രൂപയും(15484-14475=1009) ക്രമീകരിക്കേണ്ടതാണ്.

മേൽ പ്രകാരം അധികം നൽകിയ 1,21,481 ( 64761 + 56720 ) രൂപ ഗുണഭോക്തൃസമിതികളിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. തുക ഗുണഭോക്തൃസമിതികളിൽ നിന്നും ഈടാക്കാൻ സാധിക്കാത്ത പക്ഷം, തെറ്റായ രീതിയിൽ (അർഹമായതിൽ കൂടുതൽ) തുക അനുവദിച്ചു നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 മാർക്കറ്റ് നിരക്കിന് കോസ്റ്റ് ഇൻഡക്സ് അനുവദിച്ചതിനാൽ അധികചെലവ്---അംഗീകരിക്കുന്നില്ല

| | |
|---|---|
| പ്രൊജക്ട് നംപർ,ഫയൽ നംപർ | 534/19 ,D4/692/18 |
| പ്രൊജക്ട് | അറപ്പാതോട് സ്ലൂയിസ് എസ്.എൻ പുരം |
| സാങ്കേതികാനുമതി | 80325/2017-18 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2017-18/125338 Dtd.25.10.17 |
| സാങ്കേതികാനുമതി തുക | 30,00,000 |
| കരാറുകാരൻ | ശ്രീ.കെ.കെ.ഗോപിനാഥൻ |
| | |

| | |
|---|---|
| കരാർ നിരക്ക് | 29,17,452.86 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാർ ഉടമ്പടി | 17/AEE/LSGD/THRISSUR DN/17-18 Dtd.13.12.17 |
| എം.ബുക്ക് | 7/2017-18,21/2017-18 |
| വൗച്ചർ നംപർ, തുക | 21800526/16.05.18=15,00,000<br>21801257/26.10.18=13,47,606 |

മേൽ പ്രവൃത്തിയിൽ എക്സ്ട്രാ ഐറ്റമായി ചെയ്ത ഏക ഇനം(E1) പ്രവൃത്തിയ്ക്കായി നൽകിയ ഡാറ്റയുടെ നിരക്ക് ചുവടെ ചേർക്കുന്നു.

Details of Cost for 3.35 m2

driving rate per running meter length

Z type pile

3.35m2@123.12kg/m2=412.45 kg

2% wastage =8.250 kg

Total =420.7 kg

Z steel sheet pile(can be used to 9 times)

MR 510 92.58 rupees/kg for 420.7kg @10.28= 4324.80

excavator@6500/day 6500×0.02= 130.00

Beldar@368/day 368×0.10 =36.80

for erecting ISMC (1unit)

Structural steel such as tees,angles,channels

and R.S joists ISMC 75*40m channels

@6.8kg/metre=20×6.8×1.05=1.43kg

(can be used 9 times) @3775/m2

0.2 quintal×419.44 =83.89

Blacksmith 2nd class@448/day 0.25×448 =112.00

Coolie @368/day 0.10×368= 36.80

TOTAL= 4724.29

Add Water charges @1%= 47.24

TOTAL= 4771.53

Add CP+OH @15% =715.73

TOTAL= 5487.26

Add Cost Index @37.25%= 2044.00

GRAND TOTAL =7531.26

So rate for M²=7531.26÷3.35=2248.16 Say 2248.16/M²

മേൽ വിവരിച്ച ഡാറ്റ പ്രകാരം നിരക്ക് കണക്കാക്കിയപ്പോൾ മാർക്കറ്റ് നിരക്കിൽ തുക കണക്കിലെടുത്ത Z steel sheet pile ന്റെ നിരക്കിനോടു കൂടി 37.25% നിരക്കിൽ cost index അനുവദിച്ചത് ക്രമത്തിലല്ല. തെറ്റായി cost indexഅനുവദിച്ചതിനാൽ ഈ ഇനം പ്രവൃത്തിയ്ക്ക് കണക്കാക്കിയ നിരക്കിൽ തെറ്റ്സംഭവിച്ചു. അർഹമായ നിരക്ക് താഴെ ചേർക്കുന്നു.

Details of Cost for 3.35 m2

driving rate per running meter length

Z type pile

3.35m2@123.12kg/m2=412.45 kg

2% wastage =8.250 kg

Total =420.7 kg

Z steel sheet pile(can be used to 9 times)

MR 510 92.58 rupees/kg for 420.7kg @10.28= 4324.80

excavator@6500/day 6500×0.02 =130.00

Beldar@368/day 368×0.10= 36.80

for erecting ISMC (1unit)

Structural steel such as tees,angles,channels

and R.S joists ISMC 75*40m channels

@6.8kg/metre=20×6.8×1.05=1.43kg

(can be used 9 times) @3775/m2

0.2 quintal×419.44= 83.89

Blacksmith $2^{nd}$ class@448/day 0.25×448 =112.00

Coolie @368/day 0.10×368 =36.80

TOTAL =4724.29

Add Water charges @1%= 47.24

TOTAL= 4771.53

Add CP+OH @15%= 715.73

TOTAL =5487.26

Add Cost Index

[ on (4724.29-4324.8)=399.49+its water charges+ its CP+OH]

@37.25 %on 464.01= 172.84

GRAND TOTAL= 5660.10

So Rate for $M^2$=5660.10÷3.35=1689.58 say 1689.58/$M^2$

പ്രവൃത്തി ടെണ്ടർ ചെയ്യപ്പോൾ കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിരുന്നത് 29,17,452.86 രൂപയ്ക്കായിരുന്നു. പ്രസ്തുത തുക എസ്റ്റിമേറ്റിനേക്കാൾ(Estimated PAC=29,96,288) 2.63 % കുറവായി കണക്കാക്കിയാണ് ഈ എക്സ്ട്രാ ഐറ്റം പ്രവൃത്തിയ്ക്ക് നിരക്ക് കണക്കാക്കി ഫൈനൽ ബിൽ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്.

ആയതിന്റെ വിശദിവരം താഴെ ചേർക്കുന്നു.

എം.ബുക്ക്(21/17-18) പേജ് 42,43 എന്നിവ പ്രകാരം,

E1 ഇനം പ്രവൃത്തി ചെയ്ത അളവ് 210 $M^2$ ന് @2189/$M^2$പ്രകാരം അനുവദിച്ചത് = 4,59,690 രൂപ

മേൽ വിവരിച്ച പ്രകാരം അർഹമായ നിരക്കിൽ തുക പരിഗണിച്ച് ടെണ്ടർ നിരക്ക് 2.63 % കുറവായി കണക്കാക്കി അനുവദിച്ചാൽ ടി ഇനം പ്രവൃത്തിയ്ക്ക് അർഹമായത്

210 $M^2$ ന് @1645.14(1689.58×97.37%)/$M^2$ = 3,45,479.40 രൂപ

അധിക ചെലവ്(459690-345479) = 1,14,211 രൂപ

ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക എക്സ്ട്രാഐറ്റത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥരിൽ നിന്നും തുടർന്ന് പുതുക്കിയ സാങ്കേതിക അനുമതി നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി തിരികെ ഈടാക്കേണ്ടതും കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 3-5 എസ്.പി കോളനി സമഗ്രവികസനം പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്- സൈറ്റിൽ ലഭ്യമായ മണ്ണ് ഫില്ലിംഗിന് പരിഗണിക്കാതെ കരാറുകാരന് സ്വന്തം മണ്ണുപയോഗിച്ചുള്ള പ്രവൃത്തിക്ക് തുക അനുവദിച്ചത് ക്രമത്തിലല്ല-അധികചെലവ് ഈടാക്കണം

| | |
|---|---|
| പ്രൊജക്ട് നംപർ | 764/19 |
| പ്രൊജക്ടിന്റെ പേര് | എസ്.പി കോളനി സമഗ്രവികസനം പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് |
| സാങ്കേതികാനുമതി | 72373/2017-18(DSOR 2016 -Cost Index 40.2%) |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2017-18/75095 Dated.21.09.17 |
| സാങ്കേതികാനുമതി തുക | 10,00,000 രൂപ |
| കരാറുകാരൻ | ശ്രീ.പി.എ.മുഹമ്മദ് സഗീർ |
| കരാർ നിരക്ക് | 9,90,393.62 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാർ ഉടമ്പടി | 75/AEE/LSGD/17-18 Dated.24.01.18 |
| എം.ബുക്ക് | 18/2017-18 |
| വൗച്ചർ നംപർ, തുക | 21801216/17.09.2018=9,47,983 |

എസ്റ്റിമേറ്റ് പ്രകാരം ആകെ 9 ഇനം പ്രവൃത്തികളുള്ള മേൽ പ്രവൃത്തിയുടെ 1-ാം ഇനം 132×1.5×0.550=108.9 എം3 മണ്ണ് കിളച്ചു മാറ്റുക എന്നതാണ്. ഈ ഇനം പ്രവൃത്തിയ്ക്ക് DARലെ ഇനം 2.8.1 പ്രകാരം 233.29/എം3 പ്രകാരമാണ് നിരക്ക് കണക്കാക്കിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ 9-ാം ഇനം ആയി ചേർത്തിട്ടുള്ളത് trenches, plinth, sides of foundation തുടങ്ങിയ സ്ഥലങ്ങൾ കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് നികത്തുക (fill) എന്നതാണ്. ടി ഇനത്തിൽ ആകെ 95.04 എം3 മണ്ണ് വേണ്ടതായാണ് കണക്കാക്കിയിട്ടുള്ളത് (2×132×0.4×0.9=95.04). ഈ ഇനം പ്രവൃത്തിയ്ക്ക് 50.2.25.1 ഡാറ്റാ പ്രകാരം എം3 ന് 436.37 രൂപ നിരക്ക് നിശ്ചയിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇനം 1പ്രകാരം ലഭ്യമാകുന്ന മണ്ണ് തന്നെ ടി-ആവശ്യത്തിനായി ഉപയോഗപ്പെടുത്താൻ സാധിയ്ക്കുമെന്നിരിക്കെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ആയത് പരിഗണിയ്ക്കാതെ കരാറുകാരൻ പുറമേ നിന്നും സ്വന്തം മണ്ണ് കൊണ്ടുവന്ന് നികത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇനം 1പ്രകാരം ലഭ്യമാകുന്ന മണ്ണ് തന്നെ ഉപയോഗപ്പെടുത്തിയാൽ DARലെ ഇനം 2.25 പ്രകാരം ഈ ഇനം പ്രവൃത്തിയ്ക്ക് നൽകാവുന്ന നിരക്ക് 176.30/എം3(DSOR 2016 with cost index 40.2%) ആണ്.

എം.ബുക്ക് 18/17-18 ലെ പേജ് 1മുതൽ 3വരെയുള്ള രേഖപ്പെടുത്തൽ പ്രകാരം ഇനം 1 പ്രവൃത്തി 93.39 എം3 ആണ് നിർവ്വഹിച്ചിട്ടുള്ളത്. ലഭ്യമായ മണ്ണ് കോളനിയിലെ താഴ്ന്ന പ്രദേശങ്ങൾ നികത്താൻ ഉപയോഗിച്ചു എന്ന് എഞ്ചിനീയർ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഇപ്രകാരം ലഭ്യമായ മണ്ണ് ഉപയോഗിച്ച് താഴ്ന്ന പ്രദേശങ്ങൾ നികത്തുവാനായി എസ്റ്റിമേറ്റിൽ വകയിരുത്തൽ ഇല്ലാത്തതാണ്. എസ്റ്റിമേറ്റ് പുതുക്കിയിട്ടുമില്ല.

എം.ബുക്ക് 18/17-18 ലെ പേജ് 23മുതൽ 25വരെയുള്ള രേഖപ്പെടുത്തൽ പ്രകാരം ഇനം 9 പ്രവൃത്തി 93.89 എം3 നിർവ്വഹിച്ചിട്ടുള്ളതും ആയതിന് ഫൈനൽ ബിൽ പ്രകാരം 891.95/എം3 നിരക്കിൽ (കരാർ നിരക്ക്) 83,745.19 രൂപ അനുവദിച്ചിട്ടുള്ളതുമാണ്. ഇനം 1 പ്രകാരം ലഭ്യമായ മണ്ണ് ഈ ആവശ്യത്തിന് ഉപയോഗപ്പെടുത്താമെന്നിരിക്കെ, എഞ്ചിനീയർ എസ്റ്റിമേറ്റിൽ വകയിരുത്തൽ ഇല്ലാത്ത പ്രവൃത്തിയ്ക്കായി മണ്ണ് ഉപയോഗപ്പെടുത്തി എന്ന് സാക്ഷ്യപ്പെടുത്തിയതിനാൽ ഇനം 9 പ്രകാരം ആവശ്യമായ മണ്ണിന് പൂർണ്ണനിരക്കിൽ തുക ചെലവഴിക്കേണ്ടി വന്നു. ഇനം 1 പ്രകാരം ലഭ്യമായ മണ്ണ് തന്നെ ഉപയോഗപ്പെടുത്തിയാൽ DARലെ ഇനം 2.25 പ്രകാരം ഈ ഇനം പ്രവൃത്തിയ്ക്ക് 176.30/എം3 നിരക്കിൽ തുക ചെലവഴിച്ചാൽ മതിയായിരുന്നു. ആയതിനാൽ ഇനം 9 പ്രവൃത്തിയ്ക്കായി 93.39×(891.95-176.30)=66,834.55 രൂപ (66,835 രൂപ)യുടെ അധികചെലവുണ്ടായി.

ഈ അധികചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത്, തെറ്റായി എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും, എസ്റ്റിമേറ്റ് പുതുക്കാതെ തുക അനുവദിച്ച നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുല്യമായി തിരികെ ഈടാക്കേണ്ടതും കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 3-6 പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് - പുന്നത്തടം കോളനി സമഗ്രവികസനം- അധികം തുക നൽകി

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0804/19 |
| പ്രൊജക്ടിന്റെ പേര് | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് - പുന്നത്തടം കോളനി |

| | |
|---|---|
| | സമഗ്രവികസനം- പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് |
| ഫണ്ട് | വികസനഫണ്ട് എസ്.സി.പി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ |
| ഫയൽ നമ്പർ | D3-705/18 |
| സാങ്കേതികാനുമതി | LSGD/TS/2017-18/76516 dt. 01.10.2017 |
| സാങ്കേതികാനുമതി തുക | 10,00,000/- |
| കരാറുകാരൻ | കെ.മണികണ്ഠൻ |
| കരാർ തുക | 8,60,750.22 |
| കരാർ ഉടമ്പടി നമ്പർ | 47/എ.ഇ.ഇ/എൽ.എസ്.ജി.ഡി/ ഡിവിഷൻ തൃശ്ശൂർ/17-18 തി. 05.01.2018 |
| എം. ബുക്ക് നമ്പർ | 1090/16-17 |
| ട്രഷറി ബിൽ നം. / തുക | 120/18-19 dt 14.12.18, 7,29,842/- |

മേൽപദ്ധതിയിലെ " Dry rubble masonry...” എന്ന ഇനം പ്രവൃത്തി മെഷർമെന്റ് പുസ്തകം പേജ് 37പ്രകാരം 112.233 $m^3$ എന്ന അളവിൽ നിർവ്വഹണം നടന്നതായി കണക്കാക്കി 2421/$m^3$ നിരക്കിൽ ആകെ 2,71,716 (റൗണ്ടഡ്) രൂപ നൽകിയിട്ടുണ്ട്. ഇതിന് ആധാരമായ അളവുകൾ മെഷർമെന്റ് പുസ്തകത്തിലെ 10, 15 നമ്പർ പേജുകളിൽ നിന്നാണ് സ്വീകരിച്ചിട്ടുള്ളത്. പേജ് 10 ലെ ചെക്ക് മെഷർ ചെയ്തതുപ്രകാരമുള്ള അളവ് 36.861 $m^3$ ഉം പേജ് 15 പ്രകാരമുള്ള അളവ് 75.372 $m^3$ ഉം ആണെങ്കിലും പേജ് 16 ൽ പ്രസ്തുത ഇനത്തിന്റെ അളവ് ചെക്ക് മെഷർ ചെയ്ത് 74.19 $m^3$ ആയി നിജപ്പെടുത്തിയതിനാൽ ആകെ അളവ് 111.051 $m^3$ ആയിട്ടുണ്ട്. ഇത് കണക്കിലെടുക്കാതെയാണ് 112.233 $m^3$ ന് തുക നൽകിയിട്ടുള്ളത്. നൽകാവുന്ന തുക 2,68,854 രൂപയാണെങ്കിലും 2,71,716 രൂപ നൽകിയതിനാൽ 2,862 രൂപ അധികം ചെലവഴിച്ചതായി കാണുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. 2,862 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഈ തുക തെറ്റായി ബിൽ പാസ്സാക്കി നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2. 01.10.2018 ന് ശേഷം നൽകുന്ന ബില്ലുകളിൽ നിന്ന് ടി.ഡി.എസ് ആയി 2% ജി.എസ്.ടി ഈടാക്കേണ്ടതുണ്ടെങ്കിലും ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 3.9.19 to 4.9.19 | KSATSR(DP)1320/19/16.9.19 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2018-19 | 175000 | ABC | 0 | 175000 |
| ഗ്രാമ പഞ്ചായത്ത് | ,, | 150000 | ശുഭാപ്തി | 0 | 150000 |
| ഗ്രാമ പഞ്ചായത്ത് | ,, | 200000 | വിജ്ഞാനസാഗർ | 0 | 200000 |
| ഗ്രാമ പഞ്ചായത്ത് | ,, | 50000 | സുശാന്തം | 0 | 50000 |
| ഗ്രാമ | ,, | 150000 | DDRC | 0 | 150000 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ആകെ | | | | | 7,25,000 |

വാർഷിക കണക്ക് RP 31 പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ആകെ തുക 1092069 രൂപയാണ്. ലഭ്യമാക്കിയ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

--ഇല്ല---

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

--ഇല്ല---

## 4-7 ഓഡിറ്റ് റിക്കവറി

വാർഷികകണക്ക് പ്രകാരം 3500 രൂപ വരവുണ്ട്( RP -10) വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ജില്ലാ പഞ്ചായത്ത് ലഭ്യമാക്കിയില്ല.

## 4-9 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ജില്ലാ പഞ്ചായത്ത് ലഭ്യമാക്കിയില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 827433441 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 810364345 |
| വരവിനങ്ങളിലുള്ള നഷ്ടം | 16966 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 338785 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8568244 |

(ബി). **ജില്ലാ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 7000 | - | ശ്രീമതി .ഐഡ ഫ്രാൻസിസ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 2-1 | 9966 | - | ശ്രീ.വിക്രമൻ പിള്ള.എം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-1 | - | 19920 | അരവിന്ദാക്ഷൻ.എ.കെ പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
| 3-2 | - | 13476 | കെ.എ.സുഹൈർ |

| | | | |
|---|---|---|---|
| | | | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ |
| 3-3 | - | 121481 | വിക്രമൻപിള്ള.എം. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | - | 114211 | മൻമഥൻ.പി.സി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ.മതിലകം ബ്ലോക്ക് പഞ്ചായത്ത്. ബിന്ദു.കെ.സി. അസി.എഞ്ചിനീയർ. ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്ത് ഡേവിഡ് ജോൺ ഡി മോറിസ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5 | | 66835 | നിസാദ്.എ.എ എക്സിക്യൂട്ടീവ് എഞ്ചിനീയർ വിക്രമൻ പിള്ള.എം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-6 | - | 2862 | വിക്രമൻ പിള്ള.എം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 16966 | 338785 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 290000 | 190000.അരവിന്ദാക്ഷൻ.എ.കെ. പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 100000.മല്ലിക.എൻ.ആർ പൊതു വിദ്യാഭ്യാസ ഡെ.ഡയറക്ടർ |
| 1-22 | 60000 | അരവിന്ദാക്ഷൻ.എ.കെ പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
| 1-23 | 133680 | അരവിന്ദാക്ഷൻ.എ.കെ പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
| 1-24 | 5960000 | 60000-ഷീല എലിസബത്ത്.കെ.വർഗീസ്. 5900000 അരവിന്ദാക്ഷൻ.എ.കെ |
| 1-25 | 1337327 | പി.ഡി.സിന്ധു ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ |
| 1-48 | 491581 | വിക്രമൻ പിള്ള.എം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-72 | 295656 | ഡേവിഡ് ജോൺ ഡി.മോറിസ്. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 8568244 | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

(ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| ക്രമ നം. | പേരും,ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി. ഐഡ ഫ്രാൻസിസ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ലഭ്യമല്ല | ലഭ്യമല്ല |
| 2 | ശ്രീ. വിക്രമൻ പിള്ള.എം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ലഭ്യമല്ല | ശ്രീ പൂജ, കൊട്ടാറ, കൊല്ലം |
| 3 | ശ്രീ. അരവിന്ദാക്ഷൻ.എ.കെ പൊതു വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ | ലഭ്യമല്ല | അക്കോഡപ്പുള്ളി പത്താഴക്കാട്. പി. ഒ. കൊടുങ്ങല്ലൂർ, തൃശ്ശൂർ |
| 4 | ശ്രീ. കെ.എ. സുഹൈർ ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ | ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, മിനി സിവിൽ സ്റ്റേഷൻ, തത്തംപിള്ളി, ആലപ്പുഴ | ലഭ്യമല്ല |
| 5 | ശ്രീ. മൻമഥൻ.പി.സി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മതിലകം ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല | ലഭ്യമല്ല |
| 6 | ശ്രീമതി. ബിന്ദു.കെ.സി അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്ത് | ലഭ്യമല്ല | ലഭ്യമല്ല |
| 7 | ശ്രീ. ഡേവിഡ് ജോൺ ഡി മോറിസ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ലഭ്യമല്ല | 46/ഗാർഡൻ ഹൗസ് രാജക്കമംഗലം റോഡ്, രാമൻ പുത്തൂർ, നാഗർകോവിൽ, അഗസ്തീശ്വരം-കന്യാകുമാരി. |
| 8 | ശ്രീ. നിസാദ്. എ. എ എക്സിക്യൂട്ടീവ് എഞ്ചിനീയർ | ലഭ്യമല്ല | ലഭ്യമല്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-1996<br>1996-1997 | എൽ.എഫ്.ടി.5-349/1999<br>തിയ്യതി. 09.04.1999 |
| 1997-1998<br>ചെലവ് | എൽ.എഫ്.ടി.5- 1489/2002<br>തിയ്യതി. 04.12.2002 |
| 1998-1999<br>ചെലവ് | എൽ.എഫ്.ടി.5-1087/2003<br>തിയ്യതി. 10.03.2004 |
| 1998-1999<br>വരവ് | എൽ.എഫ്.ടി.21-46/2009<br>തിയ്യതി. 15.09.2010 |
| 1999-2000<br>ചെലവ് | എൽ.എഫ്.ടി.21-2226/2006<br>തിയ്യതി. 05.05.2007/ 02.08.2007 |
| 1999-2000<br>വരവ് | എൽ.എഫ്.ടി.21-47/2009<br>തിയ്യതി. 15.09.2010/05.10.2010 |
| 2000-2001<br>ചെലവ് | എൽ.എഫ്.ടി.21-733/2007<br>തിയ്യതി.11.01.2008/ 14.03.2008 |
| 2001-2002<br>ചെലവ് | എൽ.എഫ്.ടി.21-1839/2007<br>തിയ്യതി.26.12.2009/ 06.02.2010 |
| 2002-2003<br>ചെലവ് | എൽ.എഫ്.ടി.21-2575/2007<br>തിയ്യതി.26.12.2009/ 06.02.2010 |
| 2003-2004<br>ചെലവ് | എൽ.എഫ്.ടി.21-864/2008<br>തിയ്യതി. 31.08.2009/ 06.02.2010 |
| 2004-2005<br>ചെലവ് | എൽ.എഫ്.ടി.21-779/2008<br>തിയ്യതി. 11.08.2010/ 12.10.2010 |
| 2005-2006<br>ചെലവ് | എൽ.എഫ്.ടി.21-817/2008<br>തിയ്യതി.07.08.2010/ 12.10.2010 |
| 2006-2007<br>ചെലവ് | എൽ.എഫ്.ടി.21-2560/2008 തിയ്യതി.02.09.2010/ 24.11.2010 |
| 2000-2001<br>വരവ് | എൽ.എഫ്.ടി.(ഡി.പി.)112/2011<br>തിയ്യതി.08.02.2011 |
| 2001-2002<br>വരവ് | എൽ.എഫ്.ടി.(ഡി.പി)111/2011<br>തിയ്യതി.08.02.2011 |
| 2002-2003<br>വരവ് | എൽ.എഫ്.ടി.(ഡി.പി)359/2011<br>തിയ്യതി.17.06.2011 |
| 2003-2004<br>വരവ് | എൽ.എഫ്.ടി.(ഡി.പി)360/2011<br>തിയ്യതി.17.06.2011 |
| 2004-2005<br>വരവ് | എൽ.എഫ്.ടി(ഡി.പി)1908/2011<br>തിയ്യതി.09.07.2011 |
| 2005-2006<br>വരവ് | എൽ.എഫ്.ടി(ഡി.പി.)1109/2012<br>തിയ്യതി.25.07.2012 |
| 2006-2007<br>വരവ് | എൽ.എഫ്.ടി.(ഡി.പി) 1164/2012<br>തിയ്യതി. 25.07.2012 |
| 2007-2008<br>വരവ് | എൽ.എഫ്.ടി(ഡി.പി)1165/2012<br>തിയ്യതി.25.07.2012 |
| 2008-2009<br>വരവ് | എൽ.എഫ്.ടി.(ഡി.പി)6/2011<br>തിയ്യതി.23.11.2012 |
| 2009-2010<br>വരവ്<br>ചെലവ് | എൽ.എഫ്.ടി.(ഡി.പി)780/12<br>തിയ്യതി.04.05.13/02.08.13 |
| 2010-2011<br>വരവു<br>ചെലവ് | എൽ.എഫ്.ടി.(ഡി.പി)1894/2012<br>തിയ്യതി.04.01.2014 |
| 2011-2012 | എൽ.എഫ്.ടി.(ഡി.പി) 984/13<br>തിയ്യതി.2.4.14/17.5.14 |
| 2012-13 | എൽ.എഫ്.ടി.(ഡി.പി)1118/14<br>തിയ്യതി.02/05/15/ |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി)1281/15<br>തിയ്യതി 16.11.15/4.01.2016 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 235/16,<br>തിയ്യതി 18.5.2016/17.8.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 755/17,<br>തിയ്യതി 17.07.2017/17.08.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 1790/17,<br>തീയതി 08-01-2018. |
| | |

| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(ഡി.പി) 892/19<br>തീയതി 21-10-2019. |
|---|---|

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശൂർ.

## അനുബന്ധം- 1 ഓഡിറ്റ് സർട്ട്ഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ 2018-19** സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ 2018-19** വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ